09
ജൂലൈ 2024
ചൊവ്വ
1446 മുഹറം 03
1199 മിഥുനം 25
പേജ് 22

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

ഗൾഫ് ചന്ദ്രിക

facebook.com/ @gulfchandrika
instagram.com/ @gulfchandrika
youtube/ @gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

അബുദാബി | RNI No. 3018/1957. Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



08 യൂറോയിൽ ഇന്ന് ഫ്രാൻസ്-സ്പെയിൻ

# നീറ്റ് ചോദ്യപേപ്പർ ചോർന്നെന്ന് ഉറപ്പായി: സുപ്രീംകോടതി



- വ്യാപ്തി അറിഞ്ഞ ശേഷം പരീക്ഷ റദ്ദാക്കുന്നതിൽ തീരുമാനം
- കേന്ദ്രത്തോടും എൻ.ടി.എയോടും സി.ബി.ഐയോടും റിപ്പോർട്ട് തേടി
- നാളെ വൈകുന്നേരത്തിനകം റിപ്പോർട്ട് നൽകണം

ന്യൂഡൽഹി: നീറ്റ് യു.ജി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നെന്ന കാര്യം ഉറപ്പായെന്ന് സുപ്രീംകോടതി. നീറ്റിന്റെ വിശുദ്ധിയെയും വിശ്വാസ്യതയേയും ഇത് ബാധിച്ചെന്നും കോടതി പറഞ്ഞു. ടെലഗ്രാം പോലുള്ള ആപ് വഴിയാണ് ചോർന്നതെങ്കിൽ ആഘാതം ഗുരുതരമായിരിക്കുമെന്ന് പറഞ്ഞ കോടതി, ചോർച്ചയുടെ വ്യാപ്തി അറിഞ്ഞ ശേഷം പരീക്ഷ റദ്ദാക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ തീരുമാനം എടുക്കുമെന്നും വ്യക്തമാക്കി.

ചോദ്യപേപ്പർ ചോർച്ചയുടെ വ്യാപ്തി എത്രയെന്ന് കണ്ടെത്തി അറിയിക്കാൻ കേന്ദ്ര സർക്കാറിന് കോടതി ഒരു ദിവസത്തെ സാവകാശം നൽകി. നാളെ വൈകീട്ട് അഞ്ച് മണിക്ക് മുമ്പായി റിപ്പോർട്ട് നൽകാനാണ് നിർദേശം. ഏതു മാർഗത്തിലൂടെയാണ് ചോദ്യപേപ്പർ ചോർന്നതെന്ന് വ്യക്തമാക്കാൻ പരീക്ഷാ നടത്തിപ്പിന്റെ ചുമതലയുള്ള നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻ.ടി.എ)യോടും ചോദ്യപേപ്പർ ചോർച്ച സംബന്ധിച്ച അന്വേഷണ പുരോഗതി അറിയിക്കാൻ സി.ബി.ഐയോടും കോടതി ആവശ്യപ്പെട്ടു. നാളെ വൈകീട്ട് അഞ്ച് മണിക്കു മുമ്പായി രണ്ടു ഏജൻസികളും റിപ്പോർട്ട് നൽകണം. വ്യാഴാഴ്ച കേസ് വീണ്ടും പരിഗണിക്കുമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് വ്യക്തമാക്കി.

ചോദ്യപേപ്പർ ചോർച്ചയുടെ പശ്ചാത്തലത്തിൽ നീറ്റ് പരീക്ഷ റദ്ദാക്കണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് ഉൾപ്പെടെ സമർപ്പിച്ച ഒരുകൂട്ടം ഹർജികളാണ് കോടതി പരിഗണിച്ചത്. പരീക്ഷ റദ്ദാക്കരുതെന്ന് ആവശ്യപ്പെട്ട് ഏതാനും റാങ്ക് ഹോൾഡേഴ്സും കോടതിയെ സമീപിച്ചിരുന്നു.

വ്യാഴാഴ്ച കേസ് വീണ്ടും പരിഗണിക്കുമ്പോൾ അഭിഭാഷകർ ഒരുമിച്ചിരുന്ന് ഹർജിക്കാരുടെ വാദങ്ങൾ ഏകോപിപ്പിച്ച് അവതരിപ്പിക്കണമെന്ന് കോടതി നിർദേശം നൽകി. ഏതു തീരുമാനവും 23 ലക്ഷത്തിലധികം വിദ്യാർത്ഥികളെ ബാധിക്കും എന്നതിനാൽ ഗൗരവത്തോടെ മാത്രമേ തീരുമാനമെടുക്കൂ എന്നും കോടതി പറഞ്ഞു.

എപ്പോഴാണ് ചോദ്യപേപ്പർ ചോർന്നത്, എങ്ങനെയാണ് ചോർന്നത്, ചോദ്യപേപ്പർ ചോർന്നതിനും നീറ്റ് യു.ജി പരീക്ഷ നടന്നതിനും ഇടയിലുള്ള സമയ ദൈർഘ്യം എന്നിവ കൃത്യമായി അറിയിക്കാനാണ് എൻ.ടി.എക്ക് കോടതി നൽകിയിരിക്കുന്ന നിർദേശം. ചോദ്യപേപ്പർ വ്യാപകമായി ചോർന്നിട്ടുണ്ടെങ്കിൽ പരീക്ഷ റദ്ദാക്കേണ്ടി വരുമെന്ന് കോടതി വ്യക്തമാക്കി. ഏതെങ്കിലും ഒരു കേന്ദ്രത്തിൽ മാത്രമാണെങ്കിൽ അവിടെ മാത്രം വീണ്ടും പരീക്ഷ നടത്തിയാൽ മതി. ഇതിനായി ചോദ്യപേപ്പർ ചോർച്ചയുടെ ഗുണം എത്രപേർക്ക് ലഭിച്ചു എന്നതിന്റെ കണക്കു നൽകാനും കോടതി എൻ.ടി.എയോട് ആവശ്യപ്പെട്ടു. ഇത് കണ്ടെത്തുന്നതിനായി സ്വീകരിച്ച മാർഗങ്ങളും എൻ.ടി.എ വിശദീകരിക്കണം. ചോദ്യപേപ്പർ ചോർച്ചയുടെ ഉറവിടം കണ്ടെത്തുന്നതിന് സൈബർ ഫോറൻസിക് യൂണിറ്റ് ഉൾപ്പെടെയുള്ളവയുടെ സഹായം തേടിയോ എന്ന് സർക്കാറും വ്യക്തമാക്കണം.

ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും നീറ്റ് പരീക്ഷയുടെ വിശുദ്ധി നിലനിർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതും സർക്കാറും എൻ.ടി.എയും അറിയിക്കണം. ഇതേക്കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായി സർക്കാർ അഭിഭാഷകൻ വ്യക്തമാക്കിയപ്പോൾ, കമ്മിറ്റിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അറിയിക്കാനും കോടതി നിർദേശം നൽകി.

## കേന്ദ്ര സർക്കാർ കുറ്റം സമ്മതിച്ചെന്ന് എം.എസ്.എഫ്

ന്യൂഡൽഹി: നീറ്റ് യുജി പരീക്ഷയെ ചോദ്യം ചെയ്തുള്ള ഹരജികൾ പരിഗണിച്ചപ്പോൾ കേന്ദ്ര സർക്കാർ കുറ്റസമ്മതമാണ് നടത്തിയതെന്ന് എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു. ചോദ്യ പേപ്പർ ചോർന്നു എന്ന് കണ്ടെത്തിയ കോടതി അതിന്റെ വ്യാപ്തി എത്രത്തോളമുണ്ട് എന്നാണ് കേന്ദ്ര സർക്കാരിനോട് ചോദിച്ചിട്ടുള്ളത്. പരീക്ഷ സുതാര്യമായി നടത്തുന്നതിനു എന്തല്ലാം നടപടികൾ കൈകൊണ്ടു എന്നത് അടക്കം ചില സുപ്രധാന ചോദ്യങ്ങൾ ഇന്നലെ സുപ്രീം കോടതി കേന്ദ്ര സർക്കാരിനോട് ചോദിച്ചിട്ടുണ്ട്. ഇതിനുള്ള മറുപടി കേന്ദ്ര സർക്കാറും നാഷണൽ ടെസ്റ്റിങ് ഏജൻസിയും നൽകുന്നത്തോടെ പരീക്ഷാ നടത്തിപ്പിലുള്ള ക്രമക്കേടുകൾ കൂടുതൽ വെളിച്ചത്തുവരും. ഈ വസ്തുകൾ മനസിലാക്കിയാണ് എം.എസ്.എഫ് ഉൾപെടെയുള്ളവർ സുപ്രീം കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തതെന്നും അഹമ്മദ് സാജു പറഞ്ഞു. എം.എസ്.എഫിന് വേണ്ടി അഡ്വ. ഹാരിസ് ബീരാൻ എം.പി സുപ്രീം കോടതിയിൽ ഹാജരായി.

### പി.എസ്.സി കോഴ ആരോപണം

# തള്ളാതെ പാർട്ടി

## നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രിയും

തിരുവനന്തപുരം: മദ്യനയത്തിൽ മാറ്റം വരുത്തുന്നതിന് ബാർ മുതലാളിമാരിൽ നിന്ന് കോഴ വാങ്ങിയതിന്റെ 'ക്ഷീണം' മാറുന്നതിന് മുമ്പ് പി.എസ്.സി അംഗത്വ നിയമനത്തിന് കോഴ വാങ്ങിയതും വെളിച്ചത്തുവന്നതോടെ പ്രതിരോധത്തിലായി സർക്കാരും സി.പി.എമ്മും. കോഴ ആരോപണത്തെ തള്ളാതെ മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും രംഗത്തുവന്നെങ്കിലും വിഷയം പാർട്ടിക്കുള്ളിൽ തന്നെ ഒതുക്കാനാണ് ശ്രമം.

പി.എസ്.സി അംഗത്വ നിയമനവുമായി ബന്ധപ്പെട്ട് തട്ടിപ്പ് നടന്നിട്ടുണ്ടെങ്കിൽ സ്വാഭാവികമായും നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. ചോദ്യോത്തരവേളയിൽ മുസ്‌ലിംലീഗ് അംഗം എൻ ഷംസുദ്ദീനാണ് പി.എസ്.സി കോഴ വിഷയത്തിൽ മുഖ്യമന്ത്രിയോട് പ്രതികരണം തേടിയത്. പി.എസ്.സി അംഗമായി നിയമിക്കാനായി കോഴിക്കോട്ടെ ഭരണകക്ഷി നേതാവ് 60 ലക്ഷം രൂപ കോഴ വാങ്ങിയ സംഭവം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെട്ടിരുന്നോ എന്നായിരുന്നു ചോദ്യം. പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് പി.എസ്.സിയെന്നും ആ സ്ഥാപനത്തെ അപകീർത്തിപ്പെടുത്താൻ നേരത്തെയും പല ശ്രമങ്ങളുമുണ്ടായിട്ടുണ്ടെന്നുമായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം. പി.എസ്.സി അംഗങ്ങളെ നിയമിക്കുന്നത് അഴിമതിയുടെ ഭാഗമായല്ല. വഴിവിട്ട നീക്കങ്ങൾ ഒന്നും അതിലുണ്ടാകില്ല. നാട്ടിൽ പലവിധ തട്ടിപ്പുകൾ നടക്കുന്നുണ്ട്. അത്തരം തട്ടിപ്പുകൾ നടന്നിട്ടുണ്ടെങ്കിൽ സ്വാഭാവികമായും നടപടിയുണ്ടാകുമെന്നും മുഖ്യമന്ത്രി വിശദീകരിച്ചു.

പിന്നാലെ പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദനും ഇക്കാര്യത്തിൽ വിശദീകരണവുമായി രംഗത്തുവന്നു. പി.എസ്.സി കോഴ ആരോപണത്തിൽ പാർട്ടിയും സർക്കാരും വേണ്ട നടപടി എടുക്കുമെന്നും മുഖ്യമന്ത്രി തന്നെ അതു പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആരോപണം പാർട്ടി പരിശോധിക്കും. പണം വാങ്ങി പി.എസ്.സി അംഗങ്ങളെ നിയമിക്കുന്ന രീതി സി.പി.എമ്മിനില്ലെന്നും അതിനു പാർട്ടിക്കു പ്രത്യേക രീതിയുണ്ടെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.

മന്ത്രി മുഹമ്മദ് റിയാസ് വഴി പി.എസ്.സി അംഗത്വം ശരിയാക്കാമെന്ന് പറഞ്ഞ് സി.പി.എം ഏരിയാ തലത്തിൽ പ്രവർത്തിക്കുന്ന യുവ നേതാവ് പണം വാങ്ങിയെന്നാണ് പരാതി ഉയർന്നിരിക്കുന്നത്. 60 ലക്ഷം രൂപയാണ് ഇയാൾ ആവശ്യപ്പെട്ടതെന്നും ആദ്യഘഡുവായി 22 ലക്ഷം രൂപ കൈപ്പറ്റിയെന്നും പരാതിയിൽ പറയുന്നു. എന്നാൽ പി.എസ്.സി അംഗങ്ങളെ തീരുമാനിച്ചപ്പോൾ പണം നൽകിയ വ്യക്തിയുടെ പേര് ഉണ്ടായിരുന്നില്ല. ഇതോടെ ആയുഷ് വകുപ്പിൽ സ്ഥാനം വാഗ്ദാനം ചെയ്ത് ഇദ്ദേഹത്തെ അനുനയിപ്പിച്ച് നിർത്തി. എന്നാൽ ഇതും നടക്കാതെ വന്നതോടെയാണ് തട്ടിപ്പിനിരയായ വ്യക്തി പാർട്ടിക്ക് പരാതി നൽകിയത്.

അതെ സമയം, പി.എസ്.സി കോഴ വിവാദവുമായി ബന്ധപ്പെട്ട ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. വ്യക്തിഹത്യക്കെതിരെ കോടതിയെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## പൊലീസിലെത്തുന്നത് ഒഴിവാക്കാൻ പാർട്ടിവക 'രക്ഷാ പ്രവർത്തനം'



പ്രമോദ് കോട്ടൂളി

കോഴിക്കോട്: പിഎസ്‌സി അംഗത്വത്തിന് കോഴ വാങ്ങിയ സംഭവത്തിൽ കോഴിക്കോട്ടെ പ്രാദേശിക നേതാവ് പ്രമോദ് കോട്ടൂളിക്കെതിരെ ഉടൻ നടപടി ഉണ്ടാകുമെന്ന് സൂചന. സംഭവം പൊലീസിലെത്താതെ ഒതുക്കാനും സി.ഐ.ടി.യു നേതാവിനെ തൽക്കാലം സ്ഥാനങ്ങളിൽ നിന്ന് നീക്കി കൈകഴുകാനും നേതൃത്വം 'രക്ഷാ പ്രവർത്തനം' തുടങ്ങി. ജില്ലാ സെക്രട്ടറിയേറ്റ് നിയോഗിച്ച നാലംഗ കമ്മീഷൻ ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പ് അന്വേഷണം പൂർത്തിയാക്കിയിരുന്നു. സി.പി.എം കോഴിക്കോട് ടൗൺ ഏരിയ കമ്മിറ്റി അംഗവും സി.ഐ.ടി.യു ജില്ലാ സെക്രട്ടറിയുമാണ് ആരോപണ വിധേയനായ പ്രമോദ് കൊട്ടൂളി. അതേസമയം, പിഎസ്‌സി അംഗത്വത്തിന് ആരും തന്നെ സമീപിച്ചിട്ടില്ലെന്നും താൻ ആരോടും പണം വാങ്ങിയിട്ടില്ലെന്നും പ്രമോദ് കോട്ടൂളി പറഞ്ഞു. പാർട്ടി പൂർണമായും പ്രതിരോധത്തിലായ സാഹചര്യത്തിൽ പ്രമോദിനെ തിരഞ്ഞെടുത്ത സ്ഥാനങ്ങളിൽ നിന്ന് നീക്കി വിഷയം പൊലീസിലെത്താതിരിക്കാനുള്ള 'രക്ഷാ പ്രവർത്തന'മാണ് പാർട്ടി തലത്തിൽ നടക്കുന്നത്. ഈയാഴ്ച തന്നെ ജില്ലാ സെക്രട്ടറിയേറ്റും ജില്ലാ കമ്മിറ്റിയും നടപടി ചർച്ച ചെയ്യുമെന്നാണ് വിവരം. സി.ഐ.ടി.യു. സി.പി.എം ഭാരവാഹിത്വങ്ങളിൽ നിന്നാണ് പ്രമോദിനെ മാറ്റുക.



## അബുദാബിയിൽ ഒരു മില്യൺ ദിർഹം ധനസമാഹരണം

അബുദാബി: അബുദാബിയിൽ അതോറിറ്റി ഓഫ് സോഷ്യൽ കോൺട്രിബ്യൂഷന്റെ നേതൃത്വത്തിൽ ഒരു മില്യൺ ദിർഹം ധനസമാഹരണം. ക്യാൻസർ രോഗികൾക്കും, ജീവിത പ്രതിസന്ധിയെ അതിജീവിച്ചവർക്കും സഹായം നൽകുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ ഇവരുടെ ജീവിതം തന്നെ മാറ്റി മറിക്കാൻ കഴിയുമെന്നാണ് അതോറിറ്റി ഓഫ് സോഷ്യൽ കോൺട്രിബ്യൂഷന്റെ പ്രതീക്ഷ.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.72 ₹
1 ഒമാനി റിയാൽ 216.88 ₹
1 സൗദി റിയാൽ 22.25 ₹
1 ഖത്തർ റിയാൽ 22.89 ₹
1 കുവൈത്ത് ദിനാർ 272.75 ₹
1 ബഹ്റൈൻ ദിനാർ 221.50 ₹

### സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 287.25
22 കാരറ്റ് 266.00
21 കാരറ്റ് 257.50
18 കാരറ്റ് 220.75



ഗൾഫ് വാർത്തകൾ

# റാം ബുക്സാനി: വിടവാങ്ങിയത് ഇന്ത്യൻ പ്രവാസികളുടെ കാരണവർ

ദുബൈ: യുഎഇ എന്ന രാജ്യത്തിന്റെ വളർച്ചക്ക് ദൃക്സാക്ഷിയായ ആദ്യകാല പ്രവാസികളിലെ കാരണവരായിരുന്നു കഴിഞ്ഞ ദിവസം ദുബൈയിൽ അന്തരിച്ച പ്രമുഖ വ്യവസായി ഡോ.റാം ബുക്സാനി. പതിനെട്ടാമത്തെ വയസ്സിൽ ദുബൈയിൽ കപ്പലിറങ്ങിയ ബുക്സാനി ആറര പതിറ്റാണ്ട് കാലം ദുബൈയുടെ വളർച്ചക്കൊപ്പം ഉയർന്നു വന്ന ഇന്ത്യൻ വ്യവസായിയായിരുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് 83 വയസ്സായിരുന്നു. ബ്രിട്ടിഷ് ഇന്ത്യയിലെ സിന്ധ് പ്രവിശ്യയിലെ ഹൈദരാബാദിൽ 1941ലാണ് ഡോ. റാം ബുക് സാനി ജനിച്ചത്. 18 വയസ്സുള്ളപ്പോൾ, 1959 നവംബർ 18നാണ് അദ്ദേഹം ദുബൈയിൽ കപ്പലിറങ്ങുന്നത്. ആറാം വയസിൽ പിതാവ് മരിച്ച ബുക്സാനിക്ക് വിദേശത്ത് ഏതെങ്കിലും കമ്പനിയിൽ ജോലി ചെയ്യണമെന്ന തീവ്രമായ ആഗ്രഹത്തോടെയാണ് ദുബൈയിലെത്തുന്നത്.

അക്കാലത്ത് ബോംബെയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഹിന്ദുസ്ഥാൻ എന്ന പത്രത്തിൽ കണ്ട പരസ്യത്തിലൂടെ ദുബൈയിലെ സ്വകാര്യ കമ്പനിയിൽ ജോലിക്ക് അപേക്ഷിക്കുകയും അത് ലഭിക്കുമായിരുന്നും. ബർദുബൈയിൽ പ്രവർത്തിച്ചിരുന്ന കോസ്മോ കമ്പനിയിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. അന്ന് 125 രൂപയായിരുന്നു ശമ്പളം. ബ്രിട്ടിഷ് ഭരണത്തിൻ കീഴിലായിരുന്ന ദുബൈയിൽ ഇന്ത്യൻ രൂപയായിരുന്നു ഉപയോഗിച്ചിരുന്നത്. 108 ദുബൈ രൂപ നൽകിയാൽ 100 ഇന്ത്യൻ രൂപ ലഭിക്കും. അക്കാലത്ത് ദുബൈ വളർച്ചയൊന്നുമില്ലാത്ത സാധാരണ നഗരമായിരുന്നു. ദീർഘകാലത്തെ കഠിനാധ്വാനത്തിന് ശേഷമാണ് ബുക്സാനി അറിയപ്പെടുന്ന വ്യവസായി ആയി മാറുന്നത്. യുഎഇ രൂപീകൃതമായതോടെ യുഎഇയുടെ വളർച്ചക്കൊപ്പം ഡോ. റാം ബുക്സാനിയുടെ ജീവിതവും ഉയർന്നു. അക്കാലത്ത് 30,000 ആളുകൾ മാത്രമുണ്ടായിരുന്ന ദുബൈയുടെ ചിത്രം അദ്ദേഹത്തിന്റെ ആത്മകഥയിൽ പറയുന്നുണ്ട്. ആവശ്യത്തിന് വെള്ളമോ വെളിച്ചമോ ഗതാഗത സംവിധാനമോ ഇല്ലാത്ത മരുഭൂമിയിലെ ചെറിയൊരു പട്ടണമായിരുന്നു ദുബൈ. അന്ന് വൈദ്യുതിയും വെള്ളവും അമൂല്യമായിരുന്നു. ചില യൂറോപ്യൻ കമ്പനികൾക്ക് മാത്രമാണ് ,ന്തമായി ഡീസൽ ജനറേറ്ററുകൾ ഉണ്ടായിരുന്നത്.

പിന്നീട്, നഗരത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കാനും വിതരണം ചെയ്യാനുമായി കമ്പനികൾക്ക് കരാർ കൊടുത്തപ്പോൾ റാം ബുക്സാനി ജോലി ചെയ്തിരുന്ന കമ്പനിയും ഇതിൽ പങ്കാളികളായി. പതിനെട്ടാം വയസ്സിൽ ബർദുബൈയിലെ എടിഎൽ കോസ്മോസ് കമ്പനിയിൽ ക്ലാർക്കായി ജോലി ആരംഭിച്ച റാം ബുക്സാനി യുഎഇയുടെ വളർച്ചയോടൊപ്പം ഉയർന്ന് ഒരു വിജയകരമായ വ്യവസായിയായി മാറി. ഓഫിസ് അസിസ്റ്റന്റായി ജോലി ആരംഭിച്ച കമ്പനി പിന്നീട് സ്വന്തമാക്കിയ റാം ബുക് സാനി ഇന്ന് 500 ജീവനക്കാരുള്ള ആ വലിയ വ്യവസായ ഗ്രൂപ്പിന്റെ ഉടമയും ചെയർമാനുമാണ്. യുഎഇ ഭരണാധികാരികളുടെ നയപരമായ ഇടപെടലുകളും ജനകീയ തീരുമാനങ്ങളും ദീർഘവീക്ഷണത്തോടെയുള്ള പ്രഖ്യാപനങ്ങളും തന്നെയാണ് തന്റെ വിജയത്തിന് പിന്നിലെന്ന് അദ്ദഹം പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യുഎഇയിൽ ഇലക്ട്രോണിക്സ്, റിട്ടെയിൽ, ടെക്സ്റ്റൈൽ, ബാങ്കിങ് തുടങ്ങിയ മേഖലകളിൽ തുടക്കം കുറിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കു വഹിച്ചു. ഇൻഡസ് ഇൻഡ് ബാങ്കിന്റെ സ്ഥാപകരിലൊരാളായ റാം ബുക്സാനി, ഓവർസീസ് ഇന്ത്യൻ ഇക്കണോമിക് ഫോറം ചെയർമാൻ എന്ന നിലയിൽ പ്രവാസികളുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രവർത്തിച്ചു. കുവൈത്ത് യുദ്ധം, ഗുജറാത്ത് ഭൂകമ്പം തുടങ്ങിയ ദുരന്ത സമയങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന അദ്ദേഹം മരിക്കുന്നതുവരെ സാമൂഹിക സേവന രംഗത്ത് സജീവമായിരുന്നു.



റാം ബുക്സാനി

## ചരമം

### മലയാളി യുവാവിനെ വീണ് മരിച്ച നിലയിൽ കണ്ടെത്തി



സജിത് അരൂലി

ദുബൈ: മലയാളി യുവാവിനെ ദുബൈയിൽ കെട്ടിടത്തിൽ നിന്ന് വീണ് മരിച്ച നിലയിൽ കണ്ടെത്തി. കണ്ണൂർ മലപ്പട്ടം ചൂളിയാട് കളത്തിലെ വളപ്പിൽ വീട്ടിൽ സജിത് അരൂലി(41)നെയാണ് ഖിസൈസിലെ താമസിക്കുന്ന കെട്ടിടത്തിൽ നിന്ന് വീണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ദുബൈയിലെ സ്വകാര്യ കമ്പനിയിൽ സെയിൽസ് വിഭാഗത്തിൽ ജോലി ചെയ്യുകയായിരുന്നു. റാസൽഖൈമ: പ്രവാസി മലയാളി റാസൽഖൈമയിൽ അന്തരിച്ചു. കോട്ടയം കാഞ്ഞിരപ്പള്ളി കരിപ്പപ്പറമ്പിൽ സ്വദേശി മൈക്കിൾ പൗലോസ്(49) ആണ് മരിച്ചത്. കഴിഞ്ഞ 20 വർഷമായി റാസൽഖൈമയിൽ ജോലി ചെയ്തുവരികയായിരുന്നു. ഭാര്യയും 2 പെൺമക്കളുമുണ്ട്. മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോകുമെന്ന് ബന്ധുക്കൾ പറഞ്ഞു.

### റാസൽ ഖൈമയിൽ മലയാളി മരിച്ചു



മൈക്കിൾ പൗലോസ്

റാസൽഖൈമ: പ്രവാസി മലയാളി റാസൽ ഖൈമയിൽ മരിച്ചു. കോട്ടയം കാഞ്ഞിരപ്പള്ളി കരിപ്പപ്പറമ്പിൽ സ്വദേശി മൈക്കിൾ പൗലോസ്(49) ആണ് മരിച്ചത്. കഴിഞ്ഞ 20 വർഷമായി റാസൽ ഖൈമയിൽ ജോലി ചെയ്തുവരികയായിരുന്നു. ഭാര്യയും 2 പെൺമക്കളുമുണ്ട്. മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോകുമെന്ന് ബന്ധുക്കൾ പറഞ്ഞു.



ഗസ്സയിലേക്ക് സഹായവുമായി പുറപ്പെട്ട യുഎഇ കപ്പൽ

## ഗസ്സയിലേക്കുള്ള യുഎഇയുടെ സഹായ കപ്പൽ പുറപ്പെട്ടു

ഫുജൈറ: ഗസ്സയിൽ ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തര മാനുഷിക സാമഗ്രികളുമായി യുഎഇയിൽ നിന്നുള്ള സഹായ കപ്പൽ തിങ്കളാഴ്ച ഈജിപ്ഷ്യൻ തുറമുഖമായ അൽ ആരിഷിലേക്ക് പുറപ്പെട്ടു. യുഎഇ തീരത്ത് നിന്ന് ഗസ്സയിലേക്ക് പുറപ്പെടുന്ന നാലാമത്തെ കപ്പലാണിത്. ഇതിൽ 4,750 ടൺ ഭക്ഷണവും 590 ടൺ ഷെൽട്ടർ സാമഗ്രികളുമായി ഫുജൈറ തുറമുഖത്തുനിന്ന് പുറപ്പെട്ടു. 313 ലോറികളാണ് കപ്പലിലേക്ക് സഹായങ്ങൾ എത്തിച്ചത്. യുഎഇ റെഡ് ക്രസന്റ്, സായിദ് ബിൻ സുൽത്താൻ അൽ നഹ്യാൻ ചാരിറ്റബിൾ ആൻഡ് ഹ്യൂമാനിറ്റേറിയൻ ഫൗണ്ടേഷൻ, ഖലീഫ ബിൻ സായിദ് അൽ നഹ്യാൻ ഫൗണ്ടേഷൻ എന്നിവയാണ് സാധനങ്ങൾ വിതരണം ചെയ്തത്. ഫലസ്തീനിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനുള്ള രാജ്യത്തിന്റെ ഗാലന്റ് നൈറ്റ് 3 ഓപ്പറേഷന്റെ ഭാഗമാണിത്. നവംബറിൽ സഹായ ദൗത്യം ആരംഭിച്ചതിന് ശേഷം യുഎഇ ഗാസയിലേക്ക് 33,100 ടൺ അടിയന്തര സാധനങ്ങൾ നൽകിയിട്ടുണ്ട്. വിദേശകാര്യ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം ജൂൺ 13 വരെ 320 വിമാനങ്ങളും ഏഴ് കപ്പലുകളും 1,243 ലോറികളും സഹായം എത്തിച്ചു. ഗാലന്റ് നൈറ്റ് 3 ന് കീഴിൽ, തെക്കൻ ഗാസ മുനമ്പിലെ ഒരു ഫീൽഡ് ഹോസ്പിറ്റലും അൽ അരിഷ് നഗരത്തിന്റെ തീരത്ത് ഒരു ഫ്ലോട്ടിംഗ് ഹോസ്പിറ്റലും ഉൾപ്പെടെ ആവശ്യമുള്ളവരെ സഹായിക്കാൻ യുഎഇ രണ്ട് ആശുപത്രികളും സ്ഥാപിച്ചിട്ടുണ്ട്. ഗസ്സ മുനമ്പിലെ 600,000 ആളുകൾക്ക് പ്രതിദിനം 1.2 ദശലക്ഷം ഗാലൻ ശുദ്ധമായ കുടിവെള്ളം ഉൽപ്പാദിപ്പിക്കുന്ന അഞ്ച് ഓട്ടോമാറ്റിക് സംവിധാനങ്ങളും ആറ് ഡീസലിനേഷൻ പ്ലാന്റുകളും സ്ഥാപിക്കാനും ഇത് സഹായിച്ചിട്ടുണ്ട്.

## ഇക്കോ ടൂറിസം മുഖ്യം

# ജബൽ അലി ബീച്ച് വികസിപ്പിക്കാൻ ബൃഹത് പദ്ധതി

ദുബൈ: ലോകത്തിലെ ഏറ്റവും മികച്ച പൊതു ബീച്ചുകൾ എന്ന പദവിയിലേക്ക് ദുബൈയെ ഉയർത്താൻ പദ്ധതികൾ. ജബൽ അലി ബീച്ച് വികസന പദ്ധതിയുടെ മാസ്റ്റർ പ്ലാനിന് ദുബായ് കിരീടാവകാശി ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം അംഗീകാരം നൽകി. 6.6 കിലോമീറ്റർ ദൈർഘ്യമുള്ള ബീച്ച് പരിസ്ഥിതി സംരക്ഷണത്തിനും പ്രാദേശിക പരിസ്ഥിതി വ്യവസ്ഥകൾക്കും വന്യജീവികൾക്കും മുൻഗണന നൽകുന്ന ഒരു വിനോദ കേന്ദ്രമായിരിക്കും. പ്രകൃതിദത്തമായ ആവാസവ്യവസ്ഥയിൽ കടലാമകളെ കാണാൻ സന്ദർശകരെ അനുവദിക്കുന്ന ഒരു ഇക്കോടൂറിസം സംവിധാനവും ഇതിലൂടെ പ്ലാൻ ചെയ്യുന്നു. കടലാമകളെ സംരക്ഷിക്കുന്നതിനും സുരക്ഷിതമായ കൂടുണ്ടാക്കുന്ന അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനുമുള്ള നടപടികളും നിയന്ത്രണങ്ങളും പദ്ധതി നടപ്പിലാക്കും. ആമകളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് എത്തിക്കാനും പുനരധിവസിപ്പിക്കാനും തിരികെ കൊണ്ടുവരാനുമുള്ള സംവിധാനം ഒരുക്കുന്നു. ജബൽ അലി ബീച്ച് വികസന പദ്ധതി എമിറേറ്റിലെ പൊതു ബീച്ചുകൾ വികസിപ്പിക്കുന്നതിനുള്ള വിശാലമായ മാസ്റ്റർ പ്ലാനിന്റെ ഭാഗമാണ്. ബീച്ചുകളുടെ മൊത്തം നീളം 400% വർദ്ധിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നതായി നഗരാസൂത്രണ, ഇൻഫ്രാസ്ട്രക്ചർ കമ്മീഷണർ ജനറൽ മത്തർ അൽ തായർ പറഞ്ഞു. ദുബൈ 2040 അർബൻ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തതുപോലെ, പുതിയ പൊതു ബീച്ചുകൾ കൂട്ടിച്ചേർക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക, പുതിയ വിനോദം, കായികം, നിക്ഷേപ സൗകര്യങ്ങൾ സജ്ജീകരിക്കുക എന്നിവ ഇതിൽ ഉൾപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു.

ജബൽ അലി വന്യജീവി സങ്കേതത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ജബൽ അലി ബീച്ച് വികസന പദ്ധതി യുഎഇയിൽ ഇത്തരത്തിലുള്ള ആദ്യത്തേതാണ്. പരിസ്ഥിതി സംരക്ഷണം, ഇക്കോടൂറിസം ലക്ഷ്യങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സവിശേഷമായ വിനോദ ബീച്ച് ഫ്രണ്ട് സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. കടലാമകളുടെ ആവാസ വ്യവസ്ഥകളും കണ്ടൽ മരങ്ങളും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥകളെയും വന്യജീവികളെയും ബീച്ച് സംരക്ഷിക്കും. പാരിസ്ഥിതിക, ജൈവ സംവിധാനങ്ങളിലെ ആഘാതം കുറയ്ക്കുകയും ബീച്ചിന്റെ സുസ്ഥിരതയും ഇക്കോടൂറിസം ലക്ഷ്യങ്ങളും ഉറപ്പാക്കുകയും ചെയ്യും. പദ്ധതിയുടെ ഭാഗമായി പാം ജബൽ അലി ബീച്ചിനെ മൂന്ന് സ്ഥലങ്ങളായി വിഭജിക്കും: പേൾ, ബീച്ച്, വിനോദ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രം, സാങ്ചറി, കടലാമകൾക്കും പ്രകൃതിദത്ത ആവാസ വ്യവസ്ഥകൾക്കും വേണ്ടിയുള്ള സങ്കേതം, വിനോദ വിദ്യാഭ്യാസ കേന്ദ്രമായ നെസ്റ്റ്. സജീവമായ ഫാമിലി ബീച്ച്, സ്പോർട്സ് ആക്ടിവിറ്റികൾ, സ്വിമ്മിംഗ് പൂൾ, കിഡ്സ് പ്ലേ സോണുകൾ, ഒരു ബീച്ച് ക്ലബ്, റെസ്റ്റോറന്റുകൾ, കഫേകൾ, ഷോപ്പുകൾ, ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് എന്നിവ പേൾ വാഗ്ദാനം ചെയ്യുന്നു. സാങ്ചറി പരിസ്ഥിതി സംരക്ഷണത്തിന് മുൻഗണന നൽകുകയും സുരക്ഷിതമായ പര്യവേക്ഷണത്തിനായി വിനോദ, കായിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കണ്ടൽക്കാടിനുള്ളിൽ സ്ഥിതി ചെയ്യുന്ന നെസ്റ്റ്, ജൈവവൈവിധ്യത്തെക്കുറിച്ചുള്ള പഠനത്തിനും അവബോധത്തിനുമുള്ള ഒരു പാരിസ്ഥിതിക കേന്ദ്രം, കടലാമ പുനരധിവാസ പരിപാടികൾ, സന്ദർശകർക്ക് തീരദേശ ആവാസ വ്യവസ്ഥയെ കുറിച്ച് പഠിക്കാനും സംരക്ഷിക്കാനുമുള്ള സംവിധാനം ഒരുക്കും.



ജബൽ അലി ബീച്ച്

## മാരിടൈം മാപ്പിങ് മെച്ചപ്പെടുത്താൻ സാറ്റ്ഗേറ്റ് പദ്ധതിയുമായി യുഎഇ

അബുദാബി: കപ്പൽ ഗതാഗതവുമായി ബന്ധപ്പെട്ട് അത്യാധുനിക സംവിധാനം നടപ്പാക്കാൻ യുഎഇക്ക് പുതിയ പദ്ധതി. മുഹമ്മദ് ബിൻ റാഷിദ് സ്പേസ് സെന്ററുമായി സഹകരിച്ച് സാറ്റ്ഗേറ്റ് പദ്ധതി ആരംഭിക്കുമെന്ന് ഊർജ, ഇൻഫ്രാസ്ട്രക്ചർ മന്ത്രാലയം അറിയിച്ചു. സാറ്റലൈറ്റ്, എഐ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കപ്പലുകളെ കണ്ടെത്തുന്നതിനും തീരദേശ നിരീക്ഷണതിനും കാലാവസ്ഥ പ്രവചിക്കുന്നതിനും ആഗോളതലത്തിൽ യുഎഇയുടെ സ്ഥാനം ഉയർത്താൻ ലക്ഷ്യമിട്ടുള്ളതാണ് പദ്ധതി. യുഎഇ തുറമുഖങ്ങളിലെ കപ്പലുകളുടെ ഡാറ്റാബേസ് വികസിപ്പിക്കാനും ട്രാക്കിംഗ് ഉപകരണങ്ങളുമായി ബന്ധിപ്പിച്ചിട്ടില്ലാത്ത കപ്പലുകളുടെ സ്ഥാനം കണ്ടെത്തി തീരപ്രദേശങ്ങളുടെ സുരക്ഷ നിലനിർത്താൻ സഹായിക്കുന്നതിനുമാണ് സാറ്റ്ഗേറ്റ് പ്രോജക്റ്റ്. സമുദ്ര സുരക്ഷ, ദേശീയ സമുദ്ര മേഖലയുടെ മത്സരശേഷി മെച്ചപ്പെടുത്തൽ, അന്താരാഷ്ട്ര നിക്ഷേപകരെ ആകർഷിക്കൽ തുടങ്ങിയവ സാധ്യമാക്കാൻ കഴിയുമെന്ന് ഊർജ, അടിസ്ഥാന സൗകര്യ വികസന മന്ത്രി സുഹൈൽ മുഹമ്മദ് അൽ മസ്റൂയി ഊന്നിപ്പറഞ്ഞു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ട്രാക്കിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും സമുദ്ര ഗതാഗതം മെച്ചപ്പെടുത്താനും അപകടസാധ്യതകൾ ലഘൂകരിക്കാനും യുഎഇ തുറമുഖങ്ങളിലൂടെയുള്ള വ്യാപാര, ഗതാഗത ഗതാഗതം വർദ്ധിപ്പിക്കാനും പദ്ധതി സഹായിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കടൽ മേഖലയെ പിന്തുണക്കുന്നതിനുള്ള യുഎഇയുടെ പ്രതിബദ്ധത, കൃത്യവും അപ്ഡേറ്റ് ചെയ്തതുമായ ഡാറ്റ നൽകാനും അതനുസരിച്ച് തീരുമാനങ്ങളെടുക്കാനം കാര്യക്ഷമത വർദ്ധിപ്പിക്കാനും ഇതുവഴി കഴിയും. ഊർജ മന്ത്രാലയവുമായി സഹകരിച്ച് സാറ്റ്ഗേറ്റ് പദ്ധതി ആരംഭിച്ചത് സമുദ്രമേഖലയ്ക്ക് പ്രയോജനം ചെയ്യുന്നതിനായി ബഹിരാകാശ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിലെ സുപ്രധാന പുരോഗതിയെ പ്രതിനിധീകരിക്കുന്നുവെന്ന് എംബിആർഎസ്സി ചെയർമാൻ ഹമദ് ഉബൈദ് അൽ മൻസൂരി പറഞ്ഞു. സുസ്ഥിര വികസനം കൈവരിക്കുന്നതിനും, ആഗോള തലത്തിൽ ഒരു പ്രമുഖ നാവിക കേന്ദ്രമെന്ന നിലയിൽ രാജ്യത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിനുമായി നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള യുഎഇയുടെ കാഴ്ചപ്പാടാണ് ഈ പദ്ധതി ഉൾക്കൊള്ളുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## ലോക ഭക്ഷ്യസുരക്ഷാ ഉച്ചകോടി അബുദാബിയിൽ സംഘടിപ്പിക്കും

അബുദാബി: അബുദാബി അഗ്രികൾച്ചർ ആന്റ് ഫുഡ് സെക്യൂരിറ്റി വീക്കിന്റെ ഭാഗമായി നവംബർ 26, 27 തീയതികളിൽ ലോക ഭക്ഷ്യ സുരക്ഷാ ഉച്ചകോടിക്ക് ആദ്യമായി അബുദാബി ആതിഥേയത്വം വഹിക്കും. ഉപരാഷ്ട്രപതിയും, ഉപപ്രധാന മന്ത്രി, പ്രസിഡൻഷ്യൽ കോടതി ചെയർമാനും അബുദാബി അഗ്രികൾച്ചർ ആൻഡ് ഫുഡ് സേഫ്റ്റി അതോറിറ്റി ഡയറക്ടർ ബോർഡ് ചെയർമാനുമായ ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാന്റെ രക്ഷാകർതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുക. അഡാഫ്സ, എഫ് ആന്റ് ബി മാനുഫാക്ചറിംഗ് ഗ്രൂപ്പ് എന്നിവയുടെ പങ്കാളിത്തത്തോടെ അഡ്നെക് ഗ്രൂപ്പാണ് ഉച്ചകോടി സംഘടിപ്പിക്കുക. ആഗോള ഭക്ഷ്യസുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നൂതനമായ പരിഹാരങ്ങൾ ചർച്ച ചെയ്യുന്നതിനും പട്ടിണി ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനും ആഗോള ഭക്ഷ്യസുരക്ഷയിൽ ചർച്ചകൾ, സംരംഭങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള യുഎഇയുടെ സ്ഥാനം വർദ്ധിപ്പിക്കുന്നതിനും ഉച്ചകോടി ഒരു വേദിയാക്കും. ഭക്ഷ്യസുരക്ഷ ഒരു പ്രധാന ആഗോള വെല്ലുവിളിയാണെന്ന് അഡാഫ്സ ഡയറക്ടർ ജനറൽ സഈദ് അൽ ബഹ്രി സലേം അൽ അമേരി പറഞ്ഞു.

ഭക്ഷ്യസുരക്ഷ ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ചർച്ച ചെയ്യാൻ ലോകത്തിലെ പ്രമുഖ ഭക്ഷ്യസുരക്ഷാ വിദഗ്ധർ, പൊതുസ്വകാര്യ മേഖലകളിലെ ഉദ്യോഗസ്ഥർ, സിവിൽ സൊസൈറ്റി നേതാക്കൾ എന്നിവരുടെ ഒരു വിശിഷ്ട സംഘത്തെ ഉച്ചകോടി ഒരുമിച്ച് കൊണ്ടുവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർക്കാർ, സ്വകാര്യ മേഖലകൾ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ, വിവിധ കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ എന്നിവയിൽ നിന്നുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി യുഎഇയിൽ അഡാഫ്സ നിരവധി പരിപാടികളും സംരംഭങ്ങളും സംഘടിപ്പിക്കുമെന്നും അധികൃതർ വ്യക്തമാക്കി.

## ശുറൂഖ്

## ഷാർജയുടെ സാമ്പത്തിക വികസനത്തിലെ ചാലകശക്തി – സിഇഒ

ഷാർജ: പ്രാദേശിക സാമ്പത്തിക വികസനത്തിൽ ശുറൂഖ് ചാലകശക്തിയായി പ്രവർത്തിക്കുമെന്ന് സിഇഒ: അഹമ്മദ് ഉബൈദ് അൽഖസീർ പറഞ്ഞു. 2009ൽ സ്ഥാപിതമായത് മുതൽ, പ്രാദേശികമായ സാമ്പത്തിക വികസനത്തിൽ ഷാർജ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി (ഷുറൂഖ്) ഒരു പ്രധാന പങ്ക് വഹിക്കുന്നു. റിയൽ എസ്റ്റേറ്റ് വികസനം, ഹോസ്പിറ്റാലിറ്റി, വാണിജ്യ, വിനോദ കേന്ദ്രങ്ങൾ, കല, സംസ്കാരം എന്നീ നാല് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സമഗ്രമായ ഒരു തന്ത്രമാണ് അതോറിറ്റി സ്വീകരിച്ചിരിക്കുന്നത്. സുസ്ഥിരത ശക്തിപ്പെടുത്തുകയും നവീകരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് തന്ത്രത്തിന്റെ ലക്ഷ്യം. ഷാർജ എമിറേറ്റിനോടുള്ള പ്രതിബദ്ധതയിലും ഇമാറാത്തി വിപണികളുടെ മത്സരക്ഷമതയിലും വേരൂന്നിയ, സാമ്പത്തിക പ്രവർത്തനത്തിന്റെ സാമൂഹിക വികസന നേട്ടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സമഗ്രമായ വികസന കാഴ്ചപ്പാടാണ് ശുറൂഖിനെ വ്യത്യസ്തമാക്കുന്നതെന്ന് ശുറൂഖിന്റെ സിഇഒ അഹമ്മദ് ഉബൈദ് അൽ ഖസീർ പറഞ്ഞു. വിവിധ മേഖലകൾ തമ്മിലുള്ള പരസ്പര പൂരക ബന്ധത്തിൽ വിശ്വസിക്കുന്ന ഒരു വികസന സ്ഥാപനമാണ് ശുറൂഖ് എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഷാർജയെ സുസ്ഥിര നഗരമായി മാറ്റുന്ന, മികച്ചതും സുസ്ഥിരവുമായ സംവിധാനങ്ങളോടെ പ്രവർത്തിക്കുന്ന നഗരങ്ങളും കമ്മ്യൂണിറ്റികളും സ്ഥാപിക്കാൻ ശുറൂഖ് പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. റിയൽ എസ്റ്റേറ്റ് വികസന മേഖല ഹോസ്പിറ്റാലിറ്റി, ടൂറിസം, വിനോദം, വാണിജ്യ കേന്ദ്രങ്ങൾ, സംസ്കാരം, കലകൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ മേഖലകൾ തമ്മിലുള്ള സമന്വയം സാമൂഹിക ക്ഷേമം വർദ്ധിപ്പിക്കുന്നതിനും താമസക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും നിർണായകമാണെന്നും അദ്ദേഹം പറഞ്ഞു.



# ഓൺലൈൻ ചതിക്കുഴികൾ, പണം ചോരുന്ന കുറുക്കു വഴികൾ

**നിഷാദ് ഫുജൈറ**
ഫുജൈറ

ജീവിത മാർഗം തേടിയാണ് പ്രവാസികൾ അന്യദേശങ്ങളിലെത്തുന്നത്. പണം സമ്പാദിക്കാൻ നിരവധി മാർഗങ്ങൾ ഉണ്ടെങ്കിലും നാം പലപ്പോഴും അവയൊന്നും കാര്യമായി ശ്രദ്ധിക്കാറില്ല. എളുപ്പത്തിൽ പണം സമ്പാദിക്കാനുള്ള കുറുക്കുവഴികൽ തേടി സർവ്വവും നഷ്ടപ്പെടുന്ന സംഭവങ്ങൾ കുറവല്ല. അതുപോലെ പണം നഷ്ടപ്പെടാനുള്ള വഴികളും ഏറെയാണ്. അതു ശ്രദ്ധിക്കാതെ വിട്ടാൽ കൈയിലുള്ളതു മുഴുവൻ പോയിക്കിട്ടുമെന്നോർക്കുക. മാറിയ കാലത്ത് ഡിജിറ്റൽ ചതിക്കുഴികൾ അല്ലെങ്കിൽ ഓൺലൈൻ തട്ടിപ്പുകൾ വ്യാപകമായിരിക്കുകയാണ്. ഇതിലൂടെ പണം നഷ്ടപ്പെടുന്ന പ്രവാസികളുടെ എണ്ണം നാൾക്കുനാൾ വർധിച്ചുവരികയാണ്. ഒരു നിമിഷത്തെ അശ്രദ്ധ കൊണ്ട് വലിയ സാമ്പത്തിക നഷ്ടം തന്നെ സംഭവിക്കാം. ഓരോ ദിവസവും പുതിയ പുതിയ സാമ്പത്തിക തട്ടിപ്പിന്റെ കഥകളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ 3134 ആളുകളുടെ പണം നഷ്ടപെട്ട കേസുകൾ ദുബൈയിൽ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതായി അധികൃതർ പറയുന്നു. ഓൺലൈൻ രൂപത്തിലുള്ള വാരിക്കുഴികളാണ് അവയിൽ ഏറെയും. തട്ടിപ്പിനുള്ള ഒരു വാതിൽ അടയുമ്പോൾ മറ്റു പുതിയ മാർഗങ്ങളിലൂടെ അവർ നമ്മുടെ മുന്നിലെത്തും. പണ ഇടപാടുകൾ നടത്തുമ്പോൾ മാത്രമല്ല മറ്റ് അവസരങ്ങളിലും അവർ നമ്മെ കെണിയിൽ വീഴ്ത്തിയേക്കും. ചതിക്കുഴികളിൽ വീഴാതിരിക്കാൻ ജാഗ്രത പാലിക്കുകയേ വഴിയുള്ളൂ. ഗൂഗിൾ പേ ഉപയോഗിക്കുന്നവരെ ലക്ഷ്യം വച്ചാണ് പുതിയ തട്ടിപ്പ്. തട്ടിപ്പുകാർ നിങ്ങളുടെ അക്കൗണ്ടിലേക്ക് ഒരു ചെറിയ സംഖ്യ അയക്കും. തുടർന്ന് വിളി വരും. ഒരു സംഖ്യ നിങ്ങളുടെ അക്കൗണ്ടിലേക്ക് അയച്ചിട്ടുണ്ടെന്നും അറിയാതെ സംഭവിച്ചു പോയതാണെന്നും പറയും. സംഖ്യ ദയവായി തിരിച്ചയക്കണമെന്നും അഭ്യർത്ഥിക്കും. ഹിന്ദി, ഇംഗ്ലീഷ് ഭാഷയിലുള്ള സംഭാഷണമായിരിക്കും അവരുടേത്. ഇതു കേട്ട് സംഖ്യ തിരിച്ച് അയച്ചു പോയാൽ നിങ്ങൾ വെട്ടിലാകും. പണം അയക്കുന്ന പ്രക്രിയയിലൂടെ തട്ടിപ്പുകാർ നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ മനസ്സിലാക്കി ബാക്കിയുള്ള പണവും ചോർത്തിയെടുക്കും. ഒരു കാരണവശാലും ഓൺലൈനായി പണം കൈമാറാതിരിക്കാൻ ശ്രദ്ധിക്കുക. പണം തിരിച്ചുനൽകാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പോലീസ് സ്റ്റേഷൻ പോലുള്ള സുരക്ഷിത സ്ഥലങ്ങളിലേക്ക് വരാൻ പറഞ്ഞ് നേരിട്ട് പണം കൈമാറുക. ഇത് തട്ടിപ്പിന്റെ ഒരു ചെറിയ വശം മാത്രം. ഗൾഫിൽ ആദ്യമായി എത്തുന്നവരുടെ ഫോണുകളിലേക്ക് വിദേശകാര്യ മന്ത്രാലയത്തിൽ നിന്നാണെന്നും പൊലീസിൽ നിന്നാണെന്നും പരിചയപ്പെടുത്തി അക്കൗണ്ടിലുള്ള പണം ചോർത്തുന്ന സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഒരു കാര്യ ശ്രദ്ധിച്ചാൽ മതിയാവും, ആര് വിളിച്ചാലും ഇടപാടുകൾ നേരിട്ടാവാമെന്ന് ധൈര്യത്തോടെ പറയുക. യുഎഇ പോലുള്ള രാജ്യങ്ങളിൽ ഒരിക്കലും പോലീസോ മറ്റു ഏജൻസികളോ ഫോണിൽ വിളിച്ച് ബാങ്ക് വിവരങ്ങൾ ചോദിക്കാറില്ല. അങ്ങനെയുണ്ടെങ്കിൽ തന്നെ പ്രത്യേക സംവിധാനമുണ്ടാവും. പെട്ടെന്നുള്ള അജ്ഞാത ഫോണുകൾക്ക് വളരെ ആലോചിച്ച ശേഷം മാത്രം മറുപടി നൽകുക. അല്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് നേരിൽ ചെന്ന് കാര്യങ്ങൾ നടത്തുക.



## യാത്രാ ദുരിതം അവസാനിപ്പിക്കണം പ്രത്യക്ഷ സമരത്തിലേക്ക് നീങ്ങും: കെഎംസിസി

ദുബൈ: സീസൺ സമയങ്ങളിൽ പ്രവാസികൾ അനുഭവിക്കുന്ന യാത്രാ ദുരിതത്തിന് അറുതി വരുത്തണമെന്നും അല്ലെങ്കിൽ പ്രത്യക്ഷ സമരങ്ങളിലേക്ക് നീങ്ങുമെന്നും ദുബൈ കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. നിരക്ക് വർധനവിലൂടെ പ്രവാസികളെ കൊള്ളയടിക്കുകയും ഉയർന്ന നിരക്കിന് ടിക്കറ്റ് എടുത്തിട്ടും യാതൊരു മുന്നറിയിപ്പുമില്ലാതെ സർവീസുകൾ റദ്ദാക്കി വിമാനക്കമ്പനികൾ പ്രവാസികളെ വെല്ലുവിളിക്കുകയാണെന്നും നേതാക്കൾ പ്രസ്താവനയിൽ പറഞ്ഞു. ഈ അരുതായ്മക്കെതിരെ പ്രത്യക്ഷ സമരങ്ങൾക്ക് നേതൃത്വം നൽകുമെന്നും ദുബൈ കെഎംസിസി കോഴിക്കോട് ജില്ലാ പ്രസിഡന്റ് കെ പി മുഹമ്മദ്, ജനറൽ സെക്രട്ടറി ജലീൽ മഷ്ഹൂർ തങ്ങൾ, ട്രഷറർ ഹംസ കാവിൽ എന്നിവർ മുന്നറിയിപ്പു നൽകി.

## എ പി ഉണ്ണികൃഷ്ണൻ അനുസ്മരണം 11ന്

മസ്കത്ത്: അന്തരിച്ച മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ സെക്രട്ടറിയും മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ദലിത്‌ലീഗ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയുമായിരുന്ന എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ യോഗം 11ന് വ്യാഴാഴ്ച രാത്രി 9 മണിക്ക് റൂവി കെഎംസിസി ഓഫീസിൽ നടക്കുമെന്ന് മസ്കത്ത് കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി അറിയിച്ചു.

## ദുബൈയിൽ വർക്ക് പെർമിറ്റ് റദ്ദാക്കുന്നതിന് പുതിയ രേഖകൾ ആവശ്യമില്ല

ദുബൈ: ദുബൈയിൽ തൊഴിലാളികളുടെ വർക്ക് പെർമിറ്റ് റദ്ദാക്കുന്നതിന് പുതിയ രേഖകൾ ആവശ്യമില്ലെന്ന് അധികൃതർ. വർക്ക് പെർമിറ്റ് റദ്ദാക്കുന്നതിനുള്ള സമയം മൂന്ന് മിനിറ്റിൽ നിന്ന് 45 സെക്കന്റാക്കി കുറയ്ക്കാനും തീരുമാനമായി.

വർക്ക് ബണ്ടിൽ പദ്ധതിയുടെ ഭാഗമായാണ് തൊഴിലാളികളുടെ സേവനങ്ങൾക്കായി നടപടിക്രമങ്ങൾ വെട്ടിക്കുറയ്ക്കുന്നത്.



### മലയാളികളുടെ ആകാശ യാത്രയ്ക്ക് ആശ്വാസമേകാൻ,വരുന്നൂ...

# 'എയർ കേരള' വിമാന സർവീസ്

### പ്രവാസി കൂട്ടായ്മയിലാണ് ഏറെകാലത്തെ സ്വപ്നം യാഥാർത്ഥ്യമാകുന്നത്

## അടുത്ത വർഷം പറന്നുയരും

ദുബൈ: പ്രവാസി മലയാളികളുടെ കൂട്ടായ്മയിൽ 'എയർ കേരള' എന്ന പേരിൽ വിമാനസർവീസ് യാഥാർത്ഥ്യത്തിലേക്ക്. മലയാളി സംരംഭകർ രൂപീകരിച്ച സെറ്റ് ഫ്ളൈ (zett fly) ഏവിയേഷൻ സർവീസ് എന്ന കമ്പനിക്ക് സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ എൻ.ഒ.സി ലഭിച്ചതായി കമ്പനി ചെയർമാനും പ്രവാസി വ്യവസായിയുമായ അഫി അഹമ്മദ് ദുബൈയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

അടുത്ത വർഷം സർവീസ് ആരംഭിക്കാനാണ് പദ്ധതി. ഇത് യാഥാർത്ഥ്യമാവുന്നതിലൂടെ കേരളത്തിന്റെ ടൂറിസം ട്രാവൽ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാവുമെന്നും കേരള പ്രവാസികളുടെ വിമാനയാത്രാ ക്ലേശങ്ങൾ വരും വർഷങ്ങളിൽ പരിഹരിക്കപ്പെടുമെന്നും സെറ്റ് ഫ്ളൈ ഏവിയേഷൻ വൈസ്ചെയർമാൻ അയ്യൂബ് കല്ലട പറഞ്ഞു. തുടക്കത്തിൽ ടയർ2, ടയർ3 നഗരങ്ങളെ ബന്ധിപ്പിച്ചായിരിക്കും സർവിസ്. ഇതിനായി 3 എ.ടി.ആർ 72600 വിമാനങ്ങളായിരിക്കും ഉപയോഗിക്കുക. നിർമാതാക്കളിൽ നിന്ന് വിമാനങ്ങൾ നേരിട്ട് സ്വന്തമാക്കി, അധികം വൈകാതെ വിമാനങ്ങളുടെ എണ്ണം 20 ആക്കി ഉയർത്തി വിദേശ രാജ്യങ്ങളിലേക്ക് സർവീസുകൾ വ്യാപിപ്പിക്കാനാണ് കമ്പനിയുടെ പദ്ധതി. എയർ കേരള യാഥാർത്ഥ്യമായാൽ ഗൾഫ് നാടുകളിലേക്കും തിരിച്ചുമുള്ള മലയാളി പ്രവാസികളുടെ യാത്രാ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുമെന്നാണ് കമ്പനിയുടെ പ്രതീക്ഷ. പ്രവാസികൾ നേതൃത്വം നൽകുന്ന കേരളം ആസ്ഥാനമായുള്ള ആദ്യ വിമാനകമ്പനി എന്ന നിലയിൽ സംരംഭത്തിന് ഒട്ടനവധി പ്രത്യേകതകളുണ്ടെന്ന് അഫി അഹമ്മദ് പറഞ്ഞു. airkerala.com എന്ന ബ്രാൻഡിലാകും കമ്പനി സർവീസുകൾ നടത്തുക. പ്രവാസികൾ ഉൾപ്പെടയുള്ള എല്ലാമലയാളികളെയും ഇതിന്റെ ഭാഗമാക്കാൻ ആലോചനയുണ്ട്. ഒരു വർഷം മുമ്പ് ഒരു മില്യൺ ദിർഹം നൽകിയാണ് airkerala.com എന്ന ഡൊമൈൻ കമ്പനി സ്വന്തമാക്കിയത്. വാർത്താസമ്മേളനത്തിൽ കമ്പനി സെക്രട്ടറി ആഷിഖ്, ജനറൽ മാനേജർ സഫീർ മഹമൂദ്, ലീഗൽ അഡ്വൈസർ ശിഹാബ് തങ്ങൾ പങ്കെടുത്തു.




സെറ്റ് ഫ്ളൈ കമ്പനി ചെയർമാൻ അഫി അഹമ്മദ് ദുബൈയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുന്നു




### സ്വാഗതാർഹം: അബുദാബി കെഎംസിസി

അബുദാബി: അടുത്ത വർഷം എയർ കേരള വിമാന സർവീസ് യാഥാർത്ഥ്യമാകുമെന്ന കമ്പനി ഉടമകളുടെ പ്രഖ്യാപനം പ്രവാസി മലയാളികൾക്ക് ഏറെ ആശ്വാസം പകരുന്നതാണെന്ന് അബുദാബി കെഎംസിസി പ്രസിഡന്റ് ഷുക്കൂർ കല്ലുങ്ങലും ജനറൽ സെക്രട്ടറി സി.എച്ച് യൂസുഫും അഭിപ്രായപ്പെട്ടു. ആകാശ യാത്രികരോട് എയർ ഇന്ത്യ അടക്കമുള്ള വിമാന കമ്പനികളുടെ ക്രൂരതയിൽ പ്രയാസമനുഭവിക്കുന്ന മലയാളികൾക്ക് ഇത് ഏറെ പ്രതീക്ഷ പകരുന്ന പ്രഖ്യാപനമാണെന്നും നേതാക്കൾ പറഞ്ഞു.




കെഎംസിസി ബഹ്റൈൻ ഈസ്റ്റ് റിഫ ഏരിയ കമ്മിറ്റി സംഘടിപ്പിച്ച കുടുംബ സംഗമത്തിൽ അബ്ദുസ്സമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തുന്നു

## ബഹ്റൈൻ ഈസ്റ്റ് റിഫ ഏരിയ കെഎംസിസി കുടുംബ സംഗമം

മനാമ: കെഎംസിസി ബഹ്റൈൻ ഈസ്റ്റ് റിഫ ഏരിയ കമ്മിറ്റി സി.എച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച കുടുംബ സംഗമം സംസ്ഥാന ട്രഷറർ കെ.പി മുസ്തഫ ഉദ്ഘാടനം ചെയ്തു. എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി അബ്ദുസ്സമദ് പൂക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തി. കുടുംബബന്ധങ്ങൾ ദൃഢമാക്കുന്നതിൽ സ്ത്രീകൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയുമെന്നും അതുവഴി സമൂഹത്തിന് മാറ്റങ്ങളുണ്ടാക്കാൻ കഴിയമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അബ്ദുസ്സമദ് പൂക്കോട്ടൂരിനെ സീനിയർ പ്രവർത്തകനായ ആർ.കെ മുഹമ്മദ് ഷാളണിയിച്ചു. മുസ്‌ലിംലീഗ് നേതാവും മുൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ദലിത്‌ലീഗ് നേതാവുമായ എ.പി ഉണ്ണികൃഷ്ണന്റെ ആകസ്മിക വിയോഗത്തിൽ സംഗമം അനുശോചനം രേഖപ്പെടുത്തി. സംഗമത്തിൽ റഫീക്ക് കുന്നത്ത് അധ്യക്ഷനായി. കെഎംസിസിയുടെ അൽ അമാന മെമ്പർ ആയിരിക്കെ മരിച്ച തൃശ്ശൂർ സ്വദേശിയുടെ കുടുംബത്തിന് മരണാനന്തര സഹായമായ 5 ലക്ഷം രൂപ സംസ്ഥാന ട്രഷറർ കെ.പി മുസ്തഫ അമാന കൺവീനർമാരായ ഷമീർ,ഫസലുറഹ്മാൻ എന്നിവർക്ക് കൈമാറി. എടവരാട് പ്രദേശത്തെ രോഗിക്കുള്ള ചികിത്സ സഹായം ടിപ്ടോപ്പ് ഉസ്മാൻ നിസാർ മാവിലിക്കും കോട്ടൂർ പ്രദേശത്തെ പാവപ്പെട്ട യുവതിക്കുള്ള വിവാഹ സഹായം എൻ. അബ്ദുൽ അസീസ് സി.പി ഉമ്മറിനും കൈമാറി. ഓഫീസിലേക്ക് സ്പോൺസർ ചെയ്ത കമ്പ്യൂട്ടറിന്റെ കൈമാറ്റം റിയ ട്രാവൽ (ഈസ്റ്റ് റഫ) ഏജൻസി പ്രതിനിധികളായ ഷനീർ,ജഗൻ എന്നിവർ ചേർന്ന് അബ്ദുസ്സമദ് പൂക്കോട്ടൂരിന് കൈമാറി. സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി ഗഫൂർ കൈപ്പമംഗലം പ്രസംഗിച്ചു. ടി.ടി അഷ്റഫ് സ്വാഗതവും എം.കെ സിദ്ദീഖ് നന്ദിയും പറഞ്ഞു. മുഹമ്മദ് അസ്‌ലം ഖിറാഅത്ത് നടത്തി. ഷാഫി പാറക്കട്ട,അഷ്റഫ് മഞ്ചേശ്വരം,ഇംനാസ് ബാബു,നിസാമുദ്ദീൻ,അബ്ബാസ് വയനാട് പങ്കെടുത്തു. സ്ത്രീകളും കുട്ടികളുമടക്കം നൂറിൽപരം ആളുകൾ സന്നിഹിതരായി. കുഞ്ഞമ്മദ് പി.വി,സഫീർ കെ.പി,സാജിദ് കൊല്ലിയിൽ,റസാഖ് എ.എ,സാജിർ സി.ടി.കെ, മുസ്തഫ.കെ, നാസിർ ഉറുതോടി,താജുദ്ദീൻ,സജീർ സി.കെ, റസാഖ് മണിയൂർ,ആരിഫ്,ആസിഫ് ഷംസുദീൻ,ജസ്ന സുഹൈൽ, നസീറ മുഹമ്മദ്,ഹസ്ന ഷാന, ഫെബിന തുടങ്ങിയവർ നേതൃത്വം നൽകി.

## എയർ ഇന്ത്യ എക്സ്പ്രസ് യാത്രക്കാരോട് കാണിക്കുന്ന ക്രൂരത അവസാനിപ്പിക്കണം: കെഎംസിസി

ദുബൈ: എയർ ഇന്ത്യ എക്സ്പ്രസ് പൊടുന്നനെ നിരവധി വിമാനങ്ങൾ സർവീസ് റദ്ദാക്കുന്നത് യാത്രക്കാരോട് കാണിക്കുന്ന ക്രൂരതയാണെന്ന് ദുബൈ കെഎംസിസി കാസർകോട് ജില്ലാ കമ്മിറ്റി പ്രസിഡന്റ് സലാം കന്യപ്പാടി ,ആക്ടിങ് പ്രസിഡന്റ് സി.എച്ച് നൂറുദ്ദീൻ, ജനറൽ സെക്രട്ടറി ഹനീഫ് ടി.ആർ, ട്രഷറർ ഡോ. ഇസ്മായിൽ എന്നിവർ കുറ്റപ്പെടുത്തി. കഴിഞ്ഞ ഏതാനും ദിവസങ്ങളായി അത്യാവശ്യങ്ങൾക്കായി യാത്ര ചെയ്യുന്നവരെ എയർ ഇന്ത്യ എക്സ്പ്രസ് വട്ടം കറക്കുകയാണ്. ഏറ്റവും തിരക്കേറിയ സമയത്ത് നിരന്തരം സർവീസുകൾ റദ്ദാക്കുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ചെറുതല്ല. യാത്ര പുറപ്പെടുന്നതിന് മണിക്കൂറുകൾക്ക് മുമ്പാണ് സർവീസ് റദ്ദ് ചെയ്ത വിവരം യാത്രക്കാർ അറിയുന്നത്. ചുരുങ്ങിയ ദിവസത്തെ അവധിക്ക് പോകുന്ന നിരവധി പേർക്കാണ് കൂടുതൽ പ്രയാസം അനുഭവിക്കേണ്ടി വരുന്നത്.

എയർ ഇന്ത്യ എക്സ്പ്രസിൽ ടിക്കറ്റെടുത്തവർ ആശങ്കയിലാണെന്നും യാത്രക്കാരോട് തുടരുന്ന ഈ ക്രൂരത അവസാനിപ്പിക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു. പെട്ടെന്ന് സർവീസ് റദ്ദാക്കുന്നത് കാരണം പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിലേക്ക് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുണ്ടാകുന്നത്. ഇത് വേദനാജനകമാണ്. മണിക്കൂറുകൾക്ക് മുമ്പ് മൃതദേഹം എയർപോർട്ടിൽ എത്തിക്കണമെന്നാണ് നിയമം. പലപ്പോഴും മൃതദേഹം എയർപോർട്ടിൽ എത്തിച്ചതിന് ശേഷമാണ് വിമാനം റദ്ദാക്കിയ വിവരം ലഭിക്കുന്നത്. മരണപ്പെടുന്നവരോട് പോലും എയർ ഇന്ത്യ എക്സ്പ്രസ് കാണിക്കുന്ന ക്രൂരത പൊറുക്കാനാവില്ല. വിമാന സർവീസ് പെട്ടന്ന് റദ്ദ് ചെയ്യുന്നത് മൂലം യാത്രക്കാർക്ക് സാമ്പത്തിക-മാനസിക പ്രയാസമുണ്ടാകുന്നതായും ഒരു യാത്രക്കാരനു തന്നെ രണ്ടു തവണ യാത്ര മുടങ്ങിയ അവസ്ഥ പോലും ഉണ്ടായിട്ടുള്ളതായി നിരവധി യാത്രക്കാർ പരാതി ഉയർത്തുന്നുണ്ടെന്നും ഭാരവാഹികൾ പറഞ്ഞു.

## എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണം

അജ്മാൻ: കെഎംസിസി സംസ്ഥാന കമ്മിറ്റിയുടെ അഭിമുഖ്യത്തിൽ എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണം സംഘടിപ്പിച്ചു. മുൻ സംസ്ഥാന പ്രസിഡന്റ് സൂപ്പി പാതിരാപറ്റ ഉദ്ഘടനം ചെയ്തു. റസാഖ് വെളിയങ്കോട് അധ്യക്ഷനായി. അബൂബക്കർ കൂരിയാട്,അസിസ് തൊഴുകര,സലീം വയനാട്, ഹസൈനാർ കാഞ്ഞങ്ങാട്,പി.ടി മൊയ്തു, നജ്മുദ്ദിൻ കൊടുവള്ളി,ആസിഫ് പള്ളങ്കോട്, മുഹമ്മദ് എടച്ചേരി, ലത്തീഫ് ടി.എൻ പുരം, സഫീർ വൈലത്തൂർ,ഫാറൂഖ് കോക്കൂർ, റാഷിദ് പ്രസംഗിച്ചു. അഷ്റഫ് നീർച്ചാൽ സ്വാഗതവും റഷീദ് എരമംഗലം നന്ദിയും പറഞ്ഞു.




അജ്മാൻ കെഎംസിസി സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണം മുൻ സംസ്ഥാന പ്രസിഡന്റ് സൂപ്പി പാതിരാപറ്റ ഉദ്ഘടനം ചെയ്യുന്നു



ലുലു ഗ്രൂപ്പിന്റെ സഊദി അറേബ്യയിലെ പുതിയ ഹൈപ്പർ മാർക്കറ്റ് റിയാദിലെ ലബാൻ സ്ക്വയറിൽ ഫെഡറേഷൻ ഓഫ് സഊദി ചേംബേഴ്സ് ചെയർമാൻ ഹസൻ അൽ ഹുവൈസി ഉദ്ഘാടനം ചെയ്യുന്നു. സഊദി നിക്ഷേപ മന്ത്രാലയം ഉപമന്ത്രി മുഹമ്മദ് അബ ഹുസൈൻ, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസുഫലി സമീപം

## റിയാദ് ലബാൻ സ്ക്വയറിൽ ലുലു ഹൈപ്പർ മാർക്കറ്റ് തുറന്നു

റിയാദ്: ലുലു ഗ്രൂപ്പിന്റെ സഊദി അറേബ്യയിലെ പുതിയ ഹൈപ്പർ മാർക്കറ്റ് റിയാദിൽ പ്രവർത്തനമാരംഭിച്ചു. ലബാൻ സ്ക്വയറിലുള്ള ഹൈപ്പർ മാർക്കറ്റ് സഊദി നിക്ഷേപ മന്ത്രാലയം ഉപമന്ത്രി മുഹമ്മദ് അബ ഹുസൈൻ, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസുഫലി എന്നിവരുടെ സാന്നിധ്യത്തിൽ ഫെഡറേഷൻ ഓഫ് സഊദി ചേംബേഴ്സ് ചെയർമാൻ ഹസൻ അൽ ഹുവൈസി ഉദ്ഘാടനം ചെയ്തു. സഊദി അറേബ്യയിലെ ലുലു ഗ്രൂപ്പിന്റെ 61മത്തേതും റിയാദിലെ പതിനൊന്നാമത്തേതുമാണ് ലബാൻ സ്ക്വയർ ലുലു ഹൈപ്പർ മാർക്കറ്റ്.

സഊദി തലസ്ഥാനമായ റിയാദിൽ പുതിയ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കാനായതിൽ സന്തോഷമുണ്ടെന്ന് എം.എ യൂസുഫലി പറഞ്ഞു. സഊദി അറേബ്യയുടെ വളർച്ചയിൽ ഭാഗമാവുന്നതിൽ അഭിമാനമുണ്ട്. രാജ്യത്തിന്റെ സുസ്ഥിര വികസന നയങ്ങൾക്ക് പിന്തുണ നൽകുന്നത് തുടരും. എല്ലാ സഹായങ്ങളും ചെയ്തു തരുന്ന ഭരണാധികാരികൾക്ക് യൂസുഫലി നന്ദി പറഞ്ഞു. സഊദിയിലെത്തുന്ന നിക്ഷേപകർക്ക് വളരെ അനുകൂലമായ സാഹചര്യമാണുള്ളത്. സഊദിയിലെ ലുലുവിന്റെ വിപുലീകരണത്തിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 100 ഹൈപ്പർ മാർക്കറ്റ് എന്ന ലക്ഷ്യം മുൻ നിർത്തിയാണ് പ്രവർത്തിക്കുന്നത്.

ഈ വർഷം പുണ്യനഗരങ്ങളായ മക്കയിലും മദീനയിലും ഉൾപ്പെടെ ആറ് ഹൈപ്പർ മാർക്കറ്റുകൾ തുറക്കും. സ്വദേശികൾക്കും മലയാളികൾ ഉൾപ്പെടെയുള്ളവർക്കും ഇതിലൂടെ തൊഴിലവസരങ്ങൾ ഒരുക്കാൻ കഴിയുമെന്നും യൂസുഫലി കൂട്ടിച്ചേർത്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് ഉപഭോക്താക്കൾക്കായി ലുലു ഒരുക്കുന്ന ലോയൽറ്റി പദ്ധതിക്കും തുടക്കം കുറിച്ചു. പദ്ധതിയിൽ പങ്കാളികളാകുന്ന ഉപഭോക്തക്കൾക്ക് ആകർഷകമായ വിലക്കിഴിവുകളും പോയിന്റുകളും സഊദിയിലെ എല്ലാ ലുലു ഹൈപ്പർ മാർക്കറ്റുകളിലും ലഭിക്കും. ഹൈപ്പർ മാർക്കറ്റുകളിൽ നിന്നും സാധനങ്ങൾ വാങ്ങിക്കുമ്പോൾ ലഭിക്കുന്ന പോയിന്റുകൾ ഉപയോഗിച്ച് ഷോപ്പിങ് നടത്താനും സാധിക്കും.

ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയരക്ടർ എം.എ അഷ്റഫ് അലി, ലുലു സഊദി ഡയരക്ടർ ഷെഹിം മുഹമ്മദ്, ലുലു റിയാദ് റീജണൽ ഡയരക്ടർ ഹാതെം, കോൺട്രാക്ടർ, മറ്റു മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

## ദുബൈ മലയാളി അസോസിയേഷൻ മെഡിക്കൽ ക്യാമ്പ്

ഷാർജ: ദുബൈ മലയാളി അസോസിയേഷനും (DMA) അൽ അഹല്യ മെഡിക്കൽ സെന്ററും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഷാർജ അൽ അഹല്യ മെഡിക്കൽ സെന്ററിൽ ഏഴു ദിവസം നീണ്ടുനിന്ന മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം 'ദിൽസേ 90.8 FM ചീഫ് എഡിറ്റർ അനൂപ് കീച്ചേരി നിർവഹിച്ചു. 'ആരോഗ്യമാണ് സമ്പത്ത്,ആരോഗ്യം സംരക്ഷിക്കുക,ജീവിതശൈലി രോഗങ്ങൾ കണ്ടെത്തി തടയുക' എന്ന സന്ദേശവുമായാണ് ഇത്തരത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതെന്ന് ദുബൈ മലയാളി അസോസിയേഷൻ യു.എ.ഇ പ്രസിഡന്റ് അജിത അനീഷ്, അൽ അഹല്യ ചീഫ് മെഡിക്കൽ ഓഫീസർ ഡോ.സുദീപ് എന്നിവർ വിശദീകരിച്ചു. ചീഫ് ഗസ്റ്റ് ഫൗസിയ സിറാജ്,അഷ്റഫ് കേച്ചേരി, ശിവരാജ് പ്രസംഗിച്ചു.

കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്നവരും വിസിറ്റ് വിസയിലുള്ളവരുമായ നിരവധി ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന പ്രവാസി സമൂഹത്തിന് ആശ്വാസമായി മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും അൽ അഹല്യ മെഡിക്കൽ സെന്റർ പ്രിവിലേജ് കാർഡ് നൽകി. ദുബൈ മലയാളി അസോസിയേഷൻ നേതാക്കളായ അരുൺ, അൽ അഹല്യ ആർ.സി അഡ്മിനിസ്ട്രേറ്റർ കെ. അഭിഷേക്, ദിൽസേ 90.8 FM ടീം മെമ്പേഴ്സ്, അജ്മാൻ, ഷാർജ, ദുബൈ കമ്മറ്റി ഭാരവാഹികൾ ക്യാമ്പിന് നേതൃത്വം നൽകി. പ്രവാസി സമൂഹത്തിന് നൽകി വരുന്ന കാരുണ്യ പ്രവർത്തനങ്ങളെ മുൻനിർത്തി അൽ അഹല്യ മെഡിക്കൽ സെന്റർ ദുബൈ മലയാളി അസോസിയേഷൻ പ്രസിഡന്റ് അജിത അനീഷിനെ പുരസ്കാരം നൽകി ആദരിച്ചു.



പ്രവാസി സമൂഹത്തിന് നൽകിവരുന്ന കാരുണ്യ പ്രവർത്തനങ്ങളെ മുൻനിർത്തി അൽ അഹല്യ മെഡിക്കൽ സെന്റർ ദുബൈ മലയാളി അസോസിയേഷൻ പ്രസിഡന്റ് അജിത അനീഷിനെ പുരസ്കാരം നൽകി ആദരിക്കുന്നു

## ഫുജൈറ വനിതാ കെഎംസിസി സംഗമം

ഫുജൈറ: കെഎംസിസി വനിതാ വിഭാഗം സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച പ്രവർത്തക കൺവൻഷൻ കെഎംസിസി സംസ്ഥാന ജനറൽ സെക്രട്ടറി ബഷീർ ഉളിയിൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് റാഷിദ് ജാതിയേരി മുഖ്യപ്രഭാഷണം നടത്തി. വനിതാ കെഎംസിസി പ്രസിഡന്റ് മഹർബ റഹീം അധ്യക്ഷയായി. കെഎംസിസി സംസ്ഥാന ട്രഷറർ സി.കെ അബൂബക്കർ, വൈസ് പ്രസിഡന്റ് സുബൈർ ചോമയിൽ, സഹദിയ സലാം പ്രസംഗിച്ചു. വനിതാ കെഎംസിസി ജനറൽ സെക്രട്ടറി നസീമ റസാഖ് സ്വാഗതവും ട്രഷറർ റുബീന ഉമ്മർ നന്ദിയും പറഞ്ഞു.




ഫുജൈറ വനിതാ കെഎംസിസി സംഘടിപ്പിച്ച പ്രവർത്തക കൺവൻഷനിൽ റാഷിദ് ജാതിയേരി മുഖ്യപ്രഭാഷണം നടത്തുന്നു

## ഒമാനിലെ സോഹാറിൽ റോഡ് മുറിച്ചുകടക്കവെ വാഹനമിടിച്ചു മലയാളി മരിച്ചു

കോഴിക്കോട് പയ്യോളി സ്വദേശി മമ്മദ് തറയുള്ളത്തിൽ (55) ആണ് മരിച്ചത്. ഒമാനിൽ സന്ദർശക വിസയിൽ എത്തിയതായിരുന്നു. സോഹാറിൽ റോഡ് മുറിച്ചു കടക്കുന്നതിനിടെയാണ് അപകടമുണ്ടായത്. മൃതദേഹം നാട്ടിലെത്തിക്കുമെന്ന് കെഎംസിസി പ്രവർത്തകർ അറിയിച്ചു



മമ്മദ്



## ചൈനീസ് കയ്യേറ്റം ഒളിക്കുന്നു

ന്യൂഡൽഹി: ചൈനയുടെ കയ്യേറ്റം മറച്ചുവയ്ക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുകയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ. 2020 വരെ ഇന്ത്യയുടെ കൈവശമുണ്ടായിരുന്ന ലഡാക്കിലെ പ്യോങ്ഗോം തടാകത്തിനടുത്തായി ചൈന സൈനിക ക്യാംപുകൾ നിർമിച്ചു. ഇന്ത്യൻ ഭൂമി ആരും കയ്യേറിയിട്ടില്ലെന്നു വാദിക്കുന്ന പ്രധാനമന്ത്രി മോദി ചൈനയ്ക്കുവേണ്ട സഹായങ്ങൾ നൽകുകയാണ്. ദെപ്സാങ് പ്ലെയിൻസ്, ഡെംചോക്ക്, ഗോഗ്ര ഹോട്ട് സ്പ്രിങ്സ് ഏരിയ എന്നിവിടങ്ങളിൽ ഉൾപ്പെടെ 65ൽ 26 പട്രോളിങ് പോയിന്റുകൾ നമുക്ക് നഷ്ടമായി. കേന്ദ്ര സർക്കാരിന്റെ വീഴ്ചയാണിത്. 'മോദി കി ചൈനീസ് ഗ്യാരന്റി' തുടരുകയാണ്.



## റഷ്യൻ സന്ദർശനത്തിനെതിരെ

ന്യൂഡൽഹി: മോദിയുടെ മോസ്കോ സന്ദർശനത്തെ വിമർശിച്ച് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയ്റാം രമേശ്. നോൺ ബയോളജിക്കൽ പ്രധാനമന്ത്രി മോസ്കോയിലേക്ക് പോകുമ്പോൾ, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അസമും മണിപ്പൂരും സന്ദർശിക്കുകയാണ്. റഷ്യ-യുക്രെയ്ൻ യുദ്ധം നിർത്തിവച്ചതായി അവകാശപ്പെട്ടിരുന്ന നോൺബയോളജിക്കൽ പ്രധാനമന്ത്രിയുടെ വക്താക്കൾ ഈ മോസ്കോ യാത്രയിൽ കൂടുതൽ വിചിത്രമായ അവകാശവാദങ്ങളുന്നയിക്കാനും സാധ്യതയുണ്ട്. സ്വന്തം രാജ്യത്തെ കലാപബാധിത സംസ്ഥാനമായ മണിപ്പൂർ സന്ദർശിക്കാൻ തയാറാകാതെയാണ് പ്രധാനമന്ത്രി വിദേശപര്യടനം നടത്തുന്നത്.

### ചുരുക്കത്തിൽ

#### ആർത്തവ അവധിക്ക് നയം; ഹർജി തള്ളി

ന്യൂഡൽഹി: ആർത്തവ അവധിക്ക് നയം രൂപീകരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപര്യ ഹർജി സുപ്രീം കോടതി തള്ളി. ഇത്തരം അവധികൾ തൊഴിലുടമക്ക് സ്ത്രീകൾക്ക് ജോലി നൽകാൻ താൽപര്യം ഇല്ലാതാക്കുമെന്നും ഇത് വിപരീത ഫലം സൃഷ്ടിക്കുമെന്നും കോടതി നിരീക്ഷിച്ചു. മാത്രമല്ല, ഇത് സർക്കാറിന്റെ നയപരമായ കാര്യമാണ്. നയപരമായ കാര്യത്തിൽ ഇടപെടാനില്ലെന്നും ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. ബന്ധപ്പെട്ട കക്ഷികളുമായി കൂടിയാലോചന നടത്തി സർക്കാരിന് നയരൂപീകരണം നടത്താം. ഇതിനെ എതിർക്കില്ല. ഇത്തരം ഘട്ടത്തിൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം കൂടി ആരായണമെന്ന് കോടതി വ്യക്തമാക്കി. ഇതേ ആവശ്യം ഉന്നയിച്ച് സമർപ്പിച്ച മറ്റൊരു ഹർജി കഴിഞ്ഞ ഫെബ്രുവരിയിലും സുപ്രീംകോടതി തള്ളിയിരുന്നു.

#### പ്രതിയുടെ സഞ്ചാരം നിരീക്ഷിക്കുന്ന ജാമ്യവ്യവസ്ഥ പാടില്ല

ന്യൂഡൽഹി: ജാമ്യത്തിലിറങ്ങുന്ന പ്രതിയുടെ സഞ്ചാരം നിരന്തരം നിരീക്ഷിക്കാൻ പൊലീസിന് അധികാരം നൽകുന്ന ജാമ്യവ്യവസ്ഥ പാടില്ലെന്ന് സുപ്രീം കോടതി. പ്രതിയുടെ ഗൂഗിൾ പിൻ ലൊക്കേഷൻ പൊലീസിന് കൈമാറണമെന്ന ജാമ്യ വ്യവസ്ഥ സുപ്രീം കോടതി റദ്ദാക്കി. ഇത്തരമൊരു ജാമ്യവ്യവസ്ഥ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്ന് ജസ്റ്റിസുമാരായ അഭയ് എസ്. ഓക, ഉജ്ജ്വൽ ഭുയാൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. മയക്കു മരുന്ന് കേസിലെ പ്രതിയായ നൈജീരിയൻ സ്വദേശി ഫ്രാങ്ക് വിറ്റസിന് ജാമ്യം അനുവദിക്കുന്നതിനായി ഡൽഹി ഹൈക്കോടതി ഏർപ്പെടുത്തിയ വ്യവസ്ഥയാണ് സുപ്രീം കോടതി റദ്ദാക്കിയത്. രാജ്യം വിട്ടുപോകില്ലെന്ന് നൈജീരിയൻ എംബസിയിൽ നിന്ന് ഫ്രാങ്ക് ഉറപ്പ് വാങ്ങണമെന്ന വ്യവസ്ഥയും സുപ്രീം കോടതി റദ്ദാക്കി. ഇത്തരം വ്യവസ്ഥകൾ ജാമ്യമെന്ന ഉദ്ദേശത്തിനു തന്നെ എതിരാണെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി.

#### കാറിടിച്ച് സ്ത്രീ കൊല്ലപ്പെട്ട സംഭവം; ശിവസേന നേതാവിന് ജാമ്യം

മുംബൈ: മകൻ ഓടിച്ച ബി.എം.ഡബ്ല്യു കാറിടിച്ച് സ്ത്രീ മരിച്ച സംഭവത്തിൽ ശിവസേന ഏക്നാഥ് ഷിൻഡെ വിഭാഗം നേതാവ് രാജേഷ് ഷാക്ക് ജാമ്യം. 15,000 രൂപയുടെ ബോണ്ടിലാണ് മുംബൈയിലെ കോടതി ജാമ്യം അനുവദിച്ചത്. പാൽഘർ ജില്ലയിലെ ഷിൻഡെ വിഭാഗം സേന ഡെപ്യൂട്ടി ലീഡറായ രാജേഷ് ഷായുടെ ഉടമസ്ഥതയിലുള്ള കാർ മകൻ മിഹിർ ഷായാണ് ഓടിച്ചിരുന്നത്. ഇയാൾ മദ്യലഹരിയിലായിരുന്നു. കാർ വേർളിയിൽ വെച്ച് സ്കൂട്ടർ യാത്രികരായ ദമ്പതികളെ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. അപകടത്തിൽ 45കാരിയായ കാവേരി നഖാവ മരിക്കുകയും ഭർത്താവ് പ്രദീപിന് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിന് പിന്നാലെ മിഹിർ ഒളിവിൽ പോയി. ബാറിൽ നിന്നിറങ്ങിയ ശേഷമാണ് മിഹിറും കൂട്ടുകാരും കാർ അമിതവേഗത്തിൽ ഓടിച്ചതെന്ന് സി.സി.ടി.വി ദൃശ്യങ്ങളിൽനിന്ന് വ്യക്തമായിരുന്നു. മിഹിർ ഷായെ രക്ഷപ്പെടുത്താൻ സഹായിച്ചതിനും തെളിവ് നശിപ്പിക്കാൻ ശ്രമിച്ചതിനുമായിരുന്നു രാജേഷ് ഷായെ അറസ്റ്റ് ചെയ്തത്. അപകട സമയത്ത് കാറിലുണ്ടായിരുന്ന രാജേഷ് ഷായുടെ ഡ്രൈവർ രാജഋഷി ബിദാവത്തിനെയും അറസ്റ്റ് ചെയ്തിരുന്നു. കാമുകിയാണ് മിഹിറിനെ രക്ഷപ്പെടാൻ സഹായിച്ചതെന്നും വിവരം ലഭിച്ചിട്ടുണ്ട്.

# സിനിമകളിൽ ഭിന്നശേഷിക്കാരെ ഇകഴ്ത്തരുത്

**മാർഗ നിർദേശം പുറപ്പെടുവിച്ച് സുപ്രീംകോടതി**



ന്യൂഡൽഹി: സിനിമ അടക്കമുള്ള ദൃശ്യമാധ്യമങ്ങളിൽ ഭിന്നശേഷിക്കാരെ കളിയാക്കുകയോ അവഹേളിക്കുകയോ ചെയ്യരുതെന്ന കർശന നിർദേശവുമായി സുപ്രീംകോടതി. ഇതു സംബന്ധിച്ച മാർഗനിർദേശങ്ങളും കോടതി പുറത്തിറക്കി. സോണി പിക്ച്ചേഴ്സ് പുറത്തിറക്കുന്ന ഹിന്ദി സിനിമയിൽ ഭിന്നശേഷിക്കാരെ അവഹേളിക്കുന്ന ചിത്രീകരണം നടന്നെന്ന് കാട്ടിയുള്ള ഹർജി പരിഗണിക്കവേയാണ് കോടതിയുടെ നിർദേശം. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് നിർദേശങ്ങൾ പുറപ്പെടുവിച്ചത്.

തമാശയാക്കേണ്ടതോ അവഹേളിക്കേണ്ടതോ ആയ കാര്യമല്ല ഭിന്നശേഷി. അവരുടെ നേട്ടങ്ങളും വിജയകഥകളുമാണ് സമൂഹത്തോട് പറയേണ്ടതെന്നും കോടതി വ്യക്തമാക്കി. മോശം പ്രതിച്ഛായ ഉണ്ടാക്കുന്ന വാക്കുകൾ ഭിന്നശേഷിക്കാർക്കെതിരെ പ്രയോഗിക്കരുത്. സാമൂഹിക പ്രതിബദ്ധതയെ അവഗണിക്കുന്ന ഭാഷ ഉപയോഗിക്കരുത്.

ഭിന്നശേഷിയുള്ള കഥാപാത്രങ്ങളെ ചിത്രീകരിക്കുമ്പോൾ അവരുടെ അഭിപ്രായം കൂടി തേടണമെന്നും കോടതി പറഞ്ഞു. ഭിന്നശേഷിയെ കുറിച്ച് മതിയായ മെഡിക്കൽ വിവരങ്ങൾ പരിശോധിക്കണം. ഇത്തരം നിബന്ധനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് സെൻസർ ബോർഡ് ഉറപ്പു വരുത്തണമെന്നും സുപ്രീം കോടതി വ്യക്തമാക്കി.



പ്രധാനമന്ത്രി നരേന്ദ്രമോദിയെ മോസ്കോ വിമാനത്താവളത്തിൽ റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി ഡെനിസ് മൻഡ്യുറോവ് സ്വീകരിക്കുന്നു

## പ്രധാനമന്ത്രി റഷ്യയിൽ; പുട്ടിനുമായി കൂടിക്കാഴ്ച

മോസ്കോ: രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യയിലെത്തി. മോസ്കോ വിമാനത്താവളത്തിൽ റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി ഡെനിസ് മൻഡ്യുറോവ് മോദിയെ സ്വീകരിച്ചു. വിമാനത്താവളത്തിലെ ഗാർഡ് ഓഫ് ഓണറിനു ശേഷം ഇരുവരും ഒരേ കാറിൽ മോദി തങ്ങുന്ന ഹോട്ടലിലേക്ക് തിരിച്ചു.

ഇന്ത്യാ - റഷ്യ 22മത് വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായാണ് മോദി മോസ്കോയിലെത്തിയത്. പുട്ടിനുമായി നടക്കുന്ന കൂടിക്കാഴ്ച ഇന്ത്യാ - റഷ്യാ ബന്ധത്തിൽ നിർണായകമായിരിക്കുമെന്ന് മോസ്കോയിൽ എത്തിയതിനു പിന്നാലെ മോദി ടിറ്ററിൽ കുറിച്ചു.

വ്ളാഡിവോസ്റ്റോക്കിൽ 2019ൽ നടന്ന സാമ്പത്തിക ഫോറത്തിൽ പങ്കെടുത്ത ശേഷം ഇതാദ്യമായാണ് മോദി റഷ്യ സന്ദർശിക്കുന്നത്. യുക്രെയ്ൻ യുദ്ധം ആരംഭിച്ച ശേഷമുള്ള ആദ്യ സന്ദർശനം കൂടിയാണിത്. വ്യാപാരം, ഊർജ്ജം, പ്രതിരോധം എന്നീ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ചർച്ചകൾ മോദി - പുട്ടിൻ കൂടിക്കാഴ്ചയിൽ ഉണ്ടാകുമെന്നാണ് സൂചന.

## ബി.ജെ.പി കുപ്രചാരണം; രാഹുലിനെ പിന്തുണച്ച് ശങ്കരാചാര്യ

ന്യൂഡൽഹി: ഹിന്ദുക്കളെന്ന് സ്വയം അവകാശപ്പെടുന്നവർ ആക്രമണം അഴിച്ചുവിടുന്നുവെന്ന ലോക്സഭയിലെ രാഹുൽ ഗാന്ധിയുടെ പരാമർശത്തിന് പിന്തുണയുമായി 46-ാം ശങ്കരാചാര്യ. ബി.ജെ.പിക്കും ആർ.എസ്.എസിനുമെതിരായ രാഹുലിന്റെ വിമർശനത്തെ ഹിന്ദുവിരുദ്ധ പ്രസ്താവനയാക്കാൻ ബി.ജെ.പിയും പ്രധാനമന്ത്രി മോദിയും കിണഞ്ഞു ശ്രമിക്കുന്നതിനിടെയാണ് ജ്യോതിർ മഠ് ശങ്കരാചാര്യ സ്വാമി അവിമുക്തേശ്വരാനന്ദ പിന്തുണയുമായി രംഗത്തുവന്നത്. രാഹുൽ ഗാന്ധിയുടെ മുഴുവൻ പ്രസംഗവും താൻ ശ്രദ്ധിച്ചു കേട്ടുവെന്നും അദ്ദേഹം അർത്ഥ ശങ്കക്കിടയില്ലാതെയാണ് ഹിന്ദുമതം അക്രമത്തെ തള്ളിക്കളയുന്നതായി പറഞ്ഞതെന്നും ശങ്കരാചാര്യ പറഞ്ഞു. രാഹുലിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗം മാത്രം അടർത്തിയെടുത്ത് പ്രചരിപ്പിക്കുന്നത് അധാർമികമാണെന്നും ഇത് ചെയ്യുന്നവരെ ശിക്ഷിക്കണമെന്നും ശങ്കരാചാര്യ പറഞ്ഞു. ഹിന്ദു മതത്തിൽ വലിയ ആദരവും പിന്തുണയുമുള്ളയാളാണ് ശങ്കരാചാര്യ. അദ്ദേഹം രാഹുലിനെ പിന്തുണച്ച് രംഗത്ത് വരുന്നത് ബി.ജെ.പിക്കും മോദിക്കും കനത്ത തിരിച്ചടിയാണ്.

# തോൽവിക്ക് കാരണം ഭരണവിരുദ്ധ വികാരം തന്നെ

### തോൽവി വിലയിരുത്തി സി.പി.ഐ എക്സിക്യൂട്ടീവ്

തിരുവനന്തപുരം: ലോക്സഭ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്കേറ്റ ദയനീയ പരാജയത്തിന് കാരണം ഭരണവിരുദ്ധ വികാരമാണെന്ന് വിലയിരുത്തി സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ്. സർക്കാരിന്റെ നയവും നിലപാടും ഭരണവിരുദ്ധ വികാരത്തിന് കാരണമായി. നയങ്ങൾ ജനപക്ഷത്ത് നിന്ന് സ്വീകരിക്കുന്നതിൽ സർക്കാരിന് പിഴവ് വന്നുവെന്നും യോഗം വിലയിരുത്തി.

ഭരണവിരുദ്ധവികാരത്തിനൊപ്പം സാമുദായിക ചേരിതിരിവും ഫലത്തെ സ്വാധീനിച്ചു. സാമുദായിക ചേരിതിരിവ് ഉണ്ടായതാണ് ബി.ജെ.പിക്ക് വോട്ട് കൂടാൻ കാരണം. സാമുദായിക ചേരിതിരിവ് തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ ഇടതു മുന്നണിക്കായില്ല. മുഖ്യമന്ത്രിയുടെ പ്രവർത്തന ശൈലിയും വിമർശന വിധേയമായി. എക്സിക്യൂട്ടീവ് യോഗത്തിന് പിന്നാലെ ചേരുന്ന സംസ്ഥാന കൗൺസിലിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിൽ മുഖ്യമന്ത്രിയെ 'പ്രകോപിപ്പിക്കുന്ന' പരാമർശങ്ങൾ ഒഴിവാക്കാനും എക്സിക്യൂട്ടീവിൽ ധാരണയായി. എസ്.എഫ്.ഐയുടെ കൊള്ളരുതായ്മകൾ തുറന്നു കാട്ടുന്നതിൽ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിന് എക്സിക്യൂട്ടീവ് പിന്തുണ പ്രഖ്യാപിച്ചു. ഇത്തരം വിമർശനങ്ങൾ നേരത്തെ തന്നെ ഉന്നയിക്കേണ്ടിയിരുന്നുവെന്ന് എക്സിക്യൂട്ടീവ് അംഗങ്ങൾ പറഞ്ഞു. ശരിയായ കാര്യങ്ങളിൽ വിമർശനം ഉന്നയിച്ചാൽ ഇടതുപക്ഷ ഐക്യത്തിന് കോട്ടമല്ല ഗുണമാണ് ഉണ്ടാകുകയെന്നും അഭിപ്രായമുയർന്നു.

# എസ്.എഫ്.ഐയെ വിടാതെ സി.പി.ഐ

### വിഹിതത്തെ ഹിതവും വിശുദ്ധവുമായി വാഴ്ത്തിപ്പാടുന്നു

തിരുവനന്തപുരം: എസ്.എഫ്.ഐക്കെതിരെ രൂക്ഷവിമർശനം തുടർന്ന് സി.പി.ഐ. സി.പി.ഐയുടെ വിദ്യാർഥി-യുവജന സംഘടകൾക്ക് പിന്നാലെ സി.പി.ഐ മുഖപത്രം ജനയുഗവും എസ്.എഫ്.ഐക്കെതിരെ രംഗത്തുവന്നു. എസ്.എഫ്.ഐ അവിഹിതത്തെ ഹിതവും വിശുദ്ധവുമായി വാഴ്ത്തിപ്പാടുകയാണ് എന്നാണ് ജനയുഗത്തിന്റെ വിമർശനം. 'അവിഹിതം വിശുദ്ധമാക്കപ്പെടുമ്പോൾ' എന്ന തലക്കെട്ടിലാണ് ജനയുഗത്തിന്റെ പരിഹാസം. പൊൻകുന്നം വർക്കിയുടെ പ്രസിദ്ധമായ ചെറുകഥയിലെ നായകനായ പീലാത്തോസ് അച്ചന്റെ അവിഹിതവുമായി എസ്.എഫ്.ഐയെ താരതമ്യപ്പെടുത്തുകയാണ് പത്രം. അച്ചന്റെ അവിഹിതം വിശുദ്ധമാണെന്ന വ്യാഖ്യാനം പോലെയാണ് എസ്.എഫ്.ഐയുടെ നിലപാടുകളെന്നും ജനയുഗം കളിയാക്കുന്നു. കൊയിലാണ്ടി ഗുരുദേവ കോളജിലെ പ്രിൻസിപ്പലിനെ എസ്.എഫ്.ഐ വിദ്യാർത്ഥികൾ മർദ്ദിച്ചത് വലിയ വിവാദമായിരുന്നു. തൊട്ടുപിന്നാലെ കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ കെ.എസ്.യു നേതാവിനെ എസ്.എഫ്.ഐക്കാർ സംഘം ചേർന്ന് മർദ്ദിച്ചിരുന്നു. ഈ രണ്ട് സംഭവങ്ങളുടേയും പശ്ചാത്തലത്തിലായിരുന്നു ബിനോയ് വിശ്വം എസ്.എഫ്.ഐക്കെതിരെ രംഗത്തുവന്നത്.

## പോക്സോ കേസുകളുടെ ദുരുപയോഗം തടയാൻ ജാഗ്രത പാലിക്കണം

കൊച്ചി : പോക്സോ കേസുകളുടെ ദുരുപയോഗം തടയാനായി പോലീസ് ജാഗ്രത പാലിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. വിവാഹമോചന ശേഷമുള്ള കുട്ടികളുടെ അവകാശം പിതാവിന് നിഷേധിക്കുന്നതിന് വേണ്ടിയാണ് ഈ പ്രവണത പ്രധാനമായും കണ്ടുവരുന്നത്. നിയമത്തിൽ കഠിനമായ വകുപ്പുകളും കഠിനമായ ശിക്ഷകളും ഉണ്ടെന്നും നിരപരാധികളെ പ്രതിയാക്കാൻ ചിലർ ദുരുപയോഗം ചെയ്യുകയാണെന്നും കോടതി പറഞ്ഞു. പ്രായപൂർത്തിയാകാത്തവരുമായി ബന്ധമുള്ളവർ തമ്മിൽ സ്പർദ്ധയുണ്ടാകുമ്പോൾ നിയമം ദുരുപയോഗം ചെയ്യപ്പെടുന്നതായി കണ്ടെത്തിയാണ് ഹൈക്കോടതിയുടെ നിരീക്ഷണം.

പോക്സോ നിയമത്തിന്റെ വിചാരണയ്ക്കായി പ്രത്യേക കോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ടും തുടർനടപടികളും റദ്ദാക്കാനാണ് കേസ് നൽകിയിരുന്നത്.

**മദീനയിൽ നിന്നും കോഴിക്കോട്ടേക്ക് നേരിട്ട് വിമാനമില്ല**

# ഹാജിമാരുടെ മടക്കയാത്ര സൗകര്യപ്പെടുത്തണം

### അഡ്വ. ഹാരിസ് ബീരാൻ എം.പി കേന്ദ്രമന്ത്രിക്ക് നിവേദനം നൽകി



ന്യൂഡൽഹി: പരിശുദ്ധ ഹജ്ജ് കർമം കഴിഞ്ഞ് മടങ്ങി വരുന്ന ഹാജിമാരുടെ മടക്കയാത്ര കൂടുതൽ സൗകാര്യപ്പെടുത്താണമെന്ന് അഡ്വ. ഹാരിസ് ബീരാൻ എം.പി.

ഹാജിമാരുടെ ദുരിത യാത്രയിൽ കേന്ദ്രം നേരിട്ട് ഇടപെടണമെന്നും ഏത്രയും വേഗം പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര ന്യൂനപക്ഷ വകുപ്പ് സഹമന്ത്രി കേരളത്തിൽ നിന്നുള്ള ജോർജ്ജ് കുര്യന് നിവേദനം നൽകി. കേരളത്തിലെ മറ്റെല്ലാ വിമാനത്താവളത്തിലേക്കുമുള്ള ഹജ്ജ് മടക്കയാത്രാ വിമാനങ്ങൾ മദീനയിൽ നിന്നും നേരിട്ട് സർവീസ് നടത്തുമ്പോഴാണ് കോഴിക്കോടിനോടുള്ള വിവേചനം. നിലവിൽ സലാല അടക്കമുള്ള വിമാനത്താവളങ്ങളിൽ കുറച്ച് സമയം ലേ ഓവർ കഴിഞ്ഞാണ് കോഴിക്കോട്ടേക്ക് യാത്ര തുടരുന്നത്. അതുമൂലം യാത്രാ സമയത്തിലും ടിക്കറ്റ് നിരക്കിലും വലിയ മാറ്റമാണുള്ളത്. ഹജ്ജ് കർമങ്ങൾ കഴിഞ്ഞുവരുന്ന തീർത്താടകരിൽ കൂടുതൽ പേരും പ്രായാധിക്യമുള്ളവരും സ്ത്രീകളുമാണെന്നിരിക്കെ കൂടുതൽ പരിഗണന നൽകേണ്ടുന്ന ഒരു വിഭാഗത്തോട് ഇങ്ങനെ വിവേചനം കാണിക്കുന്നത് നീതിയല്ല എന്നും ഉടനെ പരിഹാരം കാണേണ്ടതുണ്ടെന്നും എം.പി അറിയിച്ചു.

ന്യൂനപക്ഷ വകുപ്പ് മന്ത്രിയുമായി വിഷയത്തിന്റെ പ്രാധാന്യം ഫോണിൽ അറിയിച്ച ശേഷമാണ് ഔദ്യോഗികമായി നിവേദനമയച്ചത്.



## 45 അംഗങ്ങളുടെ പിന്തുണ; ഹേമന്ത് സോറൻ വിശ്വാസ വോട്ട് നേടി

റാഞ്ചി: ജാർഖണ്ഡിൽ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ നേതൃത്വത്തിലുള്ള ജെ.എം.എം സർക്കാർ നിയമസഭയിൽ വീണ്ടും വിശ്വാസവോട്ട് നേടി. നോമിനേറ്റഡ് അംഗം ജോഷെഫ് പി ഗലാസ്റ്റൺ ഉൾപ്പെടെ 45 എം.എൽ.എമാർ സർക്കാരിന് അനുകൂലമായി വോട്ട് ചെയ്തു. വോട്ടെടുപ്പ് ആരംഭിച്ചതോടെ ബി.ജെ.പി, എ.ജെ.എസ്.യു അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി. ബി.ജെ.പിക്ക് 24 എം.എൽ.എമാരും എ.ജെ.എസ്.യു പാർട്ടിക്ക് മൂന്ന് അംഗങ്ങളുമാണുള്ളത്. സ്വതന്ത്ര അംഗം സരയു റോയ് വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു. 81 അംഗ സഭയിൽ ജെ.എം.എം (27)- കോൺഗ്രസ്(17)- ആർ.ജെ.ഡി (ഒന്ന്) എന്നിങ്ങനെ 45 ആംഗങ്ങളുടെ പിന്തുണയാണ് സർക്കാരിന് ഇപ്പോഴുള്ളത്. ജെ.എം.എം എം.എൽ.എമാരായ നളിൻ സോറനും ജോബ മാജിയും ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയിച്ചിരുന്നു. ഹേമന്ത് സോറന്റെ സഹോദര ഭാര്യയും ജെ.എം.എം എൽ.എൽ.എയുമായ സീത സോറൻ അടുത്തിടെ ബി.ജെ.പിയിൽ ചേരുകയും ചെയ്തിരുന്നു. ബിഷുൻപൂർ എം.എൽ.എ ചമ്ര ലിൻഡ, ബോറിയോ എം.എൽ.എ ലോബിൻ ഹെംബ്രോം എന്നിവരെ ജെ.എം.എമ്മിൽ നിന്ന് പുറത്താക്കി. ബി.ജെ.പിയുടെ അംഗബലം 24 ആയും കുറഞ്ഞിട്ടുണ്ട്. ധുലു മഹ്തോ (ബഗ്മാര), മനീഷ് ജയ്സ്വാൾ (ഹസാരിബാഗ്) എന്നിവർ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മണ്ഡു എം.എൽ.എ ജയപ്രകാശ് ഭായ് പട്ടേൽ കോൺഗ്രസിൽ ചേരുകയും ചെയ്തു. ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ ആരോപിച്ച് ജനുവരി 31ന് അറസ്റ്റിലാവുന്നതിന് തൊട്ടുമുമ്പാണ് സോറൻ മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചത്. കഴിഞ്ഞ മാസം 28ന് ഹൈക്കോടതി ജാമ്യം അനുവദിച്ചതിനെ തുടർന്ന് വീണ്ടും മുഖ്യമന്ത്രിപദത്തിൽ തിരിച്ചെത്തുകയായിരുന്നു.

# മഴയിൽ മുങ്ങി മുംബൈ; 50 വിമാനങ്ങൾ റദ്ദാക്കി

**ട്രെയിൻ സർവീസ് തടസ്സപ്പെട്ടു**

**സ്കൂൾ, കോളജുകൾക്ക് അവധി**



കനത്ത മഴയിൽ മുംബൈ കിംഗ് സർക്കിൾ വെള്ളത്തിൽ മുങ്ങിയപ്പോൾ

മുംബൈ: കനത്ത മഴയിൽ വെള്ളത്തിൽ മുങ്ങി മുംബൈ നഗരം. തിങ്കളാഴ്ച പുലർച്ചെ 1 മുതൽ രാവിലെ 7 വരെയുള്ള ആറ് മണിക്കൂറിനുള്ളിൽ നഗരത്തിൽ 300 മില്ലിമീറ്ററിലധികം മഴയാണ് രേഖപ്പെടുത്തിയത്. ഇതോടെ മുംബൈയിലും പരിസര പ്രദേശങ്ങളിലും വ്യാപകമായ വെള്ളക്കെട്ട് രൂപപ്പെട്ടു.

ഛത്രപതി ശിവജി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതിനാൽ 50 ലധികം വിമാനങ്ങൾ റദ്ദാക്കുകയും നിരവധി വിമാനങ്ങൾ വഴിതിരിച്ചു വിടുകയും ചെയ്തു. സബർബൻ ട്രെയിൻ സർവീസും തടസ്സപ്പെട്ടു. വോർലി, ബുണ്ടാര ഭവൻ, കുർള ഈസ്റ്റ്, മുംബൈയിലെ കിംഗ്സ് സർക്കിൾ ഏരിയ, ദാദർ, വിദ്യാവിഹാർ റെയിൽവേ സ്റ്റേഷനുകളിൽ വെള്ളം കയറി.

അറ്റ്ഗാവ്, തൻസിത് സ്റ്റേഷനുകൾക്കിടയിലുള്ള ട്രാക്കുകളിൽ മണ്ണിടിഞ്ഞതിനെത്തുടർന്ന് താനെ ജില്ലയിലെ കസറ, ടിറ്റ്വാല സ്റ്റേഷനുകൾക്കിടയിലുള്ള ട്രെയിൻ ഗതാഗതം താൽക്കാലികമായി നിർത്തിവച്ചു. നഗരത്തിലുടനീളമുള്ള എല്ലാ സർക്കാർ, സ്വകാര്യ, മുനിസിപ്പൽ സ്കൂളുകൾക്കും കോളജുകൾക്കും അവധി പ്രഖ്യാപിച്ചു. വിക്രോളിയിലെ വീർ സവർക്കർ മാർഗ് മുനിസിപ്പൽ സ്കൂളിലും എംസിഎംസിആർ പവായിലും കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 315 മില്ലീമീറ്ററിലധികം മഴയാണ് പെയ്തത്. താനെയിൽ വെള്ളം കയറിയ റിസോർട്ടിൽ നിന്ന് 49 പേരെയും പാൽഘറിൽ 16 ഗ്രാമീണരെയും ദേശീയ ദുരന്ത നിവാരണ സേന (എൻ.ഡി.ആർ.എഫ്) രക്ഷപ്പെടുത്തി. നഗരത്തിൽ മഴ തുടരുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

മുംബൈ, താനെ, പാൽഘർ, കൊങ്കൺ ബെൽറ്റ് എന്നിവിടങ്ങളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. താനെ, വസായ് (പാൽഘർ), മഹാദ് (റായ്ഗഡ്), ചിപ്ലൂൺ (രത്നഗിരി), കോലാപ്പൂർ, സാംഗ്ലി, സതാര ഘാട്കോപ്പർ, കുർള, സിന്ധുദുർഗ് എന്നിവിടങ്ങളിൽ ദേശീയ ദുരന്ത നിവാരണ സേന ക്യാമ്പ് ചെയ്യുന്നുണ്ട്. വെള്ളം ഇറങ്ങിയതോടെ ഉച്ചയോടെ സെൻട്രൽ ലൈനിൽ ലോക്കൽ ട്രെയിൻ സർവീസുകൾ പുനരാരംഭിച്ചു.

## ഹിമാചൽ പ്രദേശിൽ മണ്ണിടിച്ചിൽ; ദേശീയപാത അടക്കം 70 റോഡുകൾ അടച്ചു

ഷിംല: കനത്ത മഴയിൽ ഹിമാചൽ പ്രദേശിലുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് ദേശീയ പാത ഉൾപ്പെടെ 70 ലധികം റോഡുകൾ അടച്ചു. മാണ്ഡി- 31, ഷിംല- 26, സിർമൗർ, കിന്നൗർ എന്നിവിടങ്ങളിൽ നാല് വീതവും ഹമീർപൂരിലും കുളുവിലും രണ്ട് വീതവും കാൻഗ്ര ജില്ലയിൽ ഒരു റോഡുമാണ് അടച്ചത്. ഷിംല-കിന്നൗർ റോഡ് (ദേശീയപാത 5) നാത്പ സ്ലൈഡിംഗ് പോയിന്റിന് സമീപവും ഗാതാഗതം തടഞ്ഞിട്ടുണ്ട്. ശക്തമായ കാറ്റും മഴയും മൂലം മലയോര മേഖലയിൽ വീടുകൾക്കും തകർന്നതായും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയതായും സർക്കാർ അറിയിച്ചു.

# ബി.ജെ.പി എം.പിയുടെ വിജയാഘോഷത്തിൽ പരസ്യ മദ്യവിതരണം

ബെംഗളൂരു: കർണാടകയിലെ ബി.ജെ.പി എം.പിയുടെ വിജയാഘോഷ പാർട്ടിയിൽ പരസ്യമായി മദ്യ വിതരണം. ചിക്കബല്ലാപൂർ എം.പി കെ. സുധാകർ സംഘടിപ്പിച്ച പാർട്ടിയിലായിരുന്നു പൊലീസ് നിർദേശവും മുന്നറിപ്പും അവഗണിച്ച് മദ്യം വിളമ്പുകയും വിതരണം ചെയ്യുകയും ചെയ്തത്. ട്രക്കുകളിൽ കൊണ്ടുവന്ന മദ്യക്കുപ്പികൾ ശേഖരിക്കാൻ സ്ഥലത്ത് ആളുകളുടെ നീണ്ട ക്യൂവാണുണ്ടായിരുന്നത്.

ബെംഗളൂരു റൂറലിലെ നെലമംഗലയിൽ വച്ചായിരുന്നു വിജയാഘോഷം. ബി.ജെ.പി നെലമംഗല പ്രസിഡന്റ് ജയഗീഷ് ചൗധരിയാണ് ഇതിന് നേതൃത്വം നൽകിയത്. പരിപാടിയിൽ സുരക്ഷയ്ക്ക് പൊലീസിനെ വിന്യസിക്കണമെന്നാവശ്യപ്പെട്ട് എസ്.പിക്ക് കത്ത് നൽകിയിരുന്നു. പാർട്ടിയിൽ മദ്യം വിളമ്പുമെന്ന് വ്യക്തമായി പരാമർശിക്കുകയും ചെയ്തിരുന്നു. എന്നാൽ, പരിപാടിയിൽ മദ്യം വിളമ്പരുതെന്ന് ബെംഗളൂരു റൂറൽ പൊലീസ് സൂപ്രണ്ട് സി.കെ ബാബ എം.പിയോട് പറഞ്ഞു. നിർദേശം ലംഘിച്ചാൽ നിയമനടപടി നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പും നൽകി. ഇത് ലംഘിച്ചാണ് പരസ്യ മദ്യ വിതരണം നടന്നത്. 10,000- 15,000 പേരെയാണ് സംഘാടകർ പ്രതീക്ഷിച്ചിരുന്നെങ്കിലും 60,000 ത്തിലധികം പേർ എത്തിയതായാണ് റിപ്പോർട്ട്.

നിയമസഭാ പ്രതിപക്ഷ നേതാവ് ആർ അശോകൻ, മുൻ എംഎൽഎ നാഗരാജു, ജെ.ഡി. എസ് മുൻ എംഎൽഎ ഇ കൃഷ്ണപ്പ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. എക്സൈസിന്റെ അനുമതിയോടെയാണ് മദ്യം വിതരണം ചെയ്തതെന്നും ഒരു ദിവസത്തെ ലൈസൻസിനായി 11,500 രൂപ ഫീസ് നൽകിയെന്നും ബി.ജെ.പി നേതാക്കൾ പ്രതികരിച്ചു.

സംഭവത്തിൽ ബിജെപിയെ വിമർശിച്ച് കോൺഗ്രസ് രംഗത്തെത്തി. ഇതാണോ ബി.ജെ. പി നേതാക്കളുടെ സംസ്കാരമെന്ന് ആരോഗ്യമന്ത്രി ദിനേഷ് ഗുണ്ടുറാവു ചോദിച്ചു. സംസ്ഥാനത്ത് ഡെങ്കിപ്പനി പടരുമ്പോൾ ബി.ജെ.പി നേതാക്കൾ മദ്യം വിതരണം ചെയ്യുന്ന തിരക്കിലാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ചിക്കബല്ലാപ്പൂരിൽ ഒന്നരലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് കെ. സുധാകർ കോൺഗ്രസ് സ്ഥാനാർത്ഥി എം.എസ് രക്ഷാ രാമയ്യയെ പരാജയപ്പെടുത്തിയത്.



## പി ജി, ഓണേഴ്സ് ബിരുദം

കോട്ടയം: എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ, ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് പട്ടിക ജാതി,പട്ടിക വർഗ വിഭാഗക്കാർക്കായുള്ള പ്രത്യേക അലോട്ട്മെൻറിന് ജൂലൈ പത്തുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. പട്ടിക ജാതി,പട്ടിക വർഗ വിഭാഗക്കാരല്ലാത്തവർക്കും പ്രത്യേക അലോട്മെന്റിന് അപേക്ഷിക്കാം. ആദ്യ മൂന്ന് അലോട്ട്മെന്റ് പട്ടികകളിൽ ഉൾപ്പെടാത്തവരും അലോട്ട്മെൻറ് ലഭിച്ചശേഷം അഡ്മിഷൻ എടുക്കാത്തവരും ഇതുവരെ അപേക്ഷിക്കാത്തവരും ഉൾപ്പെടെയുള്ളവർക്ക് പുതിയതായി ഓപ്ഷൻ നൽകുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്യാം.

## കുന്നംകുളത്ത് ഓടിക്കൊണ്ടിരുന്ന ബസ്സിൽ ഡ്രൈവർക്ക് ക്രൂരമർദനം


കുന്നംകുളം: പഴുന്നാനയിൽ ഓടിക്കൊണ്ടിരുന്ന ബസ്സിൽ ഡ്രൈവർക്ക് ക്രൂരമർദ്ദനം.

ബസ്സിലെ ഡ്രൈവർ ലിബീഷിനാണ് മർദ്ദനത്തിൽ പരിക്കേറ്റത്. ഇന്നലെ വൈകീട്ടോടെയായിരുന്നു സംഭവം. കുന്നംകുളം ഭാഗത്തുനിന്ന് പോവുകയായിരുന്ന ബസിന്റെ മുന്നിൽ റോഡിന് കുറുകെ ബൈക്ക് നിർത്തിയതിനുശേഷം ബസ് തടഞ്ഞു നിർത്തി ബസ്സിനുള്ളിലേക്ക് അതിക്രമിച്ചു കയറിയ യുവാവ് ബസ് ഡ്രൈവറെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. മർദ്ദനത്തിൽ പരിക്കേറ്റ ബസ് ഡ്രൈവർ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. കുന്നംകുളം പഴുന്നാന റൂട്ടിൽ സർവീസ് നടത്തുന്ന ഫിദ മോൾ ബസ്സിലെ ഡ്രൈവർക്കാണ് മർദ്ദനമേറ്റത്. സംഭവത്തിൽ കുന്നംകുളം പൊലീസിൽ പരാതി നൽകിയതിനെ തുടർന്ന് പൊലീസ് അന്വേഷണം ആരംഭിച്ചു.

# പൊതുവാർത്തകൾ

ചന്ദ്രിക ESTD 1934 പാഠമുദ്ര


# കാന്തവും കാന്തികതയും



**കാന്തമെന്ന വസ്തുവിനെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ? ഒരു വസ്തു, മറ്റൊരു വസ്തുവിനെ ആകർഷിക്കുകയോ വികർഷിക്കുകയോ ചെയ്യുന്ന പ്രതിഭാസത്തെയാണ് കാന്തികതയെന്നു പറയുന്നത്. ആ കാന്തികത പ്രകടമാക്കുന്ന വസ്തുവിനെയാണ് കാന്തമെന്നു വിളിക്കുന്നത്. വിവിധ ക്ലാസുകളിൽ പഠനവിഷയമായ കാന്തവും കാന്തികതയും സംബന്ധിച്ച് കൂടുതലറിയാം...**

ഇലക്ട്രോണുകൾ എന്നു വിളിക്കപ്പെടുന്ന ചെറിയ കണങ്ങൾ പ്രത്യേക രീതിയിൽ പ്രവർത്തിക്കുമ്പോഴാണ് കാന്തികത സംഭവിക്കുന്നത്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും ആറ്റങ്ങളെന്നു വിളിക്കപ്പെടുന്ന യൂണിറ്റുകളാൽ നിർമിതമാണ്. ഇലക്ട്രോണുകൾ ആറ്റത്തിന്റെ ന്യൂക്ലിയസിന് ചുറ്റും കറങ്ങുന്നു. അതിൽ മറ്റ് കണങ്ങൾ അടങ്ങിയിരിക്കുന്നു. കറങ്ങുന്ന ഇലക്ട്രോണുകൾ ചെറിയ കാന്തിക ശക്തികളുണ്ടാക്കുന്നു.

വൈദ്യുതിയും ഗുരുത്വാകർഷണവും പോലെ പ്രകൃതിയുടെ അടിസ്ഥാന ശക്തിയാണ് കാന്തികതയും. നമ്മുടെ ദൈനംദിന ജീവിതത്തിൽ കാന്തശക്തിക്ക് വളരെയേറെ പ്രാധാന്യമുണ്ട്. വാർത്താവിനിമയം, വൈദ്യുതോൽപാദനം, ഗതാഗതം, വ്യവസായം തുടങ്ങിയ മേഖലകളിലെല്ലാം കാന്തത്തിന്റെ സ്വാധീനം ഏറെ പ്രധാനമാണ്.



കാന്തവുമായി ബന്ധപ്പെട്ട് ഗ്രീക്ക് ഇതിഹാസങ്ങളിലൊരു കഥയുണ്ട്. ആട്ടിടയനായ മാഗ്നസ് ഒരിക്കൽ തന്റെ ആടുകളെ മേയ്ച്ചു കൊണ്ടിരിക്കുമ്പോൾ, ഇരുമ്പ് കൊണ്ടുള്ള ഊന്നുവടി ഒരു പാറയിൽ ഒട്ടിനിന്നു. ഏറെ ശ്രമപ്പെട്ട് ഊന്നിവടിയെടുത്തെങ്കിലും പാറയോട് അടുപ്പിക്കുമ്പോൾ വീണ്ടും അത് ഒട്ടിപോകുന്ന അവസ്ഥയുണ്ടായി. ഇത് കണ്ട മാഗ്നസ് ഇക്കാര്യം പ്രദേശവാസികളെ അറിയിച്ചു. അത്ഭുതപ്പെട്ട ജനങ്ങൾ പാറക്കുള്ളിൽ ഭൂതമുണ്ടെന്നും ഭൂതമാണ് വടിയെ പാറയിൽ ഒട്ടിച്ചതെന്നും വിശ്വസിച്ചു. മഗ്നീഷ്യയെന്ന പ്രദേശത്തായിരുന്നു ഇത് സംഭവിച്ചത്. ഇവിടങ്ങളിലെ ഇത്തരം ഒട്ടിപ്പ് സ്വഭാവമുള്ള പാറകളെ അവർ മാഗ്നയിറ്റ് എന്നു വിളിക്കാൻ തുടങ്ങി. ഭൗമഗ്രഹത്തിലെ പ്രകൃതിദത്ത കാന്തങ്ങളാണ് ഈ പാറകൾ. കാന്തങ്ങളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. സ്വാഭാവിക കാന്തമെന്നും കൃത്രിമ കാന്തമെന്നും.



### സ്വാഭാവിക കാന്തങ്ങൾ

പ്രകൃതിദത്തമായി, സ്വഭാവികമായി കാന്തികതയുള്ള വസ്തുക്കളെയാണ് സ്വാഭാവിക കാന്തങ്ങളെന്നു വിശേഷിപ്പിക്കുന്നത്. ഇരുമ്പ്, കൊബാൾട്ട്, നിക്കൽ എന്നിവയുടെ ചെറിയ കഷണങ്ങളെ അതിലേക്ക് ആകർഷിക്കുന്ന ഇരുമ്പിന്റെ അയിരാണ് പ്രകൃതിദത്ത കാന്തം. അയൺ ഓക്സൈഡാണ് സ്വാഭാവിക കാന്തമായി കണക്കാക്കുന്നത്. ഇവക്ക് കാന്തക്കല്ല് എന്നും വിളിപ്പേരുണ്ട്. ഇവക്ക് ഇരുമ്പിന്റെ തരികളെ ആകർഷിക്കാനുള്ള കഴിവുണ്ട്. അതുപോലെ മാഗ്നറ്റൈറ്റ് അല്ലെങ്കിൽ ലോഡ്സ്റ്റോൺ ഒരു സ്വാഭാവിക കാന്തമാണ്.

### കൃത്രിമ കാന്തങ്ങൾ

കൃത്രിമമമായി കാന്തിക ശക്തിയുണ്ടാക്കിയെടുക്കുന്നതിനെയാണ് കൃത്രിമ കാന്തങ്ങളെന്നു പറയുന്നത്. കാന്തത്താൽ ആകർഷിക്കപ്പെടുന്ന ഒന്നിനെ ഒരേ കാന്തത്തിന്റെ ഒരേ ധ്രുവം കൊണ്ട് പലതവണ ഉരസിയാൽ ആ വസ്തുവിനെ കാന്ത സ്വഭാവമുള്ള ഒന്നാക്കി മാറ്റാൻ സാധിക്കും. ഇത്തരത്തിൽ കാന്തസ്വഭാവം കൃത്രിമമായി ഉണ്ടാക്കിയെടുത്തിട്ടുള്ളവയാണ് കൃത്രിമ കാന്തങ്ങൾ.

### വൈദ്യുത കാന്തങ്ങൾ

ഇലക്ട്രോണുകളുടെ പ്രവാഹമായ വൈദ്യുതിക്ക് കാന്തങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഇലക്ട്രോണുകൾ ഒരു വയർ കഷണത്തിലൂടെ സഞ്ചരിക്കുമ്പോൾ അവക്ക് ഒരു ആറ്റത്തിന്റെ ന്യൂക്ലിയസിനു ചുറ്റും കറങ്ങുന്ന ഇലക്ട്രോണുകളുടെ അതേ സ്വഭാവമാണുള്ളത്. ഇതിനെ വൈദ്യുതകാന്തങ്ങളെന്നു വിളിക്കുന്നു.

### കാന്തിക ധ്രുവങ്ങൾ

ഒരു കാന്തികഗുണം കേന്ദ്രീകരിച്ചിരിക്കുന്നത് ഒരു കാന്തത്തിന്റെ രണ്ടഗ്രങ്ങളിലുമാണ്. കാന്തികഗുണം കേന്ദ്രീകരിച്ചിരിക്കുന്ന ഈ ഭാഗത്തെ കാന്തികധ്രുവങ്ങൾ എന്നു വിളിക്കുന്നു.

### കാന്തിക ക്ഷേത്രം

ഒരു കാന്തത്തിന്റെ രണ്ടു ധ്രുവങ്ങൾക്കിടയിലെ കാന്തിക ശക്തികൾ ഒരു കാന്തികക്ഷേത്രം സൃഷ്ടിക്കപ്പെടുന്നു. കാന്തങ്ങൾ, വൈദ്യുതധാര എന്നിവയുടെ ചുറ്റുമുണ്ടാകുന്നതും കാന്തിക വസ്തുക്കളിലും ചലിക്കുന്ന വൈദ്യുതചാർജ്ജുകളിലും ബലം ചെലുത്താനാകുന്നതുമായ ഭൗതിക ഗുണമാണ് കാന്തികക്ഷേത്രം.

### ബഹിരാകാശത്ത്

ബഹിരാകാശത്തും കാന്തികക്ഷേത്രങ്ങളുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇന്റർസ്റ്റെല്ലാർ പൊടിപടലങ്ങൾക്ക് കാന്തിക ക്ഷേത്രങ്ങളുണ്ടെന്ന് ഇതിനകം കണ്ടെത്തിയിട്ടുണ്ട്.

### മൈക്കൽ ഫാരഡെ

വൈദ്യുതിയുടെ പിതാവായി അറിയപ്പെടുന്ന മൈക്കൽ ഫാരഡെയാണ് കാന്തികത സംബന്ധിച്ചും കൂടുതൽ വിവരങ്ങൾ ലോകത്തിന് സമ്മാനിച്ചത്. കാന്തികമണ്ഡലവും വൈദ്യുതിയും തമ്മിൽ ബന്ധമുണ്ടെന്ന് കണ്ടെത്തിയത് മൈക്കൽ ഫാരഡെയായിരുന്നു. വൈദ്യുതി കൃത്രിമമായി ഉൽപാദിപ്പിക്കാനുള്ള വഴി കണ്ടെത്തിയ ഫാരഡേയാണ് ലോകത്തെ ഇന്നത്തെ മിക്ക കണ്ടെത്തലുകൾക്കും തുടക്കം കുറിച്ചത്. വൈദ്യുത കാന്തിക ഇൻഡക്ഷൻ, ഡയാമാഗ്നറ്റിസം, ഇലക്ട്രോലൈസിസ് തുടങ്ങി ഒട്ടനവധി കണ്ടെത്തലുകൾ ശ്രദ്ധേയമാണ്. നേരിട്ട് വൈദ്യുതി പ്രവർത്തിക്കുന്ന ചാലകത്തിനു ചുറ്റുമുള്ള വൈദ്യുതകാന്തിക ഫീൽഡിനെ സംബന്ധിച്ച ഇദ്ദേഹത്തിന്റെ പരീക്ഷണങ്ങളാണ് വൈദ്യുത കാന്തിക ക്ഷേത്രം എന്നതു സംബന്ധിച്ച് ഊർജ്ജതന്ത്രത്തിനു തന്നെ സംഭാവനയായത്.



### ഉപയോഗം

കാന്തങ്ങളുടെ ആദ്യകാല ഉപയോഗം കോമ്പസിലായിരുന്നു. സ്വതന്ത്രമായി തിരിയാൻ കഴിയുന്ന സൂചന ആകൃതിയിലുള്ള കാന്തമാണ് കോമ്പസ്. ഭൂമിയൊരു വലിയ കാന്തികമണ്ഡലമായാണ് കണക്കാക്കുന്നത്. ഒരു കോമ്പസിന്റെ ദക്ഷിണധ്രുവം ഭൂമിയുടെ ഉത്തരധ്രുവത്തിലേക്ക് ആകർഷിക്കപ്പെടുന്നതിനാൽ കോമ്പസ് സൂചി വടക്കോട്ട് ചൂണ്ടുന്നു. ഇന്ന് കാന്തങ്ങളുടെ ഉപയോഗം എല്ലായിടത്തും കാണുന്നു. റഫ്രിജറേറ്ററിന്റെ വാതിലുകളിൽ പോലും കാന്തിക ശക്തിയാണ് അടക്കാൻ ഉപയോഗിച്ചിരിക്കുന്നത്.

# ശക്തി തെളിയിക്കാൻ ഇന്ത്യ വീണ്ടും

## 13 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നാളെ

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പ് ഫലത്തോടെ തല ഉയർത്തി നിൽക്കുന്ന പ്രതിപക്ഷത്തിന് എൻ.ഡി.എക്കെതിരെ ശക്തി തെളിയിക്കാനുള്ള മറ്റൊരു അവസരം കൂടി ഒരുങ്ങുന്നു. ഏഴ് സംസ്ഥാനങ്ങളിലെ 13 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് നാളെ നടക്കും. ബിഹാറിലെ രൂപാലി, പശ്ചിമ ബംഗാളിലെ റായ്ഗഞ്ച്, റാണാഘട്ട് ദക്ഷിൺ, ബാഗ്ദ, മണികൂല, തമിഴ്നാട്ടിലെ വിക്രാവന്ദി, മധ്യപ്രദേശിലെ അവർവാഡ, ഉത്തരാഖണ്ഡിലെ ഭദരീനാഥ്, മംഗ്ലൗർ, പഞ്ചാബിലെ ജലന്തർ വെസ്റ്റ്, ഹിമാചൽ പ്രദേശിലെ ഹാമിർപൂർ, ദെഹ്റ എന്നീ മണ്ഡലങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. 13നാണ് വോട്ടെണ്ണൽ, പശ്ചിമ ബംഗാളിലെ നാലിൽ മൂന്നിടത്തും ബി.ജെ.പി എം.എൽ.എമാർ തൃണമൂൽ കോൺഗ്രസിൽ ചേർന്നതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് വേണ്ടി വന്നത്. മണികൂലയിൽ ടി.എം.സിയുടെ സിറ്റിങ് എം.എൽ.എ മരിച്ചതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ്. ഉത്തരാഖണ്ഡിലെ ഭദരീനാഥിൽ കോൺഗ്രസ് അംഗം ബി.ജെ.പിയിൽ ചേർന്നതിനെ തുടർന്നും മംഗ്ലൗറിൽ ബി.എസ്.പി എം.എൽ.എയുടെ മരണത്തെ തുടർന്നുമാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ഹിമാചലിൽ നേരത്തെ കോൺഗ്രസിന് പിന്തുണ നൽകിയിരുന്ന രണ്ട് സ്വതന്ത്ര എം.എൽ.എമാർ രാജിവെച്ചതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ദെഹ്റയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മുഖ്യമന്ത്രി സുഖ്‌വീന്ദർ സിങ് സുഖുവിന്റെ ഭാര്യ കമലേഷ് താക്കൂറിനെയാണ് ഇറക്കിയിരിക്കുന്നത്.

നേരത്തെ നടന്ന ഉപതിരഞ്ഞെടുപ്പിൽ നാലു സീറ്റുകൾ നേടിയ കോൺഗ്രസിന് സഭയിൽ ഭൂരിപക്ഷമുള്ളതിനാൽ ഉപതിരഞ്ഞെടുപ്പ് ഫലം സംസ്ഥാന ഭരണത്തെ ബാധിക്കില്ല. ഡി.എം.കെ എം.എൽ.എ എൻ പുഗഴേന്തിയുടെ മരണത്തെ തുടർന്നാണ് തമിഴ്നാട്ടിലെ വിക്രാന്തിയിൽ ഉപതിരഞ്ഞെടുപ്പ് അനിവാര്യമായത്. ബിഹാറിലെ രൂപാലിയിൽ ജെ.ഡി.യു എം.എൽ.എ ഭീമ ഭാരതി ആർ.ജെ.ഡിയിലേക്ക് കൂറുമാറിതിനെതുടർന്നാണ് ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്.

## വനഭൂമി പട്ടയം അപേക്ഷ 30 വരെ നൽകാം

തിരുവനന്തപുരം: വനഭൂമി പട്ടയം സംബന്ധിച്ച വിവരശേഖരണത്തെ കുറിച്ച് അറിവ് ലഭിക്കാത്തത് മൂലം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് ഒരവസരം കൂടി നൽകും. വനഭൂമിയിൽ കുടിയേറിയ പട്ടയം ലഭിച്ചിട്ടില്ലാത്തവർക്കായി നടത്തിയ വിവരശേഖരണത്തിന്റെ കാലാവധി ജൂലൈ 30 വരെ ദീർഘിപ്പിച്ചതായി റവന്യൂ മന്ത്രി കെ രാജൻ നിയമസഭയെ അറിയിച്ചു. മലയോര മേഖലകളിൽ പട്ടയ വിതരണത്തിന് പുതിയ അപേക്ഷകൾ സ്വീകരിക്കാനും സംയുക്ത പരിശോധന നടത്തുന്നതിനും അനുമതി ആവശ്യപ്പെട്ട് സംസ്ഥാന റവന്യൂ-വനം വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയിരുന്നു.

## കശ്മീരിൽ വീണ്ടും ഭീകരാക്രമണം

# നാല് സൈനികർക്ക് വീരമൃത്യു

ശ്രീനഗർ: ജമ്മുകശ്മീരിൽ വീണ്ടും ഭീകരാക്രമണം. ജമ്മുവിലെ കത്വ ജില്ലയിലെ മച്ചഡിയിൽ സൈനിക വാഹന വ്യൂഹത്തിന് നേരെയുണ്ടായ ഭീകരക്രമണത്തിൽ നാല് സൈനികർക്ക് വീരമൃത്യൂ. ആറു സൈനികർക്ക് പരിക്കേൽക്കുകയും ചെയ്തു.

മച്ചഡി-കിൻഡ്‌ലി-മൽഹർ റോഡിൽ പതിവ് പട്രോളിങിനിറങ്ങിയ സൈനിക വാഹനത്തിന് നേരെ ഭീകരർ ആക്രമണം അഴിച്ചു വിടുകയായിരുന്നു. വാഹനത്തിന് നേരെ ഗ്രനേഡ് എറിഞ്ഞ ശേഷം വെടിയുതിർക്കുകയായിരുന്നുവെന്ന് സൈന്യം അറിയിച്ചു. സൈന്യം ശക്തമായി തിരിച്ചടിച്ചെങ്കിലും ഭീകരർ സമീപത്തെ വനത്തിലേക്ക് രക്ഷപ്പെട്ടു.

പ്രദേശത്ത് ഏറ്റുമുട്ടൽ തുടരുന്നതായും ഭീകരർക്കായുള്ള തിരച്ചിൽ ശക്തമാക്കിയതായും സൈന്യം അറിയിച്ചു. ഞായറാഴ്ച രജൗറിയിലെ സൈനിക ക്യാമ്പിന് നേരെ നടന്ന ഭീകരാക്രമണത്തിൽ ഒരു സൈനികന് പരിക്കേറ്റിരുന്നു. കഴിഞ്ഞ ദിവസം കുൽഗാമിൽ രണ്ട് വ്യത്യസ്ത സംഭവങ്ങളിൽ ആറ് ഭീകരരെ സൈന്യം വകവരുത്തിയിരുന്നു. ശനിയാഴ്ച ആരംഭിച്ച ഏറ്റുമുട്ടലിൽ രണ്ട് സൈനികർ കൊല്ലപ്പെടുകയും ഒരു സൈനികന് പരിക്കേൽക്കുകയും ചെയ്തിരുന്നു.

# മണിപ്പൂരിനെ ചേർത്തുപിടിച്ച് വീണ്ടും രാഹുൽ

## കലാപം വിഴുങ്ങിയ മണ്ണിൽ സാന്ത്വനവുമായെത്തുന്നത് മൂന്നാം തവണ

ഇംഫാൽ: 200ൽ അധികം പേർ കൊല്ലപ്പെട്ട, ഇനിയും കലാപത്തീ കെട്ടടങ്ങാത്ത മണിപ്പൂരിൽ സാന്ത്വന സ്പർശവുമായി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. കലാപത്തെ തുടർന്ന് ഭവന രഹിതരായി ബിഷ്ണുപൂർ ജില്ലയിലെ മൊയ്‌രാങിലും ചുരാചാന്ത്പൂരിലും അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നവരെ സന്ദർശിച്ച രാഹുൽ അന്തേവാസികളുമായി സംവദിച്ചു.

സംസ്ഥാനത്തെ മുതിർന്ന കോൺഗ്രസ് നേതാക്കളോടൊപ്പമാണ് രാഹുൽ ഗാന്ധി ക്യാമ്പുകൾ സന്ദർശിച്ചത്. ക്യാമ്പുകളിൽ കഴിയുന്നവരോട് ദീർഘമായി സംവദിച്ച രാഹുൽ, അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും സമാധാന ശ്രമങ്ങളിൽ പിന്തുണ അറിയിക്കുകയും ചെയ്തു.

കലാപത്തീയിൽ വെന്തുരുകിയ ജനങ്ങൾക്ക് പിന്തുണ നൽകാനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കാനുമാണ് രാഹുൽ ദുരിതാശ്വാസ ക്യാമ്പിലെത്തിയതെന്ന് സംസ്ഥാന കോൺഗ്രസ് അധ്യക്ഷൻ കീഷാം മേഘചന്ദ്ര പറഞ്ഞു. ചുരാചാന്ത്പൂരിലെത്തും മുമ്പ് ജിരിബാം ജില്ലയിൽ നിന്നും കലാപത്തെ തുടർന്ന് ഭവന രഹിതരായി അസമിലെ കച്ചാർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരെയും ജിരിബാമിലെ ക്യാമ്പിൽ കഴിയുന്നവരേയും രാഹുൽ സന്ദർശിച്ചിരുന്നു.

2023 മെയ് മൂന്നിന് കുകി-മെയ്തി വിഭാഗങ്ങൾ തമ്മിൽ കലാപം പൊട്ടിപ്പുറപ്പെട്ടതിന് ശേഷം ഇത് മൂന്നാം തവണയാണ് രാഹുൽ മണിപ്പൂരിലെത്തുന്നത്. അതേ സമയം മണിപ്പൂർ സന്ദർശിക്കാൻ പ്രധാനമന്ത്രി മോദി ഇതുവരെ തയാറായിട്ടില്ല. പ്രതിപക്ഷ നേതാവായതിന് ശേഷം വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേക്ക് രാഹുൽ എത്തുന്നത് ഇതാദ്യമായാണ്.

ജൈവികമല്ലാതെ ജനിച്ച പ്രധാനമന്ത്രി മോസ്കോയിലേക്ക് പറന്നപ്പോൾ പ്രതിപക്ഷ നേതാവ് അസമിലും മണിപ്പൂരിലും ദുരിതത്തിൽ കഴിയുന്നവർക്ക് സാന്ത്വനമേകാനാണ് പോയതെന്നും രണ്ടു പേരുടേയും മുൻഗണന ഇതിൽ നിന്നും മനസിലാക്കാമെന്നും കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് പറഞ്ഞു.

മണിപ്പൂർ സന്ദർശനത്തിന് മുൻപായി അസമിലെ പ്രളയ ദുരന്ത മേഖലകളിലും രാഹുൽ സന്ദർശനം നടത്തി. അസമിലെ ജനത്തിനൊപ്പം നിൽക്കുന്നുവെന്ന് പറഞ്ഞ രാഹുൽ താൻ അവരുടെ ഭടനായി പാർലമെന്റിലുണ്ടാകുമെന്നും അറിയിച്ചു. കേന്ദ്ര സർക്കാർ സാധ്യമായ സഹായം അസമിനെത്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വെള്ളപ്പൊക്കം മൂലം അസമിലുണ്ടായ നാശനഷ്ടങ്ങൾ ഹൃദയഭേദകമാണെന്നും നിരവധി പേരെയാണ് മഴക്കെടുതിമൂലം അസമിന് നഷ്ടമായതെന്നും പറഞ്ഞ രാഹുൽ, മഴക്കെടുതിയിൽ മരണപ്പെട്ടവരുടെ കുടുംബങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നതായും അറിയിച്ചു.

അസമിൽ 24 ലക്ഷം പേരെ പ്രളയം ബാധിച്ചതായും 53,000ൽ അധികം പേർ മഴക്കെടുതികളെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് പറിച്ച് നടപ്പെട്ടതായും പ്രതിക്ഷ നേതാവ് പറഞ്ഞു. 60 പേർക്കാണ് മഴക്കെടുതിയിൽ ജീവൻ നഷ്ടമായത്. പ്രളയ മുക്ത അസം വാഗ്ദാനം ചെയ്ത് ഭരണത്തിലേറിയ ബി.ജെ.പിയുടെ ഡബിൾ എഞ്ചിൻ സർക്കാറിന്റെ പരാജയമാണ് അസം ജനതയെ ദുരിതക്കയത്തിലേക്ക് തള്ളിവിട്ടതെന്നും അദ്ദേഹം ആരോപിച്ചു.



വംശീയ കലാപത്തിൽ സർവ്വവും നഷ്ടപ്പെട്ട് ചുരാചാന്ത്പൂരിലെ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നവരെ സന്ദർശിച്ച ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അന്തേവാസികളുടെ ആവലാതികൾ കേൾക്കുന്നു

# 'പ്രധാനമന്ത്രി ഇനിയെങ്കിലും മണിപ്പൂർ സന്ദർശിക്കണം'

ഇംഫാൽ: പ്രധാനമന്ത്രി നരേന്ദ്രമോദി ഇനിയെങ്കിലും മണിപ്പൂരിലെ കലാപ ബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും ജനങ്ങൾക്ക് സാന്ത്വനം പകരാനും തയ്യാറാവണമെന്ന് ലോക്സഭാ പതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. മണിപ്പൂരിലെ കലപാബാധിത പ്രദേശങ്ങൾ സന്ദർശിച്ച ശേഷം ഇംഫാലിലെ കോൺഗ്രസ് ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മണിപ്പൂരിനെ ശാന്തമാക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാറുകൾ സ്വീകരിക്കുന്ന ഏത് നടപടികളേയും പിന്തുണക്കാൻ കോൺഗ്രസ് ഒരുക്കമാണെന്നും രാഹുൽ പറഞ്ഞു. ഈ രാജ്യത്തെ സംസ്ഥാനമാണ് മണിപ്പൂർ, ഇവിടെ എന്താണ് സംഭവിക്കുന്നതെന്ന് പ്രധാനമന്ത്രി അറിയണം. ദുരന്തമുണ്ടായ ഉടൻ തന്നെ പ്രധാനമന്ത്രി ഇവിടെ വരേണ്ടതായിരുന്നു. ഇത്രയും വലിയ ഒരു ദുരന്തത്തെ അഭിമുഖീകരിച്ച ജനതയെ കേൾക്കാൻ ഒന്നോ രണ്ടോ ദിവസത്തെ സമയം കണ്ടെത്തി പ്രധാനമന്ത്രി വരണമെന്ന് താൻ അഭ്യർത്ഥിക്കുന്നതായി രാഹുൽ കൂട്ടിച്ചേർത്തു.

# ഹയർസെക്കന്ററി അധ്യാപക നിയമന നിരോധനത്തിനെതിരെ പ്രക്ഷോഭത്തിന് റാങ്ക് ജേതാക്കൾ

## നാളെ സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ

പാലക്കാട്: ഹയർസെക്കന്ററിയിൽ അധ്യാപക നിയമനം അട്ടിമറിക്കാനുള്ള സർക്കാറിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും നീക്കത്തിനെതിരെ പ്രക്ഷോഭത്തിനിറങ്ങി റാങ്ക് ജേതാക്കളുടെ കൂട്ടായ്മ. എച്ച്.എസ്.എസ്.ടി റാങ്ക് പട്ടികയിൽ നിന്നും നിയമനം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട് നാളെ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ടധർണ നടത്തും. 604 ഓളം അധ്യാപക ഒഴിവുകളുണ്ടായിട്ടും തസ്തിക നിർണയത്തിന്റേ പേരു പറഞ്ഞ് പി.എസ്.സി നിയമനം തടഞ്ഞുവെച്ചിരിക്കുകയാണ്. ഒരു വർഷം കഴിഞ്ഞിട്ടും തസ്തിക നിർണയം പൂർത്തിയാക്കിയിട്ടുമില്ല. ഇതിന്റെ പേരിൽ രണ്ട് വർഷം വരെ കാലാവധിയുള്ള റാങ്ക് പട്ടികകളിലെ നിയമനമാണ് മുടങ്ങിക്കിടക്കുന്നത്. ഭൂരിപക്ഷം റാങ്ക് പട്ടികകളും പത്ത് മാസം പിന്നിട്ടിട്ടും പത്ത് പേർക്ക് പോലും നിയമനം നൽകിയിട്ടില്ല. 107 ഓളം ഒഴിവുകളുള്ള ഇംഗ്ലീഷ് അധ്യാപക തസ്തികയിലെ പട്ടികയിൽ ഒന്നാം റാങ്കുകാരിയും പത്ത് മാസമായിട്ട് പുറത്താണ്. ഹയർസെക്കന്ററിയിൽ പുതിയ അധ്യാപക തസ്തിക സൃഷ്ടിക്കാതിരിക്കാനുള്ള സർക്കാറിന്റെ ആസൂത്രിത നീക്കത്തിന്റെ ഭാഗമാണ് നിയമനങ്ങൾ വൈകിപ്പിക്കുന്നത്. ഒഴിവുകൾ വെട്ടിക്കുറക്കുന്നതിനുവേണ്ടി മാത്രം പ്രത്യേക നിർദേശത്തോടെയാണ് തസ്തിക നിർണയ നടപടികൾ മുന്നോട്ടു പോകുന്നത്. മലബാറിലേക്ക് അനുവദിച്ച അഡീഷണൽ ബാച്ചുകളിലെ ഒഴിവുകൾ കണക്കാക്കിയിട്ടുമില്ല. ഇതെല്ലാം ഒരുകൂട്ടം അധ്യാപകരുടെ പ്രതീക്ഷകളാണ് അസ്ഥാനത്താക്കിയിരിക്കുന്നത്.

ഹയർസെക്കന്ററി ക്ലാസുകളിൽ വിദ്യാർഥികളുടെ എണ്ണം പരമാവധി 50 ആക്കി നിജപ്പെടുത്തി ആവശ്യമായ ബാച്ച് അനുവദിക്കണമെന്നും നിയമനങ്ങൾ ത്വരിതപ്പെടുത്തണമെന്നും ആവശ്യപ്പെട്ടാണ് നാളെ ധർണ നടത്തുന്നതെന്ന് സമരസമിതി വ്യക്തമാക്കി. സർക്കാറും വിദ്യാഭ്യാസ വകുപ്പും അനുകൂല നിലപാട് സ്വകരിച്ചില്ലെങ്കിൽ കൂടുതൽ പ്രക്ഷോഭവുമായി മുന്നോട്ടു പോകുമെന്നും ഉദ്യോഗാർഥികൾ വ്യക്തമാക്കി.

## ഗസ്സയിൽ വെടിനിർത്തൽ പ്രഖ്യാപിക്കണം: സ്റ്റാർമർ

ലണ്ടൻ: വംശഹത്യ തുടരുന്ന ഗസ്സയിൽ എത്രയും പെട്ടെന്ന് വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന് പുതിയ ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ. ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായുള്ള ആദ്യ ടെലിഫോൺ സംഭാഷണത്തിൽ ഫലസ്തീൻ പ്രതിസന്ധിക്ക് ദ്വിരാഷ്ട്ര പരിഹാരം കാണേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളെ തിരികൊണ്ടുവരുന്നതോടൊപ്പം ഗസ്സയിലേക്കുള്ള മാനുഷിക സഹായം വർദ്ധിപ്പിക്കണമെന്നും സ്റ്റാർമർ നിർദ്ദേശിച്ചു.

പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ സ്റ്റാർമർ ഗസ്സയിൽ വെടിനിർത്തൽ ആവശ്യപ്പെടുന്നില്ലെന്ന് ആരോപണമുയർന്നിരുന്നു. മുൻ പ്രധാനമന്ത്രി ഋഷി സുനകിന്റെ ലൈൻ തന്നെയാണ് അദ്ദേഹവും പിന്തുടർന്നത്. ഗസ്സയിൽ ഇസ്രാഈൽ കൂട്ടക്കുരുതി തുടങ്ങി മാസങ്ങൾക്കുശേഷം ബ്രിട്ടീഷ് പാർലമെന്റിൽ പ്രതിപക്ഷം വെടിനിർത്തൽ പ്രമേയം കൊണ്ടുവന്നതിനുശേഷം മാത്രമാണ് അദ്ദേഹം വെടിനിർത്തലിന് ആഹ്വാനം ചെയ്തത്. പൊതുതിരഞ്ഞെടുപ്പിൽ ജെറമി കോർബിന് ഉൾപ്പെടെ ലേബർ പാർട്ടിയിലെ ഫലസ്തീൻ അനുകൂല നേതാക്കൾക്ക് സ്റ്റാർമർ ടിക്കറ്റ് നിഷേധിച്ചതായും ആരോപണമുണ്ട്.

## ഇസ്രാഈലിന് കനത്ത പ്രഹരം

ഗസ്സ: ഫലസ്തീനികളെ കൊന്നുതള്ളി വംശഹത്യ തുടരുന്ന ഇസ്രാഈൽ സേനക്ക് കനത്ത തിരിച്ചടി നൽകുന്നുണ്ടെന്ന് ഹമാസിന്റെയും ഫലസ്തീനൻ ഇസ്‌ലാമിക് ജിഹാദിന്റെയും സായുധ വിഭാഗങ്ങൾ അറിയിച്ചു.

ഗസ്സയിൽ ഇസ്രാഈലിന്റെ സൈനികർക്കും സൈനിക വാഹനങ്ങൾക്കും നേരെ ഹമാസ് ആക്രമണം തുടരുന്നുണ്ട്. തലൽ ഹവായിൽ രണ്ട് സൈനിക വാഹനങ്ങൾ അൽ ഖുദ്സ് ബ്രിഗേഡ് ബോംബുവെച്ച് തകർത്തു. നെറ്റ്സരിം കോറിഡോറിൽ ഒരുകൂട്ടം സൈനികർക്കുനേരെയും ആക്രമണം നടന്നു. ഇസ്രാഈൽ സൈനിക കമാൻഡ് സെന്റർ ആക്രമണത്തിൽ തകർന്നതായും അൽ ഖുദ്സ് ബ്രിഗേഡ്സ് അറിയിച്ചു.

**വിദേശ വാർത്തകൾ**

### ഫ്രാൻസിൽ ഇടതു സഖ്യ മുന്നേറ്റം

# മനക്കോട്ടകൾ തകർന്ന് തീവ്ര വലതുപക്ഷം



ഫ്രഞ്ച് പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പിനുശേഷം അനുയായികളോട് സംസാരിക്കുന്ന ഇടതു സഖ്യ നേതാവ് ജീൻ ലൂക് മെലെഞ്ചോൺ

പാരിസ്: ഫ്രഞ്ച് പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ തീവ്ര വലതുപക്ഷത്തിന്റെ മനക്കോട്ടകൾ തകർത്ത് ഇടതു സഖ്യമായ ന്യൂ പോപ്പുലർ ഫ്രണ്ട് (എൻ.എഫ്.പി) ഏറ്റവും കൂടുതൽ സീറ്റുകൾ നേടി വൻ മുന്നേറ്റം നടത്തി. ആർക്കും വ്യക്തമായ ഭൂരിപക്ഷമില്ല. ആദ്യഘട്ടത്തിൽ മുന്നിട്ടുനിന്ന തീവ്രവലതുപക്ഷ സഖ്യം നാഷണൽ റാലി മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. പ്രസിഡന്റ് ഇമ്മാനുവൽ മക്രോണിന്റെ സഖ്യമാണ് രണ്ടാം സ്ഥാനത്ത്.

മരീൻ ലെ പെൻ എന്ന വലതുപക്ഷ തീവ്രവാദിയുടെ നേതൃത്വത്തിലുള്ള നാഷണൽ റാലി അധികാരത്തിലെത്തുന്നത് തടയാൻ മക്രോണിന്റെ ആഹ്വാനപ്രകാരം ഇടതു, മിതവാദി പാർട്ടികൾ ഒന്നിക്കുകയായിരുന്നു. ഇതനുസരിച്ച് ഒന്നാം ഘട്ടത്തിൽ മൂന്നാം സ്ഥാനത്തുള്ള പല സ്ഥാനാർത്ഥികളും പിന്മാറി. 577 അംഗ നാഷണൽ അസംബ്ലിയിൽ കേവല ഭൂരിപക്ഷത്തിന് 289 സീറ്റുകൾ ലഭിക്കണം. ഇത്രയും സീറ്റുകൾ ലഭിക്കാത്ത സാഹചര്യത്തിൽ സഖ്യകക്ഷി സർക്കാരിന് സാധ്യതയേറി.

ഏറ്റവും വലിയ സഖ്യമെന്ന നിലയിൽ സർക്കാറുണ്ടാക്കാൻ തയാറാണെന്ന് ഇടതു സഖ്യത്തിന്റെ നേതാവ് ജീൻ ലൂക് മെലെഞ്ചോൺ അവകാശപ്പെട്ടു.

യൂറോപ്യൻ യൂണിയൻ പാർലമെന്റ് തിരഞ്ഞെടുപ്പിൽ തീവ്ര വലതുപക്ഷം മികച്ച പ്രകടനം കാഴ്ചവെച്ചതിനെ തുടർന്നാണ് പ്രസിഡന്റ് മക്രോൺ പാർലമെന്റ് പിരിച്ചുവിട്ട് നേരത്തെ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. പക്ഷേ, അത് ഫ്രാൻസിനെ രാഷ്ട്രീയ അസ്ഥിരതയിലേക്ക് കൊണ്ടുപോകുകയാണ്.

പാരിസ് ഒളിമ്പിക്സിന് ഒരുക്കങ്ങൾ തകൃതിയായി നടക്കുമ്പോഴുള്ള അരക്ഷിതാവസ്ഥ രാജ്യം എങ്ങനെ നേരിടുമെന്നാണ് ലോകം ഉറ്റുനോക്കുന്നത്.

# മരണം പിന്തുടർന്ന കരാളരാത്രി



ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ സേനയുടെ ഉത്തരവ് വന്നതിനുശേഷം ഗസ്സയിലെ തുഫയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന ഫലസ്തീൻ കുടുംബം

ഗസ്സ: ലോക മന:സാക്ഷിയെ ഞെട്ടിച്ച് ക്രൂരകൃത്യങ്ങൾ തുടരുന്ന ഇസ്രാഈൽ സേന ഗസ്സയിൽ 24 മണിക്കൂറിനിടെ കൊന്നുതള്ളിയത് നാൽപതോളം മനുഷ്യരെ. ഗസ്സ സിറ്റിയിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈലിന്റെ പുതിയ ഉത്തരവുകളെത്തുടർന്ന് ഫലസ്തീനികൾ വീണ്ടും കൂട്ടപലായനം ആരംഭിച്ചു. തലൽ ഹവ ഏരിയയിൽ രാത്രിയാണ് ഉത്തരവ് വന്നത്. കനത്ത ഷെല്ലാക്രമണത്തിനു ശേഷം ഇസ്രാഈൽ സൈനിക വാഹനങ്ങൾ ഇരച്ചുകയറി. ഒരു പാർപ്പിട സമുച്ചയം ബോംബിട്ടു തകർക്കുന്നതിനു മുന്നോടിയായാണ് ആളുകളോട് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ടത്. രാത്രി ഉറങ്ങാൻ പോലും സാധിക്കാതെ സ്ത്രീകളും കുട്ടികളുമടക്കം ആയിരക്കണക്കിന് ആളുകൾ പരിഭ്രാന്തരായി നീങ്ങിത്തുടങ്ങി.

ഗസ്സ സിറ്റിയിലെ ഏറ്റവും കാഠിന്യമേറിയ രാത്രികളിലൊന്നായിരുന്നു കഴിഞ്ഞുപോയതെന്ന് ഫലസ്തീനികൾ പറയുന്നു. റഫയിലെ തൽ അസുൽത്താനയിൽ ഖാദിസിയ ജംഗ്ഷനു സമീപം ജനക്കൂട്ടത്തിനുനേരെ നടന്ന ഇസ്രാഈൽ ആക്രമണത്തിൽ നാലുപേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. യു.എൻ അഭയാർത്ഥി ഏജൻസിക്കുനേരെ ഇസ്രാഈൽ സേന ആക്രമണം ശക്തമാക്കിയിട്ടുണ്ട്. ഒക്ടോബർ ഏഴിന് ആക്രമണം തുടങ്ങിയ ശേഷം ഏജൻസിയുടെ 200ഓളം ജീവനക്കാർ കൊല്ലപ്പെട്ടിട്ടുണ്ട്. യു.എൻ ഏജൻസിയുടെ അമ്പത് ശതമാനത്തിലേറെ കേന്ദ്രങ്ങൾ തകർക്കപ്പെട്ടു. സ്കൂളുകളടക്കം യു.എൻ സ്ഥാപനങ്ങളിൽ അഭയം തേടി 500ലേറെ പേർ കൊല്ലപ്പെട്ടതായും അഭയാർത്ഥി ഏജൻസി കമ്മീഷണർ ജനറൽ ഫിലിപ്പ് ലസാരിനി അറിയിച്ചു.

### മിണ്ടാപ്രാണികളെയും കൊന്ന് ഇസ്രാഈൽ

ബെയ്റൂത്ത്: ലബനീസ് അതിർത്തിയിൽ ഹിസ്ബുല്ലയും ഇസ്രാഈൽ സേനയും പോരാട്ടം തുടരുന്നു. തെക്കൻ ലബനാനിൽ ഇസ്രാഈൽ ആക്രമണത്തിൽ 700ലേറെ ആടുകൾ ചത്തു. സിറിയൻ പൗരനായ ആട്ടിടയൻ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. മുസ്തഫ ഹസൻ സൽമാൻ എന്ന ഹിസ്ബുല്ല പോരാളി ആക്രമണത്തിൽ കൊല്ലപ്പെട്ടു.

ഗസ്സയിൽ വെടിനിർത്താതെ ഇസ്രാഈലുമായി യാതൊരു ഒത്തുതീർപ്പിനും തയ്യാറല്ലെന്ന് ഹിസ്ബുല്ല ആവർത്തിച്ചു വ്യക്തമാക്കി. ഹിസ്ബുല്ലയുമായുള്ള ഏറ്റുമുട്ടൽ വടക്കൻ ഇസ്രാഈലിനെ നേരിട്ട് ബാധിച്ചിട്ടുണ്ട്.

ആക്രമണം ഭയന്ന് പതിനായിരക്കണക്കിന് ഇസ്രാഈൽ പൗരന്മാർ അതിർത്തി മേഖലയിൽനിന്ന് പലായനം ചെയ്തിരിക്കുകയാണ്. അതിർത്തിയിൽനിന്ന് എട്ടു കിലോമീറ്ററോളം ഹിസ്ബുല്ല പോരാളികൾ പിന്മാറണമെന്നാണ് ഇസ്രാഈലിന്റെ ആവശ്യം.

## സയ്യിദ് ഫസൽ കോയമ്മ തങ്ങൾ കുറാ അന്തരിച്ചു



മംഗളൂരു: പ്രമുഖ മതപണ്ഡിതനും സമസ്ത (എ.പി വിഭാഗം) കേന്ദ്ര മുശാവറ അംഗവും ദക്ഷിണ കന്നഡ സംയുക്ത ജമാഅത്ത് ഖാസിയും കാസർകോട് ജാമിഅ സഅദിയ്യ അറബിയ്യ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാരവാഹിയുമായ സയ്യിദ് ഫസൽ കോയമ്മ തങ്ങൾ എട്ടിക്കുളം (64) അന്തരിച്ചു.

കർണാടകയിലെ അറുപതോളം മഹല്ലുകളിലെ ഖാസിയാണ്.

കുറായിലെ സയ്യിദ് ഫസൽ ഇസ്ലാമിക് സെന്ററിലെ പ്രധാന ഉസ്താദാണ്. സമസ്ത (എ.പി വിഭാഗം)കണ്ണൂർ ജില്ലാ പ്രസിഡന്റ്,ദക്ഷിണ കന്നഡ സംയുക്ത ജമാഅത്ത് ഖാസി, ജാമിഅ സഅദിയ്യ അറബിയ്യ ജന.സെക്രട്ടറി, എട്ടിക്കുളം താജുൽ ഉലമ എജ്യുക്കേഷണൽ സെന്റർ ജന.സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചിരുന്നു. അൽ ഖിദ്മതുസ്സുന്നിയ്യ അവാർഡ്,ജാമിഅ സഅദിയ്യ ബഹ്റൈൻ കമ്മിറ്റി അവാർഡ്, ശൈഖ് സയ്യിദ് ഇസ്മാഈൽ ബുഖാരി അവാർഡ്, മലേഷ്യ മലബാരി മുസ്‌ലിം ജമാഅത്ത് അവാർഡ് തുടങ്ങി വിവിധ അംഗീകാരങ്ങൾ തേടിയെത്തിയിട്ടുണ്ട്.

എ.പി വിഭാഗം സമസ്ത പ്രസിഡന്റായിരുന്ന സയ്യിദ് അബ്ദുറഹ്മാൻ ബുഖാരി ഉള്ളാൾ തങ്ങളുടെയും ശരീഫ ഫാത്തിമ കുഞ്ഞിബീവിയുടെയും മകനായി 1960 മെയ് ഒന്നിനാണ് ജനനം. പ്രാഥമിക പഠനത്തിനു ശേഷം ഉള്ളാൾ സയ്യിദ് മദനി അറബിക് കോളജിൽ ദർസ് പഠനവും ഉപരി പഠനവും പൂർത്തിയാക്കി. പിതാവിനു പുറമെ താഴേക്കോട് എൻ അബ്ദുല്ല മുസ്‌ലിയാർ, ഇമ്പിച്ചാലി മുസ്‌ലിയാർ, ഉള്ളാൾ ബാവ മുസ്‌ലിയാർ, വെളിമുക്ക് കുട്ടി മുഹമ്മദ് മുസ്‌ലിയാർ എന്നിവർ പ്രധാന ഗുരു നാഥന്മാരാണ്.

ഭാര്യ:ശരീഫ ഹലീമ ആറ്റ ബീവി പാപ്പിനിശ്ശേരി. മക്കൾ:സയ്യിദ് അബ്ദുൽ റഹ്മാൻ മഷ്ഹൂദ്,സയ്യിദ് മുസ്ഹബ് തങ്ങൾ, റുഫൈദ ബീവി,സഫീറ ബീവി,സക്കിയ ബീവി, സഫാന ബീവി.

മരുമക്കൾ:സയ്യിദ് ആമിർ തങ്ങൾ നാദാപുരം, ഡോ.സയ്യിദ് ശുഹൈബ് തങ്ങൾ കൊടിഞ്ഞി,സയ്യിദ് മിസ്ബാഹ് തങ്ങൾ പാപ്പിനിശ്ശേരി. സഹോദരങ്ങൾ:സയ്യിദ് ഹാമിദ് ഇമ്പിച്ചിക്കോയ തങ്ങൾ കൊയിലാണ്ടി, പരേതയായ ശരീഫ ബീക്കുഞ്ഞി ബീവി മഞ്ചേശ്വരം, ശരീഫ മുത്തുബീവി കരുവൻ തുരുത്തി,ശരീഫ കുഞ്ഞാറ്റ ബീവി ചെറുവത്തൂർ, ശരീഫ ഉമ്മുഹാനി ബീവി ഉടുമ്പുന്തല,ശരീഫ റംല ബീവി കുമ്പള.

## പൗരത്വ ഭേദഗതി: സർക്കാരിന്റെ പൊള്ളത്തരം തുറന്നുകാട്ടി പ്രതിപക്ഷം

തിരുവനന്തപുരം: പൗരത്വ ഭേദഗതി പ്രതിഷേധവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കുന്നതിൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന പൊള്ളത്തരം നിയമസഭയിൽ തുറന്നുകാട്ടി പ്രതിപക്ഷം. ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ധനാഭ്യർഥന ചർച്ചയിലാണ് പ്രതിപക്ഷ അംഗങ്ങൾ സർക്കാരിന്റെ ഇരട്ടത്താപ്പ് തുറന്നുകാട്ടിയത്.

പൗരത്വഭേദഗതി പ്രതിഷേധവുമായി ബന്ധപ്പെട്ട കേസുകളും ശബരിമല പ്രക്ഷോഭവുമായി ബന്ധപ്പെട്ട കേസുകളും പിൻവലിക്കുമെന്ന് നേരത്തേ മുഖ്യമന്ത്രി പറഞ്ഞിരുന്നതാണെന്നും എന്നാൽ ഇപ്പോൾ മിക്ക കേസുകളും കോടതിയിൽ പിഴ അടച്ച് തീർപ്പാക്കുകയാണ് ചെയ്തിരിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ചൂണ്ടിക്കാട്ടി. കോഴിക്കോട് പോസ്റ്റ് ഓഫിസിലേക്ക് നടത്തിയ പ്രതിഷേധത്തെ തുടർന്നുണ്ടായ കേസിന്റെ വിചാരണ ഘട്ടത്തിൽ പരമാവധി ശിക്ഷ കൊടുക്കണം എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചതെന്ന് ടി.സിദ്ധീഖ് പറഞ്ഞു. സമരക്കാർക്കു നേരെ കൂടുതൽ കേസുകൾ ചുമത്തുകയാണ് സർക്കാർ ചെയ്യുന്നതെന്ന് മഞ്ഞളാംകുഴി അലിയും കുറ്റപ്പെടുത്തി. പൗരത്വ ഭേദഗതി പ്രതിഷേധവുമായി ബന്ധപ്പെട്ട് ആകെ 835 കേസുകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നതെന്ന് മന്ത്രി വി.അബ്ദുറഹിമാൻ മറുപടിയിൽ പറഞ്ഞു. ഇതിൽ 194 കേസുകൾ കോടതിയുടെ പരിഗണനയിൽ ആണ്. അതിൽ 84 കേസുകളിൽ നിരാക്ഷേപ പത്രം നൽകിക്കഴിഞ്ഞു.

259 കേസുകൾ കോടതി മുൻപാകെ തീർപ്പായിക്കഴിഞ്ഞു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 262 കേസുകൾ അവസാനിച്ചു. ഒരു കേസ് മാത്രമാണ് അന്വേഷണ ഘട്ടത്തിലുള്ളതെന്നും മന്ത്രി പറഞ്ഞു. ന്യൂനപക്ഷ വിഭാഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ന്യൂനപക്ഷ പ്രീണനമായി പ്രചരിപ്പിക്കപ്പെടുകയാണെന്നും അദ്ദേഹം പറഞ്ഞു. മദ്രസാ അധ്യാപകരുമായി ബന്ധപ്പെട്ടും വലിയതോതിൽ വർഗീയ പ്രചാരണം നടക്കുന്നുണ്ട്. മദ്രസാ അധ്യാപകർക്ക് സർക്കാർ 25000 രൂപ ശമ്പളം നൽകുന്നു എന്ന തരത്തിലാണ് പ്രചാരണം. വാസ്തവ വിരുദ്ധമായ കാര്യമാണിത്. മദ്രസാ അധ്യാപകർക്ക് സർക്കാരിന്റെ ഒരു വകുപ്പും ശമ്പളം നൽകുന്നില്ല. ക്ഷേമനിധിയിൽ നിന്നുള്ള സഹായം മാത്രമാണുള്ളതെന്നും മന്ത്രി വിശദീകരിച്ചു.

## മരണം186,000 കവിയുമെന്ന് ലാൻസെറ്റ്

ലണ്ടൻ: കൂട്ടക്കുരുതി തുടരുന്ന ഗസ്സയിലെ യഥാർത്ഥ മരണനിരക്ക് 186,000 കവിയുമെന്ന് രാജ്യാന്തര മെഡിക്കൽ ജേണലായ ദി ലാൻസെറ്റ്. ഒക്ടോബർ ഏഴിന് തുടങ്ങിയ ഇസ്രാഈൽ ആക്രമണത്തിൽ ഇതുവരെ 38,193 പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് ഗസ്സ ആരോഗ്യ മന്ത്രാലയത്തിന്റെ കണക്ക്. എന്നാൽ കെട്ടിടാവശിഷ്ടങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ആയിരക്കണക്കിന് മൃതദേഹങ്ങളും ചികിത്സയും ഭക്ഷണവും കിട്ടാതെ മരിച്ചവരുടെ എണ്ണവും ഇതോടൊപ്പം ചേർത്താൽ യഥാർത്ഥ മരണനിരക്ക് ഇപ്പോഴത്തേതിന്റെ എത്രയോ ഇരട്ടിയാകുമെന്ന് ലാൻസെറ്റ് പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ടിൽ പറയുന്നു.

നേരിട്ടുള്ള ആക്രണങ്ങളെക്കാൾ ഭീകരമാണ് അതുണ്ടാക്കുന്ന ആരോഗ്യ പ്രത്യാഘാതങ്ങൾ. ഗസ്സയിൽ ഇസ്രാഈൽ ഉടനടി ആക്രമണം നിർത്തിയാലും വരും മാസങ്ങളിലും വർഷങ്ങളിലും രോഗങ്ങളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കാരണം മരണങ്ങൾ തുടർന്നുകൊണ്ടിരിക്കും. അടിസ്ഥാന സൗകര്യങ്ങളുടെ തകർച്ച പരിഗണിക്കുമ്പോൾ മരണനിരക്ക് കൂടാനാണ് സാധ്യതയെന്ന് ലാൻസെറ്റ് ചൂണ്ടിക്കാട്ടി. ഭക്ഷ്യ, കുടിവെള്ള ക്ഷാമ ജനജീവിതം ദുരിതപൂർണമാക്കിയിട്ടുണ്ട്. പാർപ്പിടങ്ങളില്ലാതെ ആളുകൾ അലയുകയാണ്.

ഫലസ്തീനികൾക്കുള്ള യു.എൻ അഭയാർത്ഥി ഏജൻസിയുടെ ഫണ്ട് വെട്ടിക്കുറച്ചിരിക്കുന്നു. സമീപ കാല ഏറ്റുമുട്ടലുകളിൽ നേരിട്ടുള്ള മരണങ്ങളെക്കാൾ പതിനഞ്ചിരട്ടി കൂടുതലാണ് പരോക്ഷ മരണങ്ങൾ. ഒരു പ്രത്യക്ഷ മരണത്തിന് നാല് പരോക്ഷ മരണമെന്നാണ് കണക്ക്. ഇതുപ്രകാരം ഗസ്സ വംശഹത്യയിൽ മരണനിരക്ക് 186,000 കവിയുകയെന്നത് അസംഭവ്യമല്ലെന്നും ലാൻസെറ്റിന്റെ പഠന റിപ്പോർട്ടിൽ പറയുന്നു.

### ആശുപത്രിക്കുനേരെയും ആക്രമണം

## യുക്രെയ്നിൽ ആക്രമണം ശക്തമാക്കി റഷ്യ; 24 മരണം

കീവ്: തലസ്ഥാനമായ കീവിൽ കുട്ടികളുടെ ആശുപത്രിയുൾപ്പെടെ യുക്രെയ്നിന്റെ വിവിധ ഇടങ്ങളിലുണ്ടായ റഷ്യൻ മിസൈലാക്രണങ്ങളിൽ 24 പേർ കൊല്ലപ്പെടുകയും അമ്പതോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കീവിനു പുറമെ, ഡിനിപ്രോ, ക്രൈവി റിഹ്, സ്ലോവാൻസ്ക്, ക്രാമാറ്റോർസ്ക് നഗരങ്ങളിൽ വ്യത്യസ്ത തരത്തിലുള്ള നാൽപതോളം മിസൈലുകൾ പതിച്ചതായി യുക്രെയ്ൻ പ്രസിഡന്റ് വൊളോദിമിർ സെലൻസ്കി പറഞ്ഞു.

അനവധി ആളുകൾ കെട്ടിടാവശിഷ്ടങ്ങളിൽ കുടുങ്ങിയതായും സംശയമുണ്ട്. കീവിന്റെ മധ്യമേഖലയിൽ കുട്ടികളുടെ ആശുപത്രിക്കു സമീപമുള്ള സൈനിക പ്ലാന്റിൽനിന്ന് നാല് സ്ഫോടന ശബ്ദങ്ങൾ കേട്ടതായി ദൃക്സാക്ഷികൾ പറയുന്നു. ആക്രമണ വാർത്തകളോട് റഷ്യ പ്രതികരിച്ചിട്ടില്ല. കീവിൽ കുട്ടികളുടെ ആശുപത്രിക്കുനേരെയുണ്ടായ ആക്രമണത്തിൽ നാലുപേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്.

യുക്രെയ്ൻ തലസ്ഥാന നഗരിയിൽ റഷ്യൻ ആക്രമണത്തിൽ കേടുപാട് സംഭവിക്കുന്ന രണ്ടാമത്തെ ആശുപത്രിയാണിത്. വ്യോമപ്രതിരോധ സംവിധാനങ്ങളുടെ കണ്ണുവെട്ടിച്ച് ആക്രമണം നടത്താൻ ശേഷിയുള്ള അത്യാധുനിക മിസൈലുകളാണ് റഷ്യ ഉപയോഗിച്ചതെന്ന് പ്രതിരോധ വൃത്തങ്ങൾ പറയുന്നു.

ആശുപത്രിക്കു പുറമെ കീവിൽ ഇരുപതോളം പാർപ്പിട സമുച്ചയങ്ങൾക്കുനേരെയും ആക്രമണമുണ്ടായി. പുതിയ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ യുക്രെയ്ന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ സഹായിക്കണമെന്ന് പ്രതിരോധ മന്ത്രി റുസ്തം ഉമറോവ് പാശ്ചാത്യ സഖ്യകക്ഷികളോട് ആവശ്യപ്പെട്ടു.

കിൻസാൽ ഹൈപ്പർസോണിക് മിസൈലുകളാണ് റഷ്യ ഉപയോഗിച്ചതെന്ന് യുക്രെയ്ൻ വ്യോമസേന അറിയിച്ചു. ശബ്ദത്തെക്കാൾ പത്തിരട്ടി വേഗത്തിൽ സഞ്ചരിക്കുന്ന കിൻസാൽ മിസൈലുകളെ തകർക്കാൻ പ്രയാസമാണ്.

റഷ്യയിലെ ബെൽഗൊറോദിൽ യുക്രെയ്ൻ നടത്തിയ ഷെല്ലാക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

## വിദ്യാഭ്യാസ മേഖല കലുഷിതമാക്കരുത്: കെ.എസ്.ടി.യു

കോഴിക്കോട്: അധ്യാപകരോടും വിദ്യാർത്ഥികളോടും ദ്രോഹ സമീപനം സ്വീകരിക്കുന്ന വിദ്യാഭ്യാസ വകുപ്പ് ഉത്തരവുകളും പ്രസ്താവനകളും സംസ്ഥാന വിദ്യാഭ്യാസ രംഗത്തെ സ്വാസ്ഥ്യം നഷ്ടപ്പെടുത്തിയതായി കെ.എസ്.ടി.യു സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി കുറ്റപ്പെടുത്തി. വകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥരും ഏകാധിപത്യ ശൈലിയിലാണ് യോഗങ്ങൾ നടത്തുന്നതും തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നതും. അധ്യാപക സമൂഹത്തെ ഭീഷണിപ്പെടുത്തി കാര്യം സാധിക്കാമെന്നത് സർക്കാരിന്റെ വ്യാമോഹം മാത്രമാണ്. ജനാധിപത്യത്തിന്റെ പുരോഗമനം പ്രസംഗത്തിൽ മാത്രം പോര. ഏകാധിപത്യ ശൈലിയിൽ നടപ്പാക്കുന്നത് അധ്യാപക സമൂഹം ചെറുക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി. ഏകപക്ഷീയവും വിദ്യാഭ്യാസ നിയമത്തിനു വിരുദ്ധവുമായ അക്കാദമിക കലണ്ടറിനെതിരെ പ്രക്ഷോഭം ശക്തിപ്പെടുത്തും. ജൂലൈ 15ന് അവകാശ ദിനമായി ആചരിക്കും. അന്നേ ദിവസം വിദ്യാഭ്യാസ അധികൃതർക്ക് അവകാശ പത്രിക സമർപ്പിക്കും.

സംസ്ഥാന പ്രസിഡണ്ട് കെ.എം അബ്ദുള്ള അധ്യക്ഷത വഹിച്ചു. പി.കെ അസീസ്, എ.സി അതാവുള്ള, പി.കെ.എം ഷഹീദ്, സിദ്ദീഖ് പാറോക്കോട്, മജീദ് കാടേങ്ങൽ, എം.എം ജിജുമോൻ, വി.എ ഗഫൂർ, റഹീം കുണ്ടൂർ, കാസിം കുന്നത്ത്, സി.ഇ റഹീന, ടി.പി അബ്ദുൽ ഗഫൂർ, ഐ ഹുസൈൻ, റെജി കൊല്ലം, എം.എ സൈതു മുഹമ്മദ്, പി.വി ഹുസൈൻ, പി മുനീർ, ഇ.ആർ അലി, പി ഫസൽ ഹഖ്, പി.പി ജാഫർ, എം.എ ജാബിർ പ്രസംഗിച്ചു.

## ഇസ്രാഈൽ പ്രയോഗിച്ചത് ഹാനിബാൾ ഡയറക്ടീവ്

ടെൽഅവീവ്: സൈനികർ ശത്രുക്കളുടെ കൈയിൽ അകപ്പെടാതിരിക്കാൻ സ്വന്തം പൗരന്മാരെ കൊല്ലാനും സൈന്യത്തിന് അനുമതി നൽകുന്ന ഹാനിബാൾ ഡയറക്ടീവ് എന്ന വിവാദ സൈനിക നയമാണ് ഒക്ടോബർ ഏഴിന് ഹമാസിന്റെ ആക്രമണത്തെ നേരിടാൻ ഇസ്രാഈൽ സേന പ്രയോഗിച്ചതെന്ന് റിപ്പോർട്ട്. മുതിർന്ന സൈനിക ഉദ്യോഗസ്ഥരുടെയും പട്ടാളക്കാരുടെയും മൊഴികളുടെ അടിസ്ഥാനത്തിൽ ഇസ്രാഈലി പത്രമായ ഹാരെറ്റ്സാണ് വാർത്ത പുറത്തുവിട്ടത്.

ഹമാസ് ആക്രമണം നടത്തുമ്പോൾ സ്ഥിരീകരിക്കാത്തതും പരിമിതവുമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇസ്രാഈൽ സേന തീരുമാനങ്ങളെടുത്തത്. ഫലസ്തീൻ പോരാളികളുടെ ഒരു വാഹനത്തെപ്പോലും തിരികെ ഗസ്സയിലേക്ക് പോകാൻ അനുവദിക്കരുതെന്ന് സൈനിക നേതൃത്വം ഉത്തരവിട്ടു. ഈ ഘട്ടത്തിൽ എത്ര പേരെയാണ് ഹമാസ് തട്ടിക്കൊണ്ടുപോകുന്നതെന്ന് ഇസ്രാഈൽ സേനക്ക് അറിയുമായിരുന്നില്ല. പക്ഷേ, അനേകം പേർ ശത്രുക്കളുടെ കൈയിൽ അകപ്പെട്ടതായി അറിയാമായിരുന്നു.

സൈനികരെ രക്ഷപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് സൈന്യം പിന്നീട് നീങ്ങിയത്. ഹാനിബാൾ സൈനിക നടപടി തട്ടിക്കൊണ്ടുപോകപ്പെട്ട സാധാരണക്കാരുടെയും സൈനികരുടെയും ജീവൻ അപകടപ്പെടുത്തിയതായി പത്രം പറയുന്നു.

ശത്രുവിന്റെ കൈയിൽ നിന്ന് സൈനികനെ രക്ഷിക്കുന്നതിന് തുടർച്ചയായി വെടിവെക്കണമെന്ന് ഹാനിബാൾ ഡയറക്ടീവിൽ നിർദ്ദേശിക്കുന്നുണ്ട്.



സി.കെ.സി.ടി അക്കാദമിക് സമ്മിറ്റ് പി.അബ്ദുൽ ഹമീദ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാഭ്യാസ മേഖലയിലെ അനീതികൾ അവസാനിപ്പിക്കണം: പി.അബ്ദുൽ ഹമീദ്

തേഞ്ഞിപ്പലം: വിദ്യാഭ്യാസ മേഖലയിൽ സാധാരണ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനും പരിഹാരം കാണുന്നതിനും അക്കാദമിക സമൂഹം ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് പി. അബ്ദുൽ ഹമീദ് എം.എൽ.എ പറഞ്ഞു. നാലു വർഷ ഡിഗ്രി അടക്കമുള്ള ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങളുടെ മറവിൽ ന്യൂനപക്ഷങ്ങളേയും സംവരണ വിഭാഗത്തിൽ പെട്ടവരേയും അകറ്റി നിർത്തുന്ന സമീപനമാണ് ഇടതു സർക്കാർ സ്വീകരിക്കുന്നത്. കാലിക്കറ്റ് സർവകലാശാലയിലെ പുതിയ അധ്യാപക നിയമന വിജ്ഞാപനത്തിൽ പോലും സംവരണ തത്വങ്ങൾ പാലിച്ചില്ലെന്നത് തീർത്തും ധിക്കാരപരമായ നടപടിയാണ്.

ഇത്തരം ജനാധിപത്യ വിരുദ്ധമായ സമീപനങ്ങൾക്കെതിരെ ശക്തമായ ജനകീയ പ്രതിരോധം തീർക്കുമെന്നും പി.അബ്ദുൽ ഹമീദ് എം.എൽ.എ തുടർന്നു. കോൺഫെഡറേഷൻ ഓഫ് കേരളാ കോളജ് ടീച്ചേഴ്സ് (സി.കെ.സി.ടി) കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ കമ്മിറ്റി സംഘടിപ്പിച്ച 'അക്കാദമിക് സമ്മിറ്റ്' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളാ പി.എസ്.സി മുൻ അംഗം ഡോ.വി.പി അബ്ദുൽ ഹമീദ്, സി.കെ.സി.ടി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.കെ.അഷ്റഫ്, ട്രഷറർ പ്രൊഫ. കെ.പി.മുഹമ്മദ് സലീം, വള്ളിക്കുന്ന് മണ്ഡലം മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി ബക്കർ ചെർണൂർ, സിൻഡിക്കേറ്റ് മെമ്പർമാരായ ഡോ പി. റഷീദ് അഹമ്മദ്, സി.പി.ഹംസ, സെനറ്റ് മെമ്പർമാരായ ഡോ.ആബിദ ഫാറൂഖി, വി.കെ.എം.ഷാഫി, സോളിഡാരിറ്റി എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് മുഹമ്മദ് സാജിദ്, സെക്രട്ടറി ഷമീൽ ,ഡോ.പി.അഹമ്മദ് ഷരീഫ്, ഇസ്മായിൽ എന്നിവർ സംസാരിച്ചു. സി.കെ.സി.ടി റീജിയണൽ കമ്മിറ്റി പ്രസിഡന്റ് പ്രൊഫ.കെ.ടി ഫിറോസ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ.ടി.സൈനുൽ ആബിദ് സ്വാഗതവും ഡോ. മുജീബ് നെല്ലിക്കുത്ത് നന്ദിയും പറഞ്ഞു.

## മാന്നാർ കൊലപാതകം: ഓട്ടോറിക്ഷ ഡ്രൈവറെ ചോദ്യം ചെയ്തു

മാന്നാർ: ചെന്നിത്തല ഇരമത്തൂർ പായിക്കാട്ട് മീനത്തേതിൽ കലയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഓട്ടോറിക്ഷ ഡ്രൈവറെ അന്വേഷണ സംഘം ചോദ്യം ചെയ്തു. ആൺ സുഹൃത്തുമായി കൊല്ലപ്പെട്ട കല എറണാകുളത്ത് ലോഡ്ജിൽ റൂമെടുത്ത് താമസിച്ചതായി അന്വേഷണത്തിൽ വ്യക്തമായതോടെ റൂമെടുത്ത് കൊടുത്ത ഓട്ടോറിക്ഷാ ഡ്രൈവറെയാണ് പൊലീസ് ചോദ്യം ചെയ്തത്. കുന്നംകുളം സ്വദേശിയായ ഓട്ടോറിക്ഷാ ഡ്രൈവർ മനോജിനെ ഞായറാഴ്ച വൈകിട്ടോടെ മാന്നാർ പൊലീസ് സ്റ്റേഷനിൽ എത്തിച്ചിരുന്നു. തുടർന്ന് ഒരു ദിവസം മുഴുവൻ ഇയാളെ അന്വേഷണ സംഘം ചോദ്യം ചെയ്തു. തുടർന്ന് ഇന്നലെ വൈകിട്ടോടെ വിട്ടയച്ചു. കുന്നംകുളത്തുകാരനായ ഇയാൾ അന്ന് എറണാകുളത്ത് ഓട്ടോ ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. ഈ ഓട്ടോയിൽ യാത്ര ചെയ്ത കലക്കും ആൺ സുഹൃത്തിനും റൂമെടുത്ത് കൊടുക്കുകയും അതിൽ 200 രൂപ കമ്മീഷനായി ലഭിച്ചിരുന്നതായും ഓട്ടോഡ്രൈവർ പൊലീസിനോട് സമ്മതിച്ചെന്നാണ് വിവരം.



# സഞ്ജുവിനും അഞ്ച് കോടി

## രാഹുൽ ദ്രാവിഡിനും 05 കോടി

മുംബൈ: ടി-20 ലോകകപ്പ് സ്വന്തമാക്കിയ ഇന്ത്യൻ സംഘത്തിന് ക്രിക്കറ്റ് ബോർഡ് പ്രഖ്യാപിച്ച 125 കോടി എല്ലാവർക്കുമായി വീതിച്ച് നൽകും. രോഹിത് ശർമ നയിച്ച സംഘത്തിലെ 15 പേർക്ക് അഞ്ച് കോടി വീതം ലഭിക്കും. ഒരു മൽസരവും കളിക്കാതിരുന്ന സഞ്ജു സാംസൺ, യശ്സവി ജയ്സ്വാൾ, യുസവേന്ദ്ര ചഹൽ എന്നിവർക്കും അഞ്ച് കോടിയുണ്ട്. ടീമിലെ റിസർവുകളായ റിങ്കുസിംഗ്, ശുഭ്മാൻ ഗിൽ, ആവേശ് ഖാൻ, ഖലീൽ അഹമ്മദ് എന്നിവർക്ക് ഒരു കോടി വീതം. കോച്ച് രാഹുൽ ദ്രാവിഡിനും ബാറ്റിംഗ് കോച്ച് വിക്രം റാത്തോർ, ഫീൽഡിംഗ് കോച്ച് ടി.ദിലിപ്, ബൗളിംക് കോച്ച് പരസ് മമ്പ്രെ എന്നിവർക്ക് രണ്ടര കോടി വീതം. കോച്ചിംഗ് സ്റ്റാഫിലെ മറ്റുള്ളവർക്കും രണ്ട് കോടി വീതം. അജിത് അഗർക്കർ ഉൾപ്പെടുന്ന അഞ്ചംഗ സെലക്ഷൻ സമിതിയിലെ എല്ലാവർക്കും ഒരു കോടി വീതം. ടീമിനൊപ്പം സഞ്ചരിച്ച മീഡിയാ മാനേജർ, ലോജിസ്റ്റിക്സ് സ്റ്റാഫ് എന്നിവർക്കെല്ലാം അർഹിക്കുന്ന വിഹിതമുണ്ട്. 17 വർഷത്തെ ഇടവേളക്ക് ശേഷമായിരുന്നു ഇന്ത്യ ടി-20 ലോകകപ്പ് സ്വന്തമാക്കിയത്. ബാർബഡോസിലുണ്ടായിരുന്ന ക്രിക്കറ്റ് ബോർഡ് സെക്രട്ടറി ജയ് ഷായാണ് വൻതുക പ്രഖ്യാപിച്ചത്.

## ആശാനാണ്



കൊളംബോ: സനത് ജയസുര്യ പുതിയ റോളിൽ. ഇന്ത്യൻ പര്യടനത്തിന് വരുന്ന ശ്രീലങ്കൻ വൈറ്റ് ബോൾ സംഘത്തിന്റെ ഇടക്കാല ആശാൻ പഴയ ഇതിഹാസമാണ്. അമേരിക്കയിലും വിൻഡീസിലുമായി നടന്ന ടി-20 ലോകകപ്പിൽ നിന്ന് ശ്രീലങ്ക ആദ്യ റൗണ്ടിൽ തന്നെ പുറത്തായതിന് പിറകെ കോച്ച് ക്രിസ് സിൽവർവുഡ് പടിയിറങ്ങിയിരുന്നു. അദ്ദേഹത്തിന് പകരമായാണ് ലോകകപ്പ് ജേതാവ് വരുന്നത്. മൂന്ന് മൽസരം വീതമുള്ള ടി-20, ഏകദിന പരമ്പരകൾക്കായി ഈ മാസാവസാനത്തിലാണ് ലങ്കൻ ടീം എത്തുന്നത്. 1996 ൽ ലോകകപ്പ് സ്വന്തമാക്കിയ ലങ്കൻ സംഘത്തിലെ പ്രമുഖനായിരുന്നു കിടിലൻ ഓപ്പണറായ സനത് ജയസൂര്യ. അത് വരെയുണ്ടായിരുന്ന ഏകദിന ക്രിക്കറ്റിന്റെ സ്വഭാവം തന്നെ അദ്ദേഹം മാറ്റിയെഴുതിയിരുന്നു. അർജുന രണതുംഗെ നയിച്ച അന്നത്തെ ലങ്കൻ സംഘമായിരുന്നു അതിവേഗ സ്ക്കോറുമായി ഓപ്പണിംഗിൽ വിസ്മയമുണ്ടാക്കിയത്. അതിന് പിറകിൽ ജയസൂര്യയായിരുന്നു. ഇംഗ്ലീഷ് പര്യടനത്തിലും സനത്തിനാണ് ചുമതല.

# ചന്ദ്രിക സ്പോർട്സ്



*ഇന്ന് യൂറോയിൽ കിലിയൻ എംബാപ്പേയുടെ ദിനമായിരിക്കും. ഇത് വരെ അദ്ദേഹത്തിന് ഫോമിലേക്കുയരാനായാട്ടില്ല എന്നത് സത്യം. പലപ്പോഴും അദ്ദേഹത്തെ മൂന്നും നാലും പേരാണ് വളയുന്നത്. പിന്നെ ആദ്യ മൽസരത്തിലെ കാര്യമായ പരുക്കും. മുക്കിനേറ്റ പരുക്കിന് ശേഷം അദ്ദേഹം മാസ്ക്കുമായാണ് കളിക്കുന്നത്. ഇതും പ്രശ്നമാവാം. എങ്കിലും വലിയ മൽസരങ്ങൾ അദ്ദേഹത്തിന് സുപരിചിതമാണ്. 2018 ലെ റഷ്യൻ ലോകകപ്പ് സ്വന്തമാക്കി. ഖത്തർ ലോകകപ്പിൽ രണ്ടാം സ്ഥാനം നേടി. യൂറോയിൽ അദ്ദേഹത്തിന്റെ കരുത്തിൽ ഫ്രാൻസ് ഫൈനൽ കളിക്കും*

**-നിക്കോളാസ് അനേൽക്ക**

www.chandrikadaily.com

**BREAKING** പാരീസ് ഒളിംപിക്സ്: മെഡൽ നിലനിർത്താൻ ഇന്ത്യൻ ഹോക്കി ടീം ഇന്ന് യൂറോപ്പിലേക്ക്. ശ്രീജേഷ് കാവൽക്കാരൻ



**ഇന്ന്**

വിംബിൾഡൺ ക്വാർട്ടർ ഫൈനലുകൾ (ഉച്ചക്ക് 3-00 മുതൽ) സ്റ്റാർ സ്പോർട്സ്, ഡിസ്നേ ഹോട്ട്സ്റ്റാർ ലൈവ്

യൂറോ 2024 സെമി ഫൈനൽ ഫ്രാൻസ്-സ്പെയിൻ (രാത്രി 12-30) സോണി സ്പോർട്സ് സോണി ലിവ്

യുവേഫ ചാമ്പ്യൻസ് ലീഗ് യോഗ്യതാ മൽസരങ്ങൾ ലൈവ് ഇല്ല

# വാർ

## സ്പെയിൻ VS ഫ്രാൻസ്

## അർധരാത്രി 12-30

ഇന്ന് രാത്രി സോക്കർ ലോകം ഉറങ്ങില്ല. 12-30 ന് യൂറോയിലെ ആദ്യ സെമി ഫൈനൽ. രണ്ട് മുൻ ചാമ്പ്യന്മാർ നേർക്കുനേർ. ഫ്രാൻസ് പ്രതിരോധത്തിൽ വിശ്വസിക്കുമ്പോൾ സ്പെയിൻ ആക്രമണത്തിലാണ് ശ്രദ്ധിക്കുന്നത്. അതിവേഗക്കാരായ യുവ സ്പാനിഷ് മുൻനിരക്കാരെ നേരിടാൻ പ്രതിരോധം ഭദ്രമാക്കുകയാണ് ഫ്രാൻസ്. കോച്ച് ദിദിയർ ദെഷാംപ്സ് സീനിയർ സ്ട്രൈക്കർ അന്റോണിയോ ഗ്രിസ്മാനെ ആദ്യ ഇലവനിൽ നിന്നും മാറ്റും. പകരം മുൻനിരയിൽ വേഗക്കാരാനായ ഉസ്മാൻ ഡെംപാലേ വരും. സ്പാനിഷ് നിരയിൽ പരുക്കേറ്റ പെഡ്രിയില്ല. സെമി ഫൈനലിനെ രണ്ട് രാജ്യങ്ങളിലെയും രണ്ട് പ്രമുഖ ഫുട്ബോൾ ലേഖകർ വിലയിരുത്തുന്നു. (കടപ്പാട് ബി.ബി.സി സ്പോർട്സ്)

# സ്പെയിൻ സകലകലക്കാർ

## പ്രമുഖ സ്പാനിഷ് ഫുട്ബോൾ റിപ്പോർട്ടർ ഗുല്വം ബലാഗ് എഴുതുന്നു



സ്പെയിൻ ജർമനിക്കെതിരെ നടത്തിയ ഗെയിം നിങ്ങൾ കണ്ടിരുന്നില്ലേ...? അധിക സമയത്തേക്ക് ദീർഘിച്ച മൽസരത്തിൽ മൂന്ന് വിത്യസ്ത ശ്രേണികളാണ് ടീം പിന്തുടർന്നത്.

1-മൂന്ന് വിംഗർമാരുമായി കളിച്ചു.

2-വിംഗർമാരെ കൂടാതെ കളിച്ചു

3-അധിക സമയത്ത് സ്ട്രൈക്കർമാരില്ലാതെ 4-2-4 ശൈലി പിന്തുടർന്നു. ഇതിനർത്ഥം സ്പെയിൻ മൽസരത്തിനനുസരിച്ച് ഏത് ശൈലിയും പിന്തുടരുമെന്നതാണ്. ക്വാർട്ടറിൽ ജർമനിയുടെ തന്ത്രങ്ങൾ പലതായിരുന്നു. അതെല്ലാം നേരിടാൻ സ്പെയിൻ ഒരുക്കമായിരുന്നു. ഒരു പക്ഷേ ആ മൽസരത്തിൽ തോറ്റെന്ന് വരാം. എങ്കിലും ജയിക്കാനായി തന്നെയാണ് ടീം കളിച്ചത്. പ്രാഥമിക റൗണ്ടിലെ മൂന്ന് മൽസരങ്ങളിലും പ്രീക്വാർട്ടറിലും പ്രതിയോഗികൾക്കെതിരെ വ്യക്തമായ മുൻത്തൂക്കം സമ്പാദിക്കാൻ സ്പെയിനിന് കഴിഞ്ഞിരുന്നു. എന്നാൽ ജർമനിക്കെതിരെ അതിനായില്ല. എന്നിട്ടും ഒരു വേള പോലും ടീം വീട്ടുവീഴ്ച്ചക്കൊരുങ്ങിയില്ല. ആക്രമണാത്മക ഫുട്ബോൾ. എല്ലാവരും പരസ്പരം വിശ്വസിച്ച് കളിച്ചു. അത് തന്നെയായിരുന്നു വിജയ ഘടകം. പരുക്കൻ മൽസരമായിരുന്നു അത്. 2016 ലെ യൂറോപ്യൻ ചാമ്പ്യൻഷിപ്പിന് ശേഷം ഏറ്റവുമധികം ഫൗളുകൾ കണ്ട പോരാട്ടം. പക്ഷേ അവിടെയും ടീം പേടിച്ചില്ല. ടീമിലെ വലിയ മാറ്റമെന്നത് ഗോളിനായുള്ള ദാഹവും അതിനായുള്ള പരിശ്രമവുമാണ്. ലോംഗ് ലോബുകൾ നൽകേണ്ട വേളയിൽ അത് നൽകി. ഗോളുകൾ നേടേണ്ടവരെ തിരിച്ചറിഞ്ഞു. ഗോളുകൾ പ്രധാനമാണെന്ന സത്യം മനസിലാക്കി. സ്വന്തം ബോക്സിൽ പന്ത് തട്ടുന്നതിന് പകരം എതിർ ബോക്സിൽ പരിഭ്രാന്തി സൃഷ്ടിക്കലാണ് പ്രധാനം. ഇന്ന് ഫ്രാൻസിനെതിരെ കളിക്കുമ്പോൾ സ്പെയിൻ തന്നെ ആക്രമണത്തിന് തുടക്കമിടണം. ഇറ്റലിക്കെതിരെ കളിച്ചത് പോലെ. അൽബേനിയ, ജോർജ്ജിയ എന്നീ പ്രതിയോഗികൾക്കെതിരെയും ആക്രമണം തുടങ്ങിയത് സ്പെയിനായിരുന്നു. ഫ്രാൻസ് കരുത്തരാണെങ്കിലും അതേ ശൈലി പിന്തുടരണം. അതേ സമയം തന്നെ പ്രത്യാക്രമണത്തിൽ ജാഗ്രതയും വേണം. ഇത് വരെ നടന്ന മൽസരങ്ങളിൽ പ്രത്യാക്രമണത്തിൽ ജാഗ്രത പാലിച്ചത് പോലെ പ്രതിരോധ നിര തയ്യാറായി നിൽക്കണം. ഫ്രാൻസിന്റെ കരുത്ത് അവരുടെ മുൻനിരക്കാരായ കിലിയൻ എംബാപ്പേ, ഉസ്മാൻ ഡെംപാലേ തുടങ്ങിയവരാണ്. ഇവരുടെ വേഗതയെ നിയന്ത്രിക്കാനാവണം. സ്പാനിഷ് മുൻനിരക്കാർ നിരന്തരം അവസരങ്ങൾ സൃഷ്ടിക്കുന്ന പക്ഷം അത് മൽസരത്തിൽ വ്യക്തമായ മുൻത്തൂക്കം നൽകും. പെഡ്രിക്ക് പരുക്കുണ്ട്. ചില താരങ്ങൾക്ക് സസ്പെൻഷനുമുണ്ട്. എന്നാൽ അതൊന്നും സ്പാനിഷ് വിജയത്തെ ബാധിക്കില്ല. ഇന്ന് ജയിച്ച് ഫൈനലിൽ ഇംഗ്ലണ്ടിനെ നേരിടാൻ സ്പെയിൻ യോഗ്യത നേടുമെന്നാണ് എന്റെ വിലയിരുത്തൽ.



# എംബാപ്പേ മിന്നണം

## ഫ്രഞ്ച് ഫുട്ബോൾ റിപ്പോർട്ടർ ജൂലിയൻ ലോറൻസ് വിലയിരുത്തുന്നു

സ്പെയിനിനെതിരെ ഫ്രാൻസ് കളിക്കുമ്പോൾ കിലിയൻ എംബാപ്പേ കിലിയൻ എംബാപ്പേയാവണം. ഈ ചാമ്പ്യൻഷിപ്പിൽ കൃസ്റ്റിയാനോ റൊണാൾഡോയെ പോലെ വലിയ നിരാശ സമ്മാനിച്ച താരമാണ് എംബാപ്പേ. ഇത് വരെ അദ്ദേഹത്തിന് അദ്ദേഹമാവാനായിട്ടില്ല. പല പ്രശ്നങ്ങളും അതിലുണ്ട്. ആദ്യ മൽസരത്തിലേറ്റ പരുക്ക്. ഓസ്ട്രിയക്കെതിരായ മൽസരത്തിന് ശേഷം അദ്ദേഹം മാസ്ക് അണിഞ്ഞാണ് കളിക്കുന്നത്. ഇത് അദ്ദേഹത്തെ ബാധിക്കുന്നുണ്ടാവാം. യൂറോ ആരംഭിക്കുന്നതിന് മുമ്പ് തന്നെ അദ്ദേഹത്തിന് ചില ഫിറ്റ്നസ് പ്രശ്നങ്ങളുണ്ടായിരുന്നു. ഓസ്ട്രിയക്കെതിരായ മൽസരത്തിൽ കണ്ട എംബാപ്പേയെ പിന്നെ കാണാനായില്ല. ഇപ്പോഴും അദ്ദേഹം പൂർണ ആരോഗ്യവാനാണെന്ന് ഞാൻ കരുതുന്നില്ല. മാസ്ക്ക് ഇപ്പോഴും അദ്ദേഹത്തിന് പ്രശ്നമാണ്. പക്ഷേ എംബാപ്പേ യഥാർത്ഥ കരുത്തിൽ വന്നാൽ സ്പെയിൻ വിയർക്കും. പ്രതിരോധമാണ് പരമ്പരാഗത ഫ്രഞ്ച് ശൈലി, അവരുടെ ഡി.എൻ.എയിലുള്ള ശൈലിയാണത്. ആ ശൈലിയിൽ അവരെ പിറകിലാക്കാൻ കഴിയില്ല. പ്രതിരോധത്തിൽ കടുത്ത ജാഗ്രത പുലർത്തിയാൽ വിജയം ആ വഴി തന്നെ വരും. ജർമനിയിൽ കണ്ട ഫ്രാൻസ് ഏറ്റവും മികച്ച ഫോമിലാണെന്ന് ഞാൻ പറയില്ല. പക്ഷേ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ അവർ കരുത്തരായിട്ടുണ്ട്. സ്പെയിൻ എന്നും മധ്യനിരയിൽ വിശ്വസിക്കുന്നവരാണ്. അവരുടെ പ്രധാന മിഡ്ഫീൽഡർ പെഡ്രി പരുക്കിൽ തളർന്നത് ഫ്രാൻസിന് അനുഗ്രഹമാണ്. മധ്യനിരയുടെ ആരോഗ്യം പരിശോധിച്ചാൽ അവിടെ ഫ്രാൻസിനാണ് മുൻത്തൂക്കം. ഇന്നത്തെ മൽസരത്തിൽ ഫ്രഞ്ച് നിരയിൽ ഏറ്റവുമധികം സ്വാധീനം ചെലുത്താൻ കഴിയുന്ന ഫ്രഞ്ച് താരം അന്റോണിയോ ഗ്രിസ്മാനായിരിക്കും. കാരണം അദ്ദേഹം തന്റെ കരിയറിൽ കൂടുതൽ കാലം ഫ്രാൻസിലായിരുന്നില്ല-സ്പെയിനിലായിരുന്നു. ഗ്രിസ്മാനും എംബാപ്പേയും അവരുടെ ഗെയിമിന്റെ ഉയരത്തിലെത്തിയാൽ ഫ്രാൻസ് സ്പെയിനിനെ മറികടക്കും. ഫ്രാൻസും ഇംഗ്ലണ്ടും തമ്മിലൊരു ഫൈനലാണ് ഞാൻ മുന്നിൽ കാണുന്നത്. മൽസരത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ കിലിയൻ യഥാർത്ഥ കിലിയനാവുമെന്ന് ഞാൻ ആഗ്രഹിക്കുന്നു.



*ഈ യൂറോയിൽ ഏറ്റവും മികച്ച പ്രകടനം നടത്തുന്നവർ സ്പാനിഷ് സംഘമാണ്. തുടർച്ചയായി അഞ്ച് വിജയങ്ങൾ. ഏറ്റവുമധികം ഗോളുകൾ സ്വന്തമാക്കിയ ടീം. ഇന്ന് ഫ്രാൻസിനെതിരെ കൂടുതൽ സാധ്യതയും സ്പാനിഷ് സംഘത്തിന് തന്നെ*

## ലുയിസ് ഡി ലാ ഫ്ളുവൻസെ (സ്പാനിഷ് കോച്ച്)



യൂറോയിൽ തുടർച്ചയായി അഞ്ച് മൽസരങ്ങൾ ജയിച്ചാണ് ഞങ്ങൾ വരുന്നത്. ആ വിജയ യാത്ര തുടരാനാവുമെന്നാണ് പ്രതീക്ഷ. ലാമിനേ യമാൽ, നികോ വില്ല്യംസ് എന്നിവർ വിംഗുകളിൽ കരുത്ത് കാട്ടുമ്പോൾ കൂടുതൽ ഗോളുകൾ നേടാൻ ടീമിനാവും. ആദ്യ നാല് മൽസരങ്ങളിലും നിശ്ചിത സമയത്ത് തന്നെ ജയിക്കാനായി. ജർമനിക്കെതിരായ പ്രീക്വാർട്ടറിൽ കളി അധികസമയത്തേക്ക് പോയി. കേവലം വേഗം കൊണ്ട് മാത്രം ജയിക്കാനാവില്ല. പന്തിനെ നിയന്ത്രിക്കാനും പന്ത് എളുപ്പത്തിൽ കൈമാറാനുമാവണം. രണ്ട് പേരും മനോഹരമായി കളിക്കുന്നു. ചിലപ്പോൾ അവർക്ക് വേഗം കുറക്കേണ്ടി വരാം. യമാലിനെ തടയാൻ മൂന്ന് പേർ പോയാൽ അദ്ദേഹം പന്ത് ഡ്രിബിൾ ചെയ്യാൻ ശ്രമിക്കാതെ അത് അവസരോചിതം കൈമാറണം.

## ദീദിയർ ദെഷാംപ്സ് (ഫ്രഞ്ച് കോച്ച്)



സ്പെയിൻ മികച്ച സംഘമാണ്. യുവതാരങ്ങളും അനുഭവ സമ്പന്നരുമുണ്ട്. പക്ഷേ ഫ്രാൻസിനെ പോലെയുള്ള വലിയ മൽസര അനുഭവ സമ്പത്ത് കുറവാണ്. നിങ്ങൾ ഫ്രാൻസിന്റെ ചരിത്രം നോക്കുക- ഏത് ഘട്ടത്തിലും ഞങ്ങൾ കരുത്തരാണ്. വലിയ വേദിയിൽ പ്രത്യേകിച്ചും. നിലവിൽ ലോകകപ്പ് റണ്ണേഴ്സ് അപ്പാണ്. കിലിയൻ എംബാപ്പേയെ പോലെ ഒരു മുൻനിരക്കാരനുള്ളപ്പോൾ എനിക്ക് പേടിയില്ല. ഈ ചെറിയ കാലയളവിൽ തന്നെ അദ്ദേഹം ചരിത്രം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഇനിയും വലിയ ചരിത്രം രചിക്കാനാവും. അദ്ദേഹത്തിന് ചെറിയ ആരോഗ്യ പ്രശ്നങ്ങളുള്ളപ്പോഴും ടീം അദ്ദേഹത്തിനൊപ്പം തന്നെയാണ്. മെഡിക്കൽ സ്റ്റാഫിന്റെ അശ്രാന്ത പരിശ്രമത്തിലാണ് അദ്ദേഹം ഇവിടെ വരെയെത്തിയത്. പുറം വേദനയുടെ പ്രശ്നമുണ്ടായിരുന്നു. അതെല്ലാം അദ്ദേഹം അതിജയിച്ചിരിക്കുന്നു. കിലിയൻ 100 ശതമാനം ഫിറ്റ് അല്ലെങ്കിലും അദ്ദേഹത്തിന്റെ കഴിവിൽ എനിക്ക് സംശയമില്ല. സ്പാനിഷ് നിരയിൽ നല്ല യുവതാരങ്ങളുണ്ട്. അവർ നന്നായി പെർഫോം ചെയ്യുന്നുമുണ്ട്. അവരെ നിയന്ത്രിക്കാൻ മാത്രമുള്ള പ്രാപ്തിയും അനുഭവക്കരുത്തും ഫ്രഞ്ച് പ്രതിരോധത്തിനുണ്ട്. വലിയ മൽസരമായതിനാൽ സമ്മർദ്ദത്തിന് കുറവില്ല. ഇത് വരെ കളിച്ച മൽസരങ്ങളിൽ പ്രകടിപ്പിച്ച മികവിനേക്കാൾ പുറത്തെടുക്കേണ്ടി വരും. മൽസരം അധികസമയത്തേക്ക് പോയാലും അൽഭുതമില്ല.

PARiS 2024

**ഇനി 17 നാൾ**

## ഗഗൻ നരാംഗ് സംഘത്തലവൻ

ന്യൂഡൽഹി: പാരീസ് ഒളിംപിക്സിനുള്ള ഇന്ത്യൻ സംഘത്തെ മുൻ ഷൂട്ടർ ഗഗൻ നരാംഗ് നയിക്കുമെന്ന് ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡണ്ട് പി.ടി ഉഷ വ്യക്തമാക്കി. വനിതാ ബോക്സർ മേരി കോമിനെയായിരുന്നു നേരത്തെ സംഘത്തലവയായി നിശ്ചയിച്ചത്. അവർ പിന്മാറിയതിനെ തുടർന്നാണ് ഗഗൻ നരാംഗിനെ പ്രഖ്യാപിച്ചിരിക്കുന്നത്. ബാഡ്മിന്റൺ താരം പി.വി സിന്ധു, ടേബിൾ ടെന്നിസ് താരം ശരത് കമൽ എന്നിവർ താരങ്ങളുടെ മാർച്ച് പാസ്റ്റിൽ ഇന്ത്യൻ പതാക വഹിക്കും. 17 ദിവസം മാത്രമാണ് ഒളിംപിക്സിന് ബാക്കി. ഇത്തവണ ഏറ്റവും മികച്ച സംഘത്തെയാണ് പാരീസിലേക്ക് അയക്കുന്നതെന്ന് പി.ടി ഉഷ വ്യക്തമാക്കി. രാജ്യാന്തര രംഗത്ത് മികവ് തെളിയിക്കാനുള്ള എല്ലാ സംവിധാനങ്ങളും പാരീസിൽ ഒരുക്കുന്നുണ്ട്. അത് താരങ്ങൾ ഉപയോഗപ്പെടുത്തിയാൽ കൂടുതൽ മെഡലുകൾ നേടാനാവുമെന്നും അവർ വ്യക്തമാക്കി

# അങ്കനായകർ

## എംബാപ്പേ

ലോക ഫുട്ബോളിലെ നാളെയുടെ മുൻനിരക്കാരൻ ആരാണ് എന്ന ചോദ്യത്തിനുത്തരം നൽകുന്നവർ ആദ്യം പറയുന്ന താരം കിലിയൻ എംബാപ്പേ എന്ന 24 കാരനാണ്. അദ്ദേഹം നാളെയുടെ താരമല്ല-ഇന്നിന്റെ താരം തന്നെയാണ്. ചെറിയ കരിയറിൽ തന്നെ ലോകകപ്പ് നേട്ടമുണ്ട്. ലോകകപ്പ് റണ്ണേഴ്സ് അപ്പ് ബാഡ്ജുണ്ട്. മെസിക്കും റൊണാൾഡോക്കും ശേഷം ഒരു പക്ഷേ ലോക ഫുട്ബോളിലെ വിലയുള്ള മുൻനിരക്കാരൻ മറ്റാരുമാവില്ല. ഇന്ന് യൂറോ സെമിയിൽ ഫ്രാൻസ് കാര്യമായി പ്രതീക്ഷയർപ്പിക്കുന്നത് ഈ താരത്തിലാണ്. ഫ്രഞ്ച് ലീഗിൽ മൊണോക്കോയിൽ തുടങ്ങി പിന്നെ പി.എസ്.ജിയെ നയിച്ച് പുതിയ സീസണിൽ സ്പാനിഷ് ലാലീഗയിൽ റയൽ മാഡ്രിഡിനായി കളിക്കാൻ പോവുകയാണ് എംബാപ്പേ. ജർമനിയിലെത്തിയ ശേഷം എംബാപ്പേ പതിവ് എംബാപ്പേയായിട്ടില്ല എന്ന സത്യം അദ്ദേഹത്തിന്റെ കളി കാണുന്നവർക്കെല്ലാം അറിയാം. ഓസ്ട്രിയക്കെതിരായ ആദ്യ മൽസരത്തിൽ തന്നെ കാര്യമായി പരുക്കേറ്റു. രണ്ടാം മൽസരത്തിൽ കളിച്ചതുമില്ല. മൂന്നാം മൽസരത്തിൽ കളിച്ചതാവട്ടെ മാസ്ക്കണിഞ്ഞ്. അത് അദ്ദേഹത്തിന്റെ വേഗതയെയും ഷോട്ടുകളെയുമെല്ലാം ബാധിക്കുന്നത് പോലെ. പെനാൽട്ടി ഗോൾ മാത്രമാണ് എംബാപ്പേയുടെ ഇത് വരെയുള്ള സമ്പാദ്യം. എന്നാൽ ഇന്ന് സ്പെയിൻ ഏറെ ഭയപ്പെടുന്നത ഈ താരത്തെ തന്നെ. ഒരു പക്ഷേ ഇന്ന് മാസ്ക്കില്ലാതെ തന്നെയാവാം അദ്ദേഹത്തെ കാണുക. ക്വാർട്ടറിൽ പോർച്ചുഗലിനെതിരായ അങ്കത്തിന്റെ അവസാനത്തിൽ അദ്ദേഹത്തെ കോച്ച് പിൻവലിച്ചു. അധികസമയത്തും ഷൂട്ടൗട്ടിലും പ്രധാനിയെ കൂടാതെ കളിച്ചിട്ടും ഫ്രാൻസിന് ജയിച്ചു കയറാനായി. ബെഞ്ചിലിരുന്ന് ടീമിനെ പ്രചോദിപ്പിച്ച എംബാപ്പേയെ ലോകം കണ്ടതാണ്. ഷൂട്ടൗട്ട് വേളയിൽ ഏറെ ആഹ്ലാദം പ്രകടിപ്പിച്ചതും അദ്ദേഹം തന്നെ.

## യമാൽ

സാമുഹ്യ മാധ്യമങ്ങളിൽ ട്രെൻഡിങായ ഒരു ചിത്രമുണ്ട്. ശൈശവ സമയത്ത് ലാമിനേ യമാലിനെ തലോടുന്ന ലിയോ മെസിയുടെ ചിത്രം. ബാർസിലോണക്കായി മെസി കളിക്കുന്ന കാലമായിരുന്നു അത്. 2007 ലെ ആ ചിത്രത്തിലെ മെസിയെ കണ്ടാൽ തന്നെ അതറിയാം. 20 കാരനാണ് അന്ന് മെസി. ഇന്നിപ്പോൾ ആ യമാൽ പതിനാറുകാരനാണ്. മെസിയുടെ തലോടലിൽ വളർന്ന് ബാർസയിലെത്തി ഇപ്പോൾ സ്പാനിഷ് ദേശീയ സംഘത്തിൽ കസറി കളിക്കുന്ന താരം. ഈ യൂറോ കണ്ടവർ സമ്മതിക്കുന്ന ഒരു സത്യമുണ്ട്-സ്പാനിഷ് വിംഗുകളിൽ യമാലും നികോ വില്ല്യംസും നടത്തുന്ന കുതിപ്പ്. സ്പാനിഷ് സംഘം നിറയെ സൂപ്പർ താരങ്ങളാണ്. എല്ലാ പൊസിഷനുകളിലും മികച്ചവർ. മുമ്പെല്ലാം സ്പെയിൻ ടികി ടാക്കയിൽ പോയപ്പോൾ അവരെ പിടിച്ചു കെട്ടാൻ മറുതന്ത്രങ്ങൾ എളുപ്പമായിരുന്നു. എന്നാൽ പുതിയ കോച്ച് വേഗതയിൽ വിശ്വസിക്കാൻ പ്രധാന കാരണം യമാലും വില്ല്യംസും ഉൾപ്പെടുന്ന കൗമാരക്കാരാണ്. ഇന്ന് ഫ്രാൻസ് പേടിക്കുന്നത് ഈ ജോഡിയെ തന്നെ. ഇടത് വിംഗിൽ വില്ല്യംസും വലത് വിംഗിൽ യമാലുമാവുമ്പോൾ നായകൻ അൽവാരോ മൊറാത്തയുൾപ്പെടയുള്ളവർക്ക് യഥേഷ്ടം പന്ത് ലഭിക്കുന്നു. ബാർസയിൽ യമാലിനൊപ്പം കളിക്കുന്ന ഫ്രഞ്ച് താരം ജൂൾസ് കോണ്ടെ തന്നെ സ്വന്തം ടീമിന് ഇന്നലെ നൽകിയ മുന്നറിയിപ്പ് ശ്രദ്ധേയമാണ്. ഇന്നത്തെ സെമിയിൽ യാമലിനെതിരെ ഫ്രഞ്ച് നിര ജാഗ്രത പാലിക്കാത്തപക്ഷം പ്രശ്നങ്ങൾ ഉറപ്പാണെന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. നിലവിൽ മൂന്ന് അസിസ്റ്റുകളാണ് യമാലിന്റെ പേരിലുള്ളത്. ഇന്ന് അദ്ദേഹം സ്ക്കോർ ചെയ്യണം.

യമാലിന് നല്ല സ്ട്രൈക്കിംഗ് പങ്കാളിയാണ് നിക്കോ വില്ല്യംസ്. ഇരുവരും തമ്മിലുള്ള പരസ്പര ധാരണയാണ് കഴിഞ്ഞ മൽസരങ്ങളില്ലെല്ലാം കാണാനായത്. യമാലിനെ ഫ്രഞ്ച് ഡിഫൻസ് കാര്യമായി മാർക്ക് ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. അപ്പോൾ വില്ല്യംസിനും മൊറാത്തക്കുമെല്ലാം അവസരം ലഭിക്കും. അതവർ ഉപയോഗപ്പെടുത്തിയാൽ സ്പെയിനിന് മുൻത്തൂക്കം ലഭിക്കും. ഇത് വരെ ഗോളില്ല എന്ന കുറവ് നികത്താൻ മെസിയുടെ ശിഷ്യനായാൽ ഫ്രഞ്ച് പ്രതിരോധം വിയർക്കുമെന്ന കാര്യത്തിലും സംശയമില്ല.



'സി.എ.എ നിയമത്തിനെതിരെ നടന്ന സമരങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 835 കേസുകളിൽ 200 ഓളം കേസുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ ഭേദഗതിയുടെ ചട്ടങ്ങൾ പുറപ്പെടുവിച്ചതിനെതിരെ ഈ വർഷം സമരം നടത്തിയവർക്കെതിരെ എട്ടോളം കേസുകൾ വീണ്ടും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൗരത്വ നിയമം സംസ്ഥാനത്ത് നടപ്പിലാക്കില്ലെന്ന് പറഞ്ഞവരാണ് പ്രതിഷേധിക്കുന്നവർക്കെതിരെ വീണ്ടും കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. തിരഞ്ഞെടുപ്പിൽ സി.പി.എം അമ്പേ പരാജയപ്പെട്ടുവെങ്കിൽ അതിനു പ്രധാന കാരണം ഈ സർക്കാരിന്റെ മുസ്‌ലിം മത ന്യൂനപക്ഷങ്ങളോടുള്ള അവഗണന കൂടിയാണ്.'

– മഞ്ഞളാംകുഴി അലി

വലിയ പ്രതീക്ഷ ഉണർത്തിയ ജലജീവൻ മിഷൻ പദ്ധതി ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. വെള്ളം കിട്ടാത്ത ഗുരുതരമായ പ്രതിസന്ധിയിലേക്ക് ഇതു പോകും. വേണ്ടത്ര കേന്ദ്ര ഫണ്ടുള്ള പദ്ധതി, നടപ്പാക്കുന്നതിൽ ഒഴിവു കഴിവ് പറഞ്ഞിട്ട് കാര്യമില്ല. ഫണ്ടില്ലാതെ പദ്ധതി നടപ്പാക്കാൻ കഴിയില്ല. പദ്ധതി നടപ്പാക്കുന്നതിൽ ഒരു മുന്നൊരുക്കവും തയാറെടുപ്പും സർക്കാർ നടത്തിയിട്ടില്ല.

– പി.കെ കുഞ്ഞാലിക്കുട്ടി



## കേരള വാർത്തകൾ

# ജലജീവൻ മിഷനെ സർക്കാർ തട്ടിക്കൂട്ട് പദ്ധതിയാക്കി: പ്രതിപക്ഷം

തിരുവനന്തപുരം: ജല ജീവൻ മിഷൻ കാലാവധി പൂർത്തിയായപ്പോൾ പദ്ധതിയുടെ നാലിലൊന്നുപോലും ചെലവാക്കിയിട്ടില്ലെന്ന് നിയമസഭയിൽ പ്രതിപക്ഷനേതാവ് വി.ഡി സതീശൻ കുറ്റപ്പെടുത്തി. സംസ്ഥാനവിഹിതമായി 4748 കോടി രൂപ മാത്രമാണ് ചെലവാക്കിയത്. ശരിയായ സർവേ നടത്താതെ എസ്റ്റിമേറ്റ് വയ്ക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.

കേരളത്തിലെ കുടിവെള്ള വിതരണരംഗത്ത് അദ്ഭുതകരമായ മാറ്റം ഉണ്ടാക്കേണ്ട പദ്ധതിയാണ് തട്ടിക്കൂട്ട് പദ്ധതിയാക്കി മാറ്റിയത്. വെള്ളം ഇല്ലാതെ വീടുകളിലേക്ക് പൈപ്പ് ഇടുന്നതിലൂടെ എന്ത് ഗുണമാണ് ലഭിക്കുന്നതെന്നും സതീശൻ ചോദിച്ചു. ജല സ്രോതസും ശുദ്ധീകരണശാലകളും പമ്പിങ്ങും ടാങ്കുകളും ഇല്ലാതെയാണ് 20 ലക്ഷം പേർക്ക് കണക്ഷൻ കൊടുത്തിട്ടുണ്ടെന്ന് പറയുന്നത്. വെള്ളം ഇല്ലാതെ കണക്ഷൻ കൊടുത്താൽ പൈപ്പിലൂടെ ശുദ്ധജലമല്ല, ശുദ്ധവായുവാണ് വരുന്നത്. 9000 കോടി ചെലവാക്കിയപ്പോൾ കരാർ കുടിശിക 3281 കോടിയാണ്. നാലിലൊന്നു പോലും ചെലവഴിക്കാത്തപ്പോഴാണ് ഒമ്പത് ശതമാനം കുടിശിക വന്നത്. അപ്പോൾ മുഴുവൻ പദ്ധതി തുകയും ചേർക്കുമ്പോൾ 35 ശതമാനത്തോളമാണ് കരാർ കുടിശിക. ജല സ്രോതസ് കണ്ടെത്തുന്നത് ഉൾപ്പെടെ പദ്ധതിയുടെ 80 ശതമാനത്തോളം പ്രധാനഭാഗങ്ങളൊന്നും നടപ്പാക്കിയിട്ടില്ല.

പദ്ധതി പൂർത്തിയാകണമെങ്കിൽ സംസ്ഥാന സർക്കാർ പതിനയ്യായിരം കോടി നൽകണം. രണ്ടു വർഷം കൊണ്ടാണ് തീർക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ ഈ വർഷം മാത്രം 7500 കോടി നൽകണം. എന്നിട്ടാണ് 550 കോടി ബജറ്റിൽ നീക്കി വച്ചത്. യൂട്ടിലിറ്റി സർട്ടിഫിക്കറ്റും ഓഡിറ്റ് റിപ്പോർട്ടും നൽകിയാൽ മാത്രമെ കേന്ദ്രത്തിൽ നിന്നും മാച്ചിങ് ഗ്രാന്റ് ലഭിക്കൂ. 55000 കിലോമീറ്റർ റോഡ് നന്നാക്കാനുണ്ടെന്നാണ് മന്ത്രി സമ്മതിക്കുന്നത്.

നിരന്തരമായി യോഗങ്ങൾ നടക്കുന്നതല്ലാതെ പരിഹാരമൊന്നുമില്ല. ഇത്രയും പൈപ്പും കണക്ഷനും കിട്ടിയിട്ടും സ്രോതസോ പദ്ധതികളോ ഇല്ലാത്തതിനാൽ വെള്ളമില്ല. നിലവിലുള്ള പദ്ധതികളിൽ നിന്നു തന്നെയാണ് കണക്ഷൻ നൽകിയിരിക്കുന്നത്. നിലവിലുള്ള പ്രോജക്ടുകളിൽ നിന്ന് തന്നെ വെള്ളമെടുത്ത് കേരളത്തിലെ ശുദ്ധജല വിതരണ സംവിധാനം മുഴുവൻ അപകടകരമായ നിലയിലേക്ക് പാളിപ്പോകുന്നതിൽ സർക്കാരിന് മറുപടിയോ പരിഹാരമോ ഇല്ലെന്നും സതീശൻ കുറ്റപ്പെടുത്തി.

## ജലജീവൻ മിഷൻ പദ്ധതി അവതാളത്തിൽ

# സഭ വിട്ടിറങ്ങി പ്രതിപക്ഷം

### കേന്ദ്ര ഫണ്ട് ലാപ്സാക്കിയെന്ന് അനൂപ് ജേക്കബ്

### പദ്ധതി സ്തംഭനാവസ്ഥയിലെന്ന് പി.കെ കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിലെ സർക്കാർ അനാസ്ഥയിൽ, കടുത്ത പ്രതിഷേധം അറിയിച്ച് പ്രതിപക്ഷം. പദ്ധതി നടത്തിപ്പിലെ കെടുകാര്യസ്ഥത സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം സർക്കാർ നിരസിച്ചതിനെതുടർന്ന് പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി. സമ്പൂർണ്ണ കുടിവെള്ള പദ്ധതിയായ ജലജീവൻ പദ്ധതി സർക്കാരിന്റെ അനാസ്ഥകൊണ്ടും അരാജകത്വം കൊണ്ടും ഇല്ലാതായികൊണ്ടിരിക്കുന്നുവെന്ന് അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയ അനൂപ് ജേക്കബ് കുറ്റപ്പെടുത്തി. പുതിയ കണക്ഷൻ ലഭിച്ച 6 ലക്ഷം പേർക്ക് ടാപ്പുതുറന്നാൽ വെള്ളം കിട്ടുന്നില്ല.

പദ്ധതി വിപുലീകരിക്കാതെ പുതിയസ്രോതസ് കണ്ടെത്താതെ അനാസ്ഥകാട്ടി. യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ കേന്ദ്ര ഫണ്ട് ലാപ്സായി പോയെന്നും അനൂപ് ജേക്കബ് കുറ്റപ്പെടുത്തി. പദ്ധതികൾ വിപുലീകരിക്കാതെ വെള്ളം വിതരണം ഫലപ്രദമാകില്ല. അർഹതപ്പെട്ട തുക കൂടുതൽ വാങ്ങിച്ചെടുക്കാൻ കഴിഞ്ഞില്ല. 2024 മാർച്ചിൽ ഈ പദ്ധതി അവസാനിച്ചു. 1949.36 കോടി രൂപ ഈ പദ്ധതി തുടരുന്നതിന് വേണ്ടി കേന്ദ്രം നൽകിയിട്ടുണ്ടെന്നും അനൂപ് ജേക്കബ് പറഞ്ഞു.

കേന്ദ്ര ഫണ്ട് ലാപ്സായിട്ടില്ലെന്നും കേന്ദ്ര വിഹിതത്തിനൊപ്പം സംസ്ഥാന വിഹിതവുമായാണ് പദ്ധതി മുന്നോട്ട് പോകുന്നതെന്നും അടിയന്തര പ്രമേയ നോട്ടിസിന് മറുപടിയായി മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. കേന്ദ്ര വിഹിതം തടഞ്ഞത് സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ പൊതുവായി ബാധിച്ചു.

ജല ജീവൻ മിഷനെയും ഇതു ബാധിച്ചുവെന്നും മന്ത്രി വിശദീകരിച്ചു. 1,04,000 കിലോമീറ്റർ റോഡുകൾ പദ്ധതിയുടെ ഭാഗമായി പൊളിക്കേണ്ടി വന്നു. 3200 കിലോമീറ്റർ ദൂരമാണ് ദേശീയപാത പദ്ധതിയുടെ ഭാഗമായി പൊളിക്കേണ്ടി വന്നത്. കേന്ദ്ര സർക്കാർ ഇതിന് തുക കൈമാറിയില്ല. അത് പഞ്ചായത്തുകൾ വഹിക്കണമെന്ന് നിർദേശിച്ചുവെന്നും മന്ത്രി റോഷി അഗസ്റ്റിൻ വ്യക്തമാക്കി. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ചായിരുന്നു പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്.

സർവേ നടത്താതെയാണ് സംസ്ഥാന സർക്കാർ പദ്ധതിയെ സമീപിച്ചതെന്നും ഗൂഗിൾ മാപ്പിങ് നടത്തിയാണ് പദ്ധതി നടപ്പാക്കുന്നതെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വാക്കൗട്ട് പ്രസംഗത്തിൽ കുറ്റപ്പെടുത്തി. 33 പദ്ധതികൾ സർക്കാർ അനാസ്ഥ കാരണമില്ലാതായി. നടക്കുന്ന പദ്ധതികൾ ഭാഗികമായി തടസപ്പെട്ടു. വെള്ളം കിട്ടാത്ത ഗുരുതരമായ പ്രതിസന്ധിയിലേക്ക് ഇതു പോകും. മൂന്നുകൊല്ലം മുമ്പ് കുഴിച്ച റോഡ് ശരിയാക്കാനുള്ള പണം ഇപ്പോൾ നൽകാമെന്നാണ് മന്ത്രി പറയുന്നതെന്നും പ്രതിപക്ഷ നേതാവ് പരിഹസിച്ചു.

വലിയ പ്രതീക്ഷ ഉണർത്തിയ പദ്ധതി ഇപ്പോൾ സ്തംഭനാവസ്ഥയിലാണെന്ന് മുസ്‌ലിം ലീഗ് നിയമസഭ കക്ഷി നേതാവ് പി.കെ കുഞ്ഞാലിക്കുട്ടി കുറ്റപ്പെടുത്തി. വേണ്ടത്ര കേന്ദ്ര ഫണ്ടുള്ള പദ്ധതി, നടപ്പാക്കുന്നതിൽ ഒഴിവുകഴിവ് പറഞ്ഞിട്ട് കാര്യമില്ല.

ഫണ്ടില്ലാതെ പദ്ധതി നടപ്പാക്കാൻ കഴിയില്ല. പദ്ധതി നടപ്പാക്കുന്നതിൽ ഒരു മുന്നൊരുക്കവും തയാറെടുപ്പും സർക്കാർ നടത്തിയില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

## ഉത്തരവുകൾ പാസാക്കുന്നതിന് ഹൈക്കോടതി മാർഗ നിർദേശം

കൊച്ചി: ഉത്തരവുകൾ പാസാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഹൈക്കോടതി. പൂർത്തിയായിട്ടുള്ള വിഷയങ്ങളിൽ അധികാരികൾ ഉത്തരവുകൾ പാസാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനാണ് മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. അപ്പീലുകളിലും റിവിഷനുകളിലും മറ്റ് നിയമപരമായ നടപടികളിലും വാദം അവസാനിപ്പിച്ച് 30 ദിവസത്തിനകം ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് കോടതി നിർദ്ദേശിച്ചു.

ഒരു മാസത്തിന് ശേഷം ഉത്തരവ് പാസാകുകയാണെങ്കിൽ, ഉത്തരവിൽ കാലതാമസത്തിന്റെ കാരണം രേഖപ്പെടുത്തണം. കൂടാതെ, മൂന്ന് മാസത്തേക്ക് ഉത്തരവൊന്നും പാസാക്കിയില്ലെങ്കിൽ, അതോറിറ്റി കക്ഷികളെ വീണ്ടും വാദം കേൾക്കണം. 6 മാസത്തിനുള്ളിൽ ഉത്തരവുകളൊന്നും പാസാക്കിയില്ലെങ്കിൽ, ആ കാരണത്താൽ മാത്രം ഓർഡറുകൾ മാറ്റിവയ്ക്കാം.

ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഒരു ചട്ടം/മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് വരെ ഈ മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് ചോദ്യം ചെയ്തുള്ള ഹർജി പരിഗണിക്കവെയാണ് ജസ്റ്റിസ് പി.വി.കുഞ്ഞികൃഷ്ണന്റെ നിരീക്ഷണം. വാദം പൂർത്തിയായതിന് ശേഷം ഉത്തരവ് പുറപ്പെടുവിക്കാൻ അതോറിറ്റി 6 മാസത്തിലധികം സമയമെടുത്തതായി കോടതി ചൂണ്ടിക്കാട്ടി.

## സപ്ലൈകോ സി.എം.ഡി ശ്രീറാം വെങ്കിട്ടരാമനെ മാറ്റി

തിരുവനന്തപുരം: അവശ്യവസ്തുക്കളുടെ ലഭ്യത കുറവുകാരണം പഴി കേൾപ്പിക്കുന്ന സപ്ലൈകോ സി.എം.ഡി സ്ഥാനത്തുനിന്ന് ശ്രീറാം വെങ്കിട്ടരാമനെ മാറ്റി. ശ്രീറാമിനുപകരം ടൂറിസം ഡയറക്ടർ പി.ബി നൂഹിനെ നിയമിച്ചു. ശ്രീറാമിന് പുതിയ നിയമനം നൽകിയിട്ടില്ല.കെ.ടി.ഡി.സി എം.ഡിയും ആരോഗ്യകുടുംബക്ഷേമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുമായ ശിഖ സുരേന്ദ്രനാണ് പുതിയ ടൂറിസം ഡയറക്ടർ. കെ.ടി.ഡി.സി എം.ഡി സ്ഥാനവും വഹിക്കും. എറണാകുളം ജില്ലാ വികസന കമ്മിഷണർ എം.എസ് മാധവിക്കുട്ടിയെ ആരോഗ്യകുടുംബക്ഷേമ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയാക്കി. ഫോർട്ട് കൊച്ചി സബ് കലക്ടർ കെ.മീരയ്ക്കാണ് എറണാകുളം ജില്ലാ വികസന കമ്മിഷണറുടെ അധിക ചുമതല. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് സി.ഇ.ഒ ഷാജി വി.നായർക്കു വൈറ്റില മൊബിലിറ്റി ഹബ് എം.ഡിയുടെ അധികച്ചുമതലയും നൽകി.

# അട്ടപ്പാടിയിൽ ഭവന നിർമ്മാണ തട്ടിപ്പിനിരയായവർക്ക് വീട് നിർമ്മിച്ചു നൽകണം: എൻ ഷംസുദ്ദീൻ

തിരുവനന്തപുരം: അട്ടപ്പാടി ഭൂതിവഴി ഊരിൽ ഭവന നിർമ്മാണ തട്ടിപ്പിനിരയായവർക്ക് വീട് നിർമ്മിച്ചു നൽകണമെന്ന് എൻ ഷംസുദ്ദീൻ നിയമസഭയിൽ സബ്മിഷനിലൂടെ ആവശ്യപ്പെട്ടു.

മണ്ണാർക്കാട് അഗളി ഗ്രാമപഞ്ചായത്തിലെ അട്ടപ്പാടി ഭൂതിവഴി ഊരിലെ ഏഴ് ആദിവാസി കുടുംബങ്ങൾ 2016 ൽ ഭവന നിർമ്മാണ തട്ടിപ്പിന് ഇരയായതിനെ തുടർന്ന് ഇപ്പോഴും ഇവർ നിയമ പോരാട്ടം നടത്തിവരികയാണ്.

ഇവരുടെ വീട് പണി നടന്നുവരവേ ഓരോ ഘട്ടത്തിലും ഐ.ടി.ഡി.പിയിൽ നിന്നും ഏഴുപേരുടെയും ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകിയ 3,77,500രൂപ വീതം കരാറുകാർ വാങ്ങിയെടുക്കുകയും വാസയോഗ്യമല്ലാത്ത പണി പൂർത്തിയാകാത്തതുമായ വീടുകൾ നിർമ്മിച്ച് ഇവർക്ക് നൽകുകയുമാണ് ചെയ്തത്. വീടുകൾ വാസയോഗ്യമല്ലാതായതിനെ തുടർന്ന് തട്ടിപ്പിനിരയായ ആദിവാസി കുടുംബങ്ങൾ കേസ് കൊടുത്തതിനെ തുടർന്ന് കരാറുകാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തെങ്കിലും നടപടിക്രമങ്ങൾ ഇഴഞ്ഞു നീങ്ങുകയാണ്.

കരാറുകാരുടെ തട്ടിപ്പിനിരയായവർക്ക് ഇപ്പോൾ താമസിക്കാൻ വീടില്ല. മഴയും വെയിലും കൊണ്ടാണ് കഴിഞ്ഞുകൂടുന്നത്. ഈ സാഹചര്യത്തിൽ തട്ടിപ്പിനിരയായവർക്ക് വീട് നിർമ്മിച്ച നൽകുവാൻ പട്ടിക വർഗ വികസന വകുപ്പ് നടപടി സ്വീകരിക്കണമെന്നും കേസിന്റെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പട്ടിക വർഗ വികസന വകുപ്പിന്റെ ഭവന പുനരുദ്ധാരണ പദ്ധതി ഉൾപ്പെടുത്തി വീടുകളുടെ മേൽക്കൂരയുടെ ചോർച്ച പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി ഒ.ആർ കേളു ഇതിന് മറുപടി നൽകി.

# കാർഡില്ലാതെ കൺസെഷൻ: ചോദ്യംചെയ്ത ബസ് കണ്ടക്ടർക്ക് ക്രൂരമർദനം



കൺസെഷൻ ചോദിച്ച വിദ്യാർഥിനിയെ ചോദ്യംചെയ്ത ബസ് കണ്ടക്ടറെ മർദ്ദിക്കുന്നു

കോട്ടയം: യൂണിഫോമും കാർഡുമില്ലാതെ കൺസെഷൻ ചോദിച്ച വിദ്യാർഥിനിയെ ചോദ്യംചെയ്ത ബസ് കണ്ടക്ടർക്ക് വിദ്യാർഥിനിയുടേയും കുടുംബത്തിന്റെയും ക്രൂരമർദനം. കഴിഞ്ഞ വ്യാഴാഴ്ച വൈകിട്ട് കോട്ടയം മാളികക്കടവ് കോളനി റൂട്ടിൽ ഓടുന്ന തിരുനക്കര ബസിലാണ് സംഘം ചേർന്ന് കണ്ടക്ടറെ മർദ്ദിച്ച സംഭവം. എസ്.ടി ടിക്കറ്റ് ആവശ്യപ്പെട്ട വിദ്യാർത്ഥിനിയോട് കണ്ടക്ടർ കൺസഷൻ കാർഡ് ആവശ്യപ്പെട്ടു.

എന്നാൽ യൂണിഫോമും, കാർഡോ ഇല്ലാത്ത വിദ്യാർത്ഥിനിക്ക് താക്കീത് നൽകി കണ്ടക്ടർ കൺസഷൻ അനുവദിച്ചു. ബസിൽ നിന്ന് ഇറങ്ങി ഒരു മണിക്കൂറിന് ശേഷം ബന്ധുക്കൾക്കൊപ്പമെത്തി ബസ് തടഞ്ഞ് നിർത്തി കണ്ടക്ടറെ മർദിക്കുകയായിരുന്നു. കണ്ടക്ടർ പ്രദീപിനാണ് മർദനമേറ്റത്. ഹെൽമെറ്റ് കൊണ്ടുള്ള അടിയിൽ പ്രദീപിന്റെ തല പൊട്ടി പരിക്കേറ്റിട്ടുണ്ട്.

കണ്ടക്ടർ പറയുന്നതിങ്ങനെയാണ്: എസ് .ടി ടിക്കറ്റാണെന്ന് പറഞ്ഞ് രണ്ടു രൂപ തന്നു, ഐ.ഡി കാർഡ് ചോദിച്ചപ്പോൾ അതൊന്നും കിട്ടിയില്ലെന്ന് പറഞ്ഞു. യൂണിഫോം ധരിച്ചിരുന്നില്ല. നാളെ മുതൽ ഇങ്ങനെ അനുവദിക്കാനാവില്ലെന്ന് കണ്ടക്ടർ പറഞ്ഞു.

തുടർന്ന് പെൺകുട്ടി സ്റ്റോപ്പിൽ ഇറങ്ങി. ബസ് തിരിച്ചുവരുമ്പോൾ 40 ഓളം പേർ ബസ് തടഞ്ഞു. പെൺകുട്ടിയും നാലുപേരും ബസിനുള്ളിൽ കയറി മർദിക്കുകയായിരുന്നു-ബസ് കണ്ടക്ടർ പ്രദീപ് പറഞ്ഞു. പെൺകുട്ടിയേയും കൊണ്ട് അടിപ്പിച്ചു. തന്റെകൂടെ ഇരുന്നിരുന്ന മകനും മർദനമേറ്റതായി പ്രദീപ് പറഞ്ഞു.

തന്റെ മൊഴി പൂർണമായും പൊലീസ് രേഖപ്പെടുത്തിയില്ലെന്നും പ്രദീപ് ആരോപിച്ചു. മകന് മർദനമേറ്റ കാര്യവും ബാഗിൽനിന്ന് പണംപോയ കാര്യവും മൊഴി നൽകിയിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കെ ബാബുവിന്റെ വിജയം ശരിവച്ച ഹൈക്കോടതി വിധി മികച്ചതെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: തൃപ്പൂണിത്തുറ തിരഞ്ഞെടുപ്പ് കേസിൽ യു.ഡി.എഫ് പ്രതിനിധി കെ. ബാബുവിന്റെ വിജയം ശരിവച്ച ഹൈക്കോടതി വിധി മികച്ചതെന്ന് സുപ്രീംകോടതി.

ഹൈക്കോടതി വിധി പൂർണമായും താൻ വായിച്ചുവെന്നും അതിൽ എന്താണ് പിഴവെന്ന് പറഞ്ഞു തരാൻ കഴിയുമോ എന്നും ബെഞ്ചിന് നേതൃത്വം നൽകിയ ജസ്റ്റിസ് സൂര്യകാന്ത് ആരാഞ്ഞു. വിധി എഴുതിയ ജഡ്ജിയെ അഭിനന്ദിക്കുന്നതായും തെറ്റായ ഒരു പാരഗ്രാഫ് എങ്കിലും കാണിച്ചു തരാൻ കഴിയുമോ എന്നും സി.പി.എം സ്ഥാനാർത്ഥിയായിരുന്ന എം സ്വരാജിനു വേണ്ടി ഹാജരായ അഭിഭാഷകനോട് കോടതി ചോദിച്ചു. കെ ബാബുവിന്റെ തിരഞ്ഞെടുപ്പ് വിജയം ശരിവെച്ച ഹൈക്കോടതി വിധിക്കെതിരെ എം സ്വരാജ് സമർപ്പിച്ച അപ്പീൽ പരിഗണിക്കവെയായിരുന്നു സുപ്രീംകോടതിയുടെ വാക്കാൽ പരാമർശം. അതേസമയം വിധിയുടെ ആദ്യ 50 പേജ് വരെ മാത്രമേ മികച്ചതുള്ളൂവെന്നായിരുന്നു സ്വരാജിന്റെ അഭിഭാഷകന്റെ പ്രതികരണം. ഹർജി ഫയലിൽ സ്വീകരിച്ച കോടതി, കെ ബാബുവിന് നോട്ടീസ് അയച്ചു. ജസ്റ്റിസുമരായ സൂര്യകാന്ത്, ഉജ്ജ്വൽ ഭുയാൻ എന്നിവരുൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. വിധി മികച്ചതാണെന്ന അഭിപ്രായത്തോട് ഭാഗികമായി യോജിക്കുന്നു എന്നായിരുന്നു സ്വരാജിനു വേണ്ടി ഹാജരായ അഡ്വ. പി.വി ദിനേശിന്റെ പ്രതികരണം. യോജിപ്പ് ആദ്യ 50 പേജിൽ ഒതുങ്ങും. വിധിയിൽ അംഗീകരിച്ച ഭാഗം പരിശോധിച്ചാൽ പോലും അവ ജനപ്രാതിനിധ്യ നിയമത്തിന് എതിരാണെന്നും അദ്ദേഹം വാദിച്ചു.

## ന്യൂനപക്ഷ വിരുദ്ധ പ്രചാരണം

# സർക്കാറിന്റേത് കുറ്റകരമായ മൗനം – മഞ്ഞളാംകുഴി അലി

തിരുവനന്തപുരം: മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കെതിരെ സംസ്ഥാനത്ത് നടക്കുന്ന വിദ്വേഷ പ്രചരണങ്ങളിൽ സംസ്ഥാന സർക്കാരിന്റേത് കുറ്റകരമായ മൗനമെന്ന് മഞ്ഞളാംകുഴി അലി. ഇടതു സർക്കാരിന്റെ ന്യൂനപക്ഷ സ്നേഹം വാക്കുകളിൽ മാത്രമാണെന്നും അദ്ദേഹം നിയമസഭയിൽ കുറ്റപ്പെടുത്തി.

പട്ടികജാതി/പട്ടിക വർഗ, ന്യൂനപക്ഷക്ഷേമ വകുപ്പുകളുടെ ധനാഭ്യാർത്ഥ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന് പുറത്ത് വ്യാപകമായി മുസ്‌ലിം ന്യൂനപക്ഷം ശാരീരികമായി ആക്രമിക്കപ്പെടുകയും അവരുടെ സ്വത്തുക്കൾ നശിപ്പിക്കപ്പെടുകയുമാണ് ചെയ്യുന്നതെങ്കിൽ, കേരളത്തിൽ അവരുടെ ആത്മാഭിമാനത്തിന് ക്ഷതം വരുത്തുന്ന രൂപത്തിൽ സമുദായ നേതാക്കന്മാരും ഇടത് സർക്കാരും അനവസരത്തിൽ അപഹസിക്കുകയാണ്. ന്യൂനപക്ഷങ്ങൾ രണ്ടാംകിട പൗരന്മാരാകുമെന്ന എൽ.ഡി.എഫിന്റെ തിരഞ്ഞെടുപ്പ് പരസ്യം തന്നെ ന്യൂനപക്ഷങ്ങളുടെ ആത്മാഭിമാനത്തിന് നേരെയുള്ള അപഹസിക്കലായിരുന്നു.

ജനസംഖ്യയിൽ 27 ശതമാനമുള്ള മുസ്‌ലിം ന്യൂനപക്ഷത്തിന് സർക്കാർ സർവീസിലുള്ള പ്രാതിനിധ്യം വെറും 13 ശതമാനം മാത്രമാണ്. എന്നിട്ടും അനർഹമായ എന്തൊക്കെയോ സംസ്ഥാന സർക്കാർ വാരിക്കോരി കൊടുത്തു പ്രീണിപ്പിക്കുകയാണെന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ, സർക്കാരിന്റെ ചെല്ലും ചെലവിലും പ്രവർത്തിക്കുന്ന കേരള നവോത്ഥാന സമിതിയുടെ തലപ്പത്തിരിക്കുന്നവർ ഉൾപ്പടെ നടത്തുന്നു. ഈ അസത്യ പ്രചരണത്തിന്റെ വസ്തുത പൊതുസമൂഹത്തിനെ ബോധ്യപ്പെടുത്തേണ്ട കടമ സർക്കാരിന്റേതാണ്. കോഴിക്കോട് മാൻഹോൾ ദുരന്തത്തിൽ രക്ഷാപ്രവർത്തനം നടത്തുമ്പോൾ മരണപ്പെട്ട നൗഷാദിനെതിരെയുള്ള വാക്കുകൾ മതേതര കേരളം എങ്ങനെ മറക്കുമെന്ന് ചോദിച്ച അദ്ദേഹം, ഇത്തരം ഘട്ടത്തിലൊക്കെ കുറ്റകരമായ മൗനമാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് കുറ്റപ്പെടുത്തി.

മുസ്‌ലിം സമുദായത്തെ കുറിച്ച് ആരെങ്കിലും തെറ്റിദ്ധാരണ പരത്തുന്നുണ്ടെങ്കിൽ അത് യഥേഷ്ടം നടക്കട്ടേ എന്നാണ് സർക്കാരിന്റെ സമീപനം. മദ്രസ അധ്യാപകർക്ക് സർക്കാർ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നുവെന്ന തെറ്റായ ആരോപണം നേരത്തെ ഉയർന്നിരുന്നു. എന്നാൽ പള്ളി കമ്മിറ്റികൾ പിരിച്ചു നൽകുന്ന വളരെ തുച്ഛമായ തുകയാണ് ഇവരിൽ പലർക്കും ലഭിയ്ക്കുന്നതെന്നതാണ് യാഥാർത്ഥ്യം.

അതുപോലെ ന്യൂനപക്ഷങ്ങൾക്ക് പൊതുവായുള്ള പദ്ധതികളിലല്ല, മറിച്ച് സച്ചാർ കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾക്കുവേണ്ടിയുള്ള പദ്ധതികളിലായിരുന്നു 80:20 എന്ന അനുപാതം നിശ്ചയിച്ചതെന്നുള്ള വസ്തുതയും പൊതുസമൂഹത്തെയും കോടതിയെയും ശരിയായി ധരിപ്പിക്കാൻ സർക്കാർ ശ്രമിച്ചില്ല. ഇത്തരം അവസരങ്ങളിൽ സർക്കാർ കാണിക്കുന്ന ബോധപൂർവ്വമായ മൗനം, അർഹമായത് മുസ്‌ലിം വിഭാഗത്തിന് നഷ്ടമാകാൻ ഇടയാക്കുന്നു എന്നതുപോലെ അനർഹമായി എന്തൊക്കെയോ നേടുന്നു എന്ന തോന്നലും സൃഷ്ടിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി 2016 മുതൽ 2023-24 വരെ 708 കോടി രൂപ ബജറ്റിൽ വകയിരുത്തിയതിൽ 244 കോടി രൂപയും ലാപ്സായി എന്നാണ് സർക്കാർ തന്നെ നൽകിയിട്ടുള്ള കണക്ക്. 2023-24 ൽ വെറും 55 ശതമാനം മാത്രമാണ് വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ ചെലവഴിച്ചത്.

വഖഫ് ബോർഡ് വഴി നിർധനരായ യുവതികളുടെ വിവാഹധനസഹായമായി പരമാവധി 10,000 രൂപ അനുവദിക്കുന്നതിനുള്ള പദ്ധതിയിൽ അപേക്ഷിച്ചാൽ കല്യാണം കഴിഞ്ഞ് പേരക്കുട്ടിയായാൽ പോലും സഹായം ലഭിക്കാത്തത്രയും കാലതാമസമാണെന്നും അദ്ദേഹം പരിഹസിച്ചു.

# പക്ഷിപ്പനി: സംസ്ഥാനത്തിന് പുറത്തു നിന്ന് രോഗബാധ ഉണ്ടായിട്ടില്ലെന്ന് വിദഗ്ധ സമിതി

തിരുവനന്തപുരം: പക്ഷിപ്പനി സംബന്ധിച്ചു പഠനം നടത്തുന്നതിന് സംസ്ഥാന സർക്കാർ നിയോഗിച്ച സംഘം റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ നിർദേശങ്ങളുടെ പ്രായോഗിക വശങ്ങൾ വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് മൃഗസംരക്ഷണ മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ധരെയും വെറ്ററിനറി സർവകലാശാലയിലെ ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തിയായിരുന്നു സർക്കാർ വിദഗ്ധ സംഘം രൂപീകരിച്ചത്.

ദേശാടന പക്ഷികളിൽ നിന്നും അസുഖം ബാധിച്ച പക്ഷികളെ മറ്റു സ്ഥലങ്ങളിലേക്ക് മാറ്റിയതിലൂടെയും ഇവയുടെ വിൽപനയിലൂടെയും അസുഖം പടർന്നിരിക്കാമെന്നാണ് സംഘത്തിന്റെ കണ്ടെത്തൽ. പക്ഷിപ്പനി ബാധിച്ചു മരിച്ച പക്ഷികളുടെ അവശിഷ്ടങ്ങളും തീറ്റയും കാഷ്ഠവുമുൾപ്പെടെയുള്ള മറ്റു വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കാത്തത് മൂലം അവയിൽ നിന്ന് മറ്റ് പറവകളിലേക്ക് വ്യാപിച്ചിട്ടുണ്ട്. ചേർത്തല, തണ്ണീർമുക്കം ഇന്റഗ്രേഷൻ ഫാമുകളിലെ സൂപ്പർവൈസർമാരുടെ ഒരു ഫാമിൽ നിന്ന് മറ്റൊന്നിലേക്കുള്ള അനിയന്ത്രിതമായ സഞ്ചാരവും അസുഖം പടരുന്നതിന് കാരണമായിട്ടുണ്ട്. രോഗം ബാധിച്ച കാക്കകൾ മുഖേനയും പക്ഷിപ്പനി പടർന്നിരിക്കാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. സംസ്ഥാനത്തിന് പുറത്തുനിന്ന് രോഗബാധ ഉണ്ടായിട്ടില്ലെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വരുന്ന മുട്ടകളിലും പക്ഷി കുഞ്ഞുങ്ങളിലും പക്ഷിപ്പനി വൈറസിന്റെ സാന്നിധ്യം സ്ഥിരീകരിക്കുന്നതിനുള്ള സ്ക്രീനിങ് നടത്തണം. പന്നിഫാമുകളിൽ കർശന നിരീക്ഷണവും പരിശോധനയും ഉണ്ടാവണം. ഓരോ നാലുമാസം കൂടുമ്പോഴും സർക്കാർ സ്വകാര്യ കോഴി വളർത്തൽ കേന്ദ്രങ്ങളിൽ കർശന നിർബന്ധിത ബയോ സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തണം. ഒരു താറാവു വളർത്തൽ കേന്ദ്രത്തിൽ 3000 മുതൽ 5000 വരെ എണ്ണത്തിനെ മാത്രം വളർത്താൻ അനുമതി നൽകുക. ഒരു പഞ്ചായത്തിലെ ഭൂവിസ്തൃതിക്ക് അനുസൃതമായി ആ പ്രദേശത്തു ഉൾക്കൊള്ളാൻ കഴിയുന്ന താറാവുകളുടെ എണ്ണവും നിജപ്പെടുത്തണം. അംഗീകൃത അറവുശാലകൾക്ക് മാത്രം കോഴി, താറാവ് ഇറച്ചി സംസ്കരണത്തിന് ലൈസൻസ് നൽകണം. കോഴി, താറാവ് ഫാമുകളുടെ അവശിഷ്ടങ്ങളും മറ്റും തോടുകളിലേക്കും കായലിലേക്കും തള്ളുന്നത് നിരോധിക്കണമെന്നും റിപ്പോർട്ടിൽ നിർദേശിക്കുന്നു.

## മനുഷ്യരിലേക്ക് പടരാൻ സാധ്യത ഏറെയെന്ന് ആരോഗ്യമന്ത്രി



തിരുവനന്തപുരം: പക്ഷിപ്പനി മനുഷ്യരിലേക്ക് പടരാനുള്ള സാദ്ധ്യത ഏറെയാണെന്ന് ആരോഗ്യമന്ത്രി മന്ത്രി വീണാ ജോർജ്. അടുത്ത ഒരു മഹാമാരി ഇതുമായി ബന്ധപ്പെട്ടാകാമെന്ന മുന്നറിയിപ്പ് ആരോഗ്യവിദഗ്ധർ നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ പക്ഷിപ്പനി മൂലം മരണപ്പെട്ട പക്ഷികളെ കൈകാര്യം ചെയ്യുന്നവർക്ക് കർശനമായ മാർഗനിർദ്ദേശം പുറത്തിറക്കിയിട്ടുണ്ടെന്നും മന്ത്രി നിയമസഭയിൽ വിശദീകരിച്ചു.

സംസ്ഥാനത്ത് വർഷംതോറും ഉണ്ടാകുന്ന പക്ഷിപ്പനി തടയുന്നതിനുള്ള വിദഗ്ധ സമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും അതിന്റെ ഭാഗമായി വാക്സിനേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പി. പ്രസാദ് അറിയിച്ചു. സി.കെ ആശയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു ഇരുവരും. പക്ഷിപ്പനി നിർണ്ണയത്തിനുള്ള സംവിധാനം ഇന്ന് കേരളത്തിലില്ലെന്ന് മന്ത്രി പി. പ്രസാദ് വ്യക്തമാക്കി. മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള ചില ലാബുകളെ ഈ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള അനുമതി കേന്ദ്രത്തോട് തേടിയിട്ടുണ്ട്. അത് ലഭിക്കുന്നതോടെ രോഗനിർണ്ണയം ഇവിടെ തന്നെ നടത്താനാകും. ആലപ്പുഴ, കോട്ടയം പത്തനംതിട്ട ജില്ലകളിലായി നിലവിൽ 37 പ്രഭവകേന്ദ്രങ്ങളാണുള്ളത്. എച്ച്1 എൻ1 വൈറസിന്റെ വകഭേദമാണ് ഈ വർഷത്തെ രോഗത്തിന് കാരണം. രോഗം കാരണം കൊല്ലപ്പെടുന്ന പക്ഷികൾക്കുള്ള നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നുണ്ട്. ഫെബ്രുവരിവരെയുള്ള നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവനൽകുന്നതിനുള്ള നടപടിസ്വീകരിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ഗൾഫ് ചന്ദ്രിക

## കരുവന്നൂർ: രേഖകൾ ക്രൈംബ്രാഞ്ചിന് കൈമാറാൻ ഹൈക്കോടതി ഉത്തരവ്

കൊച്ചി: കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസുമായി ബന്ധപ്പെട്ടു എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) പിടിച്ചെടുത്ത രേഖകൾ ക്രൈംബ്രാഞ്ച് അന്വേഷണ സംഘത്തിന് കൈമാറാൻ ഹൈക്കോടതി ഉത്തരവിട്ടു. അന്വേഷണത്തിന്റെ ഭാഗമായി ശാസ്ത്രീയ പരിശോധനയ്ക്കായി ഇ.ഡി പി.എം.എൽ.എ കോടതിയിൽ സമർപ്പിച്ച ചില രേഖകൾ ആവശ്യപ്പെട്ട് ക്രൈംബ്രാഞ്ച് സമർപ്പിച്ച ഹർജി തീർപ്പാക്കുന്നതിനിടെയാണ് ജസ്റ്റിസ് കെ.ബാബു ഇതു സംബന്ധിച്ച് ഉത്തരവിട്ടത്. തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബ് ഡയറക്ടർ, തൃശൂർ റീജണൽ ഫോറൻസിക് സയൻസ് ലാബ് ജോയിന്റ് ഡയറക്ടർ, സംസ്ഥാന ഫിംഗർപ്രിന്റ് ബ്യൂറോ ഡയറക്ടർ എന്നിവരോട് രേഖകൾ ലഭിച്ച് രണ്ട് മാസത്തിനകം ശാസ്ത്രീയ പരിശോധന പൂർത്തിയാക്കണമെന്നും ബെഞ്ച് നിർദേശിച്ചു. നേരത്തെ ഇതേ ഇളവ് ആവശ്യപ്പെട്ട് ക്രൈംബ്രാഞ്ച് പി.എം.എൽ.എ കോടതിയെ സമീപിച്ചിരുന്നെങ്കിലും ഹർജി തള്ളിയിരുന്നു. തുടർന്ന്, അവർ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. ക്രൈംബ്രാഞ്ച് പ്രവചനാതീതമായ കുറ്റകൃത്യം അന്വേഷിക്കുകയാണെന്നും ഇ.ഡി പിടിച്ചെടുത്ത രേഖകൾ റീജിയണൽ ഫോറൻസിക് ലബോറട്ടറിയിലും ഫിംഗർപ്രിന്റ് ബ്യൂറോയിലും ഫോറൻസിക് പരിശോധനയ്ക്ക് ആവശ്യമാണെന്നും ഹർജിയിൽ വ്യക്തമാക്കിയിരുന്നു. എഫ്.എസ്.എൽ വിദഗ്ധരുടെ സഹായത്തോടെ ഒപ്പുകളും മറ്റ് പ്രസക്തമായ വിശദാംശങ്ങളും പരിശോധിക്കാൻ ഒറിജിനൽ രേഖകൾ ആവശ്യമാണെന്ന് ക്രൈംബ്രാഞ്ച് വ്യക്തമാക്കി. ശാസ്ത്രീയ പരിശോധനയ്ക്കായി 90 രേഖകൾ കൈമാറാൻ അവർ പ്രത്യേകം അഭ്യർത്ഥിച്ചു.



### പ്രാർത്ഥനകൾക്ക് അറുതി

## കടലിൽ കാണാതായ മുഹമ്മദ് ഷാഫിയുടെ മൃതദേഹം കണ്ടെത്തി



വടകര: അഴിമുഖത്ത് അപകടത്തിൽപെട്ട മലപ്പുറം ചേളാരി സ്വദേശി മുഹമ്മദ് ഷാഫിയുടെ മൃതദേഹം കണ്ടെത്തി. ഇന്നലെ രാവിലെ അപകടം നടന്ന സ്ഥലത്തിന് സമീപത്ത് നിന്നാണ് മൃത ദേഹം കണ്ടെടുത്തത്. ഞായറാഴ്ച പുലർച്ചെ കൂട്ടുകാരുമൊത്ത് വീശുവല ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്നതിനിടെയാണ് മുഹമ്മദ് ഷാഫി ശക്തമായ ഒഴുക്കിൽ പെട്ടത്. കടലിലേക്ക് ഒഴുകി പോയ മുഹമ്മദ് ഷാഫിയെ കൂടെയുണ്ടായിരുന്നവരും മറ്റു മത്സ്യത്തൊഴിലാളികളും ചൂണ്ടയിടുന്നവരും രക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും വിഫലമാവുകയായിരുന്നു. കൂടെയുണ്ടായിരുന്നവർ കടലിലേക്കിറങ്ങി കയർ എറിഞ്ഞ് രക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും നടന്നില്ല. തൊട്ടടുത്തുണ്ടായിരുന്ന വള്ളത്തിലെ മത്സ്യത്തൊഴിലാളികൾ രക്ഷപ്പടുത്താൻ അടുത്തെത്തുമ്പോഴേക്കും ആഴത്തിൽ മുങ്ങി പോകുകയായിരുന്നു. മലപ്പുറം കൊളപ്പുറം സ്വദേശിയായ മുഹമ്മദ് ഷാഫി നാട്ടിൽ റെഡിമെയ്ഡ് ബിസിനസ് നടത്തുകയാണ്. സുഹൃത്തുക്കൾ ഒന്നിച്ച് വീശുവല ഉപയോഗിച്ച് സാന്റ് ബാങ്ക്സിന് അപ്പുറം പയ്യോളി നഗരസഭയിലെ കോട്ടക്കലിൽ മീൻപിടിക്കാൻ വന്നതായിരുന്നു. ഞായറാഴ്ച രാത്രി വീട്ടിൽ നിന്ന് പുറപ്പെട്ട് പുലർച്ചയോടെ അഴിമുഖത്ത് എത്തിയവർ വല ഉപയോഗിച്ച് മീൻപിടിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. പൊട്ടിയ വല ഏന്തി പിടിക്കുവാനുള്ള ശ്രമത്തിനിടയിൽ കാൽ വഴുതി കടലിലേക്ക് വീഴുകയായിരുന്നു. നീന്തൽ നല്ല വശമുള്ള ഷാഫി കുറെ സമയം നീന്തി മറുകര പിടിക്കുവാനുള്ള ശ്രമത്തിൽ പുഴയും കടലും കൂടിച്ചേരുന്ന ഭാഗത്തെ ഘടന അറിയാത്തത് കൊണ്ട് കടലിലേക്ക് ഉൾവലിയുകയാണ് ഉണ്ടായത്. തുടർന്ന് കോസ്റ്റ് ഗാർഡും മത്സ്യ തൊഴിലാളികളും വ്യാപകമായ തിരച്ചിൽ നടത്തിയെങ്കിലും രാത്രിയോടെ പ്രതികൂല കാലാവസ്ഥയിൽ നിർത്തിവെക്കുകയായിരുന്നു. പരേതനായ ബീരാൻ കുട്ടിയാണ് മുഹമ്മദ് ഷാഫിയുടെ പിതാവ്. മാതാവ്: ആസ്യ, ഭാര്യ: ഫർസാന, മക്കൾ: സാബിത്ത്, തൽഹത്ത്. സഹോദരങ്ങൾ: നിസാർ, സിയാദ്, റഊഫ്, മൊയ്തീൻകുട്ടി, ആരിഫ, ഫൗസിയ, മുനീറ, സുഹറ.

## കൊച്ചി എംബാർക്കേഷൻ പോയന്റ് വഴി യാത്രയായ ഹാജിമാരുടെ ആദ്യ സംഘം നാളെ മടങ്ങിയെത്തും




നെടുമ്പാശ്ശേരി: സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിശുദ്ധ ഹജ്ജ് കർമ്മം നിർവഹിക്കാൻ കൊച്ചി എംബാർക്കേഷൻ പോയന്റ് വഴി യാത്രയായ ഹാജിമാരുടെ ആദ്യ സംഘം നാളെ മടങ്ങിയെത്തും. രാവിലെ 10.35 നാണ് ആദ്യ സംഘം ഹാജിമാരുമായി എസ്.വി 3784 നമ്പർ സഊദി എയർലൈൻസ് വിമാനം നെടുമ്പാശ്ശേരിയിലെത്തുന്നത്. 279 പേരാണ് ആദ്യ വിമാനത്തിൽ മടങ്ങിയെത്തുന്നത്.

ഇവരെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസിയുടെ നേതൃത്വത്തിൽ സ്വീകരിക്കും. കഴിഞ്ഞ മെയ് 26 ന് നെടുമ്പാശ്ശേരിയിൽ നിന്നും പുറപ്പെട്ട ആദ്യ ഹജ്ജ് വിമാനത്തിൻ പുണ്യഭൂമിയിലേക്ക് യാത്രയായവരാണ് ഇവർ. ഇവിടെ നിന്നും ജിദ്ദ വിമാനത്താവളം വഴി മക്കയിലെത്തിയ തീർത്ഥാടകർ മദീന വിമാനത്താവളത്തിൽ നിന്നാണ് നാട്ടിലേക്ക് മടങ്ങുന്നത്. ആകെ 4478 ഹജ്ജ് തീർത്ഥാടകരാണ് ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ ഹജ്ജ് കർമ്മം നിർവ്വഹിക്കാൻ നെടുമ്പാശ്ശേരി വഴി യാത്രയായത്.

ഇതിൽ 4277 പേരാണ് കേരളത്തിൽ നിന്നുള്ളത്. ഇവർക്ക് പുറമെ തമിഴ്നാട്ടിൽ നിന്നുള്ള 106 പേരും കർണ്ണാടകയിൽ നിന്നുള്ള രണ്ട് പേരും ലക്ഷദ്വീപിൽ നിന്നുള്ള 93 പേരും നെടുമ്പാശ്ശേരി വഴിയാണ് പുറപ്പെട്ടത്. മടങ്ങിയെത്തുന്ന ഹാജിമാരെ സ്വീകരിക്കാൻ വിമാനത്താവളത്തിൽ സിയാലിന്റെ സഹായത്തോടെ വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഹാജിമാരുടെ കസ്റ്റംസ്, എമിഗ്രേഷൻ പരിശോധനകൾ വേഗത്തിൽ പൂർത്തിയാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇവർക്ക് വിതരണം ചെയ്യാനുള്ള സംസം വെള്ളം നേരത്തേ തന്നെ സഊദി എയർലൈൻസ് വിമാനത്താവളത്തിൽ എത്തിച്ചിരുന്നു. ഓരോ ഹാജിമാർക്കും അഞ്ച് ലിറ്റർ വിതം സംസം വെള്ളമാണ് വിതരണം ചെയ്യുന്നത്. വിമാനത്താവളത്തിൽ ഹാജിമാരെ സഹായിക്കുന്നതിന് പ്രത്യേകം വളണ്ടിയർമാരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഹജ്ജ് സെൽ അംഗങ്ങളും ഉണ്ടാകും. ഈ മാസം 21 നാണ് ഹാജിമാരുമായി അവസാന വിമാനം നെടുമ്പാശ്ശേരിയിലെത്തുന്നത്

## സാമുദായിക പ്രാതിനിധ്യം അന്വേഷണ വിധേയമാക്കണം: ധീവരസഭ

ആലപ്പുഴ: സർക്കാർ, അർധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ സാമുദായിക പ്രാതിനിധ്യം അന്വേഷണ വിധേയമാക്കണമെന്ന് ധീവര സഭ ജനറൽ സെക്രട്ടറി വി. ദിനകരൻ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. ജൂൺ 25ന് പി ഉബൈദുല്ല എം.എൽ.എക്ക് മന്ത്രിയായിരുന്ന കെ. രാധാകൃഷ്ണൻ നിയമസഭയിൽ രേഖാമൂലം നൽകിയ മറുപടി ഞെട്ടിക്കുന്നതാണ്. അത് അനുസരിച്ചു ചില വിഭാഗങ്ങൾക്കു അമിതമായ പ്രതിനിധ്യവും എന്നാൽ മറ്റു വിഭാഗങ്ങൾക്കു അർഹതപ്പെട്ട സംവരണ ആനുകൂല്യം പോലും ലഭിക്കാത്ത സാഹചര്യവും വ്യക്തമാകുന്നു. ഇതിൽ അന്വേഷണം നടത്തി കുറവു പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ 316 സർക്കാർ, അർധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ 5,45,423 ജീവനക്കാരാണുള്ളത്. 215 സമുദായങ്ങളുടെ പ്രാതിനിധ്യം കണക്കാക്കിയാണിത്. ഇതിൽ സംവരണത്തിന് അർഹതയുള്ള 35 ദുർബല വിഭാഗങ്ങളിൽനിന്ന് 10ൽ താഴെ മാത്രമാണ് നിയമനം. അർഹമായ സംവരണം കിട്ടേണ്ട വിഭാഗങ്ങളെ ഒഴിവാക്കി പുറത്തിറക്കിയ പട്ടികയിലെ അപാകതയുണ്ട്. ഇതിൽ സമഗ്രമായ അന്വേഷണം നടത്തി സർക്കാർ നടപടിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

## കേരള കോൺഗ്രസ് എമ്മിനോട് ഇടത് മുന്നണിക്ക് ചിറ്റമ്മ നയമെന്ന് കെ.സുധാകരൻ

തിരുവനന്തപുരം: കെ.എം മാണി സാറിനോടുള്ള വിരോധമാണ് ജനപ്രിയ പദ്ധതിയായ കാരുണ്യ പദ്ധതിയെ എൽ.ഡി.എഫ് സർക്കാർ കൊല്ലാക്കൊല ചെയ്തെന്നും ഇത് കേരള കോൺഗ്രസിനെ ഇല്ലാതാക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്നും കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ.

ഉമ്മൻചാണ്ടിയുടേയും കെ.എം മാണിയുടേയും ആത്മാവിനെ കുത്തിനോവിക്കുന്ന സമീപനമാണ് കാരുണ്യ പദ്ധതിയോട് സർക്കാർ തുടർച്ചയായി കാട്ടുന്ന അവഗണന. ആരോഗ്യ സുരക്ഷാ പദ്ധതിയായ കാരുണ്യയ്ക്ക് സർക്കാർ വരുത്തിയ കുടിശ്ശിക 1,255 കോടിയിലധികമായി. ഉമ്മൻചാണ്ടി സർക്കാർ ആവിഷ്കരിച്ചതും കെ.എം മാണി ഹൃദയത്തോട് ചേർത്ത് പിടിച്ചിരുന്നതുമായ കാരുണ്യ പദ്ധതിക്ക് കുറച്ചുനാളുകളായി കുടിശ്ശിക പെരുകുന്നതിനാൽ പല ആശുപത്രികളിലും സാധാരണക്കാർക്കുള്ള സൗജന്യ ചികിത്സയെന്നത് ബാലികേറാമലയായി. ചികിത്സാ ചെലവിന്റെ 20 ശതമാനം കഴിച്ചുള്ള തുക രോഗിതന്നെ കണ്ടെത്തേണ്ട ഗതികേടാണ്. ദരിദ്രരായ 62000 കുടുംബങ്ങളാണ് ചികിത്സാ സൗജന്യമില്ലാതെ ദുരിതം പേറുന്നത്.മാണി സാറിന് ഏറെ ജനപ്രീതി നേടിക്കൊടുത്ത കാരുണ്യ പദ്ധതിയെ ഇല്ലായ്മ ചെയ്തിട്ടും കേരള കോൺഗ്രസ് (എം) നിശബ്ദത പാലിക്കുന്നത് ദുരൂഹമാണ്. സാധാരണക്കാർക്ക് ഏറെ പ്രയോജനകരമായ ആരോഗ്യസുരക്ഷാ പദ്ധതിയായ കാരുണ്യയെ നശിപ്പിക്കുന്ന സർക്കാർ നടപടി പാവപ്പെട്ട ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും സുധാകരൻ പറഞ്ഞു. എൽ.ഡി.എഫിൽ എത്തിയത് മുതൽ കേരള കോൺഗ്രസ് (എം) എന്ന പാർട്ടിയോട് സി.പി.എമ്മിനും സി.പി.ഐയ്ക്കും ചിറ്റമ്മനയമാണുള്ളത്. മുഖ്യമന്ത്രി പിണറായി വിജയൻ നവകേരള സദസ്സിൽ തോമസ് ചാഴികാടനെ പരസ്യമായി വിമർശിച്ചതും തുടർന്നുള്ള അദ്ദേഹത്തിന്റെ പരാജയവും ഇപ്പോൾ കാരുണ്യ പദ്ധതിയോട് സർക്കാരും ധനവകുപ്പും കാട്ടുന്ന സമീപനവും കൂട്ടിവായിക്കുമ്പോൾ കേരള കോൺഗ്രസ് എത്രത്തോളം ഒറ്റപ്പെട്ടെന്ന് വ്യക്തമാണെന്നും കെ.സുധാകരൻ പറഞ്ഞു.

## 70ാം നെഹ്റു ട്രോഫി ജലമേള ഒരുക്കങ്ങൾ സജീവം

### പന്തൽ നിർമാണം തുടങ്ങി

ആലപ്പുഴ: ഓഗസ്റ്റ് 10ന് നടക്കുന്ന 70-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഒരുക്കങ്ങൾ സജീവമായി. ജലമേളയുടെ പന്തൽ നിർമാണത്തിന് തുടക്കമായി. പുന്നമട ഫിനിഷിംഗ് പോയിന്റിൽ പന്തൽ കാൽനാട്ടുകർമം എൻ.ടി.ബി.ആർ. സൊസൈറ്റി ചെയർമാനും ജില്ല കലക്ടറുമായ അലക്സ് വർഗീസ് നിർവഹിച്ചു. ആലപ്പുഴയുടെ ഉത്സവമായ നെഹ്റു ട്രോഫി ഏറ്റവും ഭംഗിയായി നടത്താനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നതായി ജില്ല കളക്ടർ പറഞ്ഞു. കൂട്ടായ പ്രവർത്തനങ്ങളിലൂടെ അത് നിറവേറ്റാമെന്നാണ് വിശ്വാസമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ നഗരസഭ അധ്യക്ഷ കെ.കെ. ജയമ്മ അധ്യക്ഷയായി. എൻ.ടി.ബി.ആർ. ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റി കൺവീനറും ഇറിഗേഷൻ വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുമായ എം.സി. സജീവ് കുമാർ, എസ്.എം. ഇഖ്ബാൽ, ബേബി കുമാരൻ, ജോസ് കവനാട്, എ.വി.മുരളി, ജോണി മുക്കം, ടോമിച്ചൻ ആന്റണി, ടോം ജോസ്, പി.കെ. വിജയൻ, എം.വി. ഹൽത്താഫ് തുടങ്ങിയവർ പങ്കെടുത്തു.

### അതിക്രമങ്ങൾ കൂടുതൽ തലസ്ഥാനത്ത്

## വനിതാ ജീവനക്കാർക്കെതിരെ അതിക്രമങ്ങൾ വർധിക്കുന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വർധിക്കുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വെളിപ്പെടുത്തി. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് വനിത ജീവനക്കാർക്കെതിരെ 126 അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തു. 31അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്ത തിരുവനന്തപുരം ജില്ലയാണ് ഒന്നാമത്. എറണാകുളം, തൃശൂർ ജില്ലകളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. 14 ജില്ലകളിലും വനിത ജീവനക്കാർ അക്രമിക്കപ്പെട്ടു നിയമസഭയിൽ അദ്ദേഹം രേഖാമൂലം വെളിപ്പെടുത്തി.

വനിത ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് എല്ലാ സർക്കാർ ഓഫിസുകളിലും ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിക്കണമെന്നാണ് നിർദ്ദേശം. സർക്കാർ, സർക്കാരിതര, പൊതുമേഖല സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെടുന്ന ഇന്റേണൽ കമ്മിറ്റിയുടെയും ജില്ലാതല ലോക്കൽ കമ്മിറ്റിയുടെയും വിശദാംശങ്ങളും റിപ്പോർട്ടും രജിസ്റ്റർ ചെയ്യുന്നതിന് പോഷ് പോർട്ടൽ നിലവിലുണ്ട്.

ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട 108 ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പിരിച്ചുവിട്ടതായും മുഖ്യമന്ത്രി അറിയിച്ചു. സംസ്ഥാനത്തെ എല്ലാ പൊലീസ് സ്റ്റേഷനുകളിലും അസി.പബ്ലിക് റിലേഷൻസ് ഓഫീസർമാരെക്കൂടി നിയമിക്കും. നിലവിൽ എല്ലാ സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട്. അസി.പബ്ലിക് റിലേഷൻസ് ഓഫീസർമാർ കൂടി വരുന്നതോടെ ഇതിൽ ഒരാൾ വനിതയായിരിക്കും. കുറ്റാന്വേഷണ ഉദ്യോഗസ്ഥർ ചമഞ്ഞുള്ള പണം തട്ടലും നിക്ഷേപത്തട്ടിപ്പും സൈബർ രംഗത്ത് വർധിച്ചിട്ടുണ്ട്. തട്ടിപ്പിനിരയായി ഒരു മണിക്കൂറിനുള്ളിൽ 1930 എന്ന നമ്പറിൽ അറിയിച്ചാൽ നഷ്ടമായ പണം തിരിച്ചുപിടിക്കാനാകും. കുട്ടികൾ ഓൺലൈൻ തട്ടിപ്പിന് ഇരയാകുന്നത് തടയാൻ കൗൺസിലിങ് അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊലീസിന്റെയും അധ്യാപകരുടെയും സാമൂഹ്യ സംഘടനകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തും.

## കോടതിയിൽ ഹാജരാക്കാൻ കൊണ്ടുവരവേ പൊലിസിനെ വെട്ടിച്ച് കടന്ന പ്രതി പിടിയിൽ

ആലപ്പുഴ: കോടതിയിൽ ഹാജരാക്കാൻ കൊണ്ടുവരവേ ആലപ്പുഴ റെയിൽവേ സ്റ്റേഷനിൽ നിന്ന് ചാടി രക്ഷപെട്ട പ്രതി പിടിയിൽ. പത്തനംതിട്ട സ്വദേശി വിഷ്ണു ഉല്ലാസിനെയാണ് ഇന്നലെ ഉച്ചയോടെ പുന്നപ്രയിലെ ആളൊഴിഞ്ഞ വീടിന്റെ ടെറസിൽ നിന്ന് പൊലിസ് പിടികൂടിയത്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിലായിരുന്ന വിഷ്ണു ഉല്ലാസിനെ രാമങ്കരി കോടതിയിൽ ഹാജരാക്കാൻ ട്രെയിനിൽ ആലപ്പുഴയിലെത്തിച്ചപ്പോഴാണ് റെയിൽവേ സ്റ്റേഷനിൽ വെച്ച് രക്ഷപെട്ടത്. ശുചിമുറിയിൽ പോകണമെന്ന് ആവശ്യപ്പെട്ട പ്രതി ശുചി മുറിയുടെ ജനാല പൊളിച്ചു ചാടി രക്ഷപ്പെടുകയായിരുന്നു.

## മണ്ണാർക്കാട് 73 ചാക്ക് നിരോധിത പുകയില ഉത്പന്നം പിടികൂടി


സുലൈമാൻ


റഷീ

മണ്ണാർക്കാട്: മണ്ണാർക്കാട് 73ചാക്ക് നിരോധിത പുകയില ഉത്പന്നവുമായി രണ്ടുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. കാഞ്ഞിരം പൊറ്റശ്ശേരി മേലേതിൽ റഷീദ് (40), പൊറ്റശ്ശേരി കോടല സുലൈമാൻ (46) എന്നിവരാണ് അറസ്റ്റിലായത്. ഞായറാഴ്ച രാത്രിയിൽ വാഹന പരിശോധനക്കിടെ കുന്തിപ്പുഴ ഭാഗത്താണ് സംഭവം. ജില്ലാ പൊലീസ് മേധാവിക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ഡി.വൈ.എസ്.പി ടി.എസ് സിനോജിന്റെ നിർദേശപ്രകാരം മണ്ണാർക്കാട് ഇൻസ്പെക്ടർ ഇ.ആർ ബൈജുവിന്റെ നേതൃത്വത്തിലുള്ള അന്വേഷണസംഘവും ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡംഗങ്ങളുമാണ് പ്രതികളെ പിടികൂടിയത്. കുന്തിപ്പുഴ ഭാഗത്തുനിന്നും മണ്ണാർക്കാട്ടേക്ക് നേന്ത്രക്കായ കയറ്റിവരികയായിരുന്ന മിനിലോറിയിൽ നിന്നാണ് ലോഡുകൾക്കടിയിൽ ഒളിപ്പിച്ച നിലയിൽ നിരോധിത പുകയില ഉത്പന്നങ്ങൾ കണ്ടെത്തിയത്.സബ് ഇൻസ്പെക്ടർ ടി.വി ഋഷിപ്രസാദ്, എ.എസ്.ഐ ശാന്തകുമാരി, സീനിയർ സിവിൽ പൊലീസ് ഓഫീസർ ജോഷി, സിവിൽ പൊലീസ് ഓഫീസർ ഉമറുൾ ഫാറൂഖ്, ലഹരിവിരുദ്ധസ്കാഡംഗങ്ങളായ സബ് ഇൻസ്പെക്ടർ സലാം, സീനിയർ സിവിൽ പൊലീസ് ഓഫീസർ ഷാഫി, ഷെഫീക്ക്, ബിജു മോൻ, സുഭാഷ് എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.




എം.എസ്.എഫ് ഹയർ സെക്കന്ററി മെമ്പർഷിപ്പ് വിതരണ ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ് നിർവഹിക്കുന്നു

## എം.എസ്.എഫ് ഹയർ സെക്കന്ററി മെമ്പർഷിപ്പ് വിതരണത്തിന് തുടക്കമായി

ഫറോക്ക്: ഐക്യം, അതിജീവനം, അഭിമാനം എന്ന പ്രമേയത്തിൽ നടക്കുന്ന എം.എസ്.എഫ് ഹയർ സെക്കന്ററി മെമ്പർഷിപ്പ് വിതരണ ക്യാമ്പയിന് തുടക്കമായി. മെമ്പർഷിപ്പ് സംസ്ഥാന തല ഉദ്ഘാടനം എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ് കോഴിക്കോട് ഉമ്പിച്ചി ഹാജി ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി റാഷിദിന് നൽകി നിർവഹിച്ചു.

എം.എസ്.എഫ് കോളജ് മെമ്പർഷിപ്പ് വിതരണം ജൂലൈ 20 വരെ മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ നടക്കും. ജില്ലാ മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനം ഇന്ന് ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ നടക്കും. ജില്ലാ പ്രസിഡന്റ് മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനം നിർവഹിക്കും. നാളെ മണ്ഡലം തല മെമ്പർഷിപ്പ് ഉദ്ഘാടനവും നടക്കും. മണ്ഡലം പ്രസിഡന്റ് മണ്ഡലം തല മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനം നിർവഹിക്കും. ജൂലൈ 20 തിയ്യതിയോടെ മുഴുവൻ സ്കൂൾ, കോളജ് എം. എസ്. എഫ് മെമ്പർഷിപ്പ് വിതരണം പൂർത്തിയാകും.

എം. എസ്. എഫ് ഹയർ സെക്കന്ററി വിങ് കൺവീനർ സാബിത്ത് മായനാട്, എം.എസ്.എഫ് സംസ്ഥാന പ്രവർത്തക സമിതി അംഗം കെ.പി യാസിർ, മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് ആലിക്കുട്ടി മാസ്റ്റർ, എൻ കെ ബിച്ചികോയ, റഹ്മത്തുള്ള കടലുണ്ടി, മർസൂക്ക് ചാലിയം, അഷ്റഫ് ചാലിയം, ഷിഫാൽ നല്ലളം, ഹസ്സൻ കോയ, ഫാറൂഖ്, ഫായിസ് പി എൻ,മുബഷിറുൽ ഷനൂപ് എൻ കെ, ഷബീർ ബേപ്പൂർ, റജ്മൽ വാഫി, സഹീർ കെ പി, സാഹിർ കെ, നിഹാദ് എൻ വി എന്നിവർ ഉദ്ഘാടനം ചടങ്ങിൽ പങ്കെടുത്തു.

## രമേശ് പിഷാരടി ഉന്നയിച്ച വിഷയം അവസാനിച്ചെന്ന് സിദ്ധിഖ്

കൊച്ചി: ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുള്ളതാണെന്നും പുറത്ത് വിടുന്നത് തീരുമാനിക്കേണ്ടത് സർക്കാരാണെന്നും നടൻ സിദ്ദിഖ്. കൊച്ചിയിൽ ചേർന്ന താരസംഘടന അമ്മയുടെ എക്സിക്യൂട്ടീവ് യോഗത്തിനു ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ അഭിപ്രായപ്രകടനം നടത്തില്ല. സമൂഹമാധ്യമങ്ങളിൽ ഇടപെടൽ സജീവമാക്കും. രമേശ് പിഷാരടി ഉന്നയിച്ച വിഷയം അവസാനിച്ചു. വിഷയം പരിഹരിക്കുന്നതിനു ഭരണഘടന ഭേദഗതി അടക്കം ആലോചിക്കും. ഇനി പരാതി ഉണ്ടാവാതിരിക്കാൻ നിയമവിദഗ്ധരുമായി ചർച്ച നടത്തും. നടൻ സത്യന്റെ മകനെ അമ്മയിലേക്ക് പുതിയ കമ്മിറ്റി സ്വാഗതം ചെയ്യുന്നു. സതീഷ് സത്യന്റെ അപേക്ഷ കിട്ടിയിട്ടില്ല. അദ്ദേഹത്തെ നേരിട്ട് ഫോണിൽ ബന്ധപ്പെടും. അംഗത്വം നൽകാനുള്ള നടപടികൾ ആരംഭിക്കും. അർഹത ഉണ്ടായിട്ടും അമ്മയിൽ അംഗത്വം നൽകിയില്ലെന്ന് സതീഷ് സത്യൻ നേരത്തെ ആരോപണം ഉന്നയിച്ചിരുന്നു. ഇതിനോടായിരുന്നു സിദ്ദിഖിന്റെ പ്രതികരണം. അമ്മ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ വനിതാ അംഗമായി നടി ജോമോളെ തിരഞ്ഞെടുത്തു. വനിതാ അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭാരവാഹി തിരഞ്ഞെടുപ്പിൽ തർക്കം നടന്നിരുന്നു. അമ്മയുടെ ഭരണഘടന പ്രകാരം എക്സിക്യുട്ടീവ് കമ്മിറ്റിയിൽ നാലു വനിതകൾ വേണം. എന്നാൽ തിരഞ്ഞെടുത്തവരുടെ ലിസ്റ്റ് വായിച്ചപ്പോൾ മൂന്നു വനിതകൾ മാത്രമാണ് ഉണ്ടായിരുന്നത്. അനന്യക്ക് പുറമേ അൻസിബയും സരയുവും തിരഞ്ഞെടുപ്പിൽ മത്സരിച്ച് വോട്ടു നേടിയിരുന്നു. എന്നാൽ അവരുടെ വോട്ട് കുറവാണെന്നും അവരെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെന്നുമായിരുന്നു വരണാധികാരിയുടെ നിലപാട്. ഈ നിലപാട് പരസ്യപ്പെടുത്തിയതോടെ അംഗങ്ങളിൽ ചിലർ പ്രതിഷേധവുമായി രംഗത്തെത്തി. അൻസിബയേയും സരയുവിനേയും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് ഒരുകൂട്ടം അംഗങ്ങൾ ആവശ്യപ്പെട്ടു. ഒടുവിൽ ഇവരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തി. ബാക്കി വന്ന ഒരാളുടെ ഒഴിവിലാണ് ജോമോളെ നോമിനേറ്റ് ചെയ്തത്.

## തദ്ദേശസ്ഥാപനങ്ങളെ സർക്കാർ വഞ്ചിച്ചു: എൽ.ജി.എം.എൽ

കോഴിക്കോട്: തദ്ദേശ സ്ഥാപന വാർഷിക പദ്ധതി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം പുറത്തിറക്കിയ സർക്കാർ മാർഗരേഖ തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിസന്ധി രൂക്ഷമാക്കുമെന്ന് ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് സംസ്ഥാന പ്രസിഡണ്ട് കെ ഇസ്മായിൽ മാസ്റ്റർ, ജനറൽ സെക്രട്ടറി പി.കെ ഷറഫുദ്ദീൻ എന്നിവർ കുറ്റപ്പെടുത്തി. 2023-24 വർഷം സർക്കാർ തടഞ്ഞ ബജറ്റ് വിഹിതത്തിന് സമാനമായി സ്പിൽ ഓവർ പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി ലഭിക്കുമെന്ന പ്രതീക്ഷയോടെ കാത്തിരുന്ന തദ്ദേശ ഭരണകൂടങ്ങളെ പൂർണമായും തളർത്തുന്നതാണ് ജൂലൈ 7 ന് പുറത്തിറങ്ങിയ 1236/ 2024 നമ്പർ ഉത്തരവ്. ബജറ്റ് വിഹിതം ലഭിക്കാത്തതിനെത്തുടർന്ന് രൂപപ്പെട്ട പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള ഭാഗിക ശ്രമം പോലും ഉത്തരവിലില്ല. സർക്കാർ ഫണ്ട് അനുവദിക്കാത്തത്മൂലം മിക്ക തദ്ദേശ സ്ഥാപനങ്ങളിലും അമ്പത് ശതമാനത്തോളം പദ്ധതികൾക്ക് തുക നൽകാൻ അവശേഷിക്കുന്നുണ്ട്. പുതിയ ഉത്തരവ് പ്രകാരം പദ്ധതി ക്രമീകരിക്കുമ്പോൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തി പൂർത്തീകരിച്ചതും നടപ്പാക്കാനുള്ളതുമായ പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി ഈ വർഷത്തെ മിക്ക പദ്ധതികളും ഉപേക്ഷിക്കേണ്ടിവരും. ട്രഷറിയിൽ സമർപ്പിക്കാൻ സാധിക്കാത്ത 5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ വേറെയുമുണ്ട്. ഇത് പരിഗണിച്ചുള്ള ഒരു നടപടിയും ഉണ്ടാവാത്തത് നിരാശാജനകമാണ്. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പദ്ധതികളും സ്പിൽ ഓവർ പദ്ധതികളായി ഏറ്റെടുക്കാൻ അവസരം നൽകുമെന്ന് നിയമസഭയിൽ മന്ത്രി നൽകിയ ഉറപ്പും പാലിക്കപ്പെട്ടിട്ടില്ലെന്നും അവർ കുറ്റപ്പെടുത്തി.

### ഒപ്പുമതിൽ നാളെ

2023-24 സാമ്പത്തിക വർഷം ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്തത്മൂലം തദ്ദേശ സ്ഥാപനങ്ങളിൽ രൂപപ്പെട്ട ഗുരുതര പ്രതിസന്ധിക്ക് പരിഹരിക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗിന്റെ ആഭിമുഖ്യത്തിൽ നാളെ (ബുധൻ) സംസ്ഥാന വ്യാപകമായി ഒപ്പുമതിൽ സംഘടിപ്പിക്കും. തദ്ദേശ സ്ഥാപന തലങ്ങളിൽ ഒരുക്കുന്ന ജനപ്രതിനിധികളുടെ പ്രതിഷേധ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് പടിഞ്ഞാറത്തറയിൽ മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം നിർവഹിക്കും. 2023-24 വർഷം അനുവദിക്കാതിരുന്ന മെയിന്റനൻസ് ഗ്രാന്റിലെ 1215 കോടിയും ജനറൽ പർപ്പസ് ഗ്രാന്റിലെ 557 കോടിയും പ്രത്യേക വിഹിതമായി അനുവദിക്കുക, 2024 മാർച്ച് 25നകം ട്രഷറിയിൽ സമർപ്പിച്ച ശേഷം പണം അനുവദിക്കാതെ തിരിച്ചുനൽകിയ 1156.12 കോടി രൂപ പ്രത്യേക വിഹിതമായ അനുവദിക്കുക, ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്കുള്ള ഫണ്ട് പോലും തടയുന്ന സമീപനം തിരുത്തുക,ആറ് മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക അനുവദിക്കുക. എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സ്ഥാപിക്കുന്ന ബോർഡിൽ ഒപ്പു ചാർത്തി പ്രതിഷേധമറിയിക്കും.

## കവർച്ചക്കിടെ കുപ്രസിദ്ധ മോഷ്ടാവ് പയ്യന്നൂരിൽ പിടിയിൽ



പയ്യന്നൂർ: കാപ്പ കേസിൽ ജയിലിൽ നിന്നിറങ്ങിയ കുപ്രസിദ്ധ മോഷ്ടാവ് പള്ളി ഭണ്ഡാരംകുത്തിത്തുറക്കുന്നതിനിടെ പയ്യന്നൂരിൽ പിടിയിലായി.കാസറകോട് ബളാൽ അത്തിക്കടവിലെ സി.ഹരീഷ്കുമാറിനെ (50)യാണ് പിടികൂടിയത്.ഞായറാഴ്ച പുലർച്ചെ ഒരു മണിയോടെ പയ്യന്നൂർ ടൗൺ ജുമാ മസ്ജിദിലെ ഭണ്ഡാരം കുത്തിത്തുറന്ന് പണം കവരുന്നതിനിടെ ശബ്ദം കേട്ടുണർന്നവർമോഷ്ടാവിനെ കയ്യോടെ പിടികൂടി പയ്യന്നൂർ പൊലീസിൽ ഏൽപിക്കുകയായിരുന്നു. പള്ളി കമ്മിറ്റി സെക്രട്ടറി മുഹമ്മദ് ആഷിഖിന്റെ പരാതിയിൽ കേസെടുത്ത പൊലീസ് പ്രതിയെ എസ്.ഐ.സുരേഷ് കുമാർ അറസ്റ്റു ചെയ്തു.പ്രതിയെ കോടതി റിമാന്റ് ചെയ്തു. നിരവധി മോഷണ കേസിലെ പ്രതിയായ ഹരീഷ് കുമാറിനെ കാസറകോട് പൊലീസ് കാപ്പ ചുമത്തി ജയിലിലടച്ചിരുന്നു.കഴിഞ്ഞ മാസം 11 നാണ് ജയിൽ മോചിതനായത്. കണ്ണോത്താർ ചന്തപ്പുരയിലെ ഭാര്യവീട്ടിലായിരുന്നു നേരത്തെ താമസം. പിന്നീട് വീടുവിട്ട് മറ്റിടങ്ങളിലേക്ക് മോഷണം വ്യാപിപ്പിക്കുകയായിരുന്നു. ദിവസങ്ങൾക്ക് മുമ്പ് കരിവെള്ളൂർ കൊഴുമ്മൽ വെരീക്കര ഭഗവതിക്ഷേത്രത്തിലും രാമന്തളിയിൽ മുച്ചിലോട്ട് കാവിലും,താവൂരിയാട്ട് ക്ഷേത്രത്തിലും ഭണ്ഡാരം കുത്തിത്തുറന്ന് പണം കവർന്നിരുന്നു. ഈ കേസിൽ ഇയാളെ പൊലീസ് ചോദ്യം ചെയ്തിരുന്നു.



## പി.എസ്.സി ലാബ് ടെക്നീഷ്യൻ കൂടികാഴ്ച

കാസർകോട്: ജില്ലയിലെ ആരോഗ്യ വകുപ്പിൽ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് 2 (കാറ്റഗറി നമ്പർ: 714/2022) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട് വെരിഫിക്കേഷൻ പൂർത്തീകരിച്ച യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് ജൂലൈ 17, 18, 19 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാസർകോട് ജില്ലാ ഓഫീസിൽ ഇന്റർവ്യൂ നടത്തും.

ഇന്റർവ്യൂ മെമ്മോ ഇതിനകം ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡൗൺലോഡ് ചെയ്തെടുത്ത ഇന്റർവ്യൂ മെമ്മോ, വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കേറ്റ്, അസ്സൽ സർട്ടിഫിക്കേറ്റുകൾ എന്നിവയുമായി ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

# കാസർകോട് വാർത്തകൾ

## മനുഷ്യരുടെ അരുമകളായി മയിലുകൾ

കാഞ്ഞങ്ങാട്: നാട്ടിൻപുറങ്ങളിൽ മയിലുകൾ അലയുന്നത് ഇപ്പോൾ സ്ഥിരം കാഴ്ചകളിലൊന്നായി മാറി. മലയോര, തീരദേശവാസികൾക്ക് മയിലുകൾ അരുമകളായി തീർന്നു.

അജാനൂർ രാവണേശ്വരം രാമഗിരി ഗ്രാമത്തിൽ മുത്തപ്പനും മയിലും തമ്മിൽ സ്നേഹബന്ധമാണ്. രാമഗിരിയിലുള്ള മുത്തപ്പന്റെ കടയിൽ സ്ഥിരം സന്ദർശകനാണ് ഒരു മയിൽ. ദിവസവും രണ്ട് നേരം ഈ മയിൽ മുത്തപ്പന്റെ കടയിലെത്തും. അദ്ദേഹം നൽകുന്ന ഭക്ഷണം കഴിച്ചാണ് മയിലുകൾ മടങ്ങുക. മനുഷ്യരുമായി ഇണങ്ങുകയാണ് മയിലുകൾ. നേരത്തെ മനുഷ്യരുമായി ഇണക്കം മയിലുകൾക്ക് പതിവ് കാഴ്ചയായിരുന്നില്ല. ഇപ്പോൾ അതിന് മാറ്റം വന്നിരിക്കുകയാണ്. മയിലുകൾ മനുഷ്യരുമായി ഇണങ്ങി ജീവിക്കുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളത്തിൽ മയിലുകളുടെ എണ്ണം കൂടിവരികയാണ്.



രാവണീശ്വരം രാമഗിരിയിലെ മുത്തപ്പന്റെ കടയിൽ ഭക്ഷണം കഴിക്കുന്ന മയിൽ

2018നും 2022നുമിടയിൽ സംസ്ഥാനത്ത് മയിലുകളുടെ എണ്ണം 150 ശതമാനമായി വർദ്ധിച്ചിരിക്കുകയാണെന്നാണ് സ്റ്റേറ്റ് സ് ബേർഡ് സ് റിപ്പോർട്ട് പറയുന്നത്.

കാലാവസ്ഥ വിത്യയാനമടക്കമുള്ള കാര്യങ്ങളാണ് ഇതിന് കാരണമെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നത്.

## വനം വകുപ്പ് അദാലത്ത് 11, 12 തീയ്യതികളിൽ

കാസർകോട്: വനം വകുപ്പ് കാസർകോട് ഡിവിഷനിൻ 11, 12 തീയ്യതികളിൽ ഉദയഗിരി വനശ്രീ കോംപ്ലക്സിൽ അദാലത്ത് നടത്തും. കാസർകോട് റെയിഞ്ചിന് കീഴിൽ വരുന്ന പഞ്ചായത്തുകളിലെ പരാതികൾ ജൂലൈ 11ന് ഉച്ചയ്ക്ക് രണ്ട് മുതൽ വൈകീട്ട് അഞ്ച് വരെയും കാഞ്ഞങ്ങാട് റെയിഞ്ചിന് കീഴിൽ വരുന്ന പഞ്ചായ ത്തുകളിലെ പരാതികൾ ജൂലൈ 12ന് ഉച്ചയ്ക്ക് രണ്ട് മുതൽ വൈകീട്ട് അഞ്ച് വരെയും പരിഗണിക്കും. വന്യജീവികളുടെ ആക്രമണത്താൽ സംഭവിച്ച വിവിധ നഷ്ടപരിഹാരങ്ങൾക്ക് അപേക്ഷിച്ച് നഷ്ടപരിഹാരം ഇതുവരെ ലഭിക്കാത്തവർ മതിയായ രേഖകളുമായി അദാലത്തിന് ഹാജരാക്കണമെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു. ഫോൺ : 04994 256119.

## നാട് പനിച്ചു വിറക്കുമ്പോഴും

# അടിസ്ഥാന സൗകര്യ വികസനമില്ലാതെ കുമ്പള സിഎച്ച്സി

കുമ്പള: പനിച്ച് വിറച്ച് ദിവസേന കുമ്പള സർക്കാർ ആശുപത്രിയിൽ എത്തുന്നത് 400ലേറെ രോഗികൾ. അടിസ്ഥാന സൗകര്യ വികസനമില്ലാതെ വീർപ്പുമുട്ടുകയാണ് ഈ ആരോഗ്യ കേന്ദ്രം.

പഴകി ദ്രവിച്ച കെട്ടിടങ്ങൾക്ക് ആറ് പതിറ്റാണ്ട് കാലത്തെ കാലപ്പഴക്കമുണ്ട്. 1962 കാലഘട്ടത്തിൽ നിർമ്മിച്ച കെട്ടിടം 2024 ലും അടിസ്ഥാന സൗകര്യ വികസനം ഒരു ക്കാതെ അതേപടി നിലനിൽക്കുന്നു. ഒരുപക്ഷേ ജില്ലയിലും സംസ്ഥാനത്തും ഇങ്ങനെയൊരു കാലപ്പഴക്കം ചെന്ന കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്ന ഏക സർക്കാർ സാമൂഹികാരോഗ്യ കേന്ദ്രം കുമ്പളയിലേതായിരിക്കുമെന്ന് നാട്ടുകാർ പറയുന്നു.



കുമ്പള സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പഴയ കെട്ടിടം

സിഎച്ച്സിയുടെ നവീകരണത്തിന് കാസർകോട് ബ്ലോക്ക് പഞ്ചായത്ത് 10 കോടിയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം എംഎൽഎ എകെഎം അഷ്റഫിന്റെ ഇടപെടലിലൂടെ അഞ്ചരക്കോടി രൂപയുടെ പദ്ധതിക്ക് കഴിഞ്ഞ വർഷം സർക്കാർ അനുമതി ലഭിച്ചിരുന്നു. എന്നാൽ വർഷം ഒന്ന് കഴിഞ്ഞിട്ടും പദ്ധതി കടലാസിലൊതുങ്ങുന്നതായാണ് ആക്ഷേപം. സർക്കാർ അനുമതി ലഭിച്ച ഡയാലിസിസ് സംവിധാനവും ഇതുവരെ ആശുപത്രിയിൽ തുടങ്ങാനുമായിട്ടില്ല.

കുമ്പളയിലെ മത്സ്യത്തൊഴിലാളികളും, പരിസര ഗ്രാമപഞ്ചായത്തുകളിലെ കൃഷിക്കാർ അടക്കമുള്ള സാധാരണക്കാരായ രോഗികളാണ് കുമ്പള സി.എച്ച്.സിയെ ആശ്രയിക്കുന്നത്. ഒപ്പം കുമ്പളയിലെ തന്നെ സർക്കാർ സ്കൂൾ കോളജുകളിലെയും സ്വകാര്യ കോളജുകളിലെയും ആയിരക്കണക്കിന് വിദ്യാർത്ഥികളും ഏറെ ആശ്രയിക്കുന്നതും ഈ സർക്കാർ ആശുപത്രിയെ തന്നെയാണ്.

അതുകൊണ്ടുതന്നെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. ഒപ്പം മറ്റുള്ള അടിസ്ഥാന സൗകര്യ വികസനവും സിഎച്ച്സിയിൽ ഒരുക്കണമെന്നും ആവശ്യമുയരുന്നുണ്ട്.

## എരിയാൽ പാലത്തിന് സമീപം റോഡിൽ വെള്ളം കെട്ടിനിൽക്കുന്നു

### യാത്രക്കാർക്ക് ദുരിതം

എരിയാൽ: ദേശീയപാതയിൽ എരിയാൽ പാലത്തിന് സമീപംറോഡിൽ വെള്ളം കെട്ടിനിൽക്കുന്നത് മൂലം യാത്രക്കാർക്ക് ദുരിതം.

ചെറുതും വലുതുമായ നൂറ് കണക്കിന് വാഹനങ്ങൾ പോകുന്ന റോഡിനാണ് ഈ ദുരവസ്ഥ. രാത്രി സമയത്ത് ഇതിലൂടെയുള്ള യാത്ര അപകടത്തിന് കാരണമാകുന്നു. കാസർകോട് - മംഗളൂരു പാതയിലെ ഏറ്റവും തിരക്കേറിയ സ്ഥലത്താണ് ഈ ചെളിക്കുളം. ഇതിലൂടെ യാത്ര ചെയ്യുമ്പോൾ ബൈക്ക് യാത്രക്കാരുടെ മേലെ ചെളിവെള്ളം തെറിക്കുന്നു. ഭിന്നശേഷിക്കാരുടെ മുച്ചക്ര വാഹനങ്ങൾ കടന്നുപോകാൻ പ്രയാസപ്പെടുന്നു. മൊഗ്രാൽ പുത്തൂർ കടവത്ത് നിന്നും മൊഗ്രാൽ പാലം വരെയും ഇതേ അവസ്ഥയാണ്. ഇരുചക്ര വാഹനങ്ങൾ മറിഞ്ഞ് അപകടത്തിൽ പെടുന്നത് പതിവാണ്. സർവ്വീസ് റോഡിലും നിറയെ മലിനം കെട്ടിക്കിടക്കുകയാണ്. അമിത വേഗതയിൽ ഓടുന്ന വാഹനങ്ങൾ ബസ് കാത്തിരിക്കുന്നവരെ പോലും കുളിപ്പിച്ചു പായുന്നു. നാട്ടുകാർ നിരന്തരമായി സഞ്ചരിക്കുന്ന സർവ്വീസ് റോഡിനെ ദേശീയപാത അധികൃതർ അവഗണിക്കുകയാണ്. ദേശീയപാതയിലെ പ്രധാന ഭാഗങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ അപകടം പതിവായിരിക്കുകയാണ്. എരിയാൽ പാലത്തിലെയടക്കം ദേശീയ പാതയിലെ യാത്രക്കാരുടെ ദുരിതത്തിന് ഉടൻ പരിഹാരം കാണണമെന്ന് സാമൂഹ്യപ്രവർത്തകൻ മാഹിൻ കുന്നിൽ, ജില്ലാ കലക്ടർ, കുഡ്ലു വില്ലേജ് ഓഫീസർ, മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ മുഖേന അധികൃതരോട് ആവശ്യപ്പെട്ടു.



ദേശീയ പാതയിൽ എരിയാൽ പാലത്തിന് സമീപം റോഡിൽ ചളിവെള്ളം കെട്ടിനിൽക്കുന്ന കുഴികൾ

## ദേശീയ മത്സ്യ കർഷകദിനം ആഘോഷിക്കും

കാസർകോട്: ദേശീയ മത്സ്യ കർഷക ദിനത്തോടനുബന്ധിച്ച് ജൂലൈ 10ന് സംസ്ഥാനതലത്തിൽ നടക്കുന്ന പരിപാടിയുടെ തുടർച്ചയായി ജില്ലയിൽ നീലേശ്വരം, കാഞ്ഞങ്ങാട്, കാസർകോട്, മഞ്ചേശ്വരം ബ്ലോക്ക് തലത്തിൽ പരിപാടി സംഘടിപ്പിക്കുന്നു.

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് ഹാൾ, കാഞ്ഞങ്ങാട് താലൂക്ക് കോൺഫറൻസ് ഹാൾ, കാസർകോട് മത്സ്യ ഭവൻ ട്രെയിനിംഗ് ഹാൾ, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് ഹാൾ എന്നിവിടങ്ങളിലാണ് പരിപാടി സംഘടിപ്പിക്കു ന്നത്. രാവിലെ 10.30ന് പരിപാടികൾ ആരംഭിക്കും.

ചടങ്ങിൽ മത്സ്യ കർഷക സംഗമവും മികച്ച കർഷകരെ ആദരിക്കലും സംസ്ഥാനതല പരിപാടിയുടെ തൽസമയ സംപ്രേക്ഷണവും ഉണ്ടായിരിക്കുന്നതാണെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## മുളിയാർ പഞ്ചായത്തിൽ ദുർഭരണം യുഡിഎഫ് മാർച്ച് നടത്തി

ബോവിക്കാനം: ജനവികാരം മാനിക്കാത്ത സിപി എമ്മിനെ ജനം പടിയച്ചു പിണ്ഡം വയ്ക്കുമെന്ന് യുഡിഎഫ് ജില്ലാ ചെയർമാൻ കല്ലട്ര മാഹിൻ ഹാജി പറഞ്ഞു. മുളിയാർ ഗ്രാമ പഞ്ചായത്തിന്റെ കുത്തഴിഞ്ഞ ഭരണത്തിനെതിരെ യു.ഡി.എഫ് ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.
അംഗനവാടി വർക്കർമാരുടെ നിയമനത്തിലെ സിപിഎം സ്വജനപക്ഷ പാതത്തിലും അനാസ്ഥ മൂലം വികസന പദ്ധതികൾ ലാപ്സാക്കിയ നടപടിയിൽ പ്രതിഷേധിച്ചും, നിശ്ചലമായ തെരുവ് വിളക്കുകൾ പ്രവർത്തന സജ്ജമാക്കുക, ഒഴിഞ്ഞ്കിടക്കുന്ന എഇ.തസ്തിക നികത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുമായിരുന്നു മാർച്ച്.
ചെയർമാൻ ഖാലിദ് ബെള്ളിപ്പാടി അദ്ധ്യക്ഷതവഹിച്ചു. കൺവീനർ ബിസി. കുമാരൻ സ്വാഗതം പറഞ്ഞു. എം.കുഞ്ഞമ്പു നമ്പ്യാർ,എബിഷാഫി, കെബിമുഹമ്മദ് കുഞ്ഞി, ടി ഗോപിനാഥൻ നായർ, എ.അശോക് കുമാർ, ഹനീഫ പൈക്ക, എംകെഅബ്ദുൽ റഹ്മാൻ ഹാജി, ഷെരീഫ് കൊടവഞ്ചി, മാർക്ക് മുഹമ്മദ്, മണികണ്ഠൻ ഓമ്പയിൽ, എ.ജനാർദ്ധനൻ, മറിയമ്മ അബ്ദുൽ ഖാദർ, അനീസ മൻസൂർ മല്ലത്ത്, വേണു കുടാല, മധുസുദനൻ പേരടുക്ക, ബിസ്മില്ല മുഹമ്മദ് കുഞ്ഞി, അബ്ദുല്ല ഡൽമ,അബ്ബാസ് കൊളച്ചപ്പ്,ശങ്കരൻ പൂവാള, എംഎസ് ഷുക്കൂർ,അനിൽ കുമാർ,അഡ്വ.ജുനൈദ്, രമേഷൻ മുതലപാറ, എപി.ഹസൈനാർ,സുഹറ ബാലനടുക്കം ബിന്ദു ശ്രീധരൻ,ഉഷ ഗോപാലൻ സംസാരിച്ചു.



യുഡിഎഫ് മുളിയാർ ഗ്രാമപഞ്ചായത്ത് ഓഫീസ് മാർച്ച് ജില്ലാ ചെയർമാൻ കല്ലട്ര മാഹിൻ ഹാജി ഉദ്ഘാടനം ചെയ്യുന്നു.

## കുറാ തങ്ങളുടെ അവസാന പരിപാടി കമ്മാടത്ത്

കാഞ്ഞങ്ങാട്: ഉള്ളാളം ഖാസിയും ജാമിഅ സഅദിയ്യ ജന.സെക്രട്ടറിയുമായ സയ്യിദ് ഫസൽ കോയമ്മ തങ്ങൾ (കുറാ) അവസാനമായി സംബന്ധിച്ചത് കമ്മാടം പള്ളിയിലെ സ്വലാത്ത് മജ്ലിസിൽ.

ഞായറാഴ്ച രാത്രി ഏറെ വൈകുവോളം അദ്ദേഹം സ്വലാത്തിനും ശേഷമുള്ള ദുആക്കും നേതൃത്വം നൽകിയിരുന്നു.

വീട്ടിലെത്തിയതിന് ശേഷമാണ് അദ്ദേഹം രോഗസ്ഥനായി മരണപ്പെട്ടത്. ഉത്തര മലബാറിലെ ദുആ സദസുകളിലും മജ്ലിസുകളിലും കുറാ തങ്ങൾ നിറസാന്നിദ്ധ്യമായിരുന്നു. രാത്രി ഏറെ നീണ്ടുനിൽക്കുന്ന ദുആ മജ്ലിസുകൾക്ക് അദ്ദേഹം നേതൃത്വം നൽകുക പതിവാണ്. കുറാ തങ്ങളുടെ പെട്ടന്നുണ്ടായ മരണം കമ്മാടം നിവാസികളെ ദുഖത്തിലാഴ്ത്തി.



അവസാനമായി കുറാതങ്ങൾ സംബന്ധിച്ച കമ്മാടംപള്ളിയിലെ സ്വലാത്ത് മജ്ലിസ്

## സാമൂഹ്യ മാധ്യമത്തിൽ വിദ്വേഷ കമന്റ്: രണ്ടുപേർ റിമാണ്ടിൽ

കാസർകോട്: സാമൂഹ്യ മാധ്യമത്തിൽ വിദ്വേഷ കമന്റുകളിട്ടുവെന്ന വ്യത്യസ്ത കേസുകളിലായി പിടിയിലായ രണ്ടുപേരെ കോടതി റിമാന്റ് ചെയ്തു. കാസർകോട് പൊലീസ് സ്റ്റേഷൻ പരിധിയിലെ അജേഷ് എന്ന അപ്പു (27), കുമ്പള പൊലീസ് സ്റ്റേഷൻ പരിധിയിലെ അബൂബക്കർ സിദ്ദീഖ് (24) എന്നിവരാണ് കഴിഞ്ഞ ദിവസം അറസ്റ്റിലായത്. ചൂരി മദ്രസയിൽ അധ്യാപകനായിരുന്ന റിയാസ് മൗലവിയെ കൊലപ്പെടുത്തിയ കേസിൽ കോടതി വിട്ടയച്ചയാളാണ് അജേഷ്.

അപ്പു കെ 7608 എന്ന ഇൻസ്റ്റാഗ്രാം ഐഡിയിൽ നിന്ന് എം.കെ.എഫ് ഐല എന്ന ഇൻസ്റ്റാഗ്രാം ഗ്രൂപ്പിൽ വന്ന ഒരു ചാനൽ വാർത്തയുടെ അടിയിൽ പ്രകോപനപരമായ രീതിയിൽ കമന്റ് ഇട്ടതിനാണ് അജേഷിനെതിരെയുള്ള കേസ്. ഇതിന്റെ സ്ക്രീൻ ഷോട്ട് വ്യാപകമായി പ്രചരിച്ചതിന് പിന്നാലെയാണ് ഐ.പി.സി 153 എ വകുപ്പ് പ്രകാരം പൊലീസ് കേസെടുത്തിരുന്നത്. സംഭവം സാമൂഹ്യമാധ്യമങ്ങളിൽ വൈറലായതിന് പിന്നാലെ യുവാവിനെ പൊലീസ് ചോദ്യം ചെയ്യാൻ വിളിപ്പിക്കുകയും സോഷ്യൽ മീഡിയ അക്കൗണ്ടുകൾ പരിശോധിക്കുകയും ചെയ്തിരുന്നു. ചോദ്യം ചെയ്ത ശേഷം യുവാവിനെ വിട്ടയച്ചിരുന്നു. തുടർന്ന് പൊലീസ് നടത്തിയ വിശദമായ അന്വേഷണത്തിലാണ് അജേഷ് അറസ്റ്റിലാവുന്നത്.



അജേഷ് എന്ന അപ്പു, അബൂബക്കർ സിദ്ദീഖ്

റിയാസ് മൗലവി വധക്കേസിൽ മൂന്ന് പേരെ വെറുതെ വിട്ട വിധിയെ സംബന്ധിച്ച് ഒരു യൂട്യൂബ് ചാനലിൽ വന്ന വാർത്തയ്ക്ക് താഴെ പ്രകോപനപരമായ രീതിയിൽ കമന്റ് ഇട്ടതിനാണ് അബൂബക്കർ സിദ്ദീഖിനെതിരെയുള്ള കേസ്. ഇതിലും ഐ.പി.സി 153 എ വകുപ്പ് പ്രകാരമാണ് കേസ്.

## കലാലയങ്ങളെ കലാപകേന്ദ്രമാക്കുന്ന ഭരണാധികാരികൾ രാജ്യദ്രോഹമാണ് ചെയ്യുന്നത്

കാസർകോട്: കലാലയങ്ങളിൽ കലാപം സൃഷ്ടിക്കുന്ന വിദ്യാർത്ഥികൾക്ക് സംരക്ഷണം നൽകുകയും മർദ്ദനമേറ്റ അധ്യാപകനെതിരെ കേസ്സെടുക്കുകയും ചെയ്യുന്ന ഭരണാധികാരികൾ രാജ്യദ്രോഹമാണ് ചെയ്യുന്നതെന്ന് ഗാന്ധിദർശൻവേദി കാസർകോട് നിയോജക മണ്ഡലം കമ്മറ്റി യോഗം അഭിപ്രായപ്പെട്ടു.

മർദ്ദനമേറ്റ അധ്യാപകനെതിരെ കേസെടുക്കുകയും, വിദ്യാർത്ഥികളെ ശാസിച്ച പ്രിൻസിപ്പലിന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകാതെ ദ്രോഹിക്കയും ചെയ്യുന്ന ഭരണകൂടം നൽകുന്ന സന്ദേശം പ്രതിലോമകരമാണ്. രാഷ്ട്രീയ ലാഭങ്ങൾക്ക് വേണ്ടി യുവജനങ്ങളെ വഴിതെറ്റിക്കുന്ന സമീപനം ഭരണാധികാരികൾ ഉപേക്ഷിക്കണം.

ഡിസി സി ഓഫീസിൽ നടന്ന പ്രവർത്തക കൺവെൻഷൻ സംസ്ഥാന ഉപാദ്ധ്യക്ഷ ഡോ.പി.വി. പുഷ്പജ ഉദ്ഘാടനം ചെയ്തു. ജില്ലാ ചെയർമാൻ രാഘവൻ കുളങ്ങര അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഷാഫി ചൂരിപ്പള്ളം, കെ.ഖാലിദ്, ചന്ദ്രൻ ഞാണിക്കടവ്, സിഎച്ച് വിജയൻ, ശ്രീജ പുരുഷോത്തമൻ, ഉസ്മാൻ കടവത്ത്, രാജൻ ആയമ്പാറ, ഉദ്ദേശ് കുമാർ, പി ജയരാമൻ, ഇ വിനോദ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

ഭാരവാഹികൾ: ഉസ്മാൻ കടവത്ത് (ചെയ), റഫീഖ് നായമ്മാർമൂല, കെ രമണി (വൈസ്. ചെയ), പീതാംബരൻ പാടി (ജന. സെക്ര), ഇ വിനോദ് കുമാർ, സിജെ മേഴ്സി (ജോ. സെക്ര), സികെ പുഷ്പവല്ലി (ട്രഷ).

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 09 ചൊവ്വ
ഗൾഫ് ചന്ദ്രിക

## ഏകദിന പ്രസംഗ പരിശീലന കേമ്പ്

കണ്ണൂർ: മൗലനാ ആസാദ് ഹ്യൂമൺ റിസോർസ് ഡെവലപ് സെന്റർ പ്രസംഗ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. സോഫ്റ്റ് സ്കിൽ ട്രെയിനറും പബ്ലിക് സ്പീക്കിംഗ് കോച്ചുമായ അഹ്മദ് പി. സിറാജ് നയിക്കുന്ന കേമ്പ് 21ന് കണ്ണൂർ തെക്കീ ബസാറിലെ എംഎച്ച്ആർഡി സെന്ററിൽ നടക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20പേർക്ക് പങ്കെടുക്കാൻ അവസരം. സംഘാടകർ, അധ്യാപകർ, വിദ്യാർഥികൾ, പഞ്ചായത്ത് അംഗങ്ങൾ, പിടിഎ ഭാരവാഹികൾ, വ്യാപാരികൾ, സംരംഭകർ, ഉദ്യോഗസ്ഥർ, അഭിഭാഷകർ, ഡോക്ടർമാർ സാമൂഹ്യ പ്രവർത്തകർ, പ്രാദേശിക നേതാക്കൾ, തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ഭയവും വിറയലും മടിയുമില്ലാതെ പ്രസംഗിക്കാൻ പഠിക്കാം രജിസ്ട്രേഷനും വിവരങ്ങൾക്കും വാട്സാപ്പിൽ ബന്ധപ്പെടാം ഫോൺ: 9447390338.

## ഡോ.ഹരിപ്രസാദിന് പുരസ്കാരം

കണ്ണൂർ: ജ്യോതിഷ വാചസ്പതി കൊയ്യം കെ.വി കുഞ്ഞിരാമന്റെ പേരിൽ സ്മാരക ട്രസ്റ്റും കുടുംബാംഗങ്ങളും ചേർന്ന് ഏർപ്പെടുത്തിയ സാഹിത്യ പ്രതിഭാ പുരസ്കാരം ഡോ.ഹരിപ്രസാദ് കടമ്പൂരിന് സമ്മാനിക്കുമെന്ന് ട്രസ്റ്റ് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സംസ്കൃത പണ്ഡിതനും എഴുത്തുകാരനും തിരുവങ്ങാട് ഗവ. ഹയർസെക്കന്ററി സ്കൂളിൽ സംസ്കൃത അധ്യാപകനുമാണ് ഡോ.ഹരിപ്രസാദ്. 5001 രൂപയും പ്രശസ്തി പത്രവുമടങ്ങിയ പുരസ്കാരം 12ന് രാവിലെ 10 മണിക്ക് മയ്യിൽ ചെക്യാട്ട് കാവിന് സമീപം നടക്കുന്ന ചടങ്ങിൽ ഡിഎംഒ ഡോ.പീയൂഷ്.എം നമ്പൂതിരി സമ്മാനിക്കും. വാർത്താസമ്മേളനത്തിൽ ഡോ.കെ രാജഗോപാലൻ, ഒ.എം മധുസൂദനൻ, മലപ്പട്ടം ഗംഗാധരൻ, ഡോ.സി.കെ മോഹനൻ, പി.സി രാധാകൃഷ്ണൻ പങ്കെടുത്തു.

## ജില്ലാ ചെസ് ചാമ്പ്യൻ ഷിപ്പ്

പേരാവൂർ: ജില്ലാ ഓപ്പൺ ചെസ് ചാമ്പ്യൻഷിപ്പ് പേരാവൂർ റോബിൻസ് ഓഡിറ്റോറിയത്തിൽ സ്പോർട്സ് കൗൺസിൽ ജില്ലാ പ്രസിഡന്റ് പി.പി പവിത്രൻ ഉദ്ഘാടനം ചെയ്തു.പേരാവൂർ പഞ്ചായത്ത് വൈസ്പ്രസിഡന്റ് നിഷ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. റെജീന സിറാജ്, സുജീഷ് എ പി. സെബാസ്റ്റ്യൻ വി.യു, എം സജീവൻ, ഡോ. ഷാനവാസ് സംസാരിച്ചു.



### പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് ഫയലിൽ

# കൗമാര പ്രശ്നങ്ങൾ കേൾക്കാനാളില്ല

● ജില്ലയിലെ വിദ്യാലയങ്ങളിൽ സൈക്കോ കൗൺസിലർമാരില്ല

■ **സ്വന്തം ലേഖകൻ**
കണ്ണൂർ



കണ്ണൂർ:വിദ്യാർഥി പ്രശ്നങ്ങൾ അറിഞ്ഞ് മാനസിക സമ്മർദം കുറക്കാൻ വിദ്യാലയങ്ങളിൽ സൈക്കോ കൗൺസിലർമാരില്ല. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നടപ്പാക്കാതെ സർക്കാർ നിസംഗത.

വിദ്യാലയങ്ങളിൽ സൈക്കോ സോഷ്യൽ കൗൺസിലർമാരെ നിയമിക്കണമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവുണ്ടെങ്കിലും നിയമനം കടലാസിൽ ഒതുക്കുകയാണ്.

നിലവിൽ കൗമാരപ്രായക്കാർക്ക് സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ സേവനം നിർബന്ധമാണ്. അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെ പഠിക്കുന്നവർക്കാണ് സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ സേവനം നിർദ്ദേശിക്കുന്നത്. നിലവിൽ രണ്ട് മുതൽ അഞ്ച് വരെ വിദ്യാലയങ്ങൾക്ക് ഒരു കൗൺസിലർ എന്ന നിലയിലാണ് സേവനം.

കൗൺസിലിംഗിന്റെ രഹസ്യസ്വഭാവം നിലനിർത്താൻ വിദ്യാലയങ്ങളിൽ കൗൺസിലർമാർക്ക് പ്രത്യേക മുറികൾ നൽകണമെന്ന ഉത്തരവും പാലിക്കപ്പെടുന്നില്ല. ലൈബ്രറി, ലാബുകൾ എന്നിവിടങ്ങളിൽ വെച്ചാണ് ഭൂരിഭാഗം വിദ്യാലയങ്ങളിൽ കൗൺസിലർമാർ കുട്ടികളോട് സംസാരിക്കുന്നത്. ഇത് കുട്ടികൾക്ക് പ്രശ്നങ്ങൾ തുറന്ന് പറയാൻ തടസമാകുന്നുണ്ട്.

* വിദ്യാലയങ്ങൾ-1279
* ഹയർസെക്കന്ററി-129
* ഹൈസ്കൂൾ-157
* യുപി-302
* കൗൺസിലർമാർ 94

### ലക്ഷ്യം കൗമാര ശാക്തീകരണം

കൗമാരക്കാരായ വിദ്യാർഥികളുടെ ശാക്തീകരണത്തിന് വനിതാ ശിശുവികസന വകുപ്പിന് കീഴിലാണ് സൈക്കോ സോഷ്യൽ പദ്ധതിയിൽ വിദ്യാലയങ്ങളിൽ കൗൺസിലർമാരെ ബ്ലോക്ക് തലത്തിൽ നിയമിക്കുന്നത്. നിലവിൽ ജോലി ഭാരത്താൽ കൗൺസിലർമാർക്ക് ഒരു വിദ്യാലയത്തിൽപോലും കൃത്യമായി ജോലിചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഒന്നിൽ കൂടുതൽ വിദ്യാലയങ്ങളിൽ പോകേണ്ടി വരുമ്പോൾ വിദ്യാർഥികളുടെ പ്രശ്നങ്ങൾ കൃത്യമായി മനസിലാക്കാനും പിന്തുടരാനും സാധിക്കുന്നില്ല.

### ചെറുതായി കാണരുത് ഈ സേവനം

പോക്സോ കേസുകൾ, ഒളിച്ചോടുന്നവർ, ആത്മഹത്യ ചെയ്യുന്നവർ, ലഹരി കേസുകളിൽ ഉൾപ്പെടുന്നവർ ഇവയുടെ തുടക്കം അറിയാൻ സാധിച്ചാൽ വിദ്യാർഥികളെ അപകടത്തിൽ നിന്ന് രക്ഷപ്പെടുത്താനാകും. പോക്സോ കേസുകളിൽ ഇത്തരം സൈക്കോ സോഷ്യൽ കൗൺസിലർമാരാണ് ഇരകളായ കുട്ടികളുടെ മൊഴിയെടുക്കുന്നത്.

### തടസം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനവും

ജില്ലാതലത്തിൽ നേരത്തെ ശിശു വികസന വകുപ്പും ജില്ലാ പഞ്ചായത്തും ചേർന്ന് അഭിമുഖം നടത്തിയാണ് കൗൺസിലർമാരെ കണ്ടെത്തിയിരുന്നത്. കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കിയതോടെ മറ്റ് ജില്ലകളിൽ നിന്നെത്തുന്ന ഉദ്യോഗാർഥികൾക്കും സാധ്യതയായി. നിയമനം നേടിക്കഴിഞ്ഞാൽ ഇവരിൽ പലരും വൈകാതെ രംഗം വിടുന്നു. ഇങ്ങനെ ഒഴിയുന്ന തസ്തികകളിൽ നിയമനം വൈകുമ്പോൾ പലവിധ പ്രശ്നങ്ങളുടെ നടുവിൽ പെട്ട കുട്ടികളെയാണ് അന്തിമമായി ബാധിക്കുന്നത്.

## തെങ്ങിന് വളം വിതരണം 15 മുതൽ

കണ്ണൂർ: കോർപ്പറേഷൻ 2024-25 വാർഷിക പദ്ധതിയിൽ തെങ്ങിന് വളം വിതരണം 15ന് ആരംഭിക്കും. വളം ആവശ്യക്കാരായ കർഷകർ കൃഷി ഭവനുകളിൽ നേരിട്ട് അപേക്ഷ നൽകണം. തനത് വർഷത്തെ നികുതി രശീതി, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ കോപ്പിയും സമർപ്പിക്കണം. ഈവർഷം നേരത്തെ അപേക്ഷ നൽകിയവർ കൃഷി ഭവനുകളിൽ നിന്ന് വളത്തിന് പെർമിറ്റ് കൈപ്പറ്റണം.

# അയ്യൻകുന്നിൽ മാവോയിസ്റ്റ് സാന്നിധ്യം തണ്ടർ ബോൾട്ട് പരിശോധന

ഇരിട്ടി: ആറളം അയ്യൻകുന്ന് പ്രദേശത്തെ മാവോയിസ്റ്റ് സാന്നിധ്യ മേഖലയിൽ തണ്ടർ ബോൾട്ടിന്റെയും ബോംബ്, ഡോഗ് സ്ക്വാഡുകളുടെ നേതൃത്വത്തിൽ പരിശോധന.

മാനന്തവാടി മക്കിമലയിൽ വനമേഖലയോട് ചേർന്ന ഭാഗത്ത് കുഴിബോംബ് കണ്ടെത്തിയ സാഹചര്യത്തിലാണ് പരിശോധന. ആറളം അയ്യൻകുന്ന് വനാതിർത്തിയിൽ മാവോയിസ്റ്റ് സാന്നിധ്യം സ്ഥിരീകരിച്ച മേഖലയിൽ ആയിരുന്നു പരിശോധന. പൊലീസ് രഹസ്യ അന്വേഷണ വിഭാഗവും പരിശോധന സംഘത്തിൽ ഉണ്ടായിരുന്നു. നേരത്തെ മാവോവാദി സാന്നിധ്യം കണ്ടെത്തിയ അയ്യൻകുന്ന് പഞ്ചായത്തിലെ കളിത്തട്ടുംപാറ, മാവോയിസ്റ്റ് തണ്ടർബോൾട്ട് ഏറ്റുമുട്ടൽ നടന്ന ഉരുപ്പുംകുറ്റി മേഖലയിലുമാണ് പരിശോധന നടത്തിയത്. നേരത്തെ പലതവണകളായി മാവോയിസ്റ്റുകളെത്തിയ ദ വീടുകളും പരിസരങ്ങളും പരിശോധിച്ചു.ബോംബ് സ്ക്വാഡ്, ഡോഗ് സ്ക്വാഡ് ആറളം, കരിക്കോട്ടക്കരി സ്റ്റേഷനുകളിലെ പൊലീസും തിരച്ചിലിൽ ഒപ്പമുണ്ടായിരുന്നു.



*അയ്യൻകുന്നിലെ കളിത്തട്ടുംപാറയിൽ തണ്ടർ ബോൾട്ടിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധന*

# ഓൺലൈൻ തട്ടിപ്പുകൾ വ്യാപകം; കവർന്നത് ഏഴര കോടി രൂപ

## ജാഗ്രത വേണമെന്ന് റൂറൽ പൊലീസ് മേധാവി

തളിപ്പറമ്പ് : കണ്ണൂർ റൂറൽ ജില്ലയിൽ സമീപകാലത്തായി ഓൺലൈൻ തട്ടിപ്പുകൾ വ്യാപകമായി പൊലീസ് മേധാവി അറിയിച്ചു. ഓൺലൈൻ ട്രേഡിംഗിലൂടെയും നിക്ഷേപത്തിലൂടെയും ലക്ഷങ്ങൾ ലാഭമുണ്ടാക്കാമെന്ന വാഗ്ദാനത്തിലാണ് തട്ടിപ്പുകൾ.വിവിധ കേസുകളിലായി റൂറൽ മേഖലയിൽ നിന്ന് മാത്രം ഏഴര കോടിയോളം രൂപയാണ് സംഘം കവർന്നത്.

ഓൺലൈൻ ട്രേഡിംഗിലൂടെയും നിക്ഷേപത്തിലൂടെയും ലക്ഷങ്ങൾ ലാഭമുണ്ടാക്കാമെന്നു പറഞ്ഞ് 2.5 കോടി രൂപയും വ്യാജ അന്വേഷകൻ ചമഞ്ഞ് 13.75 ലക്ഷം രൂപയുമാണ് തട്ടിയെടുത്തത്. ഓൺലൈൻ ട്രേഡിംഗിന്റെ പേരിൽ തളിപ്പറമ്പ് സ്വദേശികളിൽ നിന്നായി 64 ലക്ഷം രൂപയും,മറ്റൊരാളിൽ നിന്നും 32 ലക്ഷം രൂപയും സംഘം തട്ടിയെടുത്തു.

ആമസോൺ ഓൺലൈൻ ഷോപ്പിംഗ് ആപ്പിൽ പ്രോഡക്ട് കാർട്ട് ചെയ്താൽ പണം ലഭിക്കുമെന്ന് പറഞ്ഞ് മാട്ടൂൽ സ്വദേശിയിൽ നിന്ന് 16 ലക്ഷം രൂപയുമാണ് തട്ടിയത്. അന്വേഷണ ഉദ്യോഗസ്ഥനെന്ന വ്യാജേന പയ്യന്നൂരിലെ ഡോക്ടറിൽ നിന്നും 10 ലക്ഷം രൂപ തട്ടിയെടുത്ത സംഭവമുണ്ടായി.മുംബൈ പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ സുപ്രീംകോടതി വാറന്റുണ്ടെന്നു പറഞ്ഞാണ് തട്ടിപ്പ് നടത്തിയത്.ഉയർന്ന ഉദ്യോഗസ്ഥന്റെ യൂണിഫോം ധരിച്ച് വാട്സാപ്പിലൂടെ സംസാരിച്ച സംഘം എഫ്ഐആറിന്റെയും വാറന്റിന്റെയും വ്യാജ കോപ്പിയും കാണിച്ചു.സെക്യൂരിറ്റി ചെക്കിങ്ങിന്റെ ഭാഗമായെന്ന് തെറ്റിദ്ധരിപ്പിച്ചാണ് പണം തട്ടിയത്. ഈ വർഷം ഇതുവരെയായി റൂറൽ ജില്ലയിൽ ചെറുതും വലുതുമായ മുന്നൂറോളം സൈബർ തട്ടിപ്പുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. റൂറൽ സൈബർ പൊലീസ് നടത്തിയ അന്വേഷണത്തിൽ 3.75 ലക്ഷം രൂപ തിരിച്ചു പിടിക്കാൻ സാധിച്ചിട്ടുണ്ട്.ഇത്തരം തട്ടിപ്പുകാർക്കെതിരെ ജാഗ്രത വേണമെന്ന് കണ്ണൂർ റൂറൽ ജില്ലാ പൊലീസ് മേധാവി എ ഹേമലത ഐപിഎസ് അറിയിച്ചു.

## ഇരിക്കൂർ മണ്ഡലം മുസ്‌ലിം ലീഗ് ശില്പശാല ഇന്ന്

ശ്രീകണ്ഠപുരം: ഇരിക്കൂർ മണ്ഡലം മുസ്‌ലിം ലീഗ് ഏകദിന ശില്പശാല ഇന്ന് രാവിലെ 10 മുതൽ ചെങ്ങളായി നെല്ലൻ ഓഡിറ്റോറിയത്തിൽ നടക്കും. തദ്ദേശ തെരഞ്ഞെടുപ്പിന് പാർട്ടിയെ സജ്ജമാക്കുന്നതിനാണ് ശില്പശാല. വിവിധ സെഷനുകളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

## പരസ്യബോർഡുകൾ നീക്കണം

ചപ്പാരപ്പടവ്: ഗ്രാമപഞ്ചായത്ത് പരിധിയിൽ പൊതു സ്ഥലങ്ങളിൽഅനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകൾ, ബാനറുകൾ ഹോൾഡിംഗുകൾ എന്നിവ മൂന്ന് ദിവസത്തിനകം നീക്കണം.ഇല്ലെങ്കിൽ പഞ്ചായത്ത് നീക്കം ചെയ്തു ചെലവ് ബന്ധപ്പെട്ടവരിൽ നിന്നു ഈടാക്കും.

## ഫുട്ബോൾ പരിശീലനം

വളപട്ടണം: ടൗൺ ഫുട്ബോൾകോച്ചിംഗ്സെന്ററും,മൂന്നാം ഡിവിഷനിൽ കളിക്കുന്നവളപട്ടണംഫുട്ബോൾഅക്കാദമിയും ഇരു ടീമുകളിലേക്കുള്ളസെലക്ഷൻട്രയൽസ് 13,14ന് വളപട്ടണം മന്ന മിനി സ്റ്റേഡിയത്തിൽ നടക്കും. തിരഞ്ഞെടുക്കുന്നവർക്ക് കോച്ചിംഗ് കേമ്പിലൂടെ സ്ഥിരം പരിശീലനവും ലഭിക്കും. താൽപര്യമുള്ളവർ സെലക്ഷൻ ദിവസം രാവിലെ 8 ന് എത്തിച്ചേരണം. 9072456745. 98958701 02. 7356465662.



*തമിഴ്നാട് വിനായക മിഷൻ സർവകലാശാലയിൽ നിന്ന് ഇഎൻടിയിൽ മാസ്റ്റർ ഓഫ് സർജറിയിൽ സ്വർണ മെഡലോടെ ഒന്നാം റാങ്ക് നേടിയ ഡോ.അസ്ജാൻ ബഷീർ. കാസർകോട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് ഓഫീസറായിരുന്ന ബി.എം മുഹമ്മദ് ബഷീറിന്റെയും വെള്ളൂരിലെ അക്കാളത്ത് വഹീദയുടെയും മകളാണ്*

# തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നാളെ ജനകീയ ഒപ്പ് മതിൽ

കണ്ണൂർ:നടപ്പിലാക്കിയ പദ്ധതികൾക്ക് പോലും ഫണ്ടുകൾ അനുവദിക്കാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ തകർക്കുന്ന സർക്കാറിന്റെ നയത്തിൽ പ്രതിഷേധിച്ച് എൽ.ജി.എം.എൽ ജില്ലാ കമ്മിറ്റി കലക്ടറേറ്റ് മാർച്ചിന്റെ ഭാഗമായി നാളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പിൽ ജനകീയ ഒപ്പ് മതിൽ പരിപാടി സംഘടിപ്പിക്കും.പെൻഷൻ, ലൈഫ് പദ്ധതി, ഭിന്നശേഷി സ്കോളർഷിപ്പ് തുടങ്ങിയ സാധാരണക്കാരുടെ പദ്ധതികൾ അട്ടിമറിക്കുന്നതിനെതിരെയുള്ള പ്രതിഷേധത്തിന്റെ ഭാഗമായാണ് ജനകീയ ഒപ്പ് മതിൽ.

ജില്ലാതല ഉദ്ഘാടനം കണ്ണൂർ കോർപ്പറേഷന് മുമ്പിൽ ജില്ലാ മുസ്‌ലിം ലീഗ് പ്രസിഡന്റ് അഡ്വ. അബ്ദുൽ കരീം ചേലേരി നിർവഹിക്കും. കെ.പി.താഹിർ, ടി.എ.തങ്ങൾ തുടങ്ങിയവർ സംബന്ധിക്കും. മുസ്‌ലിം ലീഗ് ജില്ലാ ഭാരവാഹികൾ വിവിധ സ്ഥലങ്ങളിൽ സംബന്ധിക്കും.

രാമന്തളി പഞ്ചായത്തിൽ കെ.ടി.സഹദുല്ല, മാട്ടൂലിൽ കെ.വി. മുഹമ്മദലി ഹാജി, ഇരിക്കൂറിൽ സി.കെ. മുഹമ്മദ്, ശ്രീകണ്ഠപുരത്ത് അഡ്വ.എസ്.മുഹമ്മദ്, തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ മഹമൂദ് അള്ളാംകുളം, ചപ്പാരപ്പടവിൽ ഇബ്രാഹിംകുട്ടി തിരുവട്ടൂർ, കൊളച്ചേരിയിൽ പി.കെ.സുബൈർ, വളപട്ടണത്ത് വി.പി. വമ്പൻ, നാറാത്ത് ബി.കെ. അഹമ്മദ്, ധർമ്മടത്ത് എൻ.പി റഫീഖ്,തലശ്ശേരി നഗരസഭയിൽ അഡ്വ.കെ.എ. ലത്തീഫ്, തൃപ്പങ്ങോട്ടൂരിൽ കാട്ടൂർ മുഹമ്മദ്, കുന്നോത്ത്പറമ്പിൽ ചെണ്ടയാട് മുസ്തഫ, മട്ടന്നൂർ നഗരസഭയിൽ അൻസാരി തില്ലങ്കേരി, മുണ്ടേരിയിൽ എം.പി.മുഹമ്മദലി, ഇരിട്ടി നഗരസഭയിൽ ഇബ്രാഹിം മുണ്ടേരി ഉദ്ഘാടനം ചെയ്യും.

മണ്ഡലം,പഞ്ചായത്ത് മേഖലാ ഭാരവാഹികൾ, മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംബന്ധിക്കും. ഒപ്പ് മതിൽ വിജയമാക്കണമെന്ന് ജില്ലാ എൽ.ജി .എം.എൽ. പ്രസിഡന്റ് ഗഫൂർ മാട്ടൂൽ ജന:സെക്രട്ടറി കെ.പി.അബ്ദുൽ റസാഖ് അഭ്യർത്ഥിച്ചു.

### ഒപ്പുമതിൽ വിജയിപ്പിക്കണം: മുസ്‌ലിംലീഗ്

കണ്ണൂർ: ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ്-എൽ.ജി.എം.എൽ ജില്ലാ കമ്മിറ്റി 20ന് സംഘടിപ്പിക്കുന്ന കലക്ടറേറ്റ് മാർച്ചിന്റെ ഭാഗമായി നാളെ തദ്ദേശ സ്ഥാപനങ്ങൾക്ക് മുന്നിൽ നടക്കുന്ന ജനകീയ ഒപ്പ് മതിൽ വിജയിപ്പിക്കണമെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരിയും ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയും അഭ്യർത്ഥിച്ചു. പഞ്ചായത്ത്, മേഖല, മുനിസിപ്പൽ കമ്മിറ്റികളുടെ പങ്കാളിത്തമുണ്ടാകണമെന്നും നേതാക്കൾ അറിയിച്ചു.



*തളിപ്പറമ്പ് നഗരത്തിൽ നിർത്തിയിട്ട ബൈക്കിന്റെ ഹെഡ്‌ലൈറ്റിൽ കണ്ടെത്തിയ പെരുമ്പാമ്പ്*

## തളിപ്പറമ്പ ടൗണിൽ നിർത്തിയിട്ട ബൈക്കിൽ പെരുമ്പാമ്പ്

തളിപ്പറമ്പ്:നഗരത്തിൽ നിർത്തിയിട്ട ബൈക്കിന്റെ ഹെഡ്‌ലൈറ്റിൽ പെരുമ്പാമ്പ് കയറിക്കൂടി. അരിയിൽ സ്വദേശി അബ്ദുൾ റാഷീദിന്റെ ബൈക്കിന്റെ ഹെഡ്‌ലൈറ്റിനകത്താണ് പാമ്പ് കയറിക്കൂടിയത്. മാർക്കറ്റ് റോഡിൽ കാന്റീൻ പരിസരത്തെ സ്റ്റാളിലെ ജീവനക്കാരനായ റാഷീദ്.ജോലികഴിഞ്ഞ് വീട്ടിലേക്ക് മടങ്ങാൻ ബൈക്കെടുക്കാൻ ശ്രമിച്ചപ്പോഴാണ്പെരുമ്പാമ്പിൻ കുട്ടിയെ ശ്രദ്ധയിൽപ്പെട്ടത്.വനംവകുപ്പ് റെസ്ക്യൂവർ അനിൽ തൃച്ചംബരം എത്തിയാണ് പാമ്പിനെ പുറത്തെടുത്തത്.

## സൗജന്യ മസ്റ്ററിംഗ് ക്യാമ്പ് സംഘടിപ്പിച്ചു

മട്ടന്നൂർ: മുസ്‌ലിം ലീഗ്, വനിതാ ലീഗ് സംയുക്തമായി 19-ാം മൈൽ മുസ്‌ലിം ലീഗ് ഓഫീസിൽ സൗജന്യ മസ്റ്ററിംഗ് കേമ്പ് ഉദ്ഘാടനം പേരാവൂർ മണ്ഡലം വനിതാ ലീഗ് പ്രസിഡന്റ് പി.കെ ബൽക്കീസ് നിർവഹിച്ചു. എം ഇബ്രാഹിം അധ്യക്ഷനായി. പേരാവൂർ മണ്ഡലം സെക്രട്ടറി യു.പി മുഹമ്മദ്, നഗരസഭ പ്രസിഡന്റ് സമീർ പുന്നാട്, സെക്രട്ടറി വി.പി അബ്ദുൽ റഷീദ്, കെ.കെ മുനീർ സുൽത്താൻ നഗർ വനിതാ ലീഗ് പ്രസിഡന്റ് ഫർസാന പറമ്പിൽ, ഇകെ അബൂബക്കർ, റാസിഖ് ഷഫീർ, കെപി സഫീർ,സിനാൻ,സാജിത നസീമ, നസീറ,നഗരസഭ കൗൺസിലർ ഇന്ദു മതി പങ്കെടുത്തു.

### ഫസൽ കോയമ്മ തങ്ങളുടെ നിര്യാണം

## മുസ്‌ലിംലീഗ് അനുശോചിച്ചു

കണ്ണൂർ: ജാമിയ സഅദിയ ജനറൽ സെക്രട്ടറിയും സുന്നി പണ്ഡിതനുമായ ഫസൽ കോയമ്മ-കൂറാ തങ്ങളുടെ നിര്യാണത്തിൽ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരിയും ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയും അനുശോചിച്ചു. ദക്ഷിണ കന്നഡയിലെയും സമീപ പ്രദേശങ്ങളിലും സുന്നി സംഘടനാ നേതൃനിരയിൽ പ്രവർത്തിച്ച ഫസൽ കോയമ്മ തങ്ങളുടെ നിര്യാണം മതപ്രബോധന മേഖലയിൽ വലിയൊരു പണ്ഡിതന്റെ വിടവാണുണ്ടാക്കിയതെന്ന് നേതാക്കൾ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

എട്ടിക്കുളത്തെ വീട്ടിലെത്തി അന്തിമോപചാരമർപ്പിച്ച് കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു. കല്യാശ്ശേരി മണ്ഡലം പ്രസിഡന്റ് എസ്.കെ.പി സക്കരിയ, പയ്യന്നൂർ മണ്ഡലം പ്രസിഡന്റ് കെ.കെ അഷ്റഫ് എന്നിവരും കൂടെയുണ്ടായിരുന്നു.

## എം.ഡി.എം.എയുമായി തലശ്ശേരിയിൽ രണ്ട് പേർ പിടിയിൽ

തലശ്ശേരി : രണ്ടിടങ്ങളിൽ എം.ഡി.എം.എയുമായി രണ്ട് പേർ പിടിയിൽ. തലശ്ശേരി എരഞ്ഞോളി പാലത്തിന് സമീപം ഓട്ടോയിൽ കടത്തുകയായിരുന്ന 26 ഗ്രാം എം.ഡി.എം. എയുമായി കണ്ണവം ശിവജി നഗർ സ്വദേശിആമിനാസിലിൽ കെ.വി. സഹീറിനെ (37) തലശ്ശേരി പൊലീസും കതിരൂർ പുല്യോട് നള്ളച്ചേരിമുക്ക് സ്വദേശി പുതിയ കണ്ടിയിൽ ഷാഹുലിനെ (28) 18 ഗ്രാം എം.ഡി.എം.എ യുമായി കതിരൂർ പൊലീസുമാണ് പിടികൂടിയത്. വീട്ടിൽ നിന്നാണ് ഷാഹുലിനെ പിടികൂടിയത്.

രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇരുവരും പിടിയിലായത്. സഹീറിൽ നിന്നുംമയക്ക് മരുന്നിന് പുറമെ 9000 രൂപയും മൊബൈൽ ഫോണും പിടിച്ചെടുത്തു. എസ്.ഐ വി.വി. ദീപതിയുടെ നേതൃത്വത്തിലാണ് പരിശോധന. സഹീർ നേരത്തെ കഞ്ചാവു കേസിൽ പ്രതിയാണെന്ന് പൊലീസ് പറഞ്ഞു. പ്രതികളെ നർക്കോട്ടിക് കോടതി മുമ്പാകെ ഹാജരാക്കി.



## ഏച്ചൂർ ഈസ്റ്റ് എൽപി സ്കൂളിൽ

### ചന്ദ്രിക അറിവിൻ തിളക്കം

ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി പ്രധാനാധ്യാപിക ശ്രീജിതയ്ക്ക് ചന്ദ്രിക കൈമാറി സ്പോൺസർ ദുബായ് കെ.എം.സി.സി സെക്രട്ടറി ആശിഖ് മുക്കണ്ണിയുടെ പിതാവ് മുസ്‌ലിംലീഗ് മുണ്ടേരി ശാഖാ ട്രഷറർ വി.വി അബ്ദുൽഖാദർ ഉദ്ഘാടനം ചെയ്യുന്നു.

ജില്ലാ സെക്രട്ടറി എം.പി മുഹമ്മദലി, പിടിഎ പ്രസിഡന്റ് പി നൗഫൽ, മായൻമുക്ക് ശാഖാ സെക്രട്ടറി പി.സി നൗഷാദ്, ടി.പി സുലൈമാൻ, അധ്യാപകരായ കെ.എൻ പ്രസീത, ടി.എം അനൂജ, ഇ.പി സഫൂറ, നൂറാനിയ, കെ ഷൈജ, സി.എച്ച് രാജിക, കെ അബ്ദുൽസലീം, എൻ ധനേഷ് പങ്കെടുത്തു.

## ചന്ദ്രിക നൂറുൽ മആരിഫ്



### നൂഞ്ഞേരി നൂറുൽ ഇസ്‌ലാം മദ്രസയിൽ

നൂഞ്ഞേരി നൂറുൽ ഇസ്‌ലാം മദ്രസയിൽ മദ്രസ ലീഡർ അലിക്ക് ചന്ദ്രിക കൈമാറി കോ-ഓർഡിനേറ്റർ സി.എച്ച് ഖിസ്ർ ഉദ്ഘാടനം ചെയ്യുന്നു. കെ അബ്ദുല്ല, ഷാഹുൽ ഹമീദ്, വി പി പരി, ടി.വി അബ്ദുറഹ്മാൻ പങ്കെടുത്തു.



### ഒലിപ്പിൽ അൽ മദ്രസത്തുൽ അലിയ്യ മദ്രസയിൽ

പെരിങ്ങത്തൂർ: ഒലിപ്പിൽ അൽ മദ്രസത്തുൽ അലിയ്യ മദ്രസയിൽ ചന്ദ്രിക നൂറുൽ മആരിഫ് പദ്ധതി മദ്രസ ലീഡർ മുഹമ്മദ് ബിലാലിന് ചന്ദ്രിക കൈമാറി ജമാൽ കൊയപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു. പ്രധാനാധ്യാപകൻ അബ്ദുൽ റാസിഖ് ഫൈസി, മദ്രസ കമ്മിറ്റി ഭാരവാഹികളായ നജീബ് നെല്ലിക്ക, ഉമർ ഖയ്യാം, ഉമ്മർ ഹാജി, ശാഖാ ഭാരവാഹികളായ പി.കെ നൗഷാദ്, സുഹൈൽ മേക്കുന്ന്, പി.കെ മൂസഹാജി, നാസർ മൂസ, പ്രി സ്കൂൾ മാനേജിംഗ് കമ്മിറ്റി ഭാരവാഹികളായ അസീസ്, പി.കെ ഉമ്മർഹാജി, കൊയപ്പള്ളി മുഹമ്മദ്, ഫൈസൽ മനയത്ത്, കെ.കെ അൻവർ, അഷറഫ് വാഴേത്ത് പങ്കെടുത്തു. ജമാൽ കൊയപ്പള്ളിയാണ് സ്പോൺസർ.



## ടാലന്റ് ഫെസ്റ്റ്

കോട്ടത്തറ: യൂത്ത് കോൺഗ്രസിന്റെയും കെഎസ്‌യുവിന്റെയും മണ്ഡലം കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ യൂനിറ്റി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് പാരാമെഡിക്കൽ സയൻസ് പനമരം ടീമിന്റെ സഹകരണത്തോടെ ടാലന്റ് ഫെസ്റ്റ് സംഘടിപ്പിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളെയാണ് ആദരിച്ചത്. യൂത്ത് കോൺഗ്രസ് കോട്ടത്തറ മണ്ഡലം പ്രസിഡന്റ് വിനോജ് .പി .ഇ. അധ്യക്ഷത വഹിച്ചു.

## മധ്യവയസ്കയെ ആക്രമിച്ചതായി പരാതി

വെള്ളമുണ്ട: വിധവയായ മധ്യവയസ്കയെ ആക്രമിച്ചതായി പരാതി. വെള്ളമുണ്ട കോക്കടവ് തിണ്ടൻ പാത്തുമ്മ (61)ക്കാണ് ഞായറാഴ്ച വൈകുന്നേരം ബന്ധുവീട്ടിൽ പോയി വരുന്നതിനിടെ വീടിനടുത്ത് വെച്ച് ആക്രമം നേരിട്ടത്.

നടന്നു പോവുന്നതിനിടെ വാഹനത്തിലെത്തിയ തരുവണ സ്വദേശി മക്കി ഷുക്കൂർ എന്നയാൾ തന്നെ ചവിട്ടി വീഴ്ത്തുകയും കൊന്നു കളയുമെന്ന് ഭീഷണിപ്പെടുത്തിയതായും പാത്തുമ്മ പറഞ്ഞു. മെഡിക്കൽ കോളേജിൽ ചികിത്സ തേടിയ ഇവരിൽ നിന്നും വെള്ളമുണ്ട പോലീസ് മൊഴിരേഖപ്പെടുത്തി.

**വയനാട് വാർത്തകൾ**

# ജനവാസ കേന്ദ്രങ്ങളിൽ ആശങ്ക പരത്തി കാട്ടാനക്കൂട്ടങ്ങൾ

## നടവയലിൽ കാട്ടാന കൃഷി നശിപ്പിച്ചു

പനമരം: നടവയൽ പ്രദേശത്തെ കൃഷിയിടങ്ങളിൽ കാട്ടാനശല്യം നിത്യസംഭവമായി മാറിയിരിക്കുകയാണ്. വനാതിർത്തികടന്ന് എത്തുന്ന ആനകൾ രാത്രിയെന്നോ പകലേന്നോ വിത്യാസമില്ലാതെ നടവയലിലും പരിസര പ്രദശങ്ങളിലും താണ്ഡവം ആടുകയാണ്. ഓരോ ദിവസവും ആനകൾ നശിപ്പിക്കുന്നത് ലക്ഷങ്ങളുടെ കാർഷിക വിളകളാണ്. കാപ്പി, കവുങ്ങ്, ഏലം, വാഴ എന്നിവയെല്ലാം ആനകൾ ചവിട്ടി മെതിക്കുകയാണ്. കൃഷിയിടം കടന്ന് വീടിന് സമീപത്തേക്കും എത്തുന്ന ആനകൾ വീടുകളുടെ മതിലും ഗേയ്റ്റും വാഹനങ്ങളും നശിപ്പിക്കുന്നതായും നാട്ടുകാർ പറയുന്നു.



നടവയൽ ഇരട്ടമുണ്ടക്കൽ സജിയുടെ വാഴകൃഷി ആന നശിപ്പിച്ച നിലയിൽ

ഇന്നലെ നടവയൽ പള്ളിത്താഴെ റോഡിൽ ഇറങ്ങിയ കാട്ടാന പരുവുമേൽ ജോസ് പൗലോസിന്റെ വീടിന്റെ മതിലും ഗെയിറ്റും തകർത്തു. നടവയൽ സെന്റ് ആൻസ് ആശുപത്രിയുടെ കമ്പിവേലിയും ഇരട്ടമുണ്ടക്കൽ സജിയുടെ വിളവ് എടുക്കാനായ 300 ഓളം വാഴകളും മത്സ്യ കൃഷി ചെയ്യുന്ന കുളവും കൃഷിക്ക് ഉപയോഗിക്കുന്ന മോട്ടറും പമ്പും ചവിട്ടി തകർത്തു. ഒരു ദിവസം ആനകൾ നശിപ്പിക്കുന്നത് ലക്ഷങ്ങളുടെ കാർഷിക വിളകളാണ്. വനാതിർത്തികളിലെ പ്രതിരോധ സംവിധാനങ്ങൾ ഒന്നും ഫലപ്രാപ്തിയിൽ എത്താതതാണ് ആനകൾ നാട്ടിലേക്ക് വരാൻ മുഖ്യ കാരണമായി നാട്ടുകാർ പറയുന്നത്.

ഇവയെ മയക്ക് വെടി വെച്ച് പിടിച്ചോ, കുങ്കിയാനകളെ ഉപയോഗിച്ച് ഉൾക്കാടകളിലേക്കോ മറ്റോ മാറ്റണമെന്നാണ് പ്രദേശവാസികൾ പറയുന്നത്.



നടവയലിൽ പരുവ്വുമ്മേൽ ജോസിന്റെ മതിൽ കാട്ടാന തകർത്ത നിലയിൽ

## വടക്കനാട് ഭീതി വിതച്ച് കാട്ടാനകൾ

**വടക്കനാട് പണയമ്പം, പച്ചാടി, കരിപ്പൂര്, പള്ളിവയൽ, വള്ളുവാടി മേഖലകളിൽ സന്ധ്യമയങ്ങിയാൽ പുറിത്തിറങ്ങാനാവാത്ത വിധം കാട്ടാനകൾ ജനവാസ കേന്ദ്രങ്ങളിൽ വിഹരിക്കുകയാണ്.**

സുൽത്താൻ ബത്തേരി: രാത്രിയായാൽ വടക്കനാട് പണയമ്പം മേഖലകളുടെ നിയന്ത്രണം പൂർണമായും കൊമ്പനും കൂട്ടാളി മോഴക്കുമാണ്. പ്രദേശത്തെ നാട്ടുകാരുടെ സ്വൈര്യജീവിതം തടസ്സപ്പെടുത്തിയാണ് രണ്ടു പേരുടെയും വിളയാട്ടം. ഇവർ അനുവദിച്ചങ്കിൽ മാത്രമെ മേഖലയിലൂടെ സഞ്ചരിക്കാൻ പോലും കഴിയു എന്നതാണ് അവസ്ഥ. നൂൽപ്പുഴ പഞ്ചായത്ത് വടക്കനാട് പണയമ്പം, പച്ചാടി, കരിപ്പൂര്, പള്ളിവയൽ, വള്ളുവാടി മേഖലകളിൽ സന്ധ്യമയങ്ങിയാൽ പുറിത്തിറങ്ങാനാവാത്ത വിധം കാട്ടാനകൾ ജനവാസ കേന്ദ്രങ്ങളിൽ വിഹരിക്കുകയാണ്. മാസങ്ങളായി തുടരുന്ന ഇവരുടെ താണ്ഡവം കാരണം വ്യാപക കൃഷിനാശമാണ് ഉണ്ടായിരിക്കുന്നത്. ഹെക്ടർ കണക്കിന് കൃഷി ഇവർ ഇതിനകം നശിപ്പിച്ച് കഴിഞ്ഞു. രാത്രിയായയൽ പിന്നെ വടക്കനാട് മേഖലയിലേയ്ക്ക് പുറത്ത് നിന്നോ മേഖലയിലുള്ളവർക്ക് പുറത്തേക്കോ പോകാൻ പറ്റാത്ത അവസ്ഥയാണ്. ആനശല്യം കാരണം സന്ധ്യമയങ്ങിയാൽ പിന്നെ ഇവിടെക്ക് ആരും വരാറില്ല.

രാത്രിയിൽ കൃഷിയിടത്തിലെത്തുന്ന ആനകൾ പലപ്പോഴും പകൽ സമയങ്ങളിലും തോട്ടങ്ങളിൽ തന്നെ തങ്ങുകയാണ്. ഇവിടുത്തെ ആനകളുടെ നേതാവായ മുട്ടി കൊമ്പനും മൊഴയും തോട്ടങ്ങളിലേക്ക് ഇറങ്ങുന്ന ആളുകളെ ഓടിക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ദിവസം രാവിലെ ആനകളെ തുരത്താനിറങ്ങിയ കർഷകരുടെ നേരെയും കാട്ടാനകൾ പാഞ്ഞടുത്തു. ജീവനോപാധികൾ കാട്ടാനകൾ ഇല്ലാതാക്കുന്നത് കർഷകരുടെ ഉപജീവനത്തെകൂടിയാണ് ബാധിക്കുന്നത്.

ആനയുടെ ശല്യം കാരണം മാസങ്ങൾക്ക് മുമ്പേ പ്ലാവുകളിലെ ചക്കകൾ കർഷകർ വെട്ടി കളഞ്ഞിരുന്നു. പണയമ്പം, ചെറുമൂല, കതങ്ങത്ത് എന്നീ പ്രദേശങ്ങളിൽ കഴിഞ്ഞ് മൂന്നു മാസമായി കാട്ടാനകളുടെ വിളയാട്ടമാണ്.



വടക്കനാട് മേഖലയിൽ കാട്ടാന നശിപ്പിച്ച കൃഷിയിടം

കഴിഞ്ഞ ദിവസങ്ങളിൽ ഇറങ്ങിയ കാട്ടാനാകൾ പൂതിയോണി ശ്രീലത, രതീഷ്, പ്രേമൻ, പുളിയാടി വേലായുധൻ, മാളു, ഉഷ എന്നിവരുടെ കാർഷിക വിളകളാണ് നശിപ്പിച്ചത്. വർഷങ്ങളായി വരുമാനം നൽകിയിരുന്ന നൂറ് കണക്കിന് കവുങ്ങുകൾ, തെങ്ങുകൾ, കാപ്പി, കുരുമുളക് എന്നിവയും വാഴ കൃഷിയും നശിപ്പിച്ചു. കാട്ടാനകളെ പ്രതിരോധിക്കുന്നതിനായി പതിനായിരങ്ങൾ മുടക്കി കർഷകർ സ്വന്തംനിലയക്ക് കൃഷിയിടത്തിന് ചുറ്റും സ്ഥാപിച്ച ഫെൻസിംഗുകളും കാട്ടാന തകർത്തു. വനാതിർത്തികളിൽ കിടങ്ങും ഫെൻസിങുമെല്ലാം ഉണ്ടെങ്കിലും ഇവയൊന്നും വേണ്ടരീതിയിൽ അറ്റകുറ്റപണികൾ നടത്താനോ ആവശ്യത്തിന് വാച്ചർമാരോ നിയോഗിക്കാനോ തയ്യാറാകാത്തതാണ് നിലവിൽ ജനങ്ങളുടെ സ്വൈര്യ ജീവിതത്തെ ബാധിക്കുന്നത്. നിത്യവും ഇറങ്ങുന്ന കാട്ടാനകൾ കൃഷികൾ നശിപ്പിക്കുന്നത് കർഷകരുടെ ഉപജീവനത്തെയാണ് ബാധിച്ചിരിക്കുന്നത്.

## ജില്ലാ കലക്ടർക്ക് യാത്രയയപ്പ് നൽകി

കൽപ്പറ്റ: ജില്ലാ ആസൂത്രണസമിതി ജില്ലാ കളക്ടർ ഡോ. രേണുരാജിന് യാത്രയയപ്പ് നൽകി. പിന്നാക്ക ജില്ലയായ വയനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കാനും നിരവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ജില്ലാ കളക്ടർക്ക് സാധിച്ചതായി ഡി.പി.സി അംഗങ്ങൾ പറഞ്ഞു. ജില്ലാ ആസൂത്രണസമിതിയുടെ ഉപഹാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ കളക്ടർക്ക് നൽകി. ആസുത്രണഭവൻ എ.പി.ജെ ഹാളിൽ നടന്ന പരിപാടിയിൽ ത്രിതല പഞ്ചായത്ത് അധ്യക്ഷൻമാർ, വിവിധ വകുപ്പുകൾ കളക്ടർക്ക് ഉപഹാരം നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ അധ്യക്ഷനായ പരിപാടിയിൽ ആസൂത്രണ സമിതി ബോർഡ് സർക്കാർ നോമിനി എ.എൻ പ്രഭാകരൻ, ജില്ലാ പ്ലാനിങ് ഓഫീസർ ഇൻ-ചാർജ്ജ് പി.ആർ രത്നേഷ്, അഡീഷണൽ എസ്പി വിനോദ് പിള്ള, ജനപ്രതിനിധികൾ, ഡി.പി.സി അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറായാണ് ഡോ. രേണുരാജ് ചുമതലയേൽക്കുന്നത്.




ജില്ലാ ആസൂത്രണസമിതി ജില്ലാ കലക്ടർ ഡോ. രേണുരാജിന് യാത്രയയപ്പ് നൽകുന്നു

## നമ്പികൊല്ലിയിൽ മോഷണശ്രമം

സുൽത്താൻ ബത്തേരി: മുഖംമൂടിയും കോട്ടുമണിഞ്ഞ് മോഷ്ടാവ്, കോലായിൽ ലൈറ്റ് തെളിഞ്ഞതോടെ ഓടി രക്ഷപ്പെട്ടു. നമ്പികൊല്ലിയിൽ വലിയകുന്നേൽ ജോർജിന്റെ വീട്ടിൽ കഴിഞ്ഞ ദിവസം പുലർച്ചെയാണ് സംഭവം. ഊട്ടി റോഡിൽ നിന്ന് നൂറ് മീറ്റർ മാറി വനാതിർത്തിയിലാണ് ജോർജിന്റെ വീട്. ഇവിടേക്ക് ഗേറ്റ് തുറന്ന് വരുന്ന മോഷ്ടാവിന്റെയും കോലായിൽ ലൈറ്റ് തെളിഞ്ഞപ്പോൾ ഓടി രക്ഷപെടുന്നതും സി.സി.ടി.വി ദൃശ്യങ്ങളിൽ കാണാം. മുഖം മറച്ച് കോട്ടണിഞ്ഞ് പുറത്ത് ബാഗും തൂക്കി ടോർച്ചടിച്ചാണ് കള്ളൻ വരുന്നത്. കോലായിൽ എത്തി വീടിനകത്തേക്ക് ടോർച്ചടിച്ചതോടെ വീട്ടുകാരൻ ഉണർന്ന് പുറത്തെ ലൈറ്റിടുകയും ബഹളം വെക്കുകയും ചെയ്തു. ഈ സമയം മോഷ്ടാവ് ഓടി മറയുകാണ് ഉണ്ടായത്. ഉടനെ നൂൽപ്പുഴ പോലീസിൽ ജോർജ് വിവരമറിയിച്ചു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിന്ന് രണ്ട് കിലോമീറ്റർ അകലെയുള്ള ചീരാൽ ആശാരിപടിയിലെ ക്വാട്ടേഴ്സ് റൂമിൽ ദിവസങ്ങൾക്ക് മുമ്പ് മോഷണം നടന്നിരുന്നു. ഇവിടെ നിന്ന് രണ്ട് ലക്ഷത്തോളം രൂപയും സ്വർണവും നഷ്ടപ്പെട്ടിരുന്നു.

## നാടുകാണി ചെക്പോസ്റ്റിൽ എം.ഡി.എം.എയുമായി യുവാവ് പിടിയിൽ

ഗൂഡല്ലൂർ: കേരള-തമിഴ്നാട് അതിർത്തിയിലെ നാടുകാണി ചെക്പോസ്റ്റിൽ വെച്ച് എം.ടി.എം എയുമായി കോഴിക്കോട് സ്വദേശി പിടിയിലായി. നാടുകാണി ചെക്പോസ്റ്റിൽ വെച്ച് പോലീസ് ഇൻസ്പെക്ടർ സെൽവകുമാരിയുടെ നേതൃത്വത്തിൽ വാഹന പരിശോധന നടത്തികൊണ്ടിരിക്കുന്നതിനിടയിൽ ഗൂഡല്ലൂർ ഭാഗത്തു നിന്നും വ ന്നുകൊണ്ടിരുന്ന ബൈക്ക് യാത്രികനെ തടഞ്ഞു നിർത്തി

പരിശോധിച്ചതിൽ കേരളത്തിലേക്കു കടത്തികൊണ്ടു പോകാനായി സൂക്ഷിച്ച 30 ഗ്രാം എം.ഡി.എം.എ ഉപകണങ്ങളും പിടികൂടി. ഇതിന്റെ ഏകദേശ വില ഒരു ലക്ഷത്തോളം വരും. പ്രതിയെ പോലീസ് അറസ്റ്റ് ചെയ്ത ശേഷം ചോദ്യം ചെയ്തതിൽ കർണാടകയിൽ നിന്നുംരഹസ്വമായി കടത്തി കൊണ്ട് വന്ന കോഴിക്കോടിന്റെ പരിസര പ്രദേശങ്ങളിലുള്ള കോളേജുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിൽപ്പ നടത്തുന്നതായി അറിയാൻ കഴിഞ്ഞു. കൂടുതൽ വിവരങ്ങൾ ലഭിക്കാനായി പ്രതിയെ പൊലീസ് ചോദ്യം ചെയ്തു വരികയാണ്.

## മക്കിമലയിൽ മാവോയിസ്റ്റുകൾക്കെതിരെ പോസ്റ്റർ പ്രചരണം

മാനന്തവാടി: തലപ്പുഴ മക്കിമലയിൽ മാവോയിസ്റ്റുകൾക്കെതിരെ പോസ്റ്ററുകൾ പതിച്ചു. മക്കിമല ബസ് കാത്തിരിപ്പു കേന്ദ്രം,

ജംഗ്ഷനിലെ കടകളിലെ ഭിത്തികളിലും മറ്റുമാണ് ഇന്നലെ രാവിലെയോടെ പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടത്. കൃത്യമായി ഡിസൈൻ ചെയ്ത് കളർ പ്രിന്റ് എടുത്ത പോസ്റ്ററുകളാണ് പതിച്ചിരിക്കുന്നത്. എന്നാൽ പോസ്റ്ററുകൾ തയ്യാറാക്കിയത് ആരാണെന്നത് പോസ്റ്ററിൽ പരാമർശിച്ചിട്ടില്ല. സംഭവത്തെ തുടർന്ന് പൊലീസ് അന്വേഷണം ആരംഭിച്ചു. മാവോയിസം നാടിനെ ബാധിക്കുന്ന ക്യാൻസർ, ജനവാസ മേഖലകളിൽ ബോംബ് സ്ഥാപിക്കുന്ന മാവോയിസ്റ്റ്

ഭീകരത അവസാനിപ്പിക്കുക, കാടിനെ യുദ്ധഭൂമിയാക്കാൻ അനുവദിക്കില്ല, ചോരയിൽ കുതിർന്ന രാഷ്ട്രീയം ഞങ്ങൾക്ക് വേണ്ട എന്നൊക്കെയാണ് പോസ്റ്ററുകളിൽ ഉള്ളത്. ഒരാഴ്ച മുമ്പാണ് മക്കിമല ജനവാസ മേഖലയോട് ചേർന്ന വനാതിർത്തിയിൽ ഐഇഡി ബോംബ് കണ്ടെത്തിയത്. ബോംബ് സ്ഥാപിച്ചത് മാവോയിസ്റ്റുകളാണെന്ന സംശയത്തിൽ യു.എ.പി.എ പ്രകാരം പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിരുന്നു. ഒരു മാസം മുമ്പ് തലപ്പുഴ കമ്പമലയിൽ എത്തിയ മാവോയിസ്റ്റ് സംഘങ്ങൾക്കെതിരെ നാട്ടുകാർ പരസ്യമായി വിമർശിക്കുന്ന വീഡിയോ സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.




തലപ്പുഴ മക്കിമലയിൽ മാവോയിസ്റ്റുകൾക്കെതിരെ പോസ്റ്ററുകൾ പതിച്ച നിലയിൽ

## വയനാട് ഓർഫനേജ് യു.പി സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി

മുട്ടിൽ: വയനാട് ഓർഫനേജ് യു.പി സ്കൂളിലെ സ്റ്റുഡന്റ്സ് പാർലമെന്റിലേക്കുള്ള പ്രതിനിധികളെ കണ്ടെത്താൻ പാർലമെന്റ് ഇലക്ഷൻ മാതൃകയിൽ തിരഞ്ഞെടുപ്പ് സംഘടിപ്പിച്ചു. 50 അംഗ പാർലമെന്റിലേക്ക് ക്ലാസ് അടിസ്ഥാനത്തിൽ നടന്ന മത്സരത്തിൽ 99 വിദ്യാർത്ഥികൾ മത്സരിച്ചു.ജനാധിപത്യ സങ്കൽപത്തെയും തിരഞ്ഞെടുപ്പ് പ്രക്രിയയെയും കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്ന വിധത്തിലാണ് തിരഞ്ഞെടുപ്പിലെ ഓരോ ഘട്ടങ്ങളും ആസൂത്രണം ചെയ്തു നടപ്പാക്കിയത്. സ്കൂൾ പ്രത്യേകമായി തയ്യാറാക്കിയ സോഫ്റ്റ്‌യെർ ഉപയോഗിച്ചാണ് വിദ്യാർത്ഥികൾ വോട്ട് രേഖപ്പെടുത്തിയത്. വിദ്യാലയത്തിലെ മൂന്നാം തരം മുതൽ ഏഴാം തരം വരെയുള്ള മുഴുവൻ വിദ്യാർത്ഥികളും ഇലക്ഷനിൽ പങ്കെടുത്തു. പാർലമെന്റ് ഇലക്ഷൻ മാതൃകയിൽ ബൂത്ത് ക്രമീകരിച്ച്, വിരലിൽ മഷി പുരട്ടി, ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനത്തിലൂടെ വോട്ട് രേഖപ്പെടുത്താൻ സാധിച്ചത് വിദ്യാർത്ഥികൾക്ക് നവ്യാനുഭവം പകരുന്നതായി. ഇലക്ഷനോടനുബന്ധിച്ച് വിപുലമായ സജ്ജീകരണങ്ങളാണ് സ്കൂളിൽ ഒരുക്കിയത്. ബൂത്ത് തലം മുതൽ തെരെഞ്ഞെടുപ്പ് പ്രചാരണം, ബൂത്ത് ഏജന്റുമാർ, ന്യൂസ് റിപ്പോർട്ടർമാർ, കൗണ്ടിംഗ് ഓഫീസർമാർ, ക്രമസമാധാന പരിപാലനം തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ ഊന്നൽ നൽകി കൊണ്ടുള്ള ഇലക്ഷൻ കുറ്റമറ്റ രീതിയിൽ വിജയകരമായി സംഘടിപ്പിച്ചു. ജനാധിപത്യത്തെ താഴെക്കിടയിൽ നിന്നും ശക്തിപ്പെടുത്താനുള്ള അവസരമാണ് ഇത്തരം തിരഞ്ഞെടുപ്പുകളെന്ന് ഹെഡ്മാസ്റ്റർ അഷ്റഫ്.സി അഭിപ്രായപ്പെട്ടു.



വയനാട് ഓർഫനേജ് യു.പി സ്കൂളിൽ നടന്ന തിരഞ്ഞെടുപ്പിൽ നിന്ന്

## സംസ്ഥാന അതിർത്തി കടന്ന് രക്ഷാ പ്രവർത്തനം

സുൽത്താൻ ബത്തേരി: സംസ്ഥാന അതിർത്തികടന്നും രക്ഷാരപ്രവർത്തനത്തിനിറങ്ങിയ ബത്തേരിയിലെ അഗ്നിശമന വിഭാഗം. തമിഴ്നാട്ടിൽ തേയില ഫാക്ടറിയിൽ തീ പിടുത്തമുണ്ടായതായ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇവർ രക്ഷാ പ്രവർത്തനത്തിനായി കുതിച്ചെത്തിയത്. തമിഴ്നാട് പന്തല്ലൂർ താലൂക്കിലെ ഏരുമാടുള്ള ഫ്രോണ്ടിയർ ഇൻഡോ തേയില ഫാക്ടറിയിൽ ഇന്നലെ രാവിലെയാണ് തീപിടുത്തമുണ്ടായത്.

ഫാക്ടറിയിൽ അറ്റകുറ്റ പണി നടക്കുന്നതിനിടെ തേയില ഉണക്കുന്ന ഒരു മെഷീന്റെ ഇലക്ട്രിക് വയർ ഷോർട്ടായാണ് തീപിടുത്തമുണ്ടായത്. ഗൂഡല്ലൂരിൽ നിന്ന് അഗ്നിശമന വിഭാഗം എത്തുമ്പോഴെക്കും ഒന്നര മണിക്കൂർ സമയമെടുക്കും. ഇത് മനസിലാക്കിയാണ് കേരളത്തിലെ അഗ്നിശമന വിഭാഗത്തിന്റെ സേവനം ഫാക്ടറി അധികൃതർ ആവശ്യപ്പെട്ടത്. സംസ്ഥാനത്തിന് പുറത്തായതിനാൽ ഉടൻ ഉന്നതാധികാരികളുടെ അനുമതി വാങ്ങി ബത്തേരി യൂണിറ്റ് സ്ഥലത്ത് കുതിച്ചെത്തി തീ അണച്ച് വൻ ദുരന്തം ഒഴിവാക്കി. ഷോർട്ട് സർക്യൂട്ടിൽ നിന്നുള്ള തീ ഉണക്കാനുള്ള മെഷീനിൽ നിന്ന് പുറത്തേക്കിട്ട നാരുകൾക്ക് പടർന്നു പിടിക്കുകയായിരുന്നു. തേയില ഉണക്കുന്ന അടുപ്പ്

പൂർണമായി കത്തി നശിച്ചു. ആളപായമെന്നുമില്ല. ബത്തേരി അഗ്നി രക്ഷ നിലയത്തിലെ സ്റ്റേഷൻ ഓഫീസർ നിധീഷ് കുമാറിന്റെ നേതൃത്വത്തിൽ സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ സജീവൻ, ജിജുമോൻ, ജയരാജൻ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ ഗോപിനാഥ്, സുജയ് ശങ്കർ, അനുരാം, സന്തിൽ, ഹോം ഗാർഡ് ചാണ്ടി, ഷിനോജ് ഫ്രാൻസിസ് എന്നവരാണ് അഗ്നിശമന പ്രവർത്തനങ്ങൾ നടത്തിയത്.

## പട്ടയം നൽകി

കൽപ്പറ്റ: ദീർഘകാലത്തെ കാത്തിരിപ്പിനൊടുവിൽ 26 പട്ടികജാതി - പട്ടിക വർഗ കുടുംബങ്ങൾ കൂടി ഇനി ഭൂമിയുടെ അവകാശികളാകുന്നു. കിടങ്ങനാട് വില്ലേജിൽ ബ്ലോക്ക് 13 റീസർവെ 60 ൽപ്പെട്ട ഭൂമിയാണ് 18കുടുംബങ്ങൾക്കായി പതിച്ചു നൽകുന്നത്.

ഇവർക്കായി ഭൂമി പതിച്ചു നൽകുന്നതിനുള്ള നെറുക്കെടുപ്പ് ജില്ലാ കളക്ടർ ഡോ.രേണുരാജിന്റെ നേതൃത്വത്തിൽ കളക്ട്രേറ്റിൽ നടന്നു. ഇവർക്കായി ഭൂമി പതിച്ചു നൽകുന്നതോടെ ജില്ലയിലെ അടുത്ത പട്ടയമേളയിൽ പട്ടയവും ലഭ്യമാക്കുമെന്ന് ജില്ലാ കളക്ടർ ഡോ.രേണുരാജ് പറഞ്ഞു. ഭൂമി ലഭിച്ചവരുടെ പ്രതിനിധിയായി കേശവൻ ജില്ലാ ഭരണകൂടത്തിന് നന്ദിയറിയിച്ചു. എൽ.ആർ.ഡെപ്യൂട്ടി കളക്ടർ സി.മുഹമ്മദ് റഫീഖ്, പി.ജെ.ജോസഫ്, ഹുസൂർ ശിരസ്തദാർ വി.കെ.ഷാജി പങ്കെടുത്തു.

## ദുക്റാന തിരുനാൾ ആഘോഷിച്ചു

മാനന്തവാടി: മുതിരേരി ചെറുപുഷ്പ ദേവാലയത്തിൽ ദുക്റാന തിരുനാൾ ആഘോഷിച്ചു. തിരുനാൾ പാട്ടുകുർബാനയ്ക്ക് ഇടവക വികാരി ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ മുഖ്യ കാർമികനായി. തുടർന്ന് നടന്ന പൊതുസമ്മേളത്തിൽ പോരൂർ ജി എൽ പി സ്കൂളിലെ ഹെഡ്മാസ്റ്ററും, സംസ്ഥാനത്തെ മികച്ച അധ്യാപകനായി തിരഞ്ഞെടുത്ത രമേശൻ എഴോക്കാരൻ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ.സ്റ്റീഫൻ കോട്ടയ്ക്കൽ പൊന്നാട അണയിച്ചു. സാഹിത്യ സമാജ ഉദ്ഘാടനവും ചടങ്ങിൽ നടത്തി. ഡി എസ് ടി കോൺവെൻറ് സിസ്റ്റർ സുപ്പീരിയർ മേരി ചെന്നോത്ത് അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപകൻ ജോണി കാരക്കട , പി.ടി.എ പ്രസിഡന്റ് ബിനോയ് കുറുപ്പൻപറമ്പിൽ, ജനറൽ ലീഡർ അലോണ മരിയ ബിനോയ്, അസി. ലീഡർ ജോഹാൻ ജോബി പാറയിൽ എന്നിവർ സംസാരിച്ചു.

## ചികിത്സ ധനസഹായം കൈമാറി

കാട്ടിക്കുളം: പുഞ്ചിരി ലൈബ്രറി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വെള്ളാഞ്ചേരിയുടെ ആഭിമുഖ്യത്തിൽ രക്തർബുദം ബാധിച്ച് ചികിത്സയിൽ കഴിയുന്ന സോജന് ബിരിയാണി ചലഞ്ച്ലുടെ ലഭിച്ച 1 ലക്ഷം രൂപ ചികിത്സ കമ്മിറ്റിക്കും കുടുംബത്തിനുമായി ശശി കടുവാകുഴിയിൽ കൈമാറി. ബിൻസൺ സി.ബി, നിഷാന്ത് എം കെ, വിനീത് എം.വി, ഡാനിയൽ ജോർജ്, സനു ഫിലിപ്പ് സംസാരിച്ചു.

## പാവങ്ങാട് റെയിൽവേ മേൽപ്പാലത്തിന് 12.82 കോടി രൂപ അനുവദിച്ചു

കോഴിക്കോട്: പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് യാഥാർത്ഥ്യമാകുന്നു. മേൽപ്പാലം നിർമാണത്തിനും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുമായി 12.82 കോടി രൂപ അനുവദിച്ചു. സ്ഥലമെടുപ്പു നടപടികൾ പൂർത്തിയാകാത്തതിനാൽ റെയിൽവേയുടെ ഭാഗത്ത് മാത്രം നിർമ്മാണം നടത്തിയ നിലയിലായിരുന്നു മേൽപ്പാലം. ഏറെ കാലമായി നിലനിന്ന വിഷയം നിയമസഭയിൽ ചർച്ചയായിരുന്നു. അടിയന്തരമായി സ്ഥലം ഏറ്റെടുത്ത് മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ പ്രദേശവാസികളുടെ ഏറെ കാലത്തെ ആവശ്യമാണ് യാഥാർഥ്യമാവുക.



കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന ജൂനിയർ വനിത അന്തർ ജില്ലാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ തിങ്കളാഴ്ച നടന്ന കോട്ടയവും ആലപ്പുഴയും തമ്മിലുള്ള മത്സരത്തിൽ നിന്ന്

## കോഴിക്കോട് വാർത്തകൾ

# സി.പി.എമ്മിന്റെ പി.എസ്.സി കോഴയിൽ ജ്യൂഡീഷ്യൽ അന്വേഷണം വേണം: മുസ്‌ലിംലീഗ്

കോഴിക്കോട്: മന്ത്രി മുഹമ്മദ് റിയാസ് വഴി പിഎസ്‌സി അംഗത്വം ശരിയാക്കി നൽകാമെന്ന് വാഗ്ദാനം ചെയ്ത് കോഴിക്കോട് നഗരത്തിലെ യുവജന നേതാവും സിപിഐഎം ഏരിയാ സെന്റർ അംഗവുമായ നേതാവ് ഒരു ഡോക്ടറുടെ പക്കലിൽ നിന്നും 60 ലക്ഷം വാങ്ങിയെന്ന ആരോപണം അതീവ ഗൗരവതരമാണെന്നും വിഷയത്തിൽ ജ്യൂഡീഷ്യൽ അന്വേഷണം വേണമെന്നും മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി പ്രസിഡന്റ് എം എ റസാഖ് മാസ്റ്റർ, ജനറൽ സെക്രട്ടറി ടിടി ഇസ്മാഈൽ എന്നിവർ ആവശ്യപ്പെട്ടു.

പ്രധാനപ്പെട്ട ഭരണഘടനാ സ്ഥാപനവും യുവതലമുറയുടെ ഏകാശ്രയവുമായ ഒരു സ്ഥാപനത്തെ തകർക്കലാണ് നടന്നത്. ഏറ്റവും ഗൗരവമർഹിക്കുന്ന വലിയ അഴിമതിയാണ് നടന്നത്. സിപിഎം അധികാരത്തിൽ വന്ന ശേഷമുള്ള തുടർനിയമനങ്ങളും അന്വേഷണവിധേയമാക്കണം. കോഴിക്കോട് റിയാസിന്റെ നേതൃത്വത്തിൽ സിപിഎമ്മിന്റെ അഴിമതി ഹബ് ആയിരിക്കുന്നു. ആരോപണത്തിൽ നിന്നു തടിയൂരാൻ റിയാസിന്റെ തന്ത്രമാണ് പാർട്ടിക്ക് നൽകിയ കത്തെന്നും നേതാക്കൾ പറഞ്ഞു. മന്ത്രി മുഹമ്മദ് റിയാസ് വഴി പിഎസ്‌സി അംഗത്വം ശരിയാക്കാമെന്ന് സിപിഐഎം ഏരിയാ തലത്തിൽ പ്രവർത്തിക്കുന്ന യുവ നേതാവ് വാഗ്ദാനം നൽകിയെന്ന പരാതിയാണ് ഉയർന്നു വന്നിരിക്കുന്നത്. 60 ലക്ഷം രൂപയാണ് ഇയാൾ ആവശ്യപ്പെട്ടതെന്നും ആദ്യഘഡുവായി 22 ലക്ഷം രൂപ കൈപ്പറ്റിയെന്നും പരാതിയിൽ പറയുന്നു. സിപിഐഎം പിഎസ്‌സി അംഗങ്ങളെ തീരുമാനിച്ചപ്പോൾ പണം നൽകിയ ആളുടെ പേര് ഉണ്ടായിരുന്നില്ല. ഇതോടെ ആയുഷ് വകുപ്പിൽ സ്ഥാനം വാഗ്ദാനം ചെയ്ത് ഇദ്ദേഹത്തെ അനുനയിപ്പിച്ച് നിർത്തി. എന്നാൽ ഇതും നടക്കാതെ വന്നതോടെയാണ് തട്ടിപ്പിനിരയായ ആൾ പാർട്ടിക്ക് പരാതി നൽകിയത്.

### പി.എസ്.സി അംഗത്വം സി.പി.എം തൂക്കി വിൽക്കുന്നു: പ്രവീൺകുമാർ

കോഴിക്കോട്: ഭരണഘടന വഴി സ്ഥാപിതമായ തത്വങ്ങളിൽ നിയമനം നടത്തേണ്ട പിഎസ്‌സി അംഗത്വം സിപിഐഎം തൂക്കി വിൽക്കുകയാണെന്ന് ഡിസിസി പ്രസിഡന്റ് കെ പ്രവീൺ കുമാർ കെ പ്രവീൺ കുമാർ. വിഷയം പാർട്ടിയുടെ അച്ചടക്ക നടപടിയിലൊതുക്കാൻ സമ്മതിക്കില്ല. പുറത്ത് വന്നത് മഞ്ഞ് മലയുടെ ഒരറ്റം മാത്രമാണ്. കോടതിയുടെ നിരീക്ഷണത്തിലുള്ള ജുഡീഷ്യൽ അന്വേഷണമോ കേന്ദ്ര ഏജൻസികളുടെ അന്വേഷണമോ നടത്തണം.' കെ പ്രവീൺ കുമാർ പറഞ്ഞു.

### നിയമസഭ കമ്മിറ്റി അന്വേഷിക്കണമെന്ന് യു.ഡി.എഫ്

കോഴിക്കോട്: പി.എസ്.സി മെമ്പറാക്കാൻ സി.പി.എം നേതാവ് ലക്ഷങ്ങൾ കോഴ വാങ്ങിയ സംഭവം നിയമസഭ കമ്മിറ്റി അന്വേഷിക്കണമെന്ന് യു.ഡി.എഫ് ജില്ലാ ചെയർമാൻ കെ ബാലനാരായണനും കൺവീനർ അഹമ്മദ് പുന്നക്കലും ആവശ്യപ്പെട്ടു.

## യാത്രക്കാരോടും മൃതദേഹങ്ങളോടും എയർഇന്ത്യയുടെ ക്രൂരത

# അറുതിയില്ലാതെ 'ആകാശദുരിതം'

### മുസ്‌ലിംലീഗ്-കെഎംസിസി എയർ ഇന്ത്യ എക്സ്പ്രസ് ഓഫീസ് ധർണ 13ന്

കോഴിക്കോട്. വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്നും കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, കണ്ണൂർ, മംഗലാപുരം വിമാനത്താവളങ്ങളിലേക്കുള്ള നിരവധി വിമാന സർവീസുകൾ പുറപ്പെടുന്നതിന് മണിക്കൂറുകൾ അവശേഷിക്കേ റദ്ദാക്കുകയും, പകരം സംവിധാനം ഒരുക്കുകയും ചെയ്യാത്ത എയർ ഇന്ത്യ എക്സപ്രസിന്റെ നിലപാട് അത്യന്തം പ്രതിഷേധാർഹമാണെന്നും യാത്രക്കാരോടും, മൃതദേഹങ്ങളോടും കാണിക്കുന്ന അനീതി അവസാനിപ്പിക്കണമെന്നും മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റിയും, ദുബൈ കെ.എം.സി.സി ജില്ലാ കമ്മിറ്റിയും പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.



സാധാരണക്കരായ നിരവധിയാളുകളാണ് ഈ പെട്ടെന്നുള്ള തീരുമാനത്തിൽ വലയുന്നത്, വേണ്ടപ്പെട്ടവരുടെ കല്യാണം, മരണം, ചികിത്സ ഉൾപ്പെടെ അത്യാവശ്യ കാര്യങ്ങൾക്ക് വരാൻ തയ്യാറെടുക്കുന്ന പ്രവാസികൾ എയർ ഇന്ത്യയുടെ പെട്ടെന്നുള്ള തീരുമാനം മൂലം ബുദ്ധിമുട്ടിലാവുകയാണ്. വിദേശത്ത് നിന്നും മരണപ്പെവരോടും അത്യന്തം നിതീനിഷേധമാണ് എയർ ഇന്ത്യ എക്സ്പ്രസ് സ്വീകരിക്കുന്നത്. അതത് രാജ്യങ്ങളിലെ നിരവധി നിയമപരമായ കടമ്പകൾ കടന്നാണ് മരണപ്പെട്ടവരുടെ ശരീരം വിമാനത്താവളത്തിൽ എത്തിക്കുക, എയർപോർട്ടിൽ എത്തിയ ശേഷമാണ് വിമാനം റദ്ദാക്കിയ വിവരം അറിയുന്നത്.

ആ സമയത്ത് മൃതദേഹം തിരിച്ച് കൊണ്ട് പോവാനും സാധിക്കില്ല. അങ്ങനെ പലരുടേയും മൃതശരീരങ്ങൾ വിമാനത്താവളത്തിൽ കുടുങ്ങികിടക്കുകയാണ്. ഏതെങ്കിലും വിമാനത്താവളത്തിലേക്കുള്ള വിമാനം റദ്ദാക്കിയാൽ തൊട്ടടുത്ത വിമാനത്താവളത്തിലേക്കുള്ള വിമാനത്തിൽ മൃതശരീരം കയറ്റി അയക്കാനുള്ള മാനുഷിക പരിഗണ പോലും എയർ ഇന്ത്യ അധികാരികൾ കാണിക്കുന്നില്ല. തിരക്കേറിയ അവധികാല സമയത്ത് കൂടുതൽ തുക നൽകിയാണ് പ്രവാസികൾ ടിക്കറ്റ് എടുക്കുന്നത്. നിലവിൽ ഒരു മുന്നറിയിപ്പും നൽകാതെയാണ് മണിക്കൂറുകൾക്ക് മുമ്പ് വിമാനം റദ്ദാക്കിയ വിവരങ്ങൾ പ്രഖ്യാപിക്കുന്നത്. കഴിഞ്ഞ ഒരാഴ്ചക്കിടെ യു.എ.ഇ യിൽ നിന്ന് മാത്രം മുപ്പത് വിമാന സർവീസുകൾ റദ്ദാക്കിയത്. മസ്ക്കറ്റിൽ നിന്നുള്ള ആറ് വിമാന സർവീസുകളും റദ്ദാക്കി. സാധാരണക്കാർക്ക് ആശ്രയമായി വന്ന എയർ ഇന്ത്യയെ തകർക്കാനും, അതുമൂലം മറ്റ് വിമാന സർവീസ് കമ്പിനികൾക്ക് ലാഭമുണ്ടാക്കാനുമാണ് എയർ ഇന്ത്യ അധികാരികൾ ശ്രമിക്കുന്നത്. ഇതിനെതിരെ നിയമപരമായും, രാഷ്ട്രീയമായും നേരിടും. സമരത്തിന്റെ ആദ്യ പടിയായി മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റിയുടേയും വിവിധ കെ.എം.സി.സി കമ്മിറ്റികളുടേയും സംയുക്താഭിമുഖ്യത്തിൽ 13 ന് രാവിലെ 10 മണിക്ക് കോഴിക്കോട് എയർ ഇന്ത്യ എക്സ്പ്രസ് ഓഫീസിന് മുമ്പിൽ പ്രതിഷേധ ധർണ സംഘടിപ്പിക്കുമെന്നും നേതാക്കൾ പറഞ്ഞു.

വാർത്താ സമ്മേളനത്തിൽ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ, സെക്രട്ടറി ഒ.പി നസീർ, ദുബൈ കെ.എം.സി.സി കോഴിക്കോട് ജില്ലാ പ്രസിഡന്റ് കെ.പി മുഹമ്മദ്, വൈസ് പ്രസിഡന്റുമാരായ നജീബ് തച്ചംപൊയിൽ, മുഹമ്മദ് തെക്കയിൽ പങ്കെടുത്തു.



മുഹമ്മദ് ഷാഫിയുടെ മൃതദേഹം കണ്ടെത്തിയ കൊളാവിപ്പാലം മിനിഗോവക്കടുത്ത് ഷാഫി പറമ്പിൽ എം.പി എത്തി രക്ഷാ പ്രവർത്തനത്തിനുള്ള നിർദേശങ്ങൾ നൽകുന്നു

## കടലിൽ കാണാതായി; അവസാനയാത്ര

### മുഹമ്മദ് ഷാഫിയുടെ മൃതദേഹം നാട്ടിലെത്തിച്ച് കബറടക്കി

വടകര: സാൻഡ്ബാങ്ക് സിനടുത്ത് വീശുവല ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്നതിനിടെ അപകടത്തിൽപെട്ട മുഹമ്മദ് ഷാഫിയുടെ മൃതദേഹം പോസ്റ്റ് മോർട്ടത്തിന് ശേഷം നാട്ടിലെത്തിച്ച് ഖബറടക്കി. മത്സ്യതൊഴിലാളികളുടെയും നാട്ടുകാരുടെയും തെരച്ചിലൊനൊടുവിൽ പയ്യോളി നഗരസഭയിലെ കൊളാവിപ്പാലം മിനിഗോവക്ക് സമീപത്ത് ഒന്നരകിലോമീറ്റർ അടുത്ത് തീരകടലിൽ നിന്നും രാവിലെ 9 മണിയോടെയാണ് മൃതദേഹം കണ്ടെത്തിയത്.

വടകര ജില്ലാ ആശുപത്രിയിൽ എത്തിച്ച മൃതദേഹം വടകര തീരദേശ പോലീസ് ഇൻക്വസറ്റ് നടത്തി. വൈകീട്ടോടെ ബന്ധുക്കൾക്ക് കൈമാറി. തുടർന്ന് സ്വദേശമായ മലപ്പുറം വള്ളിക്കുന്ന് പെരുവള്ളൂരിലേക്ക് കൊണ്ടുപോയി. രാവിലെ മുതൽ മൃതദേഹം തെരച്ചിൽ നടത്തുന്നതിനായി ഷാഫി പറമ്പിൽ എം.പിയും കെ.കെ രമ എം.എൽഎയും കാനത്തിൽ ജമീലയുടെയും പയ്യോളി നഗരസഭ ചെയർമാൻ വികെ അബ്ദുറഹിമാന്റെയും വടകര നഗരസഭ കൗൺസിലർ പിവി ഹാഷിമിന്റെയും പയ്യോളി നഗരസഭ കൗൺസിലർമാരായ സുജല ചെത്തിൽ, അഷ്റഫ് കോട്ടക്കൽ, സുനൈദ്, ഷാനവാസ് എന്നിവരുടെയും നേതൃത്വത്തിൽ ഇരുകരകളലുമായി ഏകോപനം നടത്തിയിരുന്നു.

രണ്ട് ദിവസമായി മത്സ്യ തൊഴിലാളികളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ തെരച്ചിൽ നടത്തുകയായിരുന്നു. കോസ്റ്റ്ഗാർഡ് ഉദ്യോഗസ്ഥർ, ഫിഷറീസ് മറൈൻ എൻഫോസമെന്റ് ഉദ്യോഗസ്ഥർ, വടകര കൊയിലാണ്ടി താലൂക്ക് തഹസിൽദാർ, റവന്യൂ ഉദ്യോഗസ്ഥരായ വികെ രതീഷൻ, രവി, പിവി മനീഷ് എന്നിവരും ഫിഷറീസ് ഉദ്യോഗസ്ഥർ, വടകര കോസ്റ്റൽ പോലീസ് ഉദ്യോഗസ്ഥരായ എൻ എ അബ്ദുൽ സലാം, പിവി പ്രശാന്ത്, ഫയർ ആൻഡ് റെസ്ക്യൂ സേനാംഗങ്ങൾ, താനൂർ താലൂക്ക് ദ്രുതകർമ്മസേന അംഗങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കടലോര ജാഗ്രതാ സമിതിയംഗങ്ങൾ, കടൽകോടതി ഭാരവാഹികൾ, ട്രേഡ് യൂണിയൻ നേതാക്കൾ, പ്രാദേശിക മുങ്ങൽ വിദഗ്ദൻമാർ എന്നിവരും സ്ഥലത്ത് നിലനിന്നു. തെരച്ചിൽ നടത്തുന്നതിന് അഴിത്തലയിലുള്ള തുരുത്തീമ്മൽ റഹ്മത്ത്, കാഞ്ഞായി ലത്തീഫ്, ടികെ നൗഷാദ്, പിവി അക്ബർ, അഴീക്കൽ അബ്ദുള്ള, ഇസ്മായിൽ മാളിയേക്കൽ, കാഞ്ഞായി റഫീക്ക്, അൻസാർ, എംവി സുനീർ, കണയംകുളത്ത് നൗഫൽ, പിവിസി ഫൈസൽ, എന്നിവരും പയ്യോളിയിലെ ഇസി ഹർഷാദ്, യുപി മജീദ്, ഹംസ പയ്യോളി, എൻടി ജസീൽ, സിപി സിദ്ധീഖ്, കെ.കെ അസ്ഹർ, ശരത് ലാൽ, നൗഷാദ്, ഹാഷിം കോട്ടക്കൽ എന്നിവരും പങ്കെടുത്തു.

## ഒളിമ്പിക്സിനുള്ള ഇന്ത്യൻ ടീമിൽ പ്രായംകുറഞ്ഞ താരം കോഴിക്കോട്ടുകാരി

കോഴിക്കോട്: പാരിസ് ഒളിംപികസിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിലെ ഏറ്റവും പ്രായംകുറഞ്ഞ താരം കോഴിക്കോട്ടുനിന്ന്. 14 വയസ്സു മാത്രമുള്ള ഒൻപതാം ക്ലാസുകാരി ധിനിധി ദേസിംഗൂ ആണ് വനിതകളുടെ 200 മീറ്റർ ഫ്രീസ്റ്റൈൽ നീന്തലിലേക്കു തിരഞ്ഞെടുക്കപ്പെട്ടത്. പുതിയങ്ങാടി പള്ളിക്കണ്ടി വളപ്പിൽ ജസിതയുടെയും തമിഴ്നാട് വെല്ലൂർ വാലാജപ്പേട്ട് ദേസിംഗൂവിന്റെയും ഏക മകളാണ് ധിനിധി ദേസിംഗൂ. ബെംഗളൂരുവിൽ ഡിആർഡിഒയിൽ ടെക്നിക്കൽ ഓഫിസറാണ് ജസിത. ഗൂഗിളിൽ ഹാർഡ്‌വെയർ എൻജിനീയറാണ് ദേസിംഗൂ. ധിനിധി ബെംഗളൂരു ഡിആർഡിഒ കേന്ദ്രീയ വിദ്യാലയത്തിലെ ഒൻപതാംക്ലാസ് വിദ്യാർഥിനിയാണ്. പുതിയങ്ങാടിയിലെ വീട്ടിൽ അമ്മയുടെ അച്ഛൻ വളപ്പിൽ വിജയനെയും അമ്മമ്മ പുഷ്പമണിയെയും കാണാൻ ധിനിധി എത്തിയിരുന്നു. കോഴിക്കോട്ടെ വീട്ടിൽവച്ചാണ് ഒളിംപിക്സിലേക്കു തിരഞ്ഞെടുക്കപ്പെട്ട വിവരമെത്തിയത്. ഏഴാം വയസ്സിൽ ഒരു പാഠ്യേതര പ്രവർത്തനമെന്ന നിലയിലാണ് ധിനിധിയെ നീന്തൽ പഠിക്കാൻ അച്ഛനുമമ്മയും ചേർത്തത്.



ആദ്യം നീന്തൽക്കുളം കണ്ട് ധിനിധി പേടിച്ചു പിൻമാറി. പക്ഷേ വിട്ടുകൊടുത്തില്ല. നേട്ടത്തിന്റെ പടവുകൾ ഓരോന്നായി നീന്തിക്കയറി. ഒൻപതാം വയസ്സിൽ കർണാടക സ്റ്റേറ്റ് സബ് ജൂനിയർ ആൻഡ് ജൂനിയർ അക്വാറ്റിക് ചാംപ്യൻഷിപ്പിൽ പങ്കെടുത്ത 6 മത്സരങ്ങളിലും സ്വർണ മെഡൽ നേടിയായിരുന്നു തുടക്കം. 50 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ 31 വർഷം പഴക്കമുള്ള 40.37 സെക്കൻഡിന്റെ റെക്കോർഡ് 2021ൽ 39.23 സെക്കൻഡിൽ തിരുത്തിക്കുറിച്ചു.

ജൂനിയർ, സബ് ജൂനിയർ നാഷനൽ അക്വാറ്റിക് ചാംപ്യൻഷിപ്പിൽ 200 മീറ്റർ ഫ്രീസ്റ്റൈൽ, 400 മീറ്റർ ഫ്രീസ്റ്റൈൽ, 200 മീറ്റർ വ്യക്തിഗതം, 100 മീറ്റർ ഫ്രീസ്റ്റൈൽ, 100 മീറ്റർ ബാക്ക് സ്ട്രോക്ക് തുടങ്ങിയവയിലും മെഡലുകൾ നേടി. കർണാടക മിനി ഒളിംപിക്സിൽ 3 സ്വർണ മെഡൽ, ഖേലോ ഇന്ത്യ ജൂനിയർ വിമൻസ് സ്വിമ്മിങ് സിരീസിൽ ഒരു സ്വർണം, ഒരു വെള്ളി മെഡൽ, സീനിയർ നാഷനൽ അക്വാറ്റിക് ചാംപ്യൻഷിപ്പിൽ 3 സ്വർണം, നാഷനൽ ഗെയിംസ് 200 മീറ്റർ ഫ്രീസ്റ്റൈലിൽ വെള്ളി മെഡൽ, 200 മീറ്റർ റിലേയിൽ സ്വർണം എന്നിങ്ങനെ മെഡലുകളുടെ പട്ടിക നീളുന്നു.

ദേശീയ ഗെയിംസിലും സീനിയർ നാഷനൽ ചാംപ്യൻഷിപ്പുകളിലും മിന്നുന്ന പ്രകടനം കാഴ്ചവച്ച ധിനിധി സ്വിമ്മിങ് ഫെഡറേഷന്റെ മികച്ച വനിതാ നീന്തൽ താരമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ക്ലാസിലെ മറ്റു കുട്ടികൾ കളിച്ചുല്ലസിച്ചു നടക്കുമ്പോൾ ധിനിധിയുടെ ബാല്യം നീന്തലിനായുള്ള കഠിന പരിശീലനങ്ങളിലായിരുന്നു. തന്റെ പ്രയത്നങ്ങൾ ഒളിംപിക്സിൽ വരെ എത്തുമെന്ന് ധിനിധിയോ മാതാപിതാക്കളോ കരുതിയിരുന്നില്ല.

## കെ.എം.സി.ടി ഫാർമസി കോളജിന് നാക് അംഗീകാരം

കോഴിക്കോട്: നാക് എ ഗ്രേഡ് സ്വന്തമാക്കി മുക്കം കെ.എം.സി.ടി മെഡിക്കൽ കോളജ് കാംപസിൽ പ്രവർത്തിക്കുന്ന നാഷണൽ കോളജ് ഓഫ് ഫാർമസി. 10ന് വൈകീട്ട് മൂന്നിന് മുക്കം കെ.എം.സി.ടി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ഇ.ടി മുഹമ്മദ് ബഷീർ എം.പി നാക് അക്രഡിറ്റേഷൻ സിർട്ടിഫിക്കറ്റ് സമർപ്പണം നടത്തും. ഫാർമസി വിദ്യാഭ്യാസ രംഗത്തെ മികവ് പരിഗണിച്ചാണ് ഇത്തരമൊരു അംഗീകാരം ലഭ്യമായത്. കേരളത്തിലെ ഫാർമസി കോളജുകളിൽ ഏറ്റവും ഉയർന്ന സി.ജി.പി.എ സ്കോർ ആണ് കെ.എം.സി.ടി നാഷണൽ കോളജ് ഓഫ് ഫാർമസിക്ക് ലഭിച്ചത്. അടിസ്ഥാന സൗകര്യ വികസനം, അധ്യാപകനിലവാരം, വിവിധങ്ങളായ ഗവേഷണ ഫലം, നൂതന പഠന രീതികൾ, അക്കാദമിക് മികവ് എന്നിവയുൾപ്പെടെ സമസ്ത മേഖലകളും പരിശോധിച്ചാണ് നാക് എ ഗ്രേഡ് ലഭ്യമായത്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കെ.എം.സി.ടി നടത്തിവരുന്ന പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ട് പോകുന്നതിനുള്ള പ്രചോദനമായാണ് ഈ നേട്ടത്തെ കാണുന്നതെന്ന് കെ.എം.സി.ടി സ്ഥാപക ചെയർമാൻ ഡോ.കെ. മൊയ്തു വാർത്താസമ്മേളനത്തിൽ പറഞ്ഞു. നാഷണൽ കോളജ് ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ.സുജിത് വർമ, ഐ.ക്യു.എ.സി കോർഡിനേറ്റർ പ്രൊഫ. അഖിൽ ഹരി, കെ.എൻ സലീം എന്നിവരും വാർത്താസമ്മേളത്തിൽ പങ്കെടുത്തു.

### എ.ഡബ്ല്യൂ.എച്ചിൽ ഡിഗ്രി പ്രവേശനം

കോഴിക്കോട്: കല്ലായി എ.ഡബ്ല്യൂ.എച്ച് സ്പെഷ്യൽ കോളജിൽ ബി.എസ്.സി ജനറ്റിക്സ്, ബി.എസ്.സി ജിയോളജി,ബി.എസ്.സി.കമ്പ്യൂട്ടർ സയൻസ് എന്നീ ഡിഗ്രി കോഴ്സുകൾക്കും മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(എം.എസ്.ഡബ്ല്യൂ) കോഴ്സിനും പ്രവേശനം ആരംഭിച്ചു.താൽപ്പര്യമുള്ളവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ:7736522454.



സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ കോഴിക്കോട് ജില്ലാ കൗൺസിൽ മീറ്റ് കെ.പി.പി തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

### മദ്രസ മാനേജ്മെന്റ് ജില്ലാ കൗൺസിൽ മീറ്റ്

കോഴിക്കോട്: സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ ജില്ല കൗൺസിൽ മീറ്റ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ.പി.പി തങ്ങൾ കണ്ണൂർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എ.പി.പി തങ്ങൾ അദ്ധ്യക്ഷത വഹിച്ചു. ഹിജ്റ നൽകുന്ന സന്ദേശം ഡോ. അബ്ദുൽ ലത്വീഫ് നദ്‌വി പ്രഭാഷണം നടത്തി. അവതരിപ്പിച്ചു. ജില്ലയിലെ മദ്രസ പൊതുപരീക്ഷ ഉന്നത വിജയികളെ അവാർഡ് നൽകി. സയ്യിദ് ഹൈദ്രോസ് തുറാബ് തങ്ങൾ, എസ്.പി.എം തങ്ങൾ, സൈനുൽ ആബിദീൻ തങ്ങൾ, അഡ്വ. നാസർ കാളമ്പാറ പി. മാമുക്കോയ ഹാജി, കെ. മാമുക്കോയ ഹാജി, കെ.കെ ഇബ്രാഹിം മുസ്‌ലിയാർ, പി.എ ശുക്കൂർ മാസ്റ്റർ, റിയാസ് അരീക്കോട്, പി. അസ്സയിനാർ ഫൈസി, കെ.കെ ഗഫൂർ മാസ്റ്റർ, ഷഫീഖ് മാമ്പൊയിൽ, എൻ. സൂപ്പി മാസ്റ്റർ, എ. ബഷീർ മാസ്റ്റർ, മൊയ്തു ഹാജി, നിസാർ കാഞ്ഞിരൊളി എം.ടി മുഹമ്മദ് സംസാരിച്ചു. ജനറൽ സെക്രട്ടറി കെ.പി കോയ ഹാജി സ്വാഗതവും അൻസാർ കൊല്ലം നന്ദിയും പറഞ്ഞു.

## എസ്.വൈ.എസ് മെമ്പർഷിപ്പ് കാമ്പയിന് ജില്ലയിൽ ഒരുക്കങ്ങളായി

കോഴിക്കോട്: 'തെളിച്ചമാകാൻ വെളിച്ചമേകാൻ ' എന്ന പ്രമേയത്തിൽ എസ്.വൈ.എസ് 202427 വർഷത്തേക്കുള്ള മെമ്പർഷിപ്പ് കാമ്പയിൻ ജില്ലയിൽ ഒരുക്കങ്ങളായി. ശാഖാ കമ്മറ്റികൾക്ക് നൽകുന്ന കാമ്പയിന്റെ മാമ്പൽ ജില്ലാതല പ്രകാശനം ജില്ലാ വൈസ് പ്രസിഡന്റ് സയ്യിദ് യൂസുഫ് ത്വാഹ അൽ ഹൈദ്രൂസി കൊയിലാണ്ടി മണ്ഡലം പ്രസിഡന്റ് അബ്ദുറഹ്മാൻ ഹൈതമിക്ക് നൽകി നിർവ്വഹിച്ചു.



എസ്.വൈ.എസ് മെമ്പർഷിപ്പ് കാമ്പയിൻ മാമ്പൽ ജില്ലാ തല പ്രകാശനം സയ്യിദ് യൂസുഫ് ത്വാഹാ തങ്ങൾ ഹൈദ്രൂസി, അബ്ദുറഹിമാൻ ഹൈതമിക്ക് നൽകി നിർവ്വഹിക്കുന്നു

ജില്ലാ പ്രസിഡന്റ് സയ്യിദ് ടി.പി.സി.തങ്ങൾ അധ്യക്ഷത വഹിച്ചു. ആഗസ്റ്റ് 1 മുതൽ 15 വരേയാണ് അംഗത്വ കാലം. 18 വയസ്സു മുതൽ പ്രായപരിധിയില്ലാതെ ആദർശധിഷ്ഠിതമായി എല്ലാവർക്കും മെമ്പർഷിപ്പ് നൽകും. ഐ.ടി. കോഡിനേറ്റർമാർ മുഖേന ഓൺലൈനാണ് മെമ്പർഷിപ്പും അനുബന്ധ കാര്യങ്ങളും. മെമ്പർഷിപ്പിന്റെ ജില്ലാ തല ഉദ്ഘാടനം ആഗ.1 ന് നടക്കും. 4 നാണ് മെമ്പർഷിപ്പ് ഡേ. ആഗ: 31 നകം ശാഖാ കമ്മറ്റികളും സെപ്തം.30 നകം ഏരിയാ കമ്മറ്റികളും ഒക്.31 നകം മേഖലാ കമ്മറ്റികളും രൂപീകരിക്കപ്പെടും.നവം.30 ന് ജില്ലാ കമ്മറ്റി തെരഞ്ഞെടുപ്പ് നടക്കും. ജില്ലാ കാമ്പയിൻ സമിതി നാസർ ഫൈസി കൂടത്തായി (ചെയർമാൻ), അബ്ദുല്ലതീഫ് കുട്ടമ്പൂർ (കൺവീനർ), ടി.പി.സി.തങ്ങൾ, അബ്ദുറസാഖ് ബുസ്താനി, കെ.പി.സി ഇബ്രാഹിം (ഐ.ടി. കോഓഡിനേറ്റർ), അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്(റിട്ടേണിംഗ് ഓഫീസർ).നാസർ മൗലവി വയനാട് (നിരീക്ഷകൻ) എന്നിവരാണ്. മണ്ഡലം (മേഖല) റിട്ടേണിംഗ് ഓഫീസർമാരേയും നിരീക്ഷകന്മാരെയും തെരഞ്ഞെടുത്തു.

യഥാക്രമം: വടകര (ടി.പി.സി തങ്ങൾ, സലാം ഫൈസി മുക്കം),നാദാപുരം (നാസർ ഫൈസി കൂടത്തായി, മുഹമ്മദ് പടിഞ്ഞാറത്തറ), കുറ്റ്യാടി (അബ്ദുറസാഖ് ബുസ്താനി, കോയ ദാരിമി), കൊയിലാണ്ടി (മലയമ്മ അബൂബക്കർ ഫൈസി, ബീരാൻ കുട്ടി കൊടിയത്തൂർ),പേരാമ്പ്ര:(സയ്യിദ് യൂസുഫ് തങ്ങൾ, യഹ് യാ വെള്ളയിൽ),ബാലുശ്ശേരി (സയ്യിദ് അലി തങ്ങൾ പാലേരി, കെ.എം.റഹ്മാൻ ),തിരുവമ്പാടി:( സൂപ്പി ഹാജി തിരുവള്ളൂർ, ബാവ ജീറാനി അൽ അൻസ്വരി), കൊടുവള്ളി: (കെ.പി.കോയ ഹാജി, ഫസലുറഹ്മാൻ കുറ്റ്യാടി),കുന്ദമംഗലം:( ലതീഫ് മാസ്റ്റർ കുട്ടമ്പൂർ, ഗജഇ ഇബ്രാഹിം ),സിറ്റി: (ഹിഫ്സുറഹ്മാൻ പരുത്തിപ്പാറ, മജീദ് ദാരിമി ചളിക്കോട്),എലത്തൂർ: (അബ്ദുൽ ഖാദർ കൊളത്തറ, സൈനുൽ ആബിദീൻ തങ്ങൾ നടക്കാവ്), ബേപ്പൂർ:(ഡോ. ലതീഫ് നദ് വി, ഒ.പി.അഷ്റഫ്).

### ഐ.ടി.ഐ അപേക്ഷ 12 വരെ

കോഴിക്കോട്: ഐടിഐ പ്രവേശനം ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 12 ന് വൈകീട്ട് അഞ്ച് മണിവരെ നീട്ടി. ഓൺലൈൻ വഴി അപേക്ഷ നൽകിയ ശേഷം തൊട്ടടുത്ത ഗവ. ഐടിഐയിൽ ചെന്ന് 15 വൈകീട്ട് അഞ്ച് മണിക്കു മുമ്പായി വെരിഫിക്കേഷൻ നടത്തണം. വെരിഫിക്കേഷൻ പൂർത്തിയാക്കിയാൽ മാത്രമേ അഡ്മിഷന് പരിഗണിക്കുകയുള്ളൂ. ഫോൺ: 04952377016.

### രേഖകൾ എത്തിക്കണം

കോഴിക്കോട്: മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിധവ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ രേഖകൾ ഇന്നും നാളെയും അതാതു ഫിഷറീസ് ഓഫീസിൽ എത്തിക്കണം. ഫോൺ: 04952383472.

## എസ്.വൈ.എസ് ഹിജ്റ കോൺഫറൻസ്

വെട്ടിച്ചിറ : ഹിജ്റ പ്രതിസന്ധികളിലെ കരുത്ത് എന്ന പ്രമേയത്തിൽ സുന്നി യുവജന സംഘം മലപ്പുറം വെസ്റ്റ് ജില്ലാ കമ്മിറ്റിയുടെ ഹിജ്റ കോൺഫറൻസ് സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സി.എച്ച് ത്വയ്യിബ് ഫൈസി അധ്യക്ഷനായി. ജില്ലാ ജനറൽ സെക്രട്ടറി സയ്യിദ് കെ.കെ.എസ് തങ്ങൾ വെട്ടിച്ചിറ ആമുഖഭാഷണം നിർവഹിച്ചു. സമസ്ത കേന്ദ്ര മുശാവറ അംഗം ഡോ.ആദൃശ്ശേരി ഹംസക്കുട്ടി മുസ്‌ലിയാർ വിഷയമവതരിപ്പിച്ചു. സയ്യിദ് കെ.എൻ.സി തങ്ങൾ താനാളൂർ, പി.വി മുഹമ്മദ് മൗലവി അഷ്റഫ് മുസ്‌ലിയാർ, കെ.എം കുട്ടി എടക്കുളം, ഖാസിം ഫൈസി പോത്തന്നൂർ, മുഹമ്മദലി ദാരിമി കരേക്കാട്, മുസ്തഫ ദാരിമി പറമ്പിൽ, കെ.കെ.എം ഷാഫി മാസ്റ്റർ ആലത്തിയൂർ, സയ്യിദ് ഫഖ്റുദ്ദീൻ തങ്ങൾ കണ്ണന്തളി , സയ്യിദ് പി.എം ഹുസൈൻ ജിഫ്രി തിരൂർ, എം.വി ഇസ്മായിൽ മുസ്‌ലിയാർ കാലടി, മജീദ് ഫൈസി പൊന്നാനി, അലി മുസ്‌ലിയാർ ഇന്ത്യനൂർ, അബ്ബാസ് ഫൈസി പെരിഞ്ചിരി, കെ മൂസ മുസ്ലിയാർ വളയംകുളം, അലി മുസ്‌ലിയാർ കൂരട, സി.പി അബ്ദുൽ ബാസിത് ഹുദവി, സിദ്ദീഖ് ഹാജി ചെറുമുക്ക്, മജീദ് ഫൈസി ഇന്ത്യനൂർ, മൊയ്തീൻകുട്ടി ദാരിമി, കുഞ്ഞാലൻകുട്ടി മാസ്റ്റർ, യു.എം ബഷീർ പങ്കെടുത്തു.



സുന്നി യുവജന സംഘം മലപ്പുറം വെസ്റ്റ് ജില്ലാ കമ്മിറ്റിയുടെ ഹിജ്റ കോൺഫറൻസ് സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു



# പ്ലസ് വൺ സപ്ലിമെന്ററി അലോട്ട്മെന്റ്
# 9882 പേർ പുറത്ത്
## ശേഷിക്കുന്നത് 89 സീറ്റുകൾ

മലപ്പുറം: ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് ഫലം പ്രസിദ്ധീകരിച്ചപ്പോൾ അപേക്ഷകരിൽ പകുതിയിലേറെയാളുകൾക്ക് സീറ്റില്ല. 9882 പേരാണ് ഇപ്പോഴും പുറത്തുനിൽക്കുന്നത്. അതേ സമയം ഇനിയും കേവലം 89 സീറ്റുകൾ മാത്രമാണ് ശേഷിക്കുന്നത്. ജില്ലയിൽ സപ്ലിമെന്ററി അലോട്ട്മെന്റിന് വേണ്ടി 16881 പേരായിരുന്നു അപേക്ഷിച്ചിരുന്നത്. ഇതിൽ 16879 അപേക്ഷകളാണ് പരിഗണിച്ചിരുന്നത്. ആദ്യസപ്ലിമെന്ററി അലോട്ട്മെന്റിൽ 6999 പേർക്ക് സീറ്റ് അനുവദിക്കുകയും ചെയ്തു. ജില്ലയിലും, മലബാർ മേഖലയിലും ഗുരുതര സീറ്റ് പ്രതിസന്ധി നിലനിൽക്കുമ്പോഴും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാംകുളം, തൃശൂർ, വയനാട് ജില്ലകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടപ്പുണ്ട്.
വിദ്യാർഥികൾ സീറ്റിനായി കാത്തിരിക്കുന്നുണ്ടെന്ന് വ്യക്തമായിട്ടും ജില്ലയിലേക്ക് കൂടുതൽ ബാച്ചുകൾ അനുവദിക്കാൻ വിമുഖത കാണിക്കുകയാണ് സർക്കാർ. എത്ര കുട്ടികൾ അഡ്മിഷന് വേണ്ടി കാത്തിരിക്കുന്നുണ്ടെന്നും അവർ ഏതെല്ലാം കോമ്പിനേഷനുകൾക്കാണ് പഠിക്കാൻ ആഗ്രഹിക്കുന്നതെന്നും വ്യക്തമാണ്. മലപ്പുറം ആർ.ഡി.ഡി, വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ എന്നിവരടങ്ങിയ സമിതി കൂടുതൽ ബാച്ച് അനുവദിക്കണമെന്നുമുള്ള ശുപാർശ നിയമസഭയിൽ വെച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നടപടിയെടുക്കാൻ വൈകിപ്പിക്കുകയാണ് സർക്കാർ.
എസ്.എസ്.എൽ.സി ഫലം വന്നതുമുതൽ തന്നെ പ്രതിപക്ഷ കക്ഷികളും, വിദ്യാർഥി സംഘടനകളും കൃത്യമായ കണക്കുകൾ ഉയർത്തി ആവശ്യം മുന്നോട്ട് വെച്ചിരുന്നു. എന്നാൽ കള്ളക്കണക്കുകൾ നിരത്തി കബളിപ്പിക്കാനായിരുന്നു സർക്കാർ ശ്രമം. തുടർന്ന് എം.എസ്.എഫ് ഉൾപ്പെടെയുള്ള വിദ്യാർഥി സംഘടനകൾ സമരം ശക്തമാക്കുകയും നിരവധി പേർ അറസ്റ്റ് വരിക്കുകയും ചെയ്തതോടെ മാത്രമാണ് സർക്കാർ ചർച്ചക്ക് തയ്യാറായതും സമിതിയെ നിശ്ചയിച്ചതും. സർക്കാരിനെതിരെ വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും അതൃപ്തി പുകയുന്നതിനിടെ എസ്.എഫ്.ഐയും സമരനാടകവുമായി രംഗത്തുവന്നിരുന്നു. സപ്ലിമെന്ററി അലോട്ട്മെന്റിൽ സീറ്റുകൾ ലഭിച്ചവർക്ക് ഇന്ന് വൈകുന്നേരം നാല് മണിവരെയാണ് പ്രവേശനം നേടാൻ കഴിയുക. തുടർന്നുള്ള അലോട്ട്മെന്റ് വിവരങ്ങൾ പിന്നീട് അറിയിക്കും.


മഴക്കാലമായതിനാൽ കുട്ടികൾ വളരെ സന്തോഷത്തിലാണ്. കൈചൂണ്ടയിൽ മീൻപിടിക്കുന്ന കുട്ടികൾ. മലപ്പുറം കരിഞ്ചാപാടി പാടത്ത് നിന്നുള്ള കാഴ്ച
സഊദ്അൻവർ

## ടാപ്പിങ് തൊഴിലാളിക്ക് വെട്ടേറ്റ സംഭവത്തിൽ 21 കാരൻ അറസ്റ്റിൽ

എടക്കര: മൂത്തേടം പനമ്പറ്റയിൽ ടാപ്പിങ് തൊഴിലാളിയായ യുവാവിനെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവത്തിൽ പ്രതി പിടിയിൽ. പുല്ലാണിക്കാടൻ നൗഫൽ (32) നെ വെട്ടിപ്പരിക്കേൽപ്പിച്ച കേസിലാണ് കാരപ്പുറം ചോളമുണ്ട വറ്റിപ്പറമ്പത്ത് ഷാമിൽ ബാബുവിനെ (21) എടക്കര പൊലീസ് ഇൻസ്പെക്ടർ എസ്. അനീഷ് അറസ്റ്റ് ചെയ്തത്. ഇയാളെ നിലമ്പൂർ കോടതിയിൽ ഹാജരാക്കി.
കഴിഞ്ഞ ആറിന് പുലർച്ചെ നാല് മണിക്കാണ് നൗഫലിന് നേരെ മുഖം മൂടി ധാരിയുടെ ആക്രമണമുണ്ടായത്. പാലാങ്കരയിലെ റബർ തോട്ടത്തിൽ ടാപ്പിങ്ങിന് പോകുകയായിരുന്ന നൗഫലിന്റെ ബൈക്കിന് നേരെ പ്രതി ചാടിവീഴുകയും ബൈക്കിൽ നിന്ന് വീണ ഇയാളെ മർദിക്കുകയും കത്തികൊണ്ട് വെട്ടുകയുമായിരുന്നു. നിലവിളി കേട്ട് സമീപവാസികൾ എത്തിയതോടെ അക്രമി ഓടിരക്ഷപ്പെടുകയായിരുന്നു. കൈക്കും കഴുത്തിനും പരിക്കേറ്റ നൗഫൽ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു.
എടക്കര പൊലീസ് നടത്തിയ അന്വേഷണത്തിൽ പ്രതി ഉപയോഗിച്ച മാസ്ക്, കത്തി, ചുറ്റിക എന്നിവ സംഭവസ്ഥലത്ത് നിന്നും കണ്ടെടുക്കുകയും ചെയ്തിരുന്നു. പൊലീസ് അന്വേഷണം നടക്കുന്ന സമയത്ത് പരിസരവാസികളെല്ലാം സംഭവ സ്ഥലത്ത് എത്തിയിരുന്നു. എന്നാൽ പ്രതിയായ ഷാമിൽ ബാബു മാത്രം ഇവിടെ എത്തിയിരുന്നില്ല. ഇതാണ് ഇയാളിലേക്ക് അന്വേഷണം എത്താൻ കാരണം. ചോദ്യം ചെയ്യലിൽ പ്രതി കുറ്റസമ്മതം നടത്തിയതായി പൊലീസ് പറഞ്ഞു. നൗഫൽ ഷാമിലിന്റെ കുടുംബത്തെക്കുറിച്ച് അപവാദപ്രചരങ്ങൾ നടത്തിയതും പരിഹസിക്കുകയും ചെയ്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം.
ഇൻസ്പെക്ടർക്ക് പുറമെ സബ് ഇൻസ്പെക്ടർമാരായ പി ശിവകുമാർ, അജിത്ത് കുമാർ, എ.എസ്.ഐ മാരായ അബ്ദുൽ മുജീബ്, സീനിയർ സി.പി.ഒ സാബിർ അലി, സി.പി.ഒമാരായ അനീഷ്, ഷൈനി, സുവർണ്ണ, ഷാഫി എന്നിവരും അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.


ഷാമിൽ ബാബു



മലപ്പുറം മണ്ഡലം ചന്ദ്രിക കാമ്പയിനുമായി ബന്ധപ്പെട്ട യോഗം പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

### മലപ്പുറം നിയോജക മണ്ഡലം മുസ്‌ലിംലീഗ്
## എന്റെ വീട്ടിൽ എന്റെ ചന്ദ്രിക കാമ്പയിന് നാളെ തുടക്കം

മലപ്പുറം: 'എന്റെ വീട്ടിൽ എന്റെ ചന്ദ്രിക' കാമ്പയിൻ മലപ്പുറം നിയോജക മണ്ഡലത്തിൽ തുടക്കം. ജൂലൈ 10 മുതൽ ആഗസ്ത് 10 വരെയാണ് കാമ്പയിൻ. മണ്ഡലത്തിലെ മുസ്‌ലിംലീഗ്, മുസ്‌ലിം യൂത്ത്‌ലീഗ്. എം.എസ്.എഫ്, എസ്.ടി.യു പ്രവാസി ലീഗ്, കർഷകസംഘം, പെൻഷനേഴ്സ് ലീഗ്, കെ.എം.സി.സി തുടങ്ങിയ പോഷക സംഘടനകളും അനു ബന്ധ സംഘടനകളും ക്യാംപയിന്റെ ഭാഗമാകണമെന്ന് പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ അഭ്യർത്ഥിച്ചു.
ഇതു സംബന്ധിച്ച് ചേർന്ന മലപ്പുറം നിയോജക മണ്ഡലം തല കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു തങ്ങൾ. പി ഉബൈദുല്ല എം.എൽ.എ അധ്യക്ഷനായി.
ജനറൽ സെക്രട്ടറി പി.എ സലാം മുഖ്യ പ്രഭാഷണം നടത്തി. ഭാരവാഹികളായ കെ.വി മുഹമ്മദലി, എം.പി മുഹമ്മദ്, വി മുഹമ്മദ് കുട്ടി, ബംഗാളത്ത് ബാബു മാസ്റ്റർ, ഹാരിസ് ആമിയൻ, കുഞ്ഞി മുഹമ്മദ് മോങ്ങം, എ.എം അബൂബക്കർ, എം.സി കബീർ, അഡ്വ എൻ.കെ മജീദ്, അഡ്വ കാരാട്ട് അബ്ദുറഹിമാൻ പ്രസംഗിച്ചു.
എൻ കുഞ്ഞീതു, ബാവ മുണ്ടുപറമ്പ, വി.പി അബൂബക്കർ, മന്നയിൽ അബൂബക്കർ, കെ.ടി ഹംസ, വി മുസ്തഫ, വി.വി നാസർ, നീലൻ കോഡൂർ, സിദ്ദീഖ് മാസ്റ്റർ, ഇസ്മയിൽ മാസ്റ്റർ, പി.ടി അബ്ബാസ്, വി.പി മൊയ്തീൻ, കുട്ടി സി.കെ മോങ്ങം, കെ മൻസൂർ, എ.പി ഉമ്മർ, ഫാരിസ് പൂക്കോട്ടൂർ, റസാഖ് പാറക്കൽ, ഷരീഫ് ആനക്കയം, കെ.എൻ ഷാനവാസ്, അഡ്വ ജസീൽ പറമ്പൻ, അഷ്റഫ് പറച്ചോടൻ, മുഹമ്മദ് എന്ന കുഞ്ഞുട്ടി, റസാഖ് പാറക്കൽ ചർച്ചയിൽ പങ്കെടുത്തു. ജൂലൈ 10നു മുമ്പു തന്നെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങണമെന്ന് മണ്ഡലം പ്രവർത്തകസമിതി യോഗം തീരുമാനിച്ചു.

### മഞ്ചേരി മെഡിക്കൽ കോളജിനെ ഞെക്കികൊല്ലാൻ നീക്കം
## സർക്കാറിനെതിരെ ശക്തമായ സമരത്തിനൊരുങ്ങി മുസ്‌ലിംലീഗ്

മലപ്പുറം: ജനകീയ സഹകരണത്തോടെ പടുത്തുയർത്തിയ മഞ്ചേരി മെഡിക്കൽ കോളജിനെ ഞെക്കി കൊല്ലാൻ സർക്കാർ ഗൂഢ നീക്കം നടക്കുന്നതായി മുസ്‌ലിംലീഗ് മലപ്പുറം ജില്ല കമ്മിറ്റി യോഗം ആരോപിച്ചു. ഏറ്റവും ഒടുവിൽ കാർഡിയോളജി വിഭാഗം പ്രവർത്തനം നിറുത്താനുള്ള നീക്കം നടക്കുന്നതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.
ജനറൽ ഹോസ്പിറ്റലായിരിക്കുമ്പോൾ ആയിരങ്ങൾക്ക് ആശ്രയമായിരുന്ന ഈ ആതുരലായം മെഡിക്കൽ കോളജ് ആയതോടെ സാധരണ ജനങ്ങൾ ദുരിതം പേറേണ്ട അവസ്ഥയാണ്. സ്ഥലമെടുപ്പും വികസനവും മുരടിപ്പിലാണ്. അക്കാദമിക്ക് രംഗത്ത് മികച്ച നേട്ടമുണ്ടാക്കിയെങ്കിലും അടിസ്ഥാന സൗകര്യ വികസനരംഗത്ത് സർക്കാർ അവഗണനനേരിടുന്നു.മന്ത്രിമാരുടെ ഉറപ്പും തഥൈവ.
മലപ്പുറം ജില്ലയോടുള്ള സർക്കാറിന്റെ കടുത്ത അവഗണന തന്നെയാണ് മെഡിക്കൽ കോളജ് വിഷയത്തിലും സർക്കാർ അനുവർത്തിക്കുന്നതിന് യോഗം കുറ്റപ്പെടുത്തി. സർക്കാർ നിലപാട് തിരുത്തിയില്ലെങ്കിൽ ശക്തമായ സമരവുമായി മുസ്‌ലിംലീഗ് രംഗത്തിറങ്ങുമെന്ന് യോഗം മുന്നറിയിപ്പ് നൽകി. പ്രവാസികൾക്ക് അവധിക്കാലത്ത് നാട്ടിൽ വരാൻ പറ്റാത്ത രീതിയിൽ വിമാന നിരക്ക് കുത്തനെ കൂട്ടിയതിൽ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. സംസ്ഥാന-കേന്ദ്ര സർക്കാറുകൾ അടിയന്തരമായി ഇടപെടണമെന്ന് യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ അധ്യക്ഷനായി.
ജില്ലാ സെക്രട്ടറിയായിരുന്ന എ.പി ഉണ്ണികൃഷ്ണന്റെ നിര്യാണത്തിൽ യോഗം അഗാധമായ ദുഃഖം രേഖപ്പെടുത്തി. ജില്ലാ ജനറൽ സെക്രട്ടറി പി.അബ്ദുൽ ഹമീദ് എം.എൽ.എ, ട്രഷറർ അഷ്റഫ് കോക്കൂർ, ഭാരവാഹികളായ പി.എസ്.എച്ച് തങ്ങൾ, എം.എ ഖാദർ, എം.കെ ബാവ, ഇസ്മായിൽ മൂത്തേടം, ഇബ്രാഹീം മുത്തൂർ, കെ.എം അബ്ദുൽ ഗഫൂർ, നൗഷാദ് മണിശേരി, അൻവർ മുള്ളമ്പാറ, അഡ്വ. ഹാരിഫ് കെ ടി അഷ്റഫ് പ്രസംഗിച്ചു.


പൊന്നാനി മണ്ഡലത്തിലെ പര്യടന പരിപാടിക്ക് തുടക്കം കുറിച്ച ആമയം സെന്ററിൽ ഡോ. അബ്ദുസ്സമദ് സമദാനി എം.പി വോട്ടർമാർക്ക് നന്ദി പ്രകാശിപ്പിക്കുന്നു.

## വോട്ടർമാർക്ക് നന്ദി പറഞ്ഞ് സമദാനി എം.പിയുടെ മണ്ഡലം പര്യടനം

പൊന്നാനി: പൊന്നാനി പാർലമെന്റ് മണ്ഡലത്തിൽ ചരിത്രവിജയം സമ്മാനിച്ച വോട്ടർമാർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഡോ. അബ്ദുസമദ് സമദാനി എം.പിയുടെ പര്യടന പരിപാടിക്ക് ഇന്നെലെ പൊന്നാനി മണ്ഡലത്തിൽ തുടക്കമായി. രാവിലെ 9 മണിക്ക് പെരുമ്പടപ്പ് പഞ്ചായത്തിലെ ആമയം സെന്ററിൽ നിന്നും ആരംഭിച്ച പര്യടനം ജില്ലാ യു.ഡി.എഫ് ചെയർമാൻ പി.ടി അജയ് മോഹൻ ഉദ്ഘാടനം ചെയ്തു. നന്നമുക്ക്, പെരുമ്പടപ്പ്, വെളിയങ്കോട്, മാറഞ്ചേരി പഞ്ചായത്തുകളിലെ പര്യടന പരിപാടി പൂർത്തിയാക്കി പുറങ്ങ് കുണ്ട് കടവ് സെന്ററിൽ സമാപിച്ചു. ജില്ലാ യു.ഡി.എഫ് കൺവീനർ അഷ്റഫ് കോക്കൂർ, നിയോജക മണ്ഡലം യു.ഡി.എഫ് തിരഞ്ഞെടുപ്പ് കമ്മറ്റി ചെയർമാൻ വി.സൈത് മുഹമ്മദ് തങ്ങൾ, കൺവീനർ സി.എം യൂസഫ്, യുഡിഎഫ് മണ്ഡലം ചെയർമാൻ പി.പി. യൂസഫലി, കൺവീനർ ഷംസു കല്ലാട്ടേൽ, മണ്ഡലം യു.ഡി.എഫ് നേതാക്കളായ സയ്യിദ് അഹമ്മദ് ബാഫഖി തങ്ങൾ, വി.വി. ഹമീദ്, വി. മുഹമ്മദുണ്ണി ഹാജി, ഷമീർ ഇടയാട്ടയിൽ, ബഷീർ കക്കിടിക്കൽ, ടി.എ മജീദ്, ടി.കെ. അബ്ദുൽ റഷീദ്, ഷാജി കാളിയത്തേൽ, ടി.കെ അബ്ദുൽ ഗഫൂർ, മുസ്തഫ വടമുക്ക്, നാഹിർ ആലുങ്ങൽ, മുഹമ്മദലി നരണിപ്പുഴ, സി.കെ പ്രഭാകരൻ, സി.പി ഉമ്മർ, കാട്ടിൽ അഷ്റഫ്, സുബൈർ കൊട്ടിലിങ്ങൽ, പി.പി ഉമ്മർ, ശ്രീജിത്ത് മാറഞ്ചേരി, ടി.കെ അബ്ദുൽ ഗനി, എ.കെ. അലി, കെ. മുരളീധരൻ, സാദിക്ക് നെച്ചിക്കൽ പങ്കെടുത്തു.

### ത്രിദിന പരിശീലനത്തിന് തുടക്കം

മലപ്പുറം: സമഗ്ര ശിക്ഷാ കേരള പദ്ധതിയുടെ ഭാഗമായി ട്രെയിനർമാർക്കും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്കുമുള്ള ത്രിദിന റസിഡൻഷ്യൽ പരിശീലനം 'പര്യാപ്ത- 2024 ന് തുടക്കമായി. പരിശീലനം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ കെ.പി രമേഷ്കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലയിൽ മൂന്നു കേന്ദ്രങ്ങളിലായി 150 പേരാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത്. എസ്.എസ്.കെ. പ്രവർത്തകരുടെ അക്കാദമിക വൈദഗ്ധ്യവും പ്രയോഗ നൈപുണിയും വളർത്തുക എന്ന ലക്ഷ്യവുമായാണ് പരിശീലനം നടത്തുന്നത്. മലപ്പുറം പി.എം.ആർ. ഗ്രാന്റ് ഡെയ്സിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ മലപ്പുറം ബി.പി.സി പി.മുഹമ്മദാലി, ജില്ലാ പ്രോഗ്രാം ഓഫീസർമാരായ ടി. രത്നാകരൻ, വി.ആർ ഭാവന, ട്രെയിനർമാരായ പി.പി രാജൻ, റിയോൺ ആന്റണി, കെ.കെ പവിത്രൻ പങ്കെടുത്തു.

### ബാർകോഡ് അനുസരിച്ച് മൂല്യനിർണയം
## അധ്യാപകരിൽ നിന്നും വൻ തുക പിഴ ഈടാക്കുന്നതിനെതിരെ പരാതി

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലക്കു കീഴിൽ ബാർകോഡ് അനുസരിച്ചുള്ള മൂല്യനിർണയത്തിലെ വീഴ്ചകളിൽ അധ്യാപകരിൽ നിന്ന് വൻതുക ഫൈൻ ഈടാക്കുന്നു. സോഫ്റ്റ് വെയറിന്റെ അപാകതയാണ് വീഴ്ചകൾക്ക് കാരണമായി അധ്യാപകർ പറയുന്നത്. ഫൈൻ അടക്കാൻ ആവശ്യപ്പെട്ട് പല അധ്യാപകർക്കും സർവകലാശാല നോട്ടീസ് നൽകിയിട്ടുണ്ട്. അധ്യാപക ദ്രോഹനടപടികളിൽ നിന്ന് സർവകലാശാല പിന്തിരിയണമെന്നാവശ്യപ്പെട്ട് സിൻഡിക്കേറ്റംഗം ഡോ. റഷീദ് അഹമ്മദ് വി.സിക്കു കത്തുനൽകി. മാർക്ക് ചേർക്കലും അതിന്റെ പരിശോധനയും പരീക്ഷാഭവൻ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ബാർകോഡും യഥാർഥ രീതിയിൽ നടപ്പിലാക്കാത്തതും ബാർകോഡ് അധിഷ്ഠിത മൂല്യനിർണയത്തിന് ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിലെ അപാകതയും അത് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരുടെ പരിചയക്കുറവുമാണ് മൂല്യനിർണയത്തിന് ശേഷം മാർക്കുകൾ അടിച്ചുചേർക്കുമ്പോൾ പിഴവ് വരാൻ കാരണം. എന്നാൽ ഇതിന്റെ പോരായ്മകൾ എല്ലാം അധ്യാപകരിൽ കെട്ടിവെച്ചാണ് പിഴ ഈടാക്കൽ തുടരുന്നത്.
മാർക്കുകൾ സോഫ്റ്റ്‌വെയറിൽ ടൈപ്പ് ചെയ്ത് ചേർക്കലും അപ്‌ലോഡ് ചെയ്യലും അധ്യാപകരുടെ ജോലിയല്ല. സോഫ്റ്റ്‌വെയറിലെ അപാകത കാരണം പല മാർക്ക് എൻട്രികളിലും പിഴവ് വരുന്നുണ്ട്. ടൈപ്പ് ചെയ്യുന്ന പല നമ്പറുകളും സോഫ്റ്റ്‌വെയറിൽ അപ്‌ലോഡാവുന്നില്ല. മൂല്യനിർണയ ക്യാമ്പുകളിൽ ശക്തമായ വൈഫൈ സംവിധാനം ഇല്ല. മൊബൈൽ സംവിധാനമാണ് കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിൽ മാർക്കുകൾ അപ്‌ലോഡ് ചെയ്യാൻ ഉപയോഗിക്കുന്നത്. ഇത് കാരണം ചില എൻട്രികളിൽ പിഴവ് വരാൻ സാധ്യത ഉണ്ട്. ഈ കാരണം പറഞ്ഞ് അധ്യാപകരിൽ നിന്ന് വൻ തുക പിഴ ഈടാക്കാനുള്ള ശ്രമമാണ് പരീക്ഷാഭവൻ നടത്തിക്കൊണ്ടിരിക്കുന്നത്.
ഇത്തരം അപാകതകൾ പ
രിശോധിക്കാനും ശ്രദ്ധയിൽപ്പെടുത്താനുമാണ് പരീക്ഷാഭവനിൽ നൂറുകണക്കിന് ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നത്. അധ്യാപകരുടെ മാർക്ക് എൻട്രി പരിശോധിച്ച് അത് ശരിയാണോ എന്ന് ഉറപ്പുവരുത്തേണ്ടത് പരീക്ഷാഭവനിലെ ഉദ്യോഗസ്ഥരുടെ ജോലിയാണ്.
അധ്യാപകരിൽ നിന്ന് ഫൈൻഈടാക്കുന്ന നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഡോ. റഷീദ് അഹമ്മദ് വി.സിക്കു കത്ത് നൽകിയിട്ടുണ്ട്. ഇതിന് സഹായിക്കുന്ന ഉത്തരവുകളും പിൻവലിക്കണം. സോഫ്റ്റ്‌വെയർ കുറ്റമറ്റതാക്കണം. മൂല്യനിർണയ ക്യാമ്പുകളിൽ വൈഫൈ സൗകര്യം ലഭ്യമാക്കണം. പരീക്ഷാഭവനിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകണമെന്നും വൈസ് ചാൻസലർക്ക് നൽകിയ കത്തിൽ സിൻഡിക്കേറ്റ് അംഗം ഡോ റഷീദ് അഹമ്മദ് ആവശ്യപ്പെട്ടു.

## ഫർഹാനയുടെ മരണം ആശങ്കയുളവാക്കുന്നത്

കോഴിക്കോട്. തലാസീമിയ മേജർ രോഗിയും മലപ്പുറം ജില്ലയിലെ ആതവനാട് സ്വദേശിയുമായ ഫർഹാന(27) യുടെ ആകസ്മിക മരണം അങ്ങേയറ്റം ആശങ്കയുളവാക്കുന്നതാണെന്ന് കേരള ബ്ലഡ് പേഷ്യന്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ പ്രസ്താവനയിൽ പറഞ്ഞു. ഹാർട്ടിൽ കുമിഞ്ഞ് കൂടിയ ഇരുമ്പിന്റെ അംശം ഫർഹാനയെ 17ാം വയസ്സിൽ തന്നെ ഹൃദ്രോഗിയാക്കി മാറ്റിയിരുന്നു. രോഗം മൂർച്ഛിച്ചതിനെ തുടർന്ന് ഹാർട്ട് സർജറി തന്നെ വേണ്ടി വന്നു. തുടർന്നങ്ങോട്ട് ഭാരിച്ച ചെലവ് വരുന്ന ചികിത്സകളും സർജറികളുമായിരുന്നു. പതിനൊന്നോളം സർജറികളാണ് ഇതുമായി ബന്ധപ്പെട്ട് ഫർഹാനക്ക് നടത്തേണ്ടി വന്നത്. ഏറ്റവും ഒടുവിൽ ഹാർട്ടിലെ അണുബാധയെ തുടർന്ന് വീണ്ടും സർജറി വേണ്ടി വന്നു. 27 ലക്ഷത്തോളം രൂപ സമാഹരിച്ചാണ് ഇത് നടത്തിയത്. കവിതയെഴുത്തിലും വായനയിലുമൊക്കെ സജീവമായിരുന്നു ഫർഹാന. കുറച്ച് മുമ്പ് ഒരു പ്രാദേശീക ചാനലിൽ വാർത്ത വായിക്കാനും സമയം കണ്ടെത്തിയിരുന്നു. കോട്ടക്കൽ ആസ്റ്റർ മിംസിൽ ജോലി ചെയ്തു വരികയായിരുന്നു.

## ഇ ടെണ്ടർ

പാലക്കാട്: നെല്ലിയാമ്പതി ഗവ ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിൽ 202324 സാമ്പത്തിക വർഷം വിളവെടുത്ത കാപ്പിക്കുരു ലേലം ചെയ്യുന്നതിന് ഇടെൻഡർ ക്ഷണിച്ചു. ജൂലൈ 15ന് വൈകീട്ട് മൂന്ന് വരെ ടെൻഡറുകൾ സ്വീകരിക്കും. 20 ഉച്ചയ്ക്ക് രണ്ടിന് ടെണ്ടറുകൾ തുറക്കും. 9383471482

## സ്വീകരണവും വിജയികളെ അനുമോദിക്കലും

കൊപ്പം: നാട്യമംഗലം പാറമ്മൽപടി ശാഖാ യൂത്ത്‌ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉന്നതവിജയികളെ അനുമോദിക്കലും ഹജ്ജ് വളണ്ടിയറായി സേവനം ചെയ്ത എം.കെ സെയ്ത് അമീനെ അനുമോദിക്കലും സംഘടിപ്പിച്ചു. മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി വി.എം മുഹമ്മദലി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എം.സെയ്തലവി മാസ്റ്റർ, ഇ.പി ഹുസ്സൻ, കെ.കെ ജലീൽ ഹാജി, കെ.ഉസ്മാൻ, കെ.ഖാലിദ്, എം.കെ സെയ്തലവി, എം.അൻവർ, എം.ഹൈദറലി, പി.ടി സുഹൈൽ, എൻ.അൻസാർ, ഇ.പി ഷമീം, എം.ടി റഫീക്ക്, എം.കെ സാബിത്, എം.കെ ആഷിഖ്, എം.ടി റഊസ്, എം.ടി റമീസ്, എൻ.അഫ്രീദി, പഞ്ചായത്തംഗങ്ങളായ കെ.അമീറുന്നീസ, ടി.കെ ജസീല, കുലുക്കല്ലൂർ പഞ്ചായത്ത് യൂത്ത്‌ലീഗ് ജനറൽസെക്രട്ടറി കെ.കെ മുഹമ്മദ്റിയാസ് സംബന്ധിച്ചു.



ഹജ്ജ് വളണ്ടിയറായി സേവനം ചെയ്ത എം.കെ സെയ്ത് അമീനെ മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി വി.എം മുഹമ്മദലി അനുമോദിക്കുന്നു

# പാലക്കാട് വാർത്തകൾ



പുതുനഗരം പാലം ബസാറിനു സമീപത്തെ വെള്ളക്കെട്ട്

## പാലം ബസാർ റോഡിലെ വെള്ളക്കെട്ട് ദുരിതമായി

പുതുനഗരം: പാലം ബസാറിനുകിഴക്കുഭാഗം പ്രധാന പാതയിൽ മഴപെയ്താൽ വെള്ളം ഒഴുകുന്നത് കനാൽ പോലെ. മഴ നിന്നാലും വെള്ളക്കെട്ട് ഒഴിഞ്ഞു പോവണമെങ്കിൽ മണിക്കൂറുകൾ കഴിയണം. റോഡിന്റെ വടക്കുഭാഗത്തു കൂടി ജലം ഒഴുകുന്നതിനാൽ ഇരുവശത്തേക്കുമുള്ള വാഹനങ്ങൾ തെക്കുഭാഗത്തു കൂടി സഞ്ചരിക്കുന്നതിനാൽ ഗതാഗതക്കുരുക്കും പതിവാകുകയാണ്. ഈ സ്ഥലത്ത് റോഡിനു വിസ്താരക്കുറവും ഇരുവശത്തും വ്യാപാരസ്ഥാപനങ്ങളുമുണ്ട്. വെള്ളക്കെട്ടുണ്ടാവുന്ന സമയങ്ങളിൽ വാഹനങ്ങൾ സഞ്ചരിക്കുമ്പോൾ വെള്ളം തെറിച്ച് വിൽപ്പന വസ്തുക്കൾ നനയുന്നത് പതിവായി. റോഡിന്റെ വടക്കുഭാഗം താഴ്ചയാണ് വെള്ളക്കെട്ടിന് കാരണമായിരിക്കുന്നത്.

തൃശ്ശൂർ-പൊള്ളാച്ചി അന്തർ സംസ്ഥാന പ്രധാനപാതയെന്നതിനാൽ സർവ്വീസ് ബസുകൾക്ക് പുറമെ വിനോദ തീർത്ഥാടന വാഹനങ്ങളും ചരക്കുകടത്തുവാഹനങ്ങളും നിരന്തരം സഞ്ചരിക്കുന്ന റോഡാണിത്.

## ഗവ ഐ.ടി.ഐ പ്രവേശനം: അപേക്ഷ 12 വരെ

പാലക്കാട്: ഗവ ഐ.ടി.ഐകളിൽ പ്രവേശനത്തിന് ജൂലൈ 12 വരെ ഓൺലൈനായി അപേക്ഷിക്കാം. ഫീസ് :100 രൂപ. h-ttp-s:// itiadmissions.kerala.gov.in എന്ന പോർട്ടൽ വഴിയും https://det.kerala.gov.in എന്ന ലിങ്കിലൂടെയും അപേക്ഷിക്കാം.

അട്ടപ്പാടി ഗവ ഐ.ടി.ഐയിൽ ഡ്രാഫ്ട്സ്മാൻ സിവിൽ, ഇലക്ട്രിഷ്യൻ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, മെക്കാനിക് ഡീസൽ, വെൽഡർ ട്രേഡുകളിലേക്ക് അപേക്ഷ സമർപ്പിക്കാം. ഫോൺ : 04924 296516.

- പെരുമാട്ടി: ഗവ ഐ.ടി.ഐയിൽ മെക്കാനിക്ക് അഗ്രികൾച്ചറൽ മെഷിനറി (എൻ.എസ്.ക്യൂ.എഫ്), ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ എൻ.സി.വി.ടി മെട്രിക്ക് ട്രേഡുകളിൽ പ്രവേശനത്തിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. ഫോൺ : 04923 234235, 9995452433.
- വാണിയംകുളം: ഗവ ഐ.ടി.ഐയിൽ ഡ്രാഫ്ട്സ്മാൻ സിവിൽ (2 വർഷം), ഫാഷൻ ഡിസൈൻ ആൻഡ് ടെക്നോളജി (1 വർഷം) ട്രേഡുകളിൽ പ്രവേശനത്തിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. ഫോൺ: 0466 2227744.

### സർക്കാർ നോക്കുകുത്തി

# നിർമാണ മേഖല പ്രതിസന്ധിയിൽ

### പ്രക്ഷോഭത്തിനൊരുങ്ങി സംഘടനകൾ

പാലക്കാട്: അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യത്തിനൊപ്പം കുതിച്ച് ഉയരുന്ന വിലയിൽ നിർമാണമേഖല വൻ പ്രതിസന്ധിയിൽ. ഇതോടെ ഈ മേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരുടെയും ജീവിതവും വഴിമുട്ടി. നിർമാണമേഖലയിൽ 80 ശതമാനത്തോളം താമസ കെട്ടിടങ്ങളും ഗൾഫ് മലയാളികളുടെ നിക്ഷേപത്തോടെ കച്ചവട സ്ഥാപനങ്ങളുമാണ് ഉയർന്ന് വന്നിരുന്നത്. എന്നാൽ ഇപ്പോൾ ഈ മേഖലയിൽ നിക്ഷേപം ഇപ്പോൾ കുറഞ്ഞുവരികയാണ്. നിർമാണമേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ സർക്കാർ നടപടിയുണ്ടാകുന്നില്ലെന്നും ലെൻസ്ഫെഡ് ഭാരവാഹികൾ കുറ്റപ്പെടുത്തി. പ്രാദേശികതലത്തിൽ നിർമാണ വസ്തുക്കളുടെ ഉത്പാദനം നിലച്ചതോടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് വലിയവില കൊടുത്ത് വാങ്ങേണ്ട സ്ഥിതി വിശേഷമാണുള്ളത്. മണൽ ക്ഷാമം പരിഹരിക്കുന്നതിന് മൂന്ന് വർഷം മുമ്പ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സമിതി പുഴയിൽ അടിഞ്ഞ് കൂടിയ മണൽശേഖരണത്തെക്കുറിച്ച് പഠനം നടത്തി വിതരണംചെയ്യാൻ സമിതി രൂപവത്ക്കരിക്കാൻ തീരുമാനിച്ചുവെങ്കിലും തുടർ നടപടി മാത്രമായില്ല.



അണക്കെട്ടുകളിൽ നിന്ന് മണൽ ശേഖരിക്കുന്നുണ്ടെങ്കിലും അതും ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഭാരവാഹികൾ അഭിപ്രായപ്പെട്ടു. ലൈസൻസുള്ള ക്വാറികളുടെ കുറവ് കാരണം കരിങ്കല്ലും തമിഴ്നാട്ടിൽ നിന്നും വരണം. സിമന്റുൾപ്പെടെ നിർമാണ സാമഗ്രികൾ അന്യസംസ്ഥാനത്തെ ആശ്രയിക്കേണ്ട സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്. ഇത് കൂടാതെ വീട്വെക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭിക്കുന്നതിനും കാലതാമസം നേരിടുകയാണ്. നിർമാണ സാമഗ്രികൾക്ക് ഭീമമായ ജി.എസ്.ടി ചുമത്തിയതും സർക്കാർ പെർമിറ്റ് ഫീസ് വൻതോതിൽ വർധിപ്പിച്ചതും നിർമാണമേഖലക്ക് വൻതിരിച്ചടിയാണ് നേരിട്ടത്.

ഇത്തരമൊരു സഹാചര്യത്തിൽ നിർമാണ മേഖലയെ രക്ഷിക്കൂ, തൊഴിൽ പ്രതിസന്ധി പരിഹരിക്കുക എന്ന മുദ്രവാക്യവുമായി ലെൻസ്ഫെഡ് വരും ദിവസങ്ങളിൽ പ്രക്ഷോഭത്തിന് രൂപം നൽകും. പത്രസമ്മേളനത്തിൽ ജില്ലാപ്രസിഡന്റ് വി.ആർ കൃഷ്ണകുമാർ, ജില്ലാ സെക്രട്ടറി എസ്.രാജേഷ്, ജില്ലാ ട്രഷറർ വി.രാജേഷ്, സംസ്ഥാന പി.ആർ.ഒ.എം മനോജ്, സംസ്ഥാന വൈസ്പ്രസിഡന്റ് കെ.എസ് ഹരീഷ്, സ്ഥാപക സെക്രട്ടറി ആർ.കെ മണിശങ്കർ എന്നിവർ പങ്കെടുത്തു.



കിഴക്കഞ്ചേരി കൊന്നക്കൽ കടവിൽ രതീഷിന്റെ വീടിന് മുകളിലേക്ക് മരണം വീണപ്പോൾ

## മഴ; മരം വീണ് വീട് തകർന്നു

വടക്കേഞ്ചേരി: കനത്ത മഴയിൽ മരം വീണ് വീട് തകർന്നു. കിഴക്കഞ്ചേരി കൊന്നക്കൽ കടവിൽ മണിമുക്കിന് സമീപം രതീഷിന്റെ വീടാണ് തകർന്നത്. ആളപായമില്ല. തിങ്കളാഴ്ച കാലത്ത് 7.45ഓടെയാണ് സംഭവം. രതീഷിന്റെ വീടിന് എതിർവശത്തുള്ള വീട്ടിലെ സ്വകാര്യ വ്യക്തിയുടെ മരമാണ് കടപുഴകി രതീഷിന്റെ വീടിന്റെ മേൽക്കൂരയിലേക്ക് പതിച്ചത്. പ്രധാനറോഡിന് കുറുകെ ഇലക്ട്രിക് ലൈനുകളിൽ വീണാണ് രതീഷിന്റെ വീടിന്റെ ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ ഭാഗത്തേക്ക് മരം പതിച്ചത്. ആസ്ബറ്റോസ് ഷീറ്റ് തകർന്ന് വീണു. ഈസമയം കുട്ടികൾ സ്കൂളിൽ പോയിരുന്നു. ശബ്ദംകേട്ട് രതീഷ് പുറത്തേക്ക് ഓടിയതിനാലും, അമ്മ മറ്റൊരു മുറിയിൽ ആയതിനാലും വലിയൊരു ദുരന്തം ഒഴിവായി. മരം റോഡിന് കുറുകെ വീണതോടെ ഗതാഗതവും കേബിൾ സംവിധാനവും, വൈദ്യുതിയും തടസ്സപ്പെട്ടു. മൂന്ന് ഇലക്ട്രിക് പോസ്റ്റുകളും തകർന്നു.

### ജനവിരുദ്ധ നയങ്ങൾക്കെതിരെ

## മുസ്‌ലിം യൂത്ത്‌ലീഗ് താലൂക്ക് ഓഫീസ് മാർച്ച് 11ന്

പട്ടാമ്പി: മുസ്‌ലിം യൂത്ത് ലീഗ് പട്ടാമ്പി നിയോജകമണ്ഡലം കമ്മറ്റിയുടെ കീഴിൽ ജനദ്രോഹ സർക്കാറുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ പട്ടാമ്പി താലൂക്ക് ഓഫീസിലേക്ക് മാർച്ച് നടത്തും. അവശ്യസാധനങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം, മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങളുടെ ഇല്ലായ്മ, റേഷൻഷാപ്പുകളുടെ താളംതെറ്റിയ പ്രവർത്തനം, പ്ലസ്ടു സീറ്റുകളുടെ അപര്യപ്തത, പെൻഷൻ മസ്റ്ററിംഗിലെ അശാസ്ത്രീയത തുടങ്ങിയ വിഷയങ്ങളുന്നയിച്ചാണ് മാർച്ച് നടത്തുന്നത്. 11ന് രാവിലെ 11 മണിക്ക് മേലേപട്ടാമ്പി കല്പക ജംഗ്ഷനിൽ നിന്നാണ് മാർച്ച് ആരംഭിക്കുക. ഇതുസംബന്ധമായി ചേർന്ന യോഗം കെ.എ റഷീദ് ഉദ്ഘാടനം ചെയ്തു. ഇസ്മയിൽ വിളയൂർ അധ്യക്ഷത വഹിച്ചു. കെ.എം മുജീബുദ്ദീൻ, പി.എം സൈഫുദ്ദീൻ, കെ.ഹംസ, എ.കെ.എം ഹനീഫ, ടി.പി ഹസൻ, ഷഫീഖ് പുഴക്കൽ, ഷിഹാബ് കരിമ്പുള്ളി, സിദ്ദീഖ് റഹിമി, എ.കെ.എ ജസീൽ, വി.കെ ജാസിർ, മൻസൂർ പാലത്തിങ്ങൽ, വി.പി.എം ഇഹ്സാൻ, പി.കെ.എം ഷഫീഖ് പ്രസംഗിച്ചു. ഷാഫി വരമംഗലം, എസ്.പി റഹീസ്, കെ.ടി സുഹൈൽ, റിയാസ് കുലുക്കല്ലൂർ, ഹസീബ് മാട്ടായ, ആബിദ് പറമ്പിൽ, റാഷിദ് കാരക്കാട്, സുഹൈൽ തച്ചൊടി, ഫാറൂഖ് മൂച്ചിത്തറ, ഫാസിൽ നമ്പ്രം, ഫൈസൽ പൂതാനിയിൽ, പി.ടി.എം ഷഫാഖ്, റാഫി എടത്തോൾ, കെ.അബ്ദുറഹ്മാൻ, ഷാഫി യാറം, കെ സുലൈമാൻ, റിയാസ് നമ്പ്രം, ആഷിഖ് ശങ്കരമംഗലം, യൂസുഫ് കരിമ്പുള്ളി, റഷീദ് മാസ്റ്റർ, സുഹൈൽ മാസ്റ്റർ, സഫറുല്ല, മഷ്ഹർ, ഫിറോസ്, ഷഫീഖ് നിമ്മിനിക്കുളം, എസ്.പി റിയാസ്, നൗഫൽ പുവത്തിൻചോട്, പി.നസ്റുദ്ദീൻ, കെ.ടി.എ സമദ്, ടി.ഹനീഫ, കെ.ടി ഷഹീർ, നിയാസലി, ആഷിഫ് എരവത്ര, ഷാക്കിർ കൊടലൂർ സംബന്ധിച്ചു.




മണ്ണാർക്കാട് നിയോജക മണ്ഡലം വനിതാ ലീഗ് നടത്തിയ റൈസ് ആന്റ് ത്രൈഡ് ക്യാമ്പയിൻ മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ. എൻ ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## വനിതാ ലീഗ് റൈസ് ആന്റ് ത്രൈഡ് കാമ്പയിൻ

മണ്ണാർക്കാട്: നിയോജക മണ്ഡലം വനിതാ ലീഗ് സംസ്ഥാനകമ്മിറ്റി അഹ്വാനം ചെയ്ത റൈസ് ആന്റ് ത്രൈഡ് കാമ്പയിൻ നടത്തി. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. മണ്ണാർക്കാട് ആശുപത്രിപ്പടിയിലെ സയ മിനി കോൺഫ്രൻസ് ഹാളിൽ നടന്ന കൺവൻഷനിൽ നിയോജകമണ്ഡലം വനിതാലീഗ് പ്രസിഡന്റ് മുത്തനിൽ റഫീന റഷീദ് അധ്യക്ഷയായി. വനിതാ ലീഗ് ജില്ലാ പ്രസിഡന്റ് ജമീല ടീച്ചർ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. മുസ്‌ലിം ലീഗ് ജില്ലാപ്രസിഡന്റ് മരക്കാർ മാരായ മംഗലം മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ജനറൽസെക്രട്ടറി അഡ്വ.ടി.എ സിദ്ദീഖ്, വനിതാലീഗ് ജില്ലാ ജനറൽസെക്രട്ടറി റഫീക്ക പാറോക്കോട്ടിൽ, മുസ്‌ലിംലീഗ് ജില്ലാ സെക്രട്ടറി ടി.എ സലാം മാസ്റ്റർ, നിയോജകമണ്ഡലം പ്രസിഡന്റ് റഷീദ് ആലായൻ, ജനറൽസെക്രട്ടറി ഹുസൈൻ കോളശ്ശേരി, മണ്ണാർക്കാട് നഗരസഭ ചെയർമാൻ സി.മുഹമ്മദ് ബഷീർ, കെ.ആലിപ്പുഹാജി, പി.മുഹമ്മദാലി അൻസാരി, വനിതാലീഗ് ജില്ലാ ഭാരവാഹികളായ ഫാത്തിമ താഴത്തേകല്ലടി, മാസിദ സത്താർ, ജസീന അക്കര എന്നിവർ പ്രസംഗിച്ചു. നിയോജകമണ്ഡലം വനിതാലീഗ് ജനറൽസെക്രട്ടറി ഷാഹിന എരേരത്ത് സ്വാഗതവും ട്രഷറർ ഷാഹിദ നന്ദിയും പറഞ്ഞു. മണ്ഡലം ഭാരവാഹികളായ റഹ്മത്ത് മഠത്തൊടി, സലീന തെങ്കര, റജീന പഴേരി, നുസ്റത്ത് സി.എച്ച് എന്നിവർ നേതൃത്വം നൽകി.




ഓപ്പൺ ജിംനേഷ്യത്തിലെ ഉപകരണങ്ങൾ തകർന്നതിൽ പ്രതിഷേധിച്ച് മുസ്‌ലിംലീഗ് ചാലിശ്ശേരി പഞ്ചായത്ത് കമ്മിറ്റി നടത്തിയ പ്രതിഷേധം

### ഓപ്പൺ ജിംനേഷ്യത്തിലെ ഉപകരണങ്ങൾ തകർന്നു

## പ്രതിഷധവുമായി മുസ്‌ലിംലീഗ്

ചാലിശ്ശേരി:ചാലിശ്ശേരിയിൽ പുതുതായി നിർമ്മിച്ച ഓപ്പൺ ജിംനേഷ്യത്തിലെ ഉപകരണങ്ങൾ തകർന്നതിൽ പ്രതിഷേധിച്ച് മുസ്‌ലിംലീഗ് ചാലിശ്ശേരി പഞ്ചായത്ത് കമ്മിറ്റി പ്രതിഷേധ പ്രകടനം നടത്തി. മുസ്‌ലിംലീഗ് ചാലിശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് പി.ഐ യുസഫ് അധ്യക്ഷനായി. പ്രവാസിലീഗ് ജില്ലാ വൈസ് പ്രസിഡന്റ് കെ.ടി സുലൈമാൻ ഉദ്ഘാനം ചെയ്തു. പി.എസ് ഫൈസൽ മാസ്റ്റർ, റസാഖ് പുളിയഞ്ഞാലിൽ, കബീർ പട്ടിശ്ശേരി, ഷറഫു അച്ചാരത്ത്, റഷിദ് പണിക്കവീട്ടിൽ, നിഷാദ് തട്ടത്താഴത്ത്, അവർ ആലിക്കര, അബു ഹാജി, കെ.ടി അലി, ബഷീർ മയിലാടിക്കുന്ന്, അനസ് പാളിക്കാട്ടിൽ, പി.കെ. അനസ്, ഫൈസൽ തുടങ്ങിയവർ പ്രസംഗിച്ചു.

## വ്യാജ സിദ്ധൻ അറസ്റ്റിൽ



റഫീഖ്

ചെർപ്പുളശേരി: വീട്ടിൽ നിന്ന് നിധി കണ്ടെത്തി നൽകാമെന്ന് പറഞ്ഞ് വീട്ടമ്മയെ കബളിപ്പിച്ച് എട്ടുപവൻ സ്വർണ്ണം തട്ടിയെടുത്ത വ്യാജസിദ്ധൻ അറസ്റ്റിൽ. പട്ടാമ്പി തിരുമിറ്റക്കോട് തെക്കുംകര റഫീഖിനെയാണ് ചെർപ്പുളശേരി പൊലീസ് അറസ്റ്റ് ചെയ്തത്. സോഷ്യൽമീഡിയ വഴിയാണ് നെല്ലായ സ്വദേശിനിയായ യുവതി പരിചയപ്പെട്ടത്. തുടർന്ന് വീട്ടിൽ നിധി ഒളിഞ്ഞിരിപ്പുണ്ടെന്നും തനിക്ക് ദിവ്യശക്തിയുണ്ടെന്നും വിശ്വസിപ്പിച്ചു. നിധി പ്രത്യക്ഷപ്പെടണമെങ്കിൽ വീട്ടിലുള്ള സ്വർണ്ണം മാറ്റിവെക്കണമെന്ന് ധരിപ്പിച്ച് എട്ടുപവൻ സ്വർണ്ണം വ്യാജസിദ്ധൻ കൈവശപ്പെടുത്തി മുങ്ങുകയായിരുന്നു. നിധി പ്രത്യക്ഷപ്പെടാത്തതിനെ തുടർന്ന് സിദ്ധനെ ഫോണിൽ ലഭിക്കാത്തതിനാൽ യുവതി പൊലീസിൽ പാരാതിപെടുകയായിരുന്നു. കഴിഞ്ഞ മാർച്ച് മാസത്തിലാണ് കേസിനാസ്പദമായ സംഭവനം നടന്നത്. ഇയാളെ തൃശൂർ വടക്കാഞ്ചേരിയിൽ നിന്നുമാണ് പൊലിസ് അറസ്റ്റ് ചെയ്തത്. സമാനരീതിയിൽ തട്ടിപ്പ് നടത്തിയതിന് ഇയാൾക്കെതിരെ പട്ടാമ്പി സ്റ്റേഷനിലും കേസുണ്ട്. കോടതിയിൽ ഹാജരാക്കിയ ഇയാളെ കൂടുതൽ തെളിവെടുപ്പിനായി പൊലീസ് കസ്റ്റഡിയിൽ വാങ്ങി.




പരുതൂർ പഞ്ചായത്ത് കുടുംബശ്രീ വാർഷികാഘോഷം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി.എം സക്കറിയ ഉദ്ഘാടനം ചെയ്യുന്നു

## പരുതൂർ പഞ്ചായത്ത് കുടുംബശ്രീ വാർഷികം

പള്ളിപ്പുറം: പരുതൂർ പഞ്ചായത്ത് കുടുംബശ്രീ വാർഷികാഘോഷം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി.എം സക്കറിയ ഉദ്ഘാടനം ചെയ്തു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.പി ഹസൻ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നിഷിത ദാസ്, രോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഭി എടമന, മെമ്പർമാരായ സുധീർ, ശ്രീനിവാസൻ, മിനിമോൾ, എം.പി ഉമ്മർ, സി.ഡി.എസ് ചെയർപേഴ്സൺ ബെനസീർ തുടങ്ങിയവർ പ്രസംഗിച്ചു.



സി.എച്ച് സെന്റർ പ്രവർത്തകർ വൃത്തിയാക്കിയ പൊതുകുളം

## പൊതുകുളം വൃത്തിയാക്കി

പള്ളിപ്പുറം: പൊതുകുളം വൃത്തിയാക്കി പ്രദേശവാസികൾക്ക് സൗകര്യമൊരുക്കി അഞ്ചുമൂല സി.എച്ച് സെന്റർ പ്രവർത്തകർ മാതൃകയായി. മാസങ്ങളായി പായലും ചണ്ടിയും നിറഞ്ഞ് ഉപയോഗശൂന്യമായ കുളമാണ് വൃത്തിയാക്കിയത്. 30ഓളം യുവാക്കളുടെ ശ്രമദാനത്തിലാണ് പരുതൂർ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട കുളങ്ങളിലൊന്നായ ഇത് ശുചീകരിച്ചത്. അഞ്ചുമൂല സി.എച്ച് സെന്റർ പ്രവർത്തകരായ അബ്ദുറഹ്മാൻ, എം.പി അബ്ദുൽ ഗഫൂർ, വഹാബ് തിരുത്തിൽ, എം.പി റഹീം, ഉണ്ണി, സഫീർ, എം.പി ഫൈസൽ, എം.പി അമീർ,റാഫി, അനസ്, സിയാൻ, മൊയ്തീൻ ,ഫവാസ്,ജസീൽ ,ജൗഹർ തുടങ്ങിയവർ നേതൃത്വം നൽകി.



മണ്ണാർക്കാട് അരിയൂർ സ്കൂൾപടിയിൽ നിയന്ത്രണം വിട്ട് വീട്ടുമുറ്റത്തേക്ക് മറിഞ്ഞ കാർ

## നിയന്ത്രണം വിട്ട കാർ വീട്ടുമുറ്റത്തേക്ക് മറിഞ്ഞു

മണ്ണാർക്കാട്: പാലക്കാട്കോഴിക്കോട് ദേശീയപാതയിൽ അരിയൂർ സ്കൂൾ പടിയിൽ നിയന്ത്രണംവിട്ട കാർ റോഡിരികിലെ മതിലും ഗെയിറ്റും തകർത്ത് വീട്ടുമുറ്റത്തേക്ക് മറിഞ്ഞു. കാർ യാത്രികർ പരിക്കുകളില്ലാതെ രക്ഷപ്പെട്ടു. ഇന്നലെ ഉച്ചകഴിഞ്ഞ് 2.45നാണ് സംഭവം. മണ്ണാർക്കാട് ഭാഗത്തുനിന്നും പെരിന്തൽമണ്ണ ഭാഗത്തേക്കു പോവുകയായിരുന്നു വാഹനമാണ് അപകടത്തിൽപ്പെട്ടത്. കോട്ടക്കൽ പുഴക്കാട്ടിരി സ്വദേശികളായ രണ്ടുപേരാണ് കാറിലുണ്ടായിരുന്നത്. നെയ്യപ്പാടത്ത് ഉമ്മറിന്റെ ഗെയിറ്റും മതിലും തകർത്താണ് കാർ വീട്ടുമുറ്റത്തേക്ക് മറിഞ്ഞത്.

## തിറയാട്ടത്തോടെ വായനാചരണം സമാപിച്ചു

മണ്ണാർക്കാട്: തിരുവിഴാംകുന്ന് സി.പി.എ.യു.പി സ്കൂളിൽ വായനാ പക്ഷാചരണത്തിന് തിറയാട്ടം അവതരണത്തോടെ സമാപനമായി. സ്കൂളിലെ പൂർവ്വ വിദ്യാർഥി മനോജിന്റെ നേതൃത്വത്തിലുള്ള വള്ളുവനാടൻസ് സംഘം അവതരിപ്പിച്ച തിറയാട്ടം വിദ്യാർഥികൾക്ക് നവ്യാനുഭവമായി. അലനല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി സജ്ന സത്താർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് സുഭാഷ് ചന്ദ്രൻ അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൻ ജിഷ.എം മുഖ്യാതിഥിയായി. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ലോഗോ പ്രകാശനം ഇരട്ടക്കുട്ടികളായ ഷാബിയ, ഷാദിയ എന്നിവർ ചേർന്ന് നിർവഹിച്ചു. മാനേജർ സി.പി ഷിഹാബുദ്ദീൻ, പ്രധാനാധ്യാപകൻ ശ്രീവത്സൻ.ടി. എസ്, എസ്.ആർ.ജി കൺവീനർ ബിന്ദു.പി.വർഗീസ്, എ.ജയചന്ദ്രൻ തുടങ്ങിയവർ സംബന്ധിച്ചു.



തിരുവിഴാംകുന്ന് സി.പി.എ.യു.പി സ്കൂളിൽ നടത്തിയ തിറയാട്ടം

## ടി.ടി.ഐ വിഭാഗം കലോത്സവത്തിന് ഒപ്പന ഉൾപ്പെടുത്തണം

തൃശൂർ: ടി.ടി.ഐ വിഭാഗം കലോത്സവത്തിന് കുറച്ചു വർഷം മുൻപ് വരെ ഉണ്ടായിരുന്നു ഒപ്പന എന്ന ജനകീയ മാപ്പിള കലാ ഇനം വീണ്ടും ഈ വർഷം മുതൽ മത്സരം ഇനം ആയി ഉൾപെടുത്തണമെന്ന് മാപ്പിള കലാ സാംസ്കാരിക വേദി തൃശൂർ ജില്ലാ കമ്മിറ്റി യുടെ യോഗം വിദ്യാഭ്യാസ മന്ത്രി യോടും മുഖ്യമന്ത്രിയോടും ആവശ്യപെട്ടു നിവേദനം അയച്ചു. കുറച്ചു വർഷം മുൻപ് വരെ സ്കൂൾ കലോത്സവത്തിന് ജില്ലാ സംസ്ഥാന തലത്തിൽ സ്കൂൾ കലോത്സവത്തിന്റെ കൂടെ ഒരു ദിവസം ആയിരുന്നു ടി ടി ഐ കലോത്സവം. യോഗം ജില്ലാ പ്രസിഡന്റ് ഉമ്മർ പഴുവിൽ ഉദ്ഘാടനം ചെയ്തു. നസീർ നാസർ ഒരുമനയൂർ അധ്യക്ഷനായി. നസീർ പി.എസ്, അൻസാർ കെ.എ, ഫാസിൽ പി.കെ, അൻസാർ കെ.കെ, റംല മാള എന്നിവർ പ്രസംഗിച്ചു

## മേൽപാലം വന്നതോടെ കെഎസ്ആർടിസി ബസ് നിർത്തുന്നില്ല

അണ്ടത്തോട്: ദേശീയപാത വികസനത്തിന്റെ ഭാഗമായി പാലപ്പെട്ടിയിൽ മേൽപ്പാലം വന്നതോടെ കെഎസ്ആർടിസി ബസ്സുകൾ പാലപ്പെട്ടിയിൽ നിർത്തുന്നില്ലെന്ന് പരാതി. ചാവക്കാട് -പൊന്നാനി ദേശീയപാതയിലൂടെ സർവ്വീസ് നടത്തുന്ന കെ എസ്ആർടിസിയുടെ ഓർഡിനറി ,ദീർഘദൂര ബസുകളാണ് സർവ്വീസ് റോഡുമായി ബന്ധിപ്പിക്കുന്ന പാലപ്പെട്ടി ബസ്സ് സ്റ്റോപ്പ് വഴി സർവ്വീസ് നടത്താത്തത്. ചാവക്കാട് ഭാഗത്തു നിന്നും പൊന്നാനി ഭാഗത്തു നിന്നും വരുന്ന കെ എസ് ആർ ടി സി ബസ്സുകൾ ,ദേശീയപാതയിൽ നിർമ്മിച്ച പുതിയ പാലത്തിന് മുകളിലൂടെ പോകുന്നതിനാൽ പാലപ്പെട്ടിയിൽ ബസ്സ് കാത്തുനിൽക്കുന്നവർ സ്വകാര്യ ബസ്സുകളെ ആശ്രയിക്കേണ്ടി വരികയാണ്.കെഎസ്ആർടിസി ബസ്സുകൾ പാലപ്പെട്ടി ക്ഷേത്രത്തിന് അടുത്തുള്ള സർവ്വീസ് റോഡ് വഴിയും കാപ്പിരിക്കട്ടെ സർവ്വീസ് റോഡുവഴിയുമാണ് പാലപ്പെട്ടിയിൽ എത്തേണ്ടത്. എന്നാൽ കുറച്ച് ദിവസങ്ങളായി ബസ്സുകൾ പാലത്തിന് മുകളിലൂടെ പോകുന്നതിനാൽ യാത്ര ക്ലേശം രൂക്ഷമാണ്. പാലപ്പെട്ടി സെന്ററിൽ ഇറങ്ങേണ്ടവർ അണ്ടത്തോട് സ്റ്റോപ്പിൽ ഇറങ്ങേണ്ട ഗതികേടിലാണ്. ബസ്സുകൾ സർവ്വീസ് റോഡുവഴി പോകണമെന്ന് ആവശ്യപ്പെട്ട് പൊന്നാനി കെഎസ്ആർടിസി ഡിപ്പോ അധികൃതർക്ക് നാട്ടുകാരും യാത്രക്കാരും പരാതി നൽകിയിട്ടുണ്ട്.

**തൃശൂർ വാർത്തകൾ**

# ബൈപ്പാസ് റോഡ് തകർന്നു; അപകടങ്ങൾ പതിവാകുന്നു

ഇരിങ്ങാലക്കുട: ബൈപ്പാസ് റോഡിന്റെ ശോചനീയാവസ്ഥ വാഹനാപകങ്ങൾ പെരുകുന്നതിനിടയാക്കുന്നു.

കഴിഞ്ഞ രാത്രിയിലും ബൈപ്പാസ് റോഡിലെ കുഴിയിൽ വീണ് യുവാവിന് ഗുരുതര പരിക്കേറ്റിരുന്നു. ഇരിങ്ങാലക്കുട നഗരത്തിന്റെ ഗതാഗത കുരുക്കിന് പരിഹാരമായി നിർമ്മിച്ച ബൈപ്പാസ് റോഡിലൂടെ പോകുമ്പോൾ ഇപ്പോൾ കാണാൻ സാധിക്കുക റോഡിന്റെ നടവിലായി ഒരു ചുവന്ന രൂപമാണ്.റോഡിന്റെ നടുവിലുള്ള ഗർത്തത്തിൽ കഴിഞ്ഞ രാത്രി വീണ് യുവാവിന് ഗുരുതര പരിക്കേറ്റതിനെ തുടർന്ന് ആരോ സ്ഥാപിച്ചതാണ് ഈ രൂപം.കഴിഞ്ഞ ദിവസം രാത്രി 9.30 തോടെ ജോലി കഴിഞ്ഞ് മടങ്ങുകയായിരുന്ന കൊരുമ്പിശ്ശേരി സ്വദേശി ഐനിയ്ക്കൽ വീട്ടിൽ മഹേഷ് (45) സഞ്ചരിച്ചിരുന്ന സ്കൂട്ടർ കുഴിയിൽ വീണ് നിയന്ത്രണം വിട്ട സ്കൂട്ടർ മറിയുകയും മഹേഷിന് ഗുരുതര പരിക്കേൽക്കുകയുമായിരുന്നു. നാട്ടുക്കാർ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ എത്തിച്ചുവെങ്കില്ലും പരിക്ക് ഗുരുതരമായതിനാൽ മഹേഷിനെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് മാറ്റി. വാരിയെല്ലുകൾക്കും ഷോൾഡറിനും കൈയ്ക്കും ആന്തരിക അവയവങ്ങൾക്കും അടക്കം പരിക്കേറ്റ ഇയാൾ ഐ സി യുവിൽ ചികിത്സയിലാണ്.



തകർന്ന് കുഴിയായി കിടക്കുന്ന ഇരിങ്ങാലക്കുട: ബൈപ്പാസ് റോഡ്

ബൈപ്പാസ് റോഡ് നിർമാണം പൂർത്തീകരിച്ച് 10 വർഷം പിന്നിട്ടിട്ടും റോഡിന്റെ പലഭാഗങ്ങളും പൊട്ടിപൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയാണ്.ഇരുവശങ്ങളിലും കാന നിർമിക്കുകയോ,നടപ്പാതകൾ ഒരുക്കുകയോ ചെയ്തിട്ടില്ല. നഗരസഭ ഇവിടെ സ്ഥാപിച്ചിരുന്ന സോളർ വഴിവിളക്കുകൾ സാമൂഹിക വിരുദ്ധർ മോഷ്ടിച്ചു. പിന്നീട് സ്ഥാപിച്ച വഴിവിളക്കുകൾ പേരിന് മാത്രം പ്രകാശിക്കുന്നതിനാൽ പല ഭാഗങ്ങളും രാത്രിയിൽ ഇരുട്ടിലാണ്. ഇതോടെ കക്കൂസ് മാലിന്യം ഉൾപ്പെടെ ഇവിടെ തള്ളുന്നതും പതിവാണ്.മഴ പെയ്താൽ റോഡിലെ കുഴിയുടെ ആഴം അറിയാതെ പല വാഹനങ്ങളും അപകടത്തിൽപ്പടുന്നത് പതിവാണ്.ബൈപാസ് ആരംഭിക്കുന്ന തൃശൂർ റോഡ് മുതൽ ആദ്യ ജംക്ഷൻ വരെയുള്ള ഒരു വശത്ത് കാന നിർമിച്ച് ഇതിനു മുകളിൽ ടൈൽ വിരിച്ച് നടപ്പാത ഒരുക്കിയെങ്കിലും കാനയുടെ ഉയര വ്യത്യാസം റോഡിലെ വെള്ളക്കെട്ടിന് കാരണമാകുന്നുണ്ട്.ഗതാഗതക്കുരുക്ക് രൂക്ഷമായ ഠാണാ ബസ്സ്റ്റാൻഡ് റോഡിലെ തിരക്കിൽപ്പെടാതെ കാട്ടൂർ,ചെമ്മണ്ട കിഴുത്താണി, പൊറത്തിശേരി ഭാഗങ്ങളിലേക്ക് എളുപ്പമെത്താൻ വാഹന യാത്രികർ ആശ്രയിക്കുന്ന ബൈപാസ് റോഡിലെ അപകട കുഴികൾ നികത്താൻ ടാറിങ് നടത്തുകയോ ടൈൽ വിരിച്ച് ഉയരം കൂട്ടുകയോ ചെയ്യണമെന്നാമാണ് നാട്ടുകാരുടെ ആവശ്യം.

## വെള്ളാങ്ങല്ലൂർ റൈഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ 50 -ാം വാർഷിക പദ്ധതി

വെള്ളാങ്ങല്ലൂർ: റെയ്ഞ്ചിന്റെ സുവർണ്ണ ജൂബിലി ആറു മാസങ്ങളിലായി ഉദ്ഘാടനസമ്മേളനം, നബിദിന സംയുക്ത റാലി, മദ്റസ തലപര്യടനം, വിദ്ധ്യാർത്ഥിഫെസ്റ്റ്, മെഡിക്കൽ ക്യാമ്പ്, ആതുര സേവനം, ആദരിക്കൽ ചടങ്ങ്, സുവനീർ പ്രകാശനം, ലഹരി വിരുദ്ധ സെമിനാർ എന്നീ പദ്ധതികൾ നടത്താനും പരിപാടിയുടെ വിജയത്തിനായി അബ്ദുൽ ഖാദർ മുസ്ലിയാർ പൈങ്കണ്ണിയൂർ, അബ്ദുസ്സലാം ബാഖവി,ഇൽയാസ് ഫൈസി, അബൂബക്കർ ഫൈസി, അബ്ദുന്നാസ്വർ സഅദി. സി. പി. മുഹമ്മദ് ഫൈസി, അബ്ദുസ്സലാം ഹാജി, ടി. മുഹമ്മദ് കുട്ടി മുസ്ലിയാർ. എൻ. എസ് ബശീർ മുസ്ലിയാർ. എ.എ ഷാജഹാൻ ഹാജി. സി.ഐ. അസീസ് ഹാജി, അൻസ്വാർ അസ്ഹരി' അബ്ദുൽവാജിദ് ഉലൂമി തങ്ങൾ, പി.കെ. യം അഷ്റഫ്, സ്വദഖതുള്ള്' ഹൈദർ കരൂപടന്ന 'എ.എ. മുഹമ്മദ്, വി.എസ്. അബ്ദുന്നാസിർ ഫൈസി, സുഹൈൽ കടലായി. ടി. കെ. എ. കബീർ ഫൈസി, അബ്ദുൽ ഖാദർ എന്നിവർ അടങ്ങുന്ന 313 അംഗ സ്വാഗതസംഘം രൂപീകരിച്ചു.

യോഗത്തിൽ റൈഞ്ച് പ്രസിഡന്റ് സി.പി. മുഹമ്മദ് ഫൈസി അദ്ധ്യക്ഷനായി. വെള്ളാങ്ങല്ലൂർ മഹല്ല് മുദരിസ് അബ്ദുന്നാസ്വർ സഅദി ഉദ്ഘാടനം ചെയ്തു. പി.കെ.എം അഷറഫ്, എ എ ഷാജഹാൻ, എ.എം. ജബ്ബാർ, സി..ഐ അസീസ് ഹാജി, ടി.മുഹമ്മദ് കുട്ടി മുസ്ലിയാർ അൻസ്വാർ അസ്ഹരി എന്നിവർ സംസാരിച്ചു.



കലാനിലയം നാടക വേദിയുടെ പന്തലിന്റെ കാൽനാട്ടുകർമ്മം കൊടുങ്ങല്ലൂർ നഗരസഭ ചെയർ പേഴ്സൺ ടി കെ ഗീത നിർവ്വഹിക്കുന്നു.

## ഏരീസ് കലാനിലയത്തിന്റെ സ്റ്റേജ് നിർമാണം ആരംഭിച്ചു

കൊടുങ്ങല്ലൂർ. ഏഷ്യയിലെ ഏറ്റവും വലിയ സ്ഥിരം നാടകവേദിയായ കലാനിലയത്തിന്റെ അരങ്ങ് ഉണരുകയാണ്. പുതിയകാലത്തിന് അനുസരിച്ചുള്ള ദൃശ്യവിസ്മയമൊരുക്കാൻ മൾട്ടി - നാഷണൽ കമ്പനിയായ ഏരീസ് ഗ്രൂപ്പുമായി കൈകോർത്ത കലാനിലയം ഇനി "ഏരീസ് കലാനിലയം ആർട്സ് ആന്റ് തിയേറ്റർ പ്രൈവറ്റ് ലിമിറ്റഡ്" എന്ന പേരിലാണ് അറിയപ്പെടുക. 150 ൽ പരം കലാകാരന്മാരും സാങ്കേതിക വിദഗ്ധരുമാണ് വേദിയിലും അണിയറയിലും പ്രവർത്തിക്കുന്നത്.

കലാനിലയത്തിന്റെ അതിവിശാലമായ സ്റ്റേജിന്റേയും ഓഡിറ്റോറിയത്തിന്റേയും നിർമാണത്തുടക്കം കുറിക്കുന്ന പ്രധാന ചടങ്ങായ "കാൽ നാട്ടുകർമ്മം തിരുവഞ്ചിക്കുളം ക്ഷേത്രഗ്രൗണ്ടിൽ കൊടുങ്ങല്ലൂർ നഗരസഭ ചെയർ പേഴ്സൺ ടി.കെ ഗീത നിർവഹിച്ചു.

നാടക അവതരണത്തിനോടൊപ്പം ലോകോത്തര നിലവാരത്തിലുള്ള അതിവിശാലമായ സാധ്യത തുറന്നിടുന്നതിന്റെയും കൂടെ തുടക്കമാണ് ഇവിടെയെന്നും ഏരീസ് ഗ്രൂപ്പ് ഓഫ് കമ്പനി ഫൗണ്ടേഷൻ സർ സോഹൻ റോയ് പറഞ്ഞു. തിരുവഞ്ചിക്കുളം ദേവസ്വം ഓഫീസർ സുധീർ മേലാപ്പാട്ട്, കൊടുങ്ങല്ലൂർ നഗരസഭ പ്രതിപക്ഷ നേതാവ് ടി എസ് സജീവൻ, വാർഡ് മെമ്പർ സുനിൽ കുമാർ, കലാനിലയം മാനേജിങ് ഡയറക്ടർ അനന്തപദ്മനാഭൻ എന്നിവർ സംസാരിച്ചു.




മുസ്ലിം സർവീസ് സൊസൈറ്റി തൃശൂർ ജില്ലാ പടിയത്ത് പുത്തൻകാട്ടിൽ വീരാൻ ഹാജി-ബീവാത്തുമ്മ സ്മാരക അവാർഡ് ദാന സമ്മേളനം തൃശൂർ ജവഹർ ബാലഭവനിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് ഉദ്ഘാടനം ചെയ്യുന്നു.

## മുസ്ലിം സർവീസ് സൊസൈറ്റി ജില്ലാതല മെഗാ അവാർഡ് ദാനം

തൃശൂർ: മുസ്ലിം സർവീസ് സൊസൈറ്റി(എം എസ് എസ്) തൃശ്ശൂർ ജില്ലാതല പടിയത്ത് പുത്തൻകാട്ടിൽ വീരാൻ ഹാജി - ബീവാത്തുമ്മ മെമ്മോറിയൽ ട്രസ്റ്റ് മെഗാ അവാർഡ് ദാനം നടത്തി.

സംസ്ഥാന സിലബസിലെ എസ് എസ് എൽ സി, ഹയർസെക്കൻഡറി, സി ബി എസ് ഇ, പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ്, ഐ സി എസ് ഇ പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ് ഫുൾ എ പ്ലസ്/ ഫുൾ എ വൺ വിജയികൾക്കാണ് അവാർഡുകൾ നൽകിയത്. തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് അഡ്വ. കെ.എസ്.എ ബഷീർ അധ്യക്ഷത വഹിച്ചു. ചടങ്ങ് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് ഉദ്ഘാടനം നിർവഹിച്ചു. കോർപ്പറേഷൻ കൗൺസിലർ ഷീബ ബാബു മുഖ്യ അതിഥി പ്രസംഗവും എം എസ് എസ് സംസ്ഥാന വൈസ് പ്രസിഡന്റ് എൻജിനീയർ ടി.എസ് നിസാമുദ്ദീൻ ഹാജി മുഖ്യ പ്രഭാഷണവും നിർവഹിച്ചു.

സിജി ട്രെയിനർ ടി എം ഷൗക്കത്തലി മാർഗ്ഗ നിർദ്ദേശക ക്ലാസ് എടുത്തു. ഹാജി പി വി അഹമ്മദ് കുട്ടി, ജില്ലാ സെക്രട്ടറി എം പി ബഷീർ, ടി കെ അബ്ദുൽ കരീം മാസ്റ്റർ, ഡോക്ടർ സഫീർ അഹമ്മദ്, പി എ നസീർ, പി കെ എം അഷറഫ്, എ കെ അബ്ദുൽ റഹ്മാൻ, അംജാദ് കാട്ടകത്ത്, ഹാരിസ് കെ മുഹമ്മദ്, എം എം സക്കറിയ തുടങ്ങിയവർ പ്രസംഗിച്ചു.

## കൊടുങ്ങല്ലൂർ - ഷൊർണൂർ റോഡ് സമയബന്ധിതമായി പൂർത്തിയാക്കും: മന്ത്രി ബിന്ദു

തൃശൂർ: ഷൊർണ്ണൂർ - കൊടുങ്ങല്ലൂർ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ, സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ അധ്യക്ഷതയിൽ കളക്ട്രേറ്റിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായി. റോഡ് നിർമ്മാണം വേഗത്തിലാക്കാനും ഗതാഗത ക്രമീകരണങ്ങളെ കുറിച്ച് ചർച്ച ചെയ്യാനും വിളിച്ച് ചേർത്ത യോഗത്തിലാണ് മന്ത്രി ആർ. ബിന്ദു കെ.എസ്.ടി.പി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയത്.

ആദ്യഘട്ടത്തിൽ ഊരകം - പൂച്ചിന്നിപ്പാടം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങും. ഊരകം - പൂച്ചിന്നിപ്പാടം റോഡിന്റെ 1.20 കി.മീ നിർമ്മാണ പ്രവൃത്തികളാണ് ഒന്നാം ഘട്ടത്തിൽ ആരംഭിക്കുന്നത്. തുടർന്ന് ചന്തക്കുന്ന് മുതൽ ക്രൈസ്റ്റ് കോളേജ് ജംഗ്ഷൻ വരെയുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങണമെന്നും മന്ത്രി പറഞ്ഞു. കൊടുങ്ങല്ലൂർ മുതൽ തൃശൂർ വരെയുടെ കെ.എസ്.ടി.പി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 5 ഘട്ടങ്ങളിലായാണ് പൂർത്തിയാക്കുക. ബസ്സുകൾ അടക്കമുള്ള വാഹനങ്ങൾ വഴിതിരിച്ചുവിടുന്നതിനുള്ള ഡൈവേർഷൻ പ്ലാൻ തയ്യാറായി കഴിഞ്ഞു. ഗതാഗത ക്രമീകരണങ്ങൾ പോലീസിന്റെ സഹായത്തോടെ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണമെന്ന് മന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

കളക്ടറേറ്റിലെ എക്സിക്യൂട്ടീവ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ വി.ആർ കൃഷ്ണ തേജ, സിറ്റി പോലീസ് കമ്മീഷണർ ആർ. ഇളങ്കോ, കെ.എസ്.ടി.പി എംഡി രാഹുൽ കൃഷ്ണ ശർമ്മ, അസി. കളക്ടർ അതുൽ സാഗർ, ജില്ലാതല ഉദ്യോഗസ്ഥർ, കെ.എസ്.ടി.പി ഉദ്യോഗസ്ഥർ, ബസ് ഉടമ സംഘടനകളുടെ പ്രതിനിധികൾ, വ്യാപാരി സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.




കൊടുങ്ങല്ലൂർ ഫ്രന്റ്സ് മീറ്റ് ആറാം ഘട്ട പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിച്ച രണ്ടു വീടുകളുടെ താക്കാൽദാന ചടങ്ങ് ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം. എസ്. മോഹനൻ ഉൽഘാടനം ചെയ്യുന്നു.

## തലചായ്ക്കാൻ ഇടമില്ലാത്തവർക്ക് വീണ്ടും തണലേകി കെ.എഫ്.എം

കൊടുങ്ങല്ലൂർ: സാമൂഹ്യ- സാംസ്കാരിക- വിദ്യഭ്യാസ - ജീവകാരുണ്യ മേഖലയിൽ രണ്ടു പതിറ്റാണ്ടിലേറെ കാലമായി സമാനതകളില്ലാത്ത സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കൊടുങ്ങല്ലൂർ ഫ്രന്റ്സ് മീറ്റ് ( കെ. എഫ്. എം ) ആറാം ഘട്ട പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിച്ച പതിനൊന്നാമത്തേയും, പന്ത്രണ്ടാമത്തേയും രണ്ടു വീടുകൾ തല ചായ്ക്കാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന രണ്ടു കുടുംബങ്ങൾക്ക് നിർമ്മിച്ചു നൽകി. ആല- പനങ്ങാട് സാഹിബിന്റെ പള്ളിക്കു പടിഞ്ഞാറ് ഭാഗത്ത് അൽ-ഫിത്റ പ്രീ - സ്കൂൾ ഗ്രൗണ്ടിൽ നടന്ന വീടുകളുടെ സമർപ്പണവും, താക്കോൽ ദാനവും ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എം. എസ്. മോഹനൻ ഉൽഘാടനം ചെയ്തു. അൽ-ഫിത്റ പ്രീ - സ്കൂൾ മാനേജിങ് ഡയറക്ടർ കെ. ഐ.അബ്ദുൽ സലാം, കെ.എഫ്.എം. ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ മുഹമ്മത് സഗീർ അയ്യാരിൽ എന്നിവർ താക്കോൽ ദാനം നിർവഹിച്ചു.

കെ എഫ് എം സെൻട്രൽ കമ്മറ്റി അംഗങ്ങളായ ടി കെ അബ്ദുൽ റഷീദ്, തമീം ബാവക്കുട്ടി

എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ കെ.എം.സിദ്ധീഖ് കടമ്പോട്ട് അദ്ധ്യക്ഷത വഹിച്ചു. സ്ഥല ഉടമയിൽ നിന്നും ഡോക്യുമെന്റ് ഏറ്റു വാങ്ങൽ കെ എഫ് എം സെൻട്രൽ കമ്മറ്റി ചാരിറ്റി കൺവീനർ നൂറുദ്ധീൻ ഇറക്കത്ത് നിർവഹിച്ചു. ട്രസ്റ്റ് മുൻ ചെയർമാൻ എ.എ. ഷംസു സ്വാഗതവും ട്രസ്റ്റ് ജനറൽ സെക്രട്ടറി ഇസ്ഹാഖ് കൊല്ലാട്ട് നന്ദിയും പറഞ്ഞു.



എസ്.കെ.എസ്.എസ്.എഫ് പന്നിത്തടം യൂണിറ്റ് ഓഫീസും സഹചാരി സെന്ററും സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## സഹചാരി സെന്റർ നാടിന് സമർപ്പിച്ചു

എരുമപ്പെട്ടി : സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ വിദ്യാർത്ഥി സംഘടന എസ്.കെ.എസ്.എസ്.എഫ് പന്നിത്തടം യൂണിറ്റ് ഓഫീസും സഹചാരി സെന്ററും എസ്.കെ. എസ്. എസ്. എഫ് സ്റ്റേറ്റ് പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിച്ചു.

യൂണിറ്റ് ഓഫീസിൽ നടന്ന പരിപാടിയിൽ പ്രാരഭ പ്രാർത്ഥനക്ക് പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ നേതൃത്വം നൽകി. യൂണിറ്റ് പ്രസിഡന്റ് അനസ് നിസാമി സ്വാഗതം പറഞ്ഞു.സഹചാരി സെന്റർ ചെയർമാൻ ഹാഫിള് റഫീഖ് ഫൈസി അധ്യക്ഷത വഹിച്ചു. സമസ് കേരള ജംഇയ്യത്തുൽ മദരിസീൻ തൃശൂർ ജില്ല വൈസ് പ്രസിഡന്റ് സ്വാലിഹ് അൻവരി ചേകന്നൂർ മുഖ്യ പ്രഭാഷണം നടത്തി. സമസ്ത കുന്നംകുളം താലൂക്ക് സെക്രട്ടറി ഇബ്റാഹീം ഫൈസി പഴുന്നാന ഹാഫിള് അഹമദ് നസീം ബാഖവി പന്നിത്തടം മഹല്ല് പ്രസിഡന്റ് സിംല ഹസൻ സെക്രട്ടറി മോനു പന്നിത്തടം ശഹീർ ദേശമംഗലം എസ്.പി ഉമർ മുസ്ലിയാർ മുഹമ്മദലി ലത്വീഫി തൃശ്ശൂർ ജില്ല സഹചാരി കൺവീനർ ജാബിർ ത്രിത്തല്ലൂർ എസ്.കെ എസ് എസ് എഫ് ഷാർജ പ്രസിഡന്റ് ഷാഫി മാസ്റ്റർ എന്നിവർ സംസാരിച്ചു. നിസ്വാർത്തമായ സേവന പ്രവർത്തനം ചെയ്ത എസ്.കെ എസ്.എസ് എഫ് കുന്നംകുളം മേഖല ആബുലൻസ് ഡ്രൈവർ ജാബിർ വെള്ളറക്കാടിനെ ഹമീദലി ശിഹാബ് തങ്ങൾ ആദരിച്ചു. സഹചാരി സെന്റർ കൺവീനർ ലത്വീഫ് പന്നിത്തടം നന്ദി പറഞ്ഞു.

## താമരവെള്ളച്ചാൽ കമ്മ്യൂണിറ്റി ഹാൾ ഉദ്ഘാടനം

പാണഞ്ചേരി: പാലക്കുന്ന് താമരവെള്ളച്ചാൽ എസ്.സി കോളനിയിൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ റവന്യു-ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സി.എസ്.ആർ ഫണ്ടായ 37 ലക്ഷം രൂപ വിനിയോഗിച്ചാണ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചത്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനായിരുന്നു നിർമാണ ചുമതല.

ചടങ്ങിൽ പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി രവീന്ദ്രൻ അധ്യക്ഷതവഹിച്ചു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസ




അരണാട്ടുകരയിലുള്ള ഡോ. ജോൺ മത്തായി സെന്ററിലെ സാമ്പത്തികശാസ്ത്ര പഠനവകുപ്പിനുള്ള പുതിയ കെട്ടിടസമുച്ചയത്തിന്റെ ശിലാസ്ഥാപനം മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കുന്നു

## തൃശൂരിലേത് സി.പി.എമ്മും ബി.ജെ.പിയും ഒരുമിച്ച് പിന്തുണ കൊടുക്കുന്ന മേയർ: ജോൺ ഡാനിയൽ

തൃശൂർ: മേയർക്ക് പിന്തുണ നൽകുമെന്ന ബിജെപിയുടെ പ്രസ്താവനയോടെ സിപിഎം-ബിജെപി പിന്തുണയുള്ള കേരളത്തിലെ ഏക മേയറായി എം.കെ വർഗീസ് മാറിയെന്ന് കെപിസിസി സെക്രട്ടറിയും കൗൺസിലറുമായ ജോൺ ഡാനിയൽ പറഞ്ഞു.

മേയറും ബിജെപിയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് ഇതിലൂടെ പുറത്തുവന്നിരിക്കുന്നത്. മറ്റ് തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷന്മാർക്ക് ഇല്ലാത്ത എന്ത് പിന്തുണയാണ് തൃശ്ശൂരിലെ മേയർക്ക് ബിജെപി നൽകുന്നതെന്ന് വ്യക്തമാക്കണം. ഇരു വഞ്ചിയിലും കാൽ വെച്ച് നിൽക്കുന്ന മേയറുടെ നിലപാട് അപഹാസ്യമാണ്. എൽഡിഎഫ് പിന്തുണയോടെ മേയർ ആവുകയും പരസ്യമായി തന്നെ ബിജെപിക്ക് പിന്തുണ കൊടുക്കുകയും ചെയ്യുന്ന മേയറെ നിയന്ത്രിക്കാൻ കഴിയാത്ത സിപിഎമ്മിന്റേത് രാഷ്ട്രീയ പാപ്പരത്വമാണ്. അധികാരം നിലനിർത്താൻ ബിജെപി പിന്തുണയും തേടുമെന്നാണ് സിപിഎം ഇതിലൂടെ തെളിയിക്കുന്നത്. ഭാവിയിൽ ബിജെപിയിൽ പോകുമോ എന്ന് ഇപ്പോൾ പറയാനാകില്ല എന്ന് പറയുന്ന മേയറെ താങ്ങി നിർത്തുകയാണ് സിപിഎം. തൃശ്ശൂർ കോർപ്പറേഷനിൽ ഇപ്പോൾ ഭരണം നടക്കുന്നില്ല. ജനങ്ങൾക്ക് നൽകേണ്ട ഒരു സേവനവും ഇപ്പോൾ ലഭിക്കാത്ത സ്ഥിതിയാണ്. നികുതി അടയ്ക്കുന്ന സേവനങ്ങൾ ഉൾപ്പെടെ താറുമാറായി. മേയറായി എം.കെ വർഗീസ് ഇപ്പോൾ പ്രവർത്തിക്കുകയല്ല അഭിനയിക്കുകയാണ് ചെയ്യുന്നത്. എൽ.ഡി.എഫിലെ പ്രധാന കക്ഷിയായ സി.പി.ഐയുടെ മേയർക്കെതിരായ പരാതി പോലും സി.പി.എം കണ്ടില്ലെന്നു നടിക്കുകയാണ്. സിപിഎമ്മിന്റെ ഈ പ്രീണന രാഷ്ട്രീയത്തിനെതിരെ വരുന്ന കോർപറേഷൻ തിരഞ്ഞെടുപ്പിൽ തിരിച്ചടി ഉണ്ടാകും.

മേയർക്ക് എതിരെയുള്ള സി.പി.ഐ നിലപാട് ആത്മാർത്ഥത ഉള്ളതാണെങ്കിൽ മേയർക്കെതിരെ കോൺഗ്രസ് അവിശ്വാസം കൊണ്ട് വന്നാൽ പിന്തുണക്കുമോയെന്ന് സി.പി.ഐ വ്യക്തമാക്കണമെന്ന് ജോൺ ഡാനിയൽ ആവശ്യപ്പെട്ടു.

## പുതിയ അക്കാദമിക് ബ്ലോക്കിന് തറക്കല്ലിട്ടു

തൃശൂർ: ഡോ. ജോൺ മത്തായി സെന്റർ ഇക്കണോമിക്സ് വിഭാഗത്തിന്റെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ തറക്കല്ലിടൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു നിർവഹിച്ചു.

7636 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നാലു നിലകളിലായാണ് കെട്ടിടം നിർമ്മിക്കുക. 41 കോടി രൂപയാണ് ചെലവ്. 30 പേർക്ക് ഇരിക്കാവുന്ന 14 ക്ലാസ് മുറികൾ, 64 പേരെ ഉൾക്കൊള്ളിക്കുന്ന നാലു ക്ലാസ് മുറികൾ, 350 പേർക്ക് ഇരിക്കാവുന്ന സെമിനാർ ഹാൾ, 100 പേർക്കുള്ള മിനി കോൺഫറൻസ് ഹാൾ, റിസർച്ചേർസ് ഹാൾ, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ടോയ്ലറ്റ് ബ്ലോക്ക്, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ശുചിമുറികൾ,നാലു ഗസ്റ്റ് റൂമുകൾ, മൂന്ന് ലിഫ്റ്റ്, മൂന്ന് സ്റ്റെയർകെയ്സ് ഉൾപ്പെടെയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ചടങ്ങിൽ വൈസ് ചാൻസിലർ പ്രൊഫ. ഡോ. എം. കെ ജയരാജ് അധ്യക്ഷനായി. രജിസ്ട്രാർ പ്രൊഫ. ഡോ. ഇ കെ സതീഷ്, പ്രോ വൈസ് ചാൻസിലർ പ്രൊഫ. ഡോ. എം നാസർ, സിൻഡിക്കേറ്റ് അംഗങ്ങൾ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു. യൂണിവേഴ്സിറ്റി എഞ്ചിനീയർ ജയൻ പാടശ്ശേരി റിപ്പോർട്ട് അവതരിപ്പിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 09 ചൊവ്വ
ഗൾഫ് ചന്ദ്രിക

## ഹരിതമിത്രം ആപ്പ് ഉദ്ഘാടനം

പെരുമ്പാവൂർ: ഒക്കൽ ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണം ഹരിത കർമ്മ സേന ഹരിതമിത്രം ആപ്പ്, യൂസർ ഫീ, ക്യൂ ആർ കോഡ് സ്ഥാപിച്ച് ഒക്കൽ പഞ്ചായത്തിൽ ഹരിത കർമ്മ സേന പ്രസിഡന്റ് ഇൻ ചാർജ് മിനി സാജൻ ഉദ്ഘാടനം ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഇ.എസ്. സനിൽ അധ്യക്ഷത വഹിച്ചു. അംഗങ്ങളായ ലിസി ജോണി, ഫൗസിയ സുലൈമാൻ, അമൃത സജിൻ, സെക്രട്ടറി ഇൻ ചാർജ് കെ.എൻ. സുനിൽ എന്നിവർ സംസാരിച്ചു.

## ഹെറോയിനുമായി രണ്ടുപേർ പിടിയിൽ

പെരുമ്പാവൂർ : ഓപ്പറേഷൻ ക്ലീൻ പെരുമ്പാവൂരിന്റെ ഭാഗമായി പൊലീസ് നടത്തിയ പരിശോധനയിൽ 63 കുപ്പി ഹെറോയിനുമായി രണ്ട് ഇതര സംസ്ഥാനത്തൊഴിലാളികൾ പിടിയിൽ .
ആസാം നൗഗാവ് ബുർബണ്ട സ്വദേശി ആരിഫുൾ ഇസ്‌ലാം (26), അൽഫിക്കുസ് സമാൻ (27) എന്നിവരെയാണ് പെരുമ്പാവൂർ എഎസ്പിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. രഹസ്യ വിവരത്തെ തുടർന്ന് പെരുമ്പാവൂർ കാലി ചന്ത ഭാഗത്ത് നിന്നുമാണ് ഇവരെ പിടികൂടിയത്. ആസാമിൽ നിന്നും ട്രെയിൻ മാർഗ്ഗം എത്തിക്കുന്ന ഹെറോയിൻ കുപ്പികളിലാക്കി വിൽപ്പന നടത്തി വരികയായിരുന്നു. 1000 രൂപ നിരക്കിലാണ് കച്ചവടം. കഴിഞ്ഞ വെള്ളിയാഴ്ച ആലുവ കെ എസ് ആർ ടി സി ബസ്റ്റാൻഡിൽ നിന്നും മോഷ്ടിച്ച 45,000 രൂപ വിലവരുന്ന ആപ്പിൾ മൊബൈൽ ഫോണും ഇവരിൽ നിന്നും കണ്ടെടുത്തു. കഴിഞ്ഞ വ്യാഴാഴ്ച പെരുമ്പാവൂർ തണ്ടേക്കാട് നിന്നും 3 കിലോ കഞ്ചാവുമായി ബംഗാൾ സ്വദേശിയെ സ്പെഷ്യൽ ടീം പിടികൂടിയിരുന്നു. എ.എസ്.പിമോഹിത് റാവത്ത്, എസ്.ഐ പി.എം റാസിക്ക് , എ.എസ്.ഐ പി.എ അബ്ദുൽ മനാഫ്, സീനിയർ സി പി ഒ മാരായ മനോജ് കുമാർ , ടി.എ അഫ്സൽ, ബെന്നി ഐസക് തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

# എറണാകുളം വാർത്തകൾ



**സർവ്വത്ര കയ്യേറ്റം...**
*കാൽനട യാത്രികർക്ക് തടസ്സം സൃഷ്ടിച്ച് നഗരത്തിൽ വിവിധയിടങ്ങളിലായി ഫുട്പാത്തുകൾ കയ്യേറി പാർക്കു ചെയ്തിരിക്കുന്ന വാഹനങ്ങൾ.*

ചിത്രം : നിതിൻ കൃഷ്ണൻ

## വ്യാപാരി വ്യവസായി ഏകോപന സമിതി: നിലവിലെ നേതൃത്വം തുടരും

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെവിവിഇഎസ്) ജില്ലാ പ്രസിഡന്റായി പി.സി ജേക്കബ്, ജനറൽ സെക്രട്ടറിയായി എ.ജെ റിയാസ്, ട്രഷററായി സി.എസ് അജ്മൽ എന്നിവരെ വീണ്ടും തിരഞ്ഞെടുത്തു. സീനിയർ വൈസ് പ്രസിഡന്റ് ജിമ്മി ചക്യത്തിനെ വർക്കിങ് പ്രസിഡന്റായി ജില്ലാ പ്രസിഡന്റ് നോമിറ്റ് ചെയ്തു. പറവൂരിൽ ചേർന്ന ഏകോപന സമിതിയുടെ വാർഷിക പൊതുയോഗമാണ് ഭാരവാഹികളെ എതിരില്ലാതെ തിരഞ്ഞെടുത്തത്. എം സി പോൾസൺ, ഇ എം ജോണി, ഡിലൈറ്റ് പോൾ, എം കെ രാധാകൃഷ്ണൻ, എൻ പി അബ്ദുൾ റസാഖ്, കെ ടി ജോണി, കെ ഗോപാലൻ, പി എ കബീർ, ഇ കെ സേവ്യർ, ജോസ് വർഗീസ്, സി ജി ബാബു, ജോസ് കുര്യാക്കോസ്, സിജു സെബാസ്റ്റിയൻ എന്നിവരാണ് വൈസ് പ്രസിഡന്റുമാർ. എം പദ്മനാഭൻ നായർ, അസീസ് മൂലയിൽ, പോൾ ലൂയിസ്, കെ എ ജോസഫ്, പി വി പ്രകാശൻ, എഡ്വേർഡ് ഫോസ്റ്റസ്, പോൾ ജെ മാമ്പിള്ളി, എൻ വി പോളച്ചൻ, ടി പി ഹസൈനാർ, ടി പി റോയ്, കെ ടി ജോയ്, കെ എസ് നിഷാദ്, സി എസ് രാമചന്ദ്രൻ എന്നിവരെ സെക്രട്ടറിമാരായും തിരഞ്ഞെടുത്തു. സംസ്ഥാന സെക്രട്ടറി വി എം ലത്തീഫ് തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി. ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര സമ്മേളനം ഉദ്ഘാടനം ചെയ്തു.



പി.സി ജേക്കബ് എ.ജെ റിയാസ് സി.എസ് അജ്മൽ

## പുസ്തക ആസ്വാദന കുറിപ്പ് വിജയികളെ പ്രഖ്യാപിച്ചു

കൊച്ചി: വായനാപക്ഷാചരണത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച പുസ്തക ആസ്വാദനക്കുറിപ്പ് മത്സരത്തിൽ വിജയികളായവരുടെ പ്രഖ്യാപിച്ചു. ആദ്യ മൂന്ന് സ്ഥാനക്കാർ: യുപി വിഭാഗം ഭദ്രാനന്ദ ഹനീഷ്, മരിയ പി അലെക്സ് (രണ്ടുപേരും ബസേലിയോസ് വിദ്യാനികേതൻ സീനിയർ സെക്കൻഡറി സ്കൂൾ, വെട്ടിക്കൽ മുളന്തുരുത്തി). ഹൈസ്കൂൾ വിഭാഗം അൻലിൻ മരിയ (മാർ അത്തനേഷ്യസ് ഇന്റർനാഷണൽ സ്കൂൾ, കോതമംഗലം), നിഹ ബെന്നി (ഗവ. ഗേൾസ്, ഹയർ സെക്കൻഡറി സ്കൂൾ, ചേർത്തല), നീലിമ ടി ബി (അസീസി വിദ്യാനികേതൻ പബ്ലിക് സ്കൂൾ പെരുമ്പിള്ളി). ഹയർസെക്കൻഡറി വിഭാഗം ശ്രീലക്ഷ്മി ശ്രീരാഗ് (അസീസി വിദ്യാനികേതൻ പബ്ലിക് സ്കൂൾ, പെരുമ്പിള്ളി), ദേവനന്ദ ഹനീഷ് (ബസേലിയോസ് വിദ്യാനികേതൻ സീനിയർ സെക്കൻഡറി സ്കൂൾ വെട്ടിക്കൽ), സിദ്ധാർഥ് ജി പി (അസീസി വിദ്യാനികേതൻ പബ്ലിക് സ്കൂൾ പെരുമ്പിള്ളി). എറണാകുളം എസ്ആർവി ഗവ.എച്ച്എസ്എസ് മലയാളം വിഭാഗം അധ്യാപകൻ എ.യു സിജാദ് ആണ് വിജയികളെ നിർണയിച്ചത്. വിജയികൾക്കുള്ള സർട്ടിഫിക്കറ്റും സമ്മാനങ്ങളും പിന്നീട് വിതരണം ചെയ്യും.

## നിവേദനം നൽകി

കോതമംഗലം: ഏകദേശം രണ്ടര പതിറ്റാണ്ടോളമായി ശബരി റെയിൽ പാതയുടെ പേരിൽ അഞ്ചു സെന്റിലും പത്തുസെന്റിലും താമസിക്കുന്ന പാവപ്പെട്ട ആളുകളുടെ ഭൂമിയിൽ സർവേകല്ല് സ്ഥാപിച്ചു പോയിട്ട്. നാൾ ഇതുവരെയായിട്ടും സ്ഥലം ഏറ്റെടുക്കുകയോ പണം ലഭിക്കുകയോ ചെയ്തിട്ടില്ല. അത്യാവശ്യത്തിനു വിൽപന നടത്തുകയോ ഒരു ബാങ്ക് വായ്പ്പ പോലും ലഭിക്കാത്ത രീതിയിൽ അകപ്പെട്ടിരിക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തിര പ്രധാന്യത്തോടെ പാർലമെന്റിൽ ഉന്നയിച്ചു ഈ പ്രശ്നത്തിൽ പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപെട്ട് യൂത്ത് ലീഗ് കമ്പനിപ്പടി ശാഖാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡീൻ കുര്യാക്കോസ് എംപിക്ക് നിവേദനം നൽകി. പാർലമെൻറ് തിരഞ്ഞെടുപ്പിലെ വലിയ വിജയത്തിന് ശേഷം നെല്ലിക്കുഴി പഞ്ചായത്തിൽ യുഡിഎഫിന്റെ നേതൃത്വത്തിൽ നടത്തിയ എം.പി യുടെ നന്ദി പര്യടനത്തിൽ കമ്പനിപ്പടിയിൽ എത്തിയപ്പോഴാണ് നിവേദനം നൽകിയത്.

## സ്പെഷ്യൽ റിസർവേഷൻ സീറ്റുകളിലേക്കുള്ള പി.ജി.പ്രവേശനം 12ന്

കാലടി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിവിധ പി.ജി പ്രോഗ്രാമുകളിൽ സ്പെഷ്യൽ റിസർവേഷൻ സീറ്റുകളിലേയ്ക്കുള്ള (എൻ.എസ്.എസ്, എൻ.സി.സി, സ്പോർട്സ്, എക്സ്സർവ്വീസ്മെൻ, കലാപ്രതിഭ, കലാതിലകം, കാഴ്ചശക്തിയില്ലാത്തവർ,അനാഥർ, അംഗപരിമിതർ എന്നിവർക്കുള്ള ഇന്റർവ്യൂ 12ന് രാവിലെ 11ന് സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലെ സെമിനാർ ഹാളിൽ നടത്തുമെന്ന് സർവ്വകലാശാല അറിയിച്ചു.റാങ്ക് ലിസ്റ്റിലുള്ള യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പ്രസ്തുത ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## തേവര-കുണ്ടന്നൂർ പാലം അറ്റകുറ്റപ്പണി 12ലേക്ക് മാറ്റി

കൊച്ചി: ദേശീയപാത 966 കുണ്ടന്നൂർ -തേവര പാലത്തിന്റെ അറ്റകുറ്റപണി വെള്ളിയാഴ്ചയിലേക്ക് മാറ്റി. ഇന്ന് രാത്രി മുതൽ രണ്ട് ദിവസത്തേക്ക് പാലം അടച്ചിട്ട് അറ്റകുറ്റപ്പണി നടത്താനായിരുന്നു മരട് നഗരസഭയുടെ നേതൃത്വത്തിൽ തേവര എ.സി.പി ഓഫീസിൽ ട്രാഫിക് മേധാവികളുടെ സാന്നിധ്യത്തിൽ യോഗം തീരുമാനിച്ചിരുന്നത്. എന്നാൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ നിർമാണ പ്രവർത്തനങ്ങൾ ബുദ്ധിമുട്ടായിരിക്കുമെന്ന് എൻ.എച്ച് അധികൃതർ ആശങ്ക പ്രകടിപ്പിച്ചതിനെത്തുടർന്നാണ് വെള്ളിയാഴ്ച രാത്രി 11 മണി മുതൽ ഗതാഗതം പൂർണമായും നിരോധിച്ച് ശനി, ഞായർ എന്നീ ദിവസങ്ങളിലായി അറ്റകുറ്റപ്പണി പൂർത്തീകരിക്കാൻ തീരുമാനിച്ചത്. തിങ്കളാഴ്ച രാവിലെ പാലം തുറന്നു കൊടുക്കും.
നഗരസഭാ ചെയർമാൻ ആന്റണി ആശാംപറമ്പിൽ, അസി.കമ്മീഷണർ ഓഫ് പൊലീസ് പി.രാജ്കുമാർ, ആലുവ പൊതുമരാമത്ത് വകുപ്പ് ദേശീയപാത ഉപവിഭാഗം അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ സുമ ബി.എൻ, അസി.എഞ്ചിനീയർ ഷിബു പി.ജെ എന്നിവർ നടത്തിയ ചർച്ചയിലാണ് പുതിയ തീരുമാനം പ്രഖ്യാപിച്ചത്. കാലാവസ്ഥ അനുകൂലമായാൽ ശനി, ഞായർ ദിവസങ്ങളിലായി പണി പൂർത്തീകരിച്ച് തിങ്കളാഴ്ച പാലത്തിലെ ഗതാഗതം പുനസ്ഥാപിക്കാമെന്നും, ജനങ്ങളുടെ പൂർണ സഹകരണം ഉണ്ടാകണമെന്നും നഗരസഭാ ചെയർമാൻ ആന്റണി ആശാംപറമ്പിൽ പറഞ്ഞു.

## പ്രഥമ എഐ കോൺക്ലേവ് കൊച്ചിയിൽ

കൊച്ചി: ജെനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോൺക്ലേവ് (ജെൻഎഐ) ജൂലായ് 11, 12 തിയതികളിൽ കൊച്ചിയിൽ നടക്കും.വിവിധ പൊതു സേവനങ്ങൾ സുതാര്യവും കുറ്റമറ്റതും കാര്യക്ഷമമവുമാക്കുന്നതിന് നൂതനസാങ്കേതികവിദ്യകളെ എങ്ങിനെ പ്രയോജനപ്പെടുത്താമെന്നതിന്റെ പദ്ധതി രേഖയും സമ്മേളനത്തിൽ രൂപപ്പെടുത്തും. രാജ്യത്തെ ആദ്യ ജെൻ എ ഐ കോൺക്ലേവാണ് കൊച്ചിയിലേത്. സംസ്ഥാന സർക്കാർ ഐബിഎമ്മുമായി ചേർന്ന് സംഘടിപ്പിക്കുന്ന കോൺക്ലേവ് ബോൾഗാട്ടിയിലെ ഗ്രാൻഡ് ഹയാത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് നടക്കുന്നത്. ആയിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. അവതരണങ്ങൾ, പാനൽ ചർച്ചകൾ, ആശയവിനിമയ സെഷനുകൾ എന്നിവയ്ക്കു പുറമെ ഇനോവേറ്റീവ് ഡെവലപ്പർ പ്ലേ ഗ്രൗണ്ട് എന്ന സംവിധാനത്തിലൂടെ എഐ നേരിട്ട് അനുഭവിച്ചറിയാനുള്ള സൗകര്യവും കോൺക്ലേവിൽ ഒരുക്കും. കോൺക്ലേവിന് മുന്നോടിയായി ഐബിഎമ്മിന്റെ വാട്സൺ എക്സ് പ്ലാറ്റ്ഫോമിലൂടെ രണ്ട് ഹാക്കത്തോൺ സംഘടിപ്പിക്കും. സർവകലാശാലാ വിദ്യാർഥികൾക്കും പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കുമാണ് ഹാക്കത്തോൺ നടത്തുന്നത്.



*എം.ഇ.എസ് പറവൂർ താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിസഭ സംഗമം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു*



*നെല്ലിക്കുഴി പഞ്ചായത്തിൽ ഡീൻ കുര്യാക്കോസ് എം.പിക്ക് സ്വീകരണം നൽകിയപ്പോൾ*

## ഡീൻ കുര്യാക്കോസിന് സ്വീകരണം നൽകി

നെല്ലിക്കുഴി: നെല്ലിക്കുഴി പഞ്ചായത്തിൽ അഡ്വ. ഡീൻ കുര്യാക്കോസ് എം.പിക്ക് സ്വീകരണം നൽകി. കോട്ടപടിയിൽ നിന്നും ആരംഭിച്ച പര്യടനം വൈകിട്ട് ഏഴ് മണിക്ക് കാരക്കുന്നത്ത് സമാപിച്ചു. അങ്കമാലി ശബരി റെയിൽ പാതയുടെ പേരിൽ കല്ലിട്ട് പോയിട്ട് സർക്കാർ ഏറ്റെടുക്കാത്തതിൽ ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ചൂണ്ടിക്കാട്ടി വിവിധ ഇടങ്ങളിൽ ജനങ്ങൾ നിവേദനം നൽകി. ചെറുവട്ടൂർ,നെല്ലിക്കുഴി, തൃക്കാരിയൂർ മണ്ഡലങ്ങളിലാണ് എം.പി ക്ക് സ്വീകരണം നൽകിയത്.
പി.എ.എം ബഷീർ, അലി പടിഞ്ഞാറേച്ചാലിൽ, നാസ്സർ വട്ടേക്കാടൻ, സുരേഷ് ആലപ്പാട്ട്, പി.എം. സക്കറിയ,എം.എം. അബ്ദുൾകരിം,സി.കെ. സത്യൻ, കെ.എം. കുഞ്ഞുബാവ, എം.എ. കരിം, പരീത് പട്ടമ്മാവുടി, എം.വി. റെജി, വി.എം. സത്താർ, വിനോദ് കെ. മേനോൻ, അജീബ് ഇരമല്ലൂർ, ഇബ്രാഹിം എടയാലി,ഷൗക്കത്ത് പൂതയിൽ, ഷെമീർപാറപ്പാട്ട്, പി.എ. ഷിഹാബ്, പരീത് കാവാട്ട്,ചന്ദ്രലേഖ ശശിധരൻ, പോൾസൺ ഡേവിഡ്,പി.പി. തങ്കപ്പൻ, ഷൗക്കത്ത് പൂതയിൽ.വിജയൻ നായർ, കെ.പി. അഷറഫ്, നസീർ ഖാദർ, സി എം മീരാൻ,എബി ചേലാട്ട്, വിജിത്ത് വിജയൻ,കെ.പി. കുഞ്ഞ്,പി.സി. എൽദോസ്, സി.കെ. ജോർജ്, ഹമീദ് കൊട്ടാരം, ഷെഫിൻ കല്ലുങ്കൽ എന്നിവർ സ്വീകരണ പരിപാടിക്ക് നേതൃത്വം നൽകി.

## കോൺട്രാക്റ്റ് കാര്യേജ് വാഹനങ്ങളുടെ കളർകോഡ് നിലനിർത്തണമെന്ന് ഉടമകൾ

കൊച്ചി: കോൺട്രാക്റ്റ് കാര്യേജ് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന യൂണിഫോം കളർകോഡ് സംവിധാനം നിലനിർത്തണമെന്ന് കോൺട്രാക്റ്റ് കാര്യേജ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ (സിസിഒഎ) ഭാരവാഹികൾ ആവശ്യപ്പെട്ടു. നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന യൂണിഫോം കളർ കോഡ് സംവിധാനം മാറ്റി പഴയതുപോലെ ആക്കാനുള്ള നീക്കം നടക്കുന്നതായിട്ടാണ് വിവരം. ഇത്തരം നീക്കത്തിൽ നിന്നും അധികൃതർ പിന്മാറണമെന്ന് അസോസിയേഷൻ ഭാരവാഹികൾ ആവശ്യപ്പെട്ടു. സ്പെഷ്യൽ പെർമിറ്റിന്റെ ഭാഗമായുള്ള സർവീസ് ടാക്സ് ഈടാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് സ്വകീരിച്ചിരിക്കുന്ന അശാസ്ത്രീയമായ നടപടികൾ അവസാനിപ്പിക്കണം. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച വാഹന ഉടമകളുടെ തലയിൽ കെട്ടിവെച്ച് രക്ഷപെടുന്ന പ്രവണത വാഹന ഉടമകളെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നതാണ്. അനാവശ്യമായി വാഹനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തി അനവസരങ്ങളിൽ സേവനങ്ങൾ തടസപ്പെടുത്തി പീഡിപ്പിക്കുന്ന നിലപാടാണ് ഉദ്യോഗസ്ഥർ സ്വകീരിക്കുന്നതെന്നും ഭാരവാഹികൾ കുറ്റപ്പെടുത്തി. അസോസിയേഷന്റെ പ്രഥമ സംസ്ഥാന സമ്മേളം ജൂലൈ 9,10,11 തീയതികളിൽ എറണാകുളം ബോൾഗാട്ടി പാലസ് കൺവെൻഷൻ സെന്ററിൽ നടക്കും. പൊതുസമ്മേളനം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. 11ന് പ്രതിനിധി സമ്മേളനവും പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടക്കും. അസോസിയേഷൻ പ്രസിഡന്റ് ബിനു ജോൺ, ജനറൽ സെക്രട്ടറി എസ് പ്രശാന്തൻ, ട്രഷറർ ഐ സി ഐവർ, എറണാകുളം ജില്ലാ പ്രസിഡന്റ് എ ജെ റിജാസ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ഇമാക് കൂടിക്കാഴ്ച നടത്തി

കൊച്ചി: കേരളത്തെ രാജ്യത്തെ മികച്ച ഇവന്റ് ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിന് ആവശ്യമായ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് അഭ്യർഥിച്ച് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ (ഇമാക്) ഭാരവാഹികൾ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുമായി കൂടിക്കാഴ്ച നടത്തി. വിശദാംശങ്ങൾ അടങ്ങിയ പദ്ധതി രേഖ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് രാജു കണ്ണമ്പുഴ മന്ത്രിക്ക് സമർപ്പിച്ചു. ടൂറിസം ഇൻഡസ്ട്രിയുടെ ഭാഗമായ ഇവന്റ് മേഖലയിലേക്ക് വേണ്ടുന്ന ഡെസ്റ്റിനേഷനുകളെ കൂടുതൽ പ്രാധാന്യം ചെയ്യുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് രാജു കണ്ണമ്പുഴ, ജനറൽ സെക്രട്ടറി ജിൻസി തോമസ്, ട്രഷറർ ബഹനാൻ കെ അരീക്കൽ, സി.പി സാബു, ധിഷൻ അമ്മാനത്ത് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## എം. ഇ. എസ് പ്രതിഭ സംഗമം നടത്തി

കൊച്ചി: എം. ഇ. എസ്. പറവൂർ താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി. പ്ലസ് ടു യൂണിവേഴ്സിറ്റിഅഖിലേന്ത്യ പരീക്ഷകളിൽ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും മികച്ച പ്രകടനം കാഴ്ചവച്ച സാമൂഹിക സേവകരെയും ആദരിച്ചു. പ്രതിഭ സംഗമം പ്രതിപക്ഷനേതാവ് അഡ്വ. വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ആധുനിക കാലത്ത് ഏതുതരം അറിവും വിരൽത്തുമ്പിൽ ലഭ്യമാണെന്നും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള പുത്തൻ സാങ്കേതികവിദ്യകൾ പഠിക്കുകയും അത് സമൂഹത്തിന് വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ വിദ്യാർഥികൾ ശ്രമിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.
എം. ഇ. എസ്. താലൂക്ക് പ്രസിഡന്റ് വി. കെ. എം. ബഷീർ അധ്യക്ഷത വഹിച്ചു. താലൂക്ക് ട്രഷറർ സി. എ. സലാം സ്വാഗതം പറഞ്ഞു. മുഖ്യപ്രഭാഷണം എം. ഇ. എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ടി. എം. സക്കീർ ഹുസൈൻ നിർവഹിച്ചു. പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ എം. ഇ. എസ്. സംസ്ഥാന വൈസ് പ്രസിഡണ്ട് എം. എം. അഷ്റഫ് അനുമോദിച്ചു. മികച്ച പ്രകടനം കാഴ്ചവച്ച സാമൂഹിക സേവകരെ എം. ഇ. എസ്. ജില്ലാ പ്രസിഡന്റ് കെ. എം. ലിയാഖത്ത് അലിഖാൻ ആദരിച്ചു. പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൈനബാബു അനുമോദിച്ചു. എം. ഇ. എസ്. സംയുത്ത് വിംഗ് സംസ്ഥാന ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മുഹമ്മദ് നിസാർ ബി. എച്ചിനെ എം. ഇ. എസ്. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സിദ്ധികുട്ടി മാസ്റ്റർ ആദരിച്ചു. കുന്നുകര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് എം. എ. അബ്ദുൽ ജബ്ബാർ, എം. ഇ. എസ്. എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് ടി. കെ. ഇസ്മായിൽ, എം. ഇ. എസ്. പറവൂർ താലൂക്ക് കോഡിനേറ്റർമാരായ എം. ഐ. അബ്ദുൽ ഷെരിഫ്, പി. കെ. നിസാം, എം. ഇ. എസ്. ടി. ഒ. അബ്ദുല്ല മെമ്മോറിയൽ കോളേജ്സെക്രട്ടറി ഷിബു അലിയാർ എം. ഇ. എസ്. കോളേജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി സെക്രട്ടറി ഡോ. കെ. എ. അബൂബക്കർ, എം. ഇ. എസ്. ടി. ഒ. അബ്ദുള്ള മെമ്മോറിയൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ. ഷാജി എം. ഇ. എസ്. താലൂക്ക് വൈസ് പ്രസിഡന്റ് ടി. ബി. സുലൈമാൻ, എം. ഇ. എസ്. കുന്നുകര യൂണിറ്റ് പ്രസിഡണ്ട് സി. എം. ഹനീഫ യൂണിറ്റ് സെക്രട്ടറി എം. വി. നാസർ, ഡയറക്ടർ ജനറൽ ബാഡ്ജ്ഓഫ്ഓണർ ലഭിച്ച റൗലഷെരിഫ് സ്കൂൾ രത്ന നാഷണൽ ടീച്ചേഴ്സ് അവാർഡ് ജേതാവ് ഹിന്ദി അധ്യാപകനായ കെ. എൻ. സുനിൽ കുമാർ, എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. യോഗത്തിൽ പങ്കെടുത്തവർക്ക് എം. ഇ.എസ്.താലൂക്ക്സെക്രട്ടറിഇൻ ചാർജ് അസ്‌ലം ഇമ്പിച്ചി എം. എം. നന്ദി പ്രകാശിപ്പിച്ചു.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ്

കൊച്ചി: സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ് വ്യാഴാഴ്ച രാവിലെ 11ന് എറണാകുളം ഗവ.ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും. സിറ്റിങ്ങിൽ പുതിയ പരാതികളും സ്വീകരിക്കും.

## സ്പോട്ട് അഡ്മിഷൻ 10ന്

കാലടി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി ക്യാമ്പസിലെയും പ്രാദേശിക ക്യാമ്പസുകളിലെയും വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം മുഖ്യ ക്യാമ്പസിലും പ്രാദേശിക ക്യാമ്പസുകളിലും 10ന് രാവിലെ 10.30ന് നേരിട്ടെത്തി പ്രവേശന നടപടികൾ പൂർത്തിയാക്കണമെന്ന് സർവ്വകലാശാല അറിയിച്ചു.ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## ഗവ. ബോയ്സ് എൽ.പി. സ്കൂൾ പൊതുയോഗം

പെരുമ്പാവൂർ: ഗവ. ബോയ്സ് എൽ.പി. സ്കൂൾ വാർഷിക പൊതുയോഗം നടത്തി. പ്രധാനാധ്യാപിക സജി വി. ആലീസ് ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡന്റ് വി.എ. പ്രേംനസീർ അധ്യക്ഷത വഹിച്ചു. സ്റ്റാഫ് സെക്രട്ടറി ഇ.എം. ഷാഹിദ, എം.കെ. ഉദയകുമാർ, സി.കെ. ജയ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി വി.എ. പ്രേംനസീർ (പി.ടി.എ. പ്രസി.), എ.കെ. മണി (വൈ. പ്രസി.), എം.കെ. ഉദയകുമാർ (എസ്.എം.സി. ചെയ.), ദിവ്യ പ്രമോദ് (എം.പി.ടി.എ. ചെയ. പേഴ്.) എന്നിവരെ തിരഞ്ഞെടുത്തു.

## വൈവ പരീക്ഷകൾ 10ന് തുടങ്ങും

കാലടി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ നാലാം സെമസ്റ്റർ എം. എസ്.ഡബ്ല്യു.(2022-24 ബാച്ച്) വൈവ പരീക്ഷ തീയതികൾ പ്രഖ്യാപിച്ചു.തിരൂർ, തുറവൂർ പ്രാദേശിക കേന്ദ്രങ്ങൾ,കാലടി മുഖ്യകേന്ദ്രം,പയ്യന്നൂർ പ്രാദേശിക കേന്ദ്രം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ വൈവ പരീക്ഷകൾ യഥാക്രമം 10,15,18 തീയതികളിൽ രാവിലെ 10 ന് നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.

## പുല്ലുവഴി പബ്ലിക് ലൈബ്രറി നവതി ആഘോഷത്തിന് തുടക്കമായി

പെരുമ്പാവൂർ: പുല്ലുവഴി പബ്ലിക് ലൈബ്രറിയുടെ ഒരുവർഷം നീണ്ടുനിൽക്കുന്ന നവതി അഘോഷങ്ങൾക്ക് തുടക്കമായി. 1935 ജൂൺ 13നാണ് ലൈബ്രറി പ്രവർത്തനം ആരംഭിച്ചത്. നവതി ആഘോഷ പരിപാടികൾ ഡോ. വിജയൻ നങ്ങേലി ഉദ്ഘാടനം ചെയ്തു.
വായനശാലാ പ്രസിഡന്റ് അഡ്വ. വി.എം. ഉണ്ണി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം ശാരദ മോഹൻ, രായമംഗലം പഞ്ചായത്ത് പ്രസിഡന്റ് എൻ.പി. അജയകുമാർ കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് വൈ. പ്രസിഡന്റ് അംബിക മുരളീധരൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജോയി പൂണേലി, ടിൻസിബാബു, ആർ.എം. രാമചന്ദ്രൻ, രാജപ്പൻ തെയ്യാരത്ത്, കെ.പി. മത്തായി, കീഴില്ലം സഹകരണബാങ്ക് പ്രസിഡന്റ് പി.കെ. സുകുമാരൻ, പി.എൻ. വേണുഗോപാൽ, എം.എം. മോഹനൻ, ജോസ് കുര്യൻ എന്നിവർ സംസാരിച്ചു.
ആർ.എം. രാമചന്ദ്രൻ (ചെയ.), ഡോ. എസ്. വിനീത് (കൺ.), സി.ആർ. മനേഷ് (ട്രഷ.) എൻ.പി. അജയകുമാർ, ശാരദ മോഹൻ, ഡോ. വിജയൻ നങ്ങേലി, സി.എൻ. സുധാകരൻ, ജോയി പൂണേലി, അംബിക മുരളീധരൻ, പി.കെ. സുകുമാരൻ (രക്ഷാ.) കെ.ജി. ഷാജി, അഡ്വ. എസ്. മനോജ്, രാജപ്പൻ തെയ്യാരത്ത്, പി.കെ. രാജേഷ്കുമാർ, (വൈ. ചെയ.), അഡ്വ. വി.എം. ഉണ്ണി, കെ. അനിൽ, ഓമന മുരളീധരൻ, കെ. മുരളി (ജോ.കൺ.) എന്നീ 101 അംഗ നവതി ആഘോഷകമ്മിറ്റി രൂപീകരിച്ചു.

# ഹോട്ടലുടമയെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടി; ഒരാൾ അറസ്റ്റിൽ


സുജിത്ത് ഷോ

കോട്ടയം: ഹോട്ടൽ ഉടമയെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ അന്യസംസ്ഥാന സ്വദേശിയായ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. മുംബൈ സ്വദേശിയായ സുജിത്ത് ഷോയെയാണ്(38) കോട്ടയം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ കോട്ടയത്തെ പ്രമുഖ ഹോട്ടൽ ഉടമയിൽ നിന്നും 29,40,000 രൂപ കബളിപ്പിച്ച് തട്ടിയെടുത്ത് കടന്നു. 2017ൽ കോട്ടയത്ത് ഹോട്ടൽ ജോലിക്ക് എത്തിയ ഇയാൾ ഹോട്ടലുടമയുടെ വിശ്വാസം നേടിയതിന് ശേഷം പാനി പുരി കൗണ്ടറും, സോഡാ കൗണ്ടറും വാടകയ്ക്ക് എടുത്ത് നടത്തി വരികയായിരുന്നു. തുടർന്ന് ഇയാൾ ഹോട്ടൽ ഉടമയോട് ഷെയർ മാർക്കറ്റിൽ പണം ഇറക്കിയാൽ കൂടുതൽ ലാഭം കിട്ടുമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പല തവണകളിലായി പതിനാലു ലക്ഷത്തി നാൽപതിനായിരം രൂപ കൈപ്പറ്റി. കൂടാതെ ഹോട്ടൽ ഉടമയെ ഏൽപ്പിക്കുന്നതിനു വേണ്ടി മറ്റൊരാൾ ഇയാളെ ഏൽപ്പിച്ച പതിനഞ്ചു ലക്ഷം രൂപാ ഉൾപ്പടെ 29,40,000 രൂപ കബളിപ്പിച്ച് സ്ഥലത്ത് നിന്ന് കടന്നു കളയുകയുമായിരുന്നു. പരാതിയെ തുടർന്ന് കോട്ടയം വെസ്റ്റ് പോലീസ് നടത്തിയ ശക്തമായ തിരച്ചിലിനോടുവിൽ ഇയാളെ വയനാട് നിന്നും പിടികൂടുകയായിരുന്നു. എസ്.എച്ച്.ഓ ശ്രീകുമാർ.എം, എസ്.ഐ മാരായ വിദ്യാ.വി, സജികുമാർ, എ.എസ്.ഐ സജി ജോസഫ്, സി.പി.ഓ മാരായ രാജേഷ് കെ.എം, സലമോൻ, രാജീവ് കുമാർ അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.

## നിയമനം

കോട്ടയം:എം ജി സർവകലാശാലയിലെ ഹെൽത്ത് സെൻററിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ബി.എസ്സി എം.എൽ.ടി. യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത് ജൂലൈ 15 വരെ അയയ്ക്കാം. ഫോൺ 0481 2733240.

# കോട്ടയം വാർത്തകൾ

## ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കോഴ്സ്

കോട്ടയം: സംസ്ഥാന സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ മേഖലകളിലെ അധ്യാപക പരിശീലന കേന്ദ്രങ്ങളിലേക്ക് 2024 2026 അധ്യയന വർഷത്തെ ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ് ) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോം ജൂലൈ 18 ന് അഞ്ചിനകം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സമർപ്പിക്കണം. വിശദ വിവരത്തിന് വെബ്സൈറ്റ്: www.education.kerala.gov.in

## ബിസിൽ ടീച്ചർ ട്രെയിനിംഗ് കോഴ്സ് വനിതകൾക്ക് അപേക്ഷിക്കാം

കോട്ടയം: കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ആരംഭിക്കുന്ന രണ്ടു വർഷം, ഒരുവർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീപ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി, പ്ലസ് ടു, എസ് എസ് എൽ സി യോഗ്യതയുള്ള വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു . വിശദ വിവരങ്ങൾക്ക് ഫോൺ : 7994449314

## വോക്ക് ഇൻ ഇന്റർവ്യൂ

കോട്ടയം: ജില്ലയിലെ തെരെഞ്ഞെടുത്ത സർക്കാർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കുന്ന ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം പദ്ധതിയിലേക്ക് റിസോഴ്സ് അധ്യാപകരെ തെരഞ്ഞെടുക്കുന്നതിനുള്ള വോക്ക് ഇൻ ഇന്റർവ്യൂ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് ജൂലൈ 17ന് രാവിലെ 10.30ന് നടത്തും.
അടിസ്ഥാന യോഗ്യതകൾ: ബി.എ ഇംഗ്ലീഷ് (കമ്മ്യൂണിക്കേറ്റീവ് ,ലിറ്ററേച്ചർ,ഫങ്ഷണൽ) കൂടാതെ ടി.ടി.സി,ഡി.എഡ്,ഡി.എൽ.എഡ് .ബി.എഡ് .അഭിലഷണീയ യോഗ്യതകൾ: എം എ ഇംഗ്ലീഷ് (കമ്മ്യൂണിക്കേറ്റീവ് /ലിറ്ററേച്ചർ/ ഫങ്ഷണൽ) ,അസാപ്പിന്റെ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ട്രെയിനിങ്, എതെങ്കിലും അംഗീകൃതസ്ഥാപനത്തിൽനിന്നു കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഡിപ്ലോമ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9947119692, 9495234689

## വാഹനങ്ങൾ കൂട്ടിയിടിച്ചു

എരുമേലി : നിയന്ത്രണം തെറ്റി മിനി ലോറി എതിരെ വന്ന ലോറിയിൽ ഇടിച്ച് അപകടം. ഇന്നലെ രാവിലെ 11 മണിയോടെ എരുമേലി കാഞ്ഞിരപ്പള്ളി റോഡിൽ കൊരട്ടി അമ്പല വളവിൽ വെച്ചാണ് അപകടം. ആർക്കും പരിക്കില്ല.

## വായന പക്ഷാചരണം സമാപനം

കോട്ടയം: ജില്ലാ സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മൂന്നാഴ്ചക്കാലം നീണ്ടുനിന്ന വായനാപക്ഷാചരണ പരിപാടികൾ സമാപിച്ചു. ജൂൺ 19 മുതൽ നടന്ന വായന പക്ഷാചരണ പരിപാടികളുടെ ഭാഗമായി സാഹിത്യ ക്വിസ്, സെമിനാറുകൾ, പുസ്തകശേഖരണം, പുസ്തക ചർച്ച, സാംസ്കാരിക സമ്മേളനം, സാക്ഷരതാ രംഗത്ത് മികച്ച സേവനം നല്കിയവരെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചിരുന്നു. കോട്ടയം ബി.ആർ.സി ഹാളിൽ സംഘടിപ്പിച്ച സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി ബിന്ദു ഉദ്ഘാടനം ചെയ്തു. സാക്ഷരതാ മിഷൻജില്ലാ കോർഡിനേറ്റർ പി.എം അബ്ദുൾകരീം അധ്യക്ഷനായിരുന്നു. വിവിധമത്സരങ്ങളിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ ടി.എസ്. ഷംന, സിനി ജോൺസൻ, ബി. ഇന്ദിര, ടി.എസ്. സനൽകുമാർ, ജെ. വിമല, കെ.സി. സജീവ്, രഹന രാജ്, സിന്ധു രവീന്ദ്രൻ എന്നിവർക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീൽഡ് നല്കി അനുമോദിച്ചു. അസിസ്റ്റന്റ് കോർഡിനേറ്റർ ആർ. സിംല, താരതോമസ്, പി.കെ. ബിന്ദു, ടി എൻ രാധാകൃഷ്ണൻ, ആർ സന്തോഷ്,ജോജി,ജീവനക്കാർ, നോഡൽ പ്രേരക്മാർ എന്നിവർ പങ്കെടുത്തു.

## വായനപക്ഷാചരണ ക്വിസ് മത്സര ജേതാക്കൾ

കോട്ടയം: വായനപക്ഷാചരണത്തിന്റെ ഭാഗമായി ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പും ജില്ലാ ഭരണകൂടവും പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നു ഹൈസ്കൂൾ വിദ്യാർഥികൾക്കും സർക്കാർ ജീവനക്കാർക്കുമായി കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. വിദ്യാർഥികൾക്ക് ടീമായിട്ടും ജീവനക്കാർക്ക് വ്യക്തിഗതമായിട്ടുമായിരുന്നു മത്സരം.
വിദ്യാർഥികളുടെ മത്സരത്തിൽ കോതനല്ലൂർ ഇമ്മാനുവൽ എച്ച്.എസ്.എസിലെ ഒൻപതാം ക്ലാസ് വിദ്യാർഥികളായ പി. കാർത്തിക്, സരൺ കെന്നഡി എന്നിവരുടെ ടീം ഒന്നാം സ്ഥാനം നേടി. ബ്രഹ്മമംഗലം എച്ച്.എസ്.എസ്. വി.എച്ച്.എസ്.എസിലെ എട്ടാം ക്ലാസ് വിദ്യാർഥി ടി.കെ. ആദിനാരായണൻ, ഒൻപതാം ക്ലാസ് വിദ്യാർഥി നവനി മനോജ് എന്നിവരുടെ ടീം രണ്ടാം സ്ഥാനം നേടി. പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസിലെ ഒൻപതാം ക്ലാസ് വിദ്യാർഥിനി കെ.എസ്. അഞ്ജലി, എട്ടാം ക്ലാസ് വിദ്യാർഥിനി എസ്. ശ്രീലക്ഷ്മി എന്നിവരുടെ ടീം മൂന്നാം സ്ഥാനം നേടി. ജില്ലയിലെ സർക്കാർ ജീവനക്കാർക്കായി നടത്തിയ മത്സരത്തിൽ ഉഴവൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി കെ.ആർ. സുരേഷ് ഒന്നാം സ്ഥാനം നേടി. കളക്ട്രേറ്റിലെ റവന്യൂ വകുപ്പിൽ ക്ലർക്കായ ആർ. ആദർശ് രണ്ടും പുതുപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ ക്ലർക്ക് ജി. ഗോകുൽ മൂന്നാം സ്ഥാനവും നേടി. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ എം.എസ്. അമിത് ആയിരുന്നു ക്വിസ് മാസ്റ്റർ. വിജയികൾക്കുള്ള ഫലകവും സർട്ടിഫിക്കറ്റും പിന്നീട് വിതരണം ചെയ്യും.

## ഹിദായ ഫൗണ്ടേഷന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ശിലയിട്ടു

# അറിവിനെ ആയുധമാക്കിയുള്ള പ്രവർത്തനം വികസനം യാഥാർത്ഥ്യമാക്കും: മുനവ്വറലി തങ്ങൾ


വെംബ്ലി കേന്ദ്രമായി ഹിദായ ഫൗണ്ടേഷൻ ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശിലാസ്ഥാപനം നിർവഹിച്ച് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ സംസാരിക്കുന്നു.

മുണ്ടക്കയം : അറിവിനെ ആയുധമാക്കിയുള്ള പ്രവർത്തനം നാടിന്റെ വികസന സങ്കൽപ്പം യാഥാർത്ഥ്യമാക്കുമെന്ന് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ.
വെംബ്ലി കേന്ദ്രമായി ഹിദായ ഫൗണ്ടേഷൻ ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.
അറിവ് പകർന്നു നൽകുന്നതിൽ ജാതിമത വിവേചനങ്ങൾ പാടില്ല. വിവേചനങ്ങളില്ലാതെ ഒരു മനസ്സോടെ ഉണ്ടാക്കുന്ന കൂട്ടായ്മ വിജയം കാണാതെ പിൻമാറില്ല. സിവിൽസർവീസ് സ്വപ്നം കാണാൻ പോലും സാധാരണക്കാരന്റെ മക്കൾക്ക് കഴിയാതിരുന്ന കാലത്തുനിന്നും സാധാരണക്കാരന്റെ അവകാശമായി സിവിൽ സർവീസ് അടക്കമുള്ള മേഖലയെ മാറ്റാൻ കഴിഞ്ഞു . നാടിനു പുറത്തേയ്ക്കു വിദ്യാഭ്യാസത്തിനും ജോലിയ്ക്കും പോകുന്ന കുട്ടികൾക്ക് ' വിദേശ ഭാഷ നിർബന്ധമാകുമ്പോൾ അതിനായി മറ്റൊരു പട്ടണം തേടി പോകേണ്ടതായി വരുന്നില്ല. ഗ്രാമീണ മേഖലയിൽ നിർധനരായ ആളുകൾക്ക് അറിവു നൽകാൻ ഹിദായ ഫൗണ്ടേഷൻ ഒരുക്കുന്ന ഈ സംരംഭം സർവ്വശക്തൻ വിജയത്തിലെത്തിക്കുമെന്നും മുനവ്വറലി തങ്ങൾ പറഞ്ഞു.
ഹിദായ പ്ലാനിങ് ബോർഡ് ചെയർമാൻ അസീസ് ബഡായിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ വെംബ്ലി ഡവലപ്മെന്റ് പ്രോജക്ട് പ്രഖ്യാപനം വാഴൂർ സോമൻ എം.എൽ.എ.യും ഹിദായ പ്രോജക്ട് ഡോക്മെന്ററി ലോഞ്ചിങ്ങ് സെബാസ്റ്റ്യൻ കുളത്തുങ്കൽ എം എൽ എ യും നിർവ്വഹിച്ചു.
മലപ്പുറം ബദ്റുജ ഇസ് ലാമിക് സെന്റർ ചെയർമാൻ സയ്യിദ് ശിഹാബുദീൻ അൽ ബുഖാരി അനുഗ്രഹ പ്രഭാഷണം നടത്തി. ഹിദായ ഷീ മിഷൻ കൊക്കയാർ പഞ്ചായത്ത് പ്രസിഡന്റ് മോളി ഡോമിനിക്കും സ്പാനീഷ് ഭാഷ സർട്ടിഫിക്കറ്റ് വിതരണം കൂട്ടിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ബിജോയ് ജോസും നിർവ്വഹിച്ചു.
അബുഷമ്മാസ് അലി മൗലവി മുഖ്യ പ്രഭാഷണം നടത്തി. അബുദാബി ഇന്ത്യൻ കൾച്ചറൽ സെന്റർ മാനേജിങ് കമ്മറ്റിയംഗം ഇസ്ഹാഖ് നദ് വി , അജ്മി ഗ്രൂപ്പ് ചെയർമാൻ അബ്ദുൽ ഖാദർ ഹാജി എന്നിവർ വിശിഷ്ടാഥിതികളായിരുന്നു. ഹിദായ രക്ഷാധികാരി ഉബൈദുല്ല അസ്ഹരി ആമുഖ പ്രഭാഷണം നടത്തി. സി.എസ്.ഡി. എസ് സംസ്ഥാന പ്രസിഡന്റ് കെ.കെ. സുരേഷ്, മലയരയ മഹാ സഭ സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. സജീവ്, അഡ്വ.അലക്സ് കോഴിമല, പി.എം അബ്ദുൽ സലാം, കമറുദ്ദീൻ മുളമൂട്ടിൽ, എ അബ്ദുൽ സലാം, അബു ഉബൈദത്ത്, കെ.എൽ. ദാനിയേൽ , സജിത് കെ ശശി, ജിയാഷ്കരിം, പി.വൈ. അബ്ദുൽ ലത്തീഫ്, ഹംസ മദനി, എൻ.എ. വഹാബ്, എം.സി ഖാൻ, സണ്ണി ആന്റണി, ഹാജി അയ്യൂബ്ഖാൻ കാസിം, ജോസ് വരിക്കയിൽ, കൊപ്ലി ഹസൻ, ജോസഫ് മാത്യു, പി.ജെ.വർഗീസ്, ഈപ്പൻ മാത്യു, വി.ജെ. സുരേഷ് കുമാർ, പി.എൻ. അസീസ്,ഒ.കെ. അബ്ദുൽ സലാം, നാഗൂർ മീരാൻ സാഹിബ്, പരീത് ഖാൻ കറുത്തോരു വീട്, ഹാറൂൺ ഹബീബ്, ഹംസ ആലസം പാട്ടിൽ , കുഞ്ഞുമുഹമ്മദ് പാറയിൽ, കെ. ഇസ്മായിൽ, നവാസ് പുളിക്കൽ എന്നിവർ സംസാരിച്ചു. ഹിദായ ചെയർമാൻ നൗഷാദ് വെംബ്ലി സ്വാഗതവും ട്രഷറർ പി.എച്ച്. നാസർ നന്ദിയും പറഞ്ഞു.
മുഹമ്മദ് ഷാൻ , ഇ.എൻ. ശ്രീകുമാർ, സന്തോഷ് പുതുച്ചിറ, സുരേഷ് മുപ്പാനയിൽ കെ.കെ. നൗഷാദ്, അനസ് മുഹമ്മദ്, മുഹമ്മദ് റാഫി, ഒ.എം നിസാം, പി.എ. അസീസ്, പി.എം. ഇബ്രാഹിം , പി.കെ. ഷാജി,ബ്ദുൽ സമദ്, ഐസി മോൾ വിപിൻ, സുജ സുഗതൻ , ആനിയമ്മ മാത്യു, ഇ.എം ശാന്തമ്മ, ഷെഹന ഷെമീർ, സീനത്ത് നൗഷാദ്, പ്രബീന രാജേഷ്, എന്നിവർ നേതൃത്വം നൽകി.
സിവിൽ സർവ്വീസ് കോച്ചിങ് സെന്റർ, വിദേശ ഭാഷ പഠന കേന്ദ്രം, പി.എസ്. സി കോച്ചിങ് സെന്റർ എന്നിവയാണ് ഹിദായയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 300 പേർക്ക് താമസിച്ചും 200 പേർക്ക് അല്ലാതെയും ഇവിടെ പഠിക്കാനാവും .

## ലിറ്റിൽ കൈറ്റ്സ്: പുരസ്കാരം വിതരണം ചെയ്തു

കോട്ടയം: ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കുള്ള അവാർഡുകൾ സ്കൂളുകൾ ഏറ്റുവാങ്ങി. ജില്ലയിലെ മികച്ച യൂണിറ്റായി തെരഞ്ഞെടുത്ത സെന്റ് എഫ്രേംസ് എച്ച്എസ്എസ് മാന്നാനം സ്കൂളിന് 30,000/ രൂപയുടെ ക്യാഷ് അവാർഡും ശിൽപവും പ്രശസ്തി പത്രവുമാണ് ലഭിച്ചത്. തിരുവനന്തപുരം നിയമസഭാ കോംപ്ലക്സിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പു മന്ത്രി വി. ശിവൻകുട്ടിയാണ് ജില്ലാതല പുരസ്കാരങ്ങൾ വിതരണം ചെയ്തത്.
രണ്ടാം സ്ഥാനം നേടിയ സെന്റ് അൽഫോൻസാ എച്ച്.എസ്. വാകക്കാട്, സെന്റ് തെരേസാസ് ജി എച്ച്എസ് നെടുംകുന്നം എന്നിവർ നേടി. രണ്ടാം സ്ഥാനക്കാർക്കു 25,000/ രൂപയും ക്യാഷ് അവാർഡും ശിൽപവും പ്രശസ്തിപത്രവും മൂന്നാം സ്ഥാനക്കാർക്കു 15,000/ രൂപയുടെ ക്യാഷ് അവാർഡും ശിൽപവും പ്രശസ്തി പത്രവും നേടി.
യൂണിറ്റുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ, തനത് പ്രവർത്തനങ്ങളും സാമൂഹ്യ ഇടപെടലും , പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, സ്കൂൾ വിക്കി അപ്ഡേഷൻ, ക്യാമ്പുകളിലെ പങ്കാളിത്തം , ഡിജിറ്റൽ മാഗസിൻ തുടങ്ങി സ്കൂളിലെ മറ്റ് പ്രവർത്തനങ്ങളിൽ യൂണിറ്റിന്റെ ഇടപെടൽ എന്നീ മേഖലകളിലെ യൂണിറ്റുകളുടെ 2023-24 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പുരസ്കാരത്തിനർഹരായവരെ കണ്ടെത്തിയിട്ടുള്ളത്.


സ്റ്റേറ്റ് എംപ്ലോയീസ് & ടീച്ചേഴ്സ് കോൺഫെഡറേഷൻ താലൂക്ക് കമ്മറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷൻ പടിക്കൽ നടത്തിയ ധർണ്ണ ജില്ലാ ചെയർമാൻ നാസർ മുണ്ടക്കയം ഉദ്ഘാടനം ചെയ്യുന്നു

# ശമ്പളപരിഷ്കരണം; സർക്കാർ നടപടി തിരുത്തണം - സെറ്റ്കൊ

കാഞ്ഞിരപ്പള്ളി:സർക്കാർ ജീവനക്കാരുടെ പന്ത്രണ്ടാം ശമ്പള പരിഷ്കരണം അഞ്ചുവർഷ തത്വം പാലിച്ച് നടത്താതെ മുന്നോട്ടുപോകുന്ന സർക്കാർ നടപടി തിരുത്തണമെന്ന്സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് കോൺഫെഡറേഷൻ താലൂക്ക് ധർണ്ണ ആവശ്യപ്പെട്ടു.
കാഞ്ഞിരപ്പള്ളി സിവിൽ സ്റ്റേഷൻ പിടിക്കൽ നടന്ന ധർണ്ണയിൽ ജില്ലാ കൺവീനർ പി.എ. ഷാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു.
ചെയർമാൻ നാസർ മുണ്ടക്കയം ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ മുൻ സംസ്ഥാന സെക്രട്ടറി അഡ്വ:പി എ നൗഷാദ് മുഖ്യപ്രഭാഷണം നടത്തി.സൈഫുദ്ദീൻ പി.എസ്, .യൂനുസ് മേലെ തെക്കേതിൽ, സജിൻ ജോർജ്, സന്തോഷ് കുമാർ എന്നിവർ പ്രസംഗിച്ചു


ജില്ലാ സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച വായനാപക്ഷാചരണ പരിപാടികളിൽ വിവിധ മത്സരങ്ങളിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി ബിന്ദു ഷീൽഡ് നല്കി അനുമോദിക്കുന്നു.

# കഞ്ചാവ് കേസിൽ നാല് യുവാക്കൾ പിടിയിൽ


ഉണ്ണിക്കുട്ടൻ,ദിനുക്കുട്ടൻ,അലൻ കെ അരുൺ,അഖിൽ അജി

മുണ്ടക്കയം : വിൽപ്പനക്കായി കൊണ്ടുവന്ന കഞ്ചാവുമായി നാല് യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തു.
എരുമേലി കരുനിലം വരിക്കാനി ഭാഗത്ത് മഠത്തിൽ വീട്ടിൽ ഉണ്ണിക്കുട്ടൻ എം.എസ് (24),എരുമേലി കരിനീലം 96 കവലഭാഗത്ത് മണിമലത്തടം വീട്ടിൽ ദിനുക്കുട്ടൻ എൻ. എം (24), എരുമേലി കണ്ണിമല ഉറുമ്പിപാലം ഭാഗത്ത് കുരിശുംമൂട്ടിൽ വീട്ടിൽ അലൻ കെ അരുൺ(24), എരുമേലി നേർച്ചപ്പാറ ഭാഗത്ത് അഖിൽ നിവാസ് വീട്ടിൽഅഖിൽ അജി (27) എന്നിവരെയാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും, മുണ്ടക്കയം പോലീസും ചേർന്ന് പിടികൂടിയത്. വിൽപ്പനയ്ക്കായി കഞ്ചാവ് മുണ്ടക്കയത്ത് കൊണ്ടുവരുന്നതായി രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും, മുണ്ടക്കയം പോലീസും നടത്തിയ പരിശോധനയിലാണ് ഉണ്ണിക്കുട്ടനെയും, ദിനുക്കുട്ടനെയും കഞ്ചാവുമായി ഈ സംഘം പിടികൂടുന്നത്.ഇവരിൽ നിന്നും ഒരു കിലോ 50 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തു. പ്ലാസ്റ്റിക് കവറിനുള്ളിൽ ടേപ്പ് ചുറ്റിയ രീതിയിലാണ് കഞ്ചാവ് ഇവരിൽ നിന്നും കണ്ടെടുത്തത്. കഞ്ചാവ് ഉണ്ണിക്കുട്ടനും സുഹൃത്തുക്കളും ഒഡിഷയിൽ നിന്നും ബാംഗ്ലൂർ വഴി എറണാകുളത്ത് എത്തിച്ചു. ഉണ്ണിക്കുട്ടനെ അലനും, അഖിലും എറണാകുളത്തെത്തി കാറിൽകൂട്ടിക്കൊണ്ട് വന്നു. വഴിയിൽ നിന്ന് ദിനുക്കുട്ടനും കയറി. ഇവർ ഒരുമിച്ച് മുണ്ടക്കയത്തെത്തി കഞ്ചാവ് വിൽപ്പന നടത്തുവാനായിരുന്നു പദ്ധതി എന്നും ഇവർ പോലീസിനോട് പറഞ്ഞു. കഞ്ചാവ് എറണാകുളത്തുനിന്ന് കടത്തിക്കൊണ്ടുപോരാൻ ഉണ്ണിക്കുട്ടനെ സഹായിച്ച കേസിലാണ് അലനും, അഖിലും പോലീസിന്റെ പിടിയിലാവുന്നത്. എസ്.എച്ച്.ഓ തൃദീപ് ചന്ദ്രൻ, എസ്.ഐ മാരായ വിപിൻ കെ.വി, അനിൽകുമാർ, എ.എസ്. ഐ ഷീബ, സി.പി.ഓ മാരായ ബിജി,അജീഷ് മോൻ, എന്നിവർ ചേർന്നാണ് പിടികൂടിയത്. ഈ കേസിൽ കൂടുതൽ അന്വേഷണം നടത്തിവരികയാണ്.


ഈരാറ്റുപേട്ട മുസ്‌ലിം ഹയർ സെക്കൻഡറി സ്കൂൾ മെറിറ്റ് ഡേ ആഘോഷം ഡോ.എം എ മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

## മുസ്‌ലിം ഗേൾസിൽ മെറിറ്റ് ഡേ ആഘോഷം

ഈരാറ്റുപേട്ട: മുസ്‌ലിം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ 2023-24 അധ്യയന വർഷം എസ്എസ്എൽസി പ്ലസ് ടു പരീക്ഷയിൽ മുഴുവൻ എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും എൻ എം എം എസ് സി പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥിനിക്കും പ്ലസ് ടു കമ്പ്യൂട്ടർ സയൻസിൽ 1200 ൽ 1200 മാർക്ക് കരസ്ഥമാക്കിയ അന്നാ റോയിക്കും മെറിറ്റ് ഡേ യിൽ സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി എം ഇ ടി വക അവാർഡുകൾ വിതരണം ചെയ്തു .പരിപാടികളുടെ ഉദ്ഘാടനം ഡോക്ടർ എം എ മുഹമ്മദ് നിർവഹിച്ചു.
എസ്എസ്എൽസി പരീക്ഷയിൽ മുഴുവൻ എ പ്ലസ് നേടിയ 41 വിദ്യാർത്ഥികളും പ്ലസ് ടു പരീക്ഷയിൽ മുഴുവൻ എ പ്ലസ് നേടിയ 39 വിദ്യാർത്ഥികളും വേദിയിൽ ട്രോഫിയും ക്യാഷ് പ്രൈസും ഏറ്റുവാങ്ങി. ഈ വർഷം നടക്കാനിരിക്കുന്ന സ്കൂളിന്റെ അറുപതാം വാർഷികാഘോഷങ്ങളുടെ പ്രഖ്യാപനവും വേദിയിൽ നടന്നു. സ്കൂൾ മാനേജർ പ്രൊഫസർ എം കെ ഫരീദ് ,എം ഇ ടി ചെയർമാൻ പി എം അഫ്സൽ, വാർഡ് കൗൺസിലർ പിഎം അബ്ദുൽ ഖാദർ, പ്രിൻസിപ്പൽ പി പി താഹിറ,ഹെഡ്മാസ്റ്റർ ഇൻ ചാർജ് കെ എസ് ഷരീഫ്,പിടിഎ പ്രസിഡൻറ് തസ്നിം കെ മുഹമ്മദ് , സ്റ്റാഫ്സെക്രട്ടറി ജൂബിമോൾ, അനുമോഹൻ 'എം .ഇ .ടി ഡയറക്ടർ ബോർഡ് മെമ്പർ എംകെ അൻസാരി എന്നിവർ സംസാരിച്ചു. സംഗീതാ ധ്യാപിക സ്വപ്ന നാഥ് അബിന ഫാത്തിമ എന്നിവർ ഗാനങ്ങൾ ആലപിച്ചു

## 'പുണ്യാളൻ നിരണം' ചുണ്ടൻ വള്ളം ഒരുങ്ങുന്നു


നിരണം:നിരണത്തുനിന്ന് രണ്ടാമതൊരു ചുണ്ടൻ വെള്ളം കൂടി നിർമ്മാണത്തിന് ഒരുങ്ങുന്നു.'പുണ്യാളൻ നിരണം' എന്ന പേരിലാണ് ചുണ്ടൻ വള്ളം നിർമ്മിക്കുന്നത്.വള്ളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ തടി അടൂർ പറക്കോട് നിന്നും നിരണം ഇരതോട്ടിൽ എത്തിച്ചു.
നിരണത്തു നിന്നും നിരവധി സ്വീകരണങ്ങൾ ഏറ്റുവാങ്ങിയാണ് ആഘോഷമായി തടി എത്തിച്ചത്. കരക്കാരുടെ ഉടമയിലാണ് ചുണ്ടൻ വള്ളത്തിന്റെ നിർമ്മാണം നടക്കുന്നത്.സാബു ആശാരിയാണ് വള്ളം നിർമ്മിക്കുന്നത്.വള്ള സമതി പ്രസിഡന്റ് റെന്നി ഫിലിപ്പോസ്, സെക്രട്ടറി റജി കുരുവിള, കെ എം കുഞ്ഞുമോൻ,ഷാജഹാൻ,അജിത് എന്നിവർ നേതൃത്വം നൽകി.

## ലോട്ടറി ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കാം

കോട്ടയം: അംശദായ കുടിശികയെത്തുടർന്ന് 2022 മാർച്ച് മുതൽ അംഗത്വം റദ്ദായവർക്ക് ഓഗസ്റ്റ് 10 വരെ പിഴ സഹിതം ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കാമെന്നു ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ അറിയിച്ചു. ഇതുവരെ അദാലത്ത് വഴി അംഗത്വം പുനഃസ്ഥാപിക്കാത്തവർക്കാണ് അവസരം. അംഗത്വ പാസ്ബുക്ക്, അംഗത്വം റദ്ദായ കാലയളവ് മുതൽ പ്രസ്തുതമാസം വരെ ടിക്കറ്റ് വിറ്റതിന്റെ കണക്ക് രേഖപ്പെടുത്തിയ ടിക്കറ്റ് അക്കൗണ്ട് ബുക്ക്, അവസാന മൂന്ന് മാസത്തെ ബിൽ എന്നിവ സഹിതം ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഇപ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്ന അംഗങ്ങൾക്ക് 2024 ലെ ഓണം ബോണസ് ലഭിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് കോട്ടയം ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 04812300390.

## മിൽമ ബൂത്ത്

കോട്ടയം: കോട്ടയം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആഗസ്റ്റ് ഒന്ന് മുതൽ 2025 മാർച്ച് 31 വരെ മിൽമ ബൂത്ത് നടത്തുന്നതിന് ദർഘാസ് ക്ഷണിച്ചു. ജൂലൈ 19ന് ഉച്ചയ്ക്ക് 12.30നകം ദർഘാസുകൾ സമർപ്പിക്കണം. 0481 2563611, 2563612


നിരണത്ത് നിർമ്മാണത്തിന് ഒരുങ്ങുന്ന പുണ്യാളൻ നിരണം' എന്ന പേരിലുള്ള ചുണ്ടൻ വള്ളത്തിന് ആവശ്യമായ തടി ഘോഷയാത്രയോടെ ഏറ്റുവാങ്ങിയപ്പോൾ




## സ്കൂൾ ബസ് ഡ്രൈവറെ ആവശ്യമുണ്ട്

ആലപ്പുഴ: ലജ്നത്തുൽ മുഹമ്മദിയ്യ ഹയർ സെക്കണ്ടറി സ്കൂളിലേയ്ക്ക് ബസ് ഡ്രൈവറെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ 10ന് രാവിലെ 11 മണിക്ക് ആവശ്യ മായ രേഖകൾ സഹിതം ഓഫീസിൽ ഹാജരാകണമെന്ന് അറിയിച്ചു.

## വാക്ക് ഇൻ ഇന്റർവ്യു 12ന്

ആലപ്പുഴ: ജില്ല മാനസികാരോഗ്യ പദ്ധതി, മാവേലിക്കര വിമുക്തി ഡി അഡിക്ഷൻ സെന്റർ എന്നീ സ്ഥാപനങ്ങളിലേക്ക് സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ തസ്തികകളിൽ നിയമനത്തിന് വാക്ക്ഇൻഇന്റർവ്യു നടത്തുന്നു. താത്പര്യമുള്ളവർ ജൂലൈ 12ന് ഉച്ചക്ക് രണ്ടിന് ആലപ്പുഴ ജില്ല മെഡിക്കൽ ഓഫീസ് (ആരോഗ്യം) വച്ച് നടക്കുന്ന അഭിമുഖത്തിൽ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് പങ്കെടുക്കണം. യോഗ്യത: സൈക്യാട്രിസ്റ്റ് എം.ബി.ബി.എസ്, ടി.സി.എം.സി. രജിസ്ട്രേഷനും സൈക്യാട്രിയിൽ പി.ജി/ഡിഗ്രി/ഡിപ്ലോമ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്: ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ/പി.ജി.ഡി.സി.പി, ആർ.സി.ഐ. രജിസ്ട്രേഷൻ സൈക്യാട്രിക് സോഷ്യൽ വർക്കർ: സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിൽ./പി.ജി.ഡി.എസ്.ഡബ്ല്യു.





# എം.ഡി.എം.എയുമായി വിദ്യാർഥി പിടിയിൽ

ആലപ്പുഴ: 7.66 ഗ്രാം എം. ഡി. എം. എയുമായി വിദ്യാർഥി പിടിയിൽ. ആലപ്പുഴ വെള്ളക്കിണർ ഇർഷാദ് പള്ളിക്ക് സമീപം വെച്ച് കണിയാപറമ്പിൽ മുഹമ്മദ് ഇഹ്സാൻ (22) ആണ് പിടിയിലായത്. മാസങ്ങളായി ബാംഗ്ലൂരിൽനിന്നും നാട്ടിലെത്തി എം.ഡി. എം.എ വിൽപ്പന നടത്തിവരികയായിരുന്നു.

ഇയാൾ കർണാടക ഉടുപ്പിയിൽ ഏവിയേഷൻ കോഴ്സിന് പഠിക്കുകയാണ്. നാട്ടിൽ വരുമ്പോൾ ബാംഗ്ലൂരിൽ പോയി എം.ഡി.എം.എ വാങ്ങി നാട്ടിൽ കൊണ്ടുവന്ന് കച്ചവടം നടത്തിവരികയായിരുന്നു. കുറച്ചു ദിവസമായി ആലപ്പുഴ ടൗൺ ഭാഗങ്ങളിൽ ആണ് ലഹരി വസ്തുക്കൾ വിൽക്കുന്നതിനായി ഇയാൾ തിരഞ്ഞെടുത്തിരുന്നത്.



*മുഹമ്മദ് ഇഹ്സാൻ*

ബംഗ്ലൂരിൽ പോയി എം.ഡി.എം.എ വാങ്ങി നാട്ടിൽ എത്തിച്ച് നല്ല രീതിയിൽ വിൽപ്പന നടത്തുന്നുവെന്ന് പൊലീസിന് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇയാളെ രഹസ്യമായി നിരിക്ഷിച്ച് വരികയായിരുന്നു. ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് ഡി.വൈ.എസ്.പി ബി പങ്കജാക്ഷന്റെ നേതൃത്വത്തിലുള്ള ലഹരി വിരുദ്ധ സ്ക്വാഡും ആലപ്പുഴ ഡി.വൈ.എസ്.പി വിജയന്റെ നേതൃത്വത്തിലുള്ള ആലപ്പുഴ സൗത്ത് സി.ഐ കെ.പി തോംസൺ എസ്.ഐ ജോമോൻ ,എസ്.ഐ അശോകൻ, എസ്.സി.പി.ഒ വിനു, സി.പി.ഒ തൻസി എന്നിവരാണ് പ്രതിയെ പിടികൂടിയത്.

### ഭാഗ്യക്കുറി ക്ഷേമനിധി അംഗത്വം പുതുക്കാൻ അവസരം

ആലപ്പുഴ: 2022 മാർച്ച് മുതൽ അംശാദായ അടവ് മുടങ്ങിയതിനാൽ ഭാഗ്യക്കുറി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് ജൂലൈ 10 മുതൽ ഓഗസ്റ്റ് 10 വരെ കുടിശിക പിഴ സഹിതം നേരിട്ടെത്തി ഒടുക്കി അംഗത്വം പുതുക്കാം. അംഗത്വ പാസ്ബുക്ക്, അംഗത്വം റദ്ദായ കാലയളവ് മുതൽ പ്രസ്തുത മാസം വരെ ടിക്കറ്റ് കണക്ക് രേഖപ്പെടുത്തിയ ടിക്കറ്റ് അക്കൗണ്ട് ബുക്ക്, അവസാന മൂന്ന് മാസത്തെ ബിൽ ഹാജരാക്കണം. അദാലത്ത് വഴി അംഗത്വം പുതുക്കാനുള്ള അവസരം ലഭിക്കാത്തവർക്ക് മാത്രമെ പുതുക്കാൻ അവസരമുള്ളു എന്ന് ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ അറിയിച്ചു.

## വെസ്റ്റ് നൈൽ പനി

# തൃക്കുന്നപ്പുഴയിൽ പ്രതിരോധ പ്രവർത്തനങ്ങൾ സജീവം

തൃക്കുന്നപ്പുഴ: പഞ്ചായത്തിൽ വെസ്റ്റ് നൈൽ പനി സ്ഥിരീകരിച്ചതിനെ തുടർന്ന് ആറ്, ഏഴ്, എട്ട് തീയതികളിലായി ഊർജിത പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി.

പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിനോദ് കുമാറിന്റെ അധ്യക്ഷതയിൽ കഴിഞ്ഞ ദിവസം അടിയന്തര യോഗം കൂടുകയുണ്ടായി. യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറെ പ്രതിനിധീകരിച്ച് ബയോളജിസ്റ്റ് ബിനുക്കുട്ടൻ, തൃക്കുന്നപ്പുഴ ജനകീയ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. സുനിൽ, ആരോഗ്യ പ്രവർത്തകർ ആശാപ്രവർത്തകർ കമ്മ്യൂണിറ്റി മെന്റേഴ്സ് എന്നിവർ പങ്കെടുത്തു.

മെഡിക്കൽ ഓഫീസർ വെസ്റ്റ് നൈൽ പനിയെ കുറിച്ചുള്ള ബോധവൽക്കരണം നടത്തി. ബയോളജിസ്റ്റിന്റെ നേതൃത്വത്തിൽ കൊതുകശേഖരണം ലാർവ ശേഖരണം എന്നിവ നടത്തി. ആരോഗ്യപ്രവർത്തകർ, ആശാ പ്രവർത്തകർ, എ.ഡി.എസ്, സി.ഡി.എസ് പ്രതിനിധികൾ, ആരോഗ്യ വാളണ്ടിയർമാർ തുടങ്ങിയവർ പങ്കെടുത്തു. ആരോഗ്യ പ്രവർത്തകർ 18 ടീമുകളായി തിരിഞ്ഞ് കൊതുകിന്റെ ഊർജിത ഉറവിട നശീകരണ പരിപാടിയും ഫീവർ സർവേയും സംഘടിപ്പിക്കുകയുണ്ടായി. അന്നേദിവസം വൈകിട്ട് പ്രസിഡന്റിന്റെ നേതൃത്വത്തിൽ അവലോകനയോഗം നടത്തി കൊതുകിന്റെ സാന്ദ്രത വിലയിരുത്തി. കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ് അംഗങ്ങളുടെ ടീം ഊർജിത കൊതുക നശീകരണം ഫീവർ സർവ്വേ എന്നിവ സംഘടിപ്പിച്ചു. ഡിവിസി യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രദേശത്ത് കൊതുക് കൂത്താടി നശീകരണത്തിനായി മരുന്നു തളിച്ചു കൂടാതെ വീടുകളിൽ പുകയ്ക്കുന്നതിനായി ആയുർവേദ ധൂമ ചൂർണം വിതരണം ചെയ്തു.

ഇന്ന് കമ്മ്യൂണിറ്റി മെമ്പർ ആശ ആരോഗ്യ പ്രവർത്തകർ എന്നിവരുടെ ടീം മേൽ പ്രവർത്തനങ്ങൾ തുടർന്നു നടത്തി. ഉച്ചയ്ക്കുശേഷം രണ്ടു മണിക്ക് പ്രസിഡന്റിന്റെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ച് പ്രവർത്തനം അവലോകനം നടത്തി. വൈകുന്നേരം ഡി വി സി യൂണിറ്റിന്റെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഫോഗ്ഗിങ് സംഘടിപ്പിച്ചു. മേൽ പ്രവർത്തനം രണ്ടാഴ്ചത്തോളം തുടർച്ചയായി ചെയ്യുവാൻ പഞ്ചായത്ത് കമ്മിറ്റി ആരോഗ്യ പ്രവർത്തകരെ ചുമതലപ്പെടുത്തി.

## അങ്കൻവാടി അനധികൃത നിയമങ്ങൾക്ക് എതിരെ പ്രതിഷേധ ധർണ

പെരുമ്പളം: പെരുമ്പളം പഞ്ചായത്ത് അങ്കൻവാടി വർക്കർ നിയമനം സി.പി.എം രാഷ്ട്രീയവൽക്കരിച്ച് യോഗ്യതയില്ലാത്തവരെ നിയമിച്ച അധാർമ്മിക നടപടിക്കെതിരെ പെരുമ്പളം മഹിളാ കോൺഗ്രസ് മണ്ഡലം കമ്മറ്റി പഞ്ചായത്ത് ഓഫീസിന് മുന്നിൽ നടത്തിയ ധർണ സമരം സംസ്ഥാന ജനറൽ സെക്രട്ടറിയും ഭാരത് ജോഡോ സഹയാത്രികയുമായ ഷീബ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു.മണ്ഡലം പ്രസിഡൻറ് ധനലക്ഷ്മി വിജയൻ അധ്യക്ഷത വഹിച്ചു. കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് മധു നെടുമ്പുറം ,സി. ഗോപിനാഥ്, കെ.പി സദാനന്ദൻ,പോൾമത്തായി കെ.പി. ശശികുമാർ, പി.എം ജിനീഷ് ലാൽ, കെ.എസ്.ഷിബു സജീവ് പ്രഭാകരൻ, കെ.എൻ ബാലകൃഷ്ണൻ, റംലത്ത് കാമ്പിള്ളി, അരുണാ ശ്രീകുമാർ, സുനിത സജീവ് എന്നിവർ സംസാരിച്ചു.ജില്ലാ ബ്ലോക്ക് മണ്ഡലം നേതാക്കൾ സംബന്ധിച്ചു.

## മാലിന്യ മുക്ത ജില്ലക്കായി ബ്ലോക്ക്തല ശിൽപശാല

ആലപ്പുഴ: മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി ആലപ്പുഴയിലെ ഗ്രാമപ്രദേശങ്ങളിൽ ഈ വർഷം നടപ്പിലാക്കേണ്ട പ്രവർത്തന പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനുള്ള ജില്ലാ തല ശിൽപശാലയ്ക്ക് തുടക്കമായി.

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന ശില്പശാലയിൽ 12 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നായി 100 പേർ പങ്കെടുത്തു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബിനു ജോൺ ജില്ലയുടെ സ്ഥിതി വിവരക്കണക്ക് അവതരിപ്പിച്ചു. എക്സി. എഞ്ചിനിയർ ജിജി തോമസ് ശുചിത്വ മിഷൻ കോർഡി നേറ്റർ കെ.ഇ വിനോദ് കുമാർ ജില്ലാ നോഡൽ ഓഫീസർ സി.കെ. ഷിബു, നവകേരളം കോർഡിനേറ്റർ കെ.എസ് രാജേഷ്, കോ. കോർഡിനേറ്റർ പി. ജയരാജ് ,കില ഫെസിലിറ്റേറ്റർ ജെ. ജയലാൽ വിവിധ അവതരണങ്ങൾ നടത്തി. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ അതാതു ബ്ലോക്കുകളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. ആറ് ഗ്രൂപ്പുകളിലായി നടന്ന തീ മാറ്റിക് ചർച്ചകൾ ക്രോഡീകരിച്ച് സുനി, ദീപ ജി , ശാലിനി എസ് ,കീർത്തന , പ്രേം കുമാർ,ഗ്രീഷ്മ അവതരണങ്ങൾ നടത്തി. നാളെയും ശിൽപശാല തുടരും.



*പെരുമ്പളം മഹിളാ കോൺഗ്രസ് മണ്ഡലം കമ്മറ്റി പഞ്ചായത്ത് ഓഫീസിന് മുന്നിൽ നടത്തിയ ധർണ സമരം സംസ്ഥാന ജനറൽ സെക്രട്ടറി ഷീബ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു*



*നഫീസത്തുൽ മിസ്രിയ ഇസ്ലാമിക് ആൻഡ് ആർട്സ് കോളജിന്റെ നേതൃത്വത്തിൽ നടത്തിയ മജ്ലിസുന്നൂറിനും പ്രാർഥനക്കും മാന്നാർ മുസ്ലിം ജമാഅത്ത് ചീഫ് ഇമാം സഹലബത്ത് ദാരിമി നസീഹത് നേതൃത്വം നൽകുന്നു*

## മജ്‌ലിസുന്നൂറും പ്രാർഥനയും

മാന്നാർ: നഫീസത്തുൽ മിസ്രിയ ഇസ്ലാമിക് ആൻഡ് ആർട്സ് കോളജിന്റെ (സനാഇയ്യ) നേതൃത്വത്തിൽ എല്ലാമാസവും നടത്തിവരാറുള്ള മജ്‌ലിസുന്നൂറും പ്രാർഥനയും നടത്തി. കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മാന്നാർ മുസ്ലിം ജമാഅത്ത് ഇമാം സഹലബത്ത് ദാരിമി പ്രഭാഷണവും പ്രാർഥന നേതൃത്വവും നൽകി. മൂസാ ബഖവി, ഇബ്രാഹിം ഫൈസി തുടങ്ങിയവർ സംസാരിച്ചു.

## കൊലപാതക കേസ്; പ്രതി കുറ്റക്കാരനല്ലെന്ന് കണ്ടെത്തി കോടതി

ആലപ്പുഴ: കൊലപാതക കേസിൽ പ്രതി കുറ്റക്കാരനല്ലെന്ന് കണ്ടെത്തി കോടതി. കൃഷ്ണപുരം വില്ലേജിൽ പെരുമുറ്റത്ത് വീട്ടിൽ രാഘവക്കുറുപ്പിനെ കൊലപ്പെടുത്തിയെന്നാരോപിച്ച് ഇയാളുടെ അളിയൻ കൃഷ്ണപിള്ളക്കെതിരെ പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് കോടതി മാവേലിക്കര സെഷൻസ് കോടതി ജഡ്ജി ഒന്ന് വിധി പ്രസ്താവിച്ചത്.

2019 മെയ് അഞ്ചിനായിരുന്നു കേസിനാസ്പദമായ സംഭവം. അയൽവാസിയും ബന്ധുവുമായ രാഘവക്കുറുപ്പ് പ്രതിയുടെ വസ്തുവിന്റെ അതിർത്തിക്കല്ല് മാറ്റിയെന്നാരോപിച്ച് മൺവെട്ടി കൊണ്ട് തലക്കിടിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്.

പ്രതിക്ക് വേണ്ടി അഭിഭാഷകരായ സി അജിത് ശങ്കർ, കെ ഉമേഷ്, ബിബിൻ സി ബാബു, അമിതാബ് ശങ്കർ എന്നിവർ ഹാജരായി.

## അദാലത്ത് 11ന്

ആലപ്പുഴ: സംസ്ഥാന വനിത കമ്മീഷൻ മെഗാ അദാലത്ത് ജൂലൈ 11ന് ആലപ്പുഴ ജെൻഡർ പാർക്ക് ഹാളിൽ രാവിലെ 10 മുതൽ ആരംഭിക്കും.

## ദുഷ്പ്രചാരണങ്ങൾ ഹൗസ്ബോട്ട് മേഖലയെ തർക്കും: സംയുക്ത സമിതി

ആലപ്പുഴ: അടിസ്ഥാന രഹിതമായ അഭിപ്രായ പ്രകടനങ്ങൾ സംസ്ഥാനത്തെ ടൂറിസം മേഖലയെ തളർത്തുമെന്ന് ഓൾ കേരള ഹൗസ്ബോട്ട് ഓണേഴ്സ് സംയുക്ത സമിതി അഭിപ്രായപ്പെട്ടു. കുട്ടനാടൻ ജലാശയങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിൽ കൂടുതൽ ഹൗസ്ബോട്ടുകളും ശിക്കാരകളും മോട്ടോർ ബോട്ടുകളും ഇവിടെയുണ്ട് എന്ന കണ്ടെത്തൽ ശരിയല്ലെന്ന് മുമ്പ് നടത്തിയിട്ടുള്ള സർവ്വേകളിൽ വ്യക്തമായിട്ടുള്ളതാണ്.ജല മലിനീകരണത്തിന് കാരണം ഹൗസ്ബോട്ടുകളല്ല. ഹോട്ടൽ, ശുചിമുറി മാലിന്യങ്ങൾ ഉദ്യോഗസ്ഥ ഒത്താശയോടെ കായലുകളിലും ഇടത്തോടുകളിലും ഉപേക്ഷിക്കപ്പെടുന്നതും മലനാട്, ഇടനാട്, തീരദേശം എന്നിവിടങ്ങളിൽ മഴക്കാലത്ത് പെയ്തിറങ്ങുന്ന മഴവെള്ളം അവിടങ്ങളിലെ മാലിന്യവുമായെത്തി കടലിൽ പതിക്കുന്നതും കുട്ടനാടൻ ജലാശയങ്ങൾ വഴിയാണ് എന്നത് പുത്തൻ കണ്ടെത്തലുകാർ മറക്കുന്നുവെന്ന് യോഗം ചൂണ്ടിക്കാട്ടി.ഹൗസ്ബോട്ട് മാലിന്യങ്ങൾ സംസ്കരിക്കാൻ ഇന്നുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തണം. ഫീസ് വാങ്ങി പരിശോധനകളും നടത്തിയിട്ടുംലൈസൻസ് കടലാസ് അുവദിക്കാത്ത ഉദ്യോഗസ്ഥ അനാസ്ഥയും ലൈസൻസ് കടലാസ് ഇല്ലാത്തതിന്റെ പേരുപറഞ്ഞ് ഫീസ് വാങ്ങിയും പരിശോധന നടത്തിയതും വിസ്മരിച്ചുമുള്ള ശിക്ഷണ നടപടികളും ബോട്ട് പിടിച്ചെടുക്കലുകളും അവസാനിപ്പിക്കാൻ സംസ്ഥാന സർക്കാർ തയാറാകണമെന്ന് യോഗം ആവശ്യപ്പെട്ടു.യോഗത്തിൽ ഓൾ കേരള ഹൗസ്ബോട്ട് ഓണേഴ്സ് സംയുക്ത സമിതി സംസ്ഥാന പ്രസിഡന്റ് എ. അനസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ലൈജു മാതിരംപള്ളി, ബിജു എക്കോ, റിയാസ് വൈറ്റ് ഹൗസ്, ഇ.എ. ബഷീർ, നിസാർ ഗ്രാന്റ് ടൂർ എന്നിവർ പ്രസംഗിച്ചു.



## കമ്മിറ്റി രൂപീകരിച്ചു

മാരാരിക്കുളം: ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ സർവീസ് പ്രൊവൈഡിങ് സെന്ററിന്റെ ഭാഗമായി മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും എസ്.പി.സി ലീഗൽ കൗൺസിലർ കൺവീനറായും എസ്.എച്ച്.ഒ, മാരാരിക്കുളം പൊലീസ് സ്റ്റേഷൻ, മോചിത ചെയർപേഴ്സൻ, ജനറൽ സെക്രട്ടറി, ജി.എസ്.ജി.എസ്.കെ അംഗങ്ങളായും സബ് കമ്മിറ്റി രൂപീകരിച്ചു. സബ് കമ്മറ്റിയുടെ ആദ്യയോഗം നടന്നു. കെ. സുദർശനാഭായ് അധ്യക്ഷത വഹിച്ചു. ജി.എസ്.ജി.എസ്.കെ ജനറൽ സെക്രട്ടറി മനു പി.എസ്. സ്വാഗതം ആശംസിച്ചു. ലീഗൽ കൗൺസിലർ അഡ്വ. രേഷ്മ കെ കുമാർ എസ്.പി.സി നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും കഴിഞ്ഞ വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ചും വിശദീകരിച്ചു. മോചിത ചെയർപേഴ്സൻ എസ്. ഉഷ, മാരാരിക്കുളം പൊലീസ് സ്റ്റേഷനിലെ എ.എസ്.ഐ മാരായ ശ്രീകല, ബിനു എന്നിവർ പങ്കെടുത്തു.

## അനുസ്മരണം

മുഹമ്മ:സ്ത്രീ പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഗാന്ധി സ്മാരക ഗ്രാമസേവകേന്ദ്രത്തിലെ ആദ്യകാല പ്രവർത്തകയും മികച്ച സാമൂഹ്യപ്രവർത്തകയും ആയിരുന്ന റഹ്നയുടെ ഇരുപത്തി രണ്ടാമത് അനുസ്മരണം നടത്തി. മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ സുദർശന ഭായ് അനുസ്മരണ പ്രഭാഷണം നടത്തി. മോചിത ചെയർപേഴ്സൺ എസ് ഉഷ അധ്യക്ഷതവഹിച്ചു.രവി പാലത്തുങ്കൽ, മനു പിഎസ്, വികെ സോണി, സുവർണ കുമാരി, രോഷ്നി സംസാരിച്ചു.

# മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു

ആലപ്പുഴ: ഫിഷറീസ് വകുപ്പിന്റെ നേതൃത്തത്തിൽ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റം 2024-25 പദ്ധതിയുടെ ഘടക പദ്ധതിയായ ഓപ്പൺ വാട്ടർ റാഞ്ചിങ് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി നിർവഹിച്ചു.

മുഹമ്മ ഗ്രാമപഞ്ചായത്ത് കായിപ്പുറം ബോട്ട് ജെട്ടി കടവിൽ ഫിഷറീസ് വകുപ്പ് 35,000, കരിമീൻ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചുകൊണ്ടാണ് പദ്ധതി ആരംഭിച്ചത്.

പദ്ധതി പ്രകാരം ജില്ലയിൽ തിരഞ്ഞെടുത്ത കടവുകളിൽ 50,000 കരിമീൻ, 50,000 പൂമീൻ, എട്ട് ലക്ഷം കാർപ് ഇനത്തിൽപെട്ട മൽസ്യക്കുഞ്ഞുങ്ങളേയും 12 ലക്ഷം കാര ചെമ്മീൻ കുഞ്ഞുങ്ങളെയും നിക്ഷേപിക്കും. ചടങ്ങിൽ മുഹമ്മ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.ടി. രജി അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് ഡിവിഷൻ മെമ്പർ ഉത്തമൻ, മുഹമ്മ ഗ്രാമപഞ്ചായത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി.ഡി. വിശ്വനാഥൻ, മുഹമ്മ ഗ്രാമപഞ്ചായത് മെമ്പർമാരായ ലൈല ഷാജി, നസീമ ടീച്ചർ, വിനോമ്മ രാജു, വി. വിഷ്ണു, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ബെന്നി വില്യം, ഫിഷറീസ് ഓഫീസർ പി.എസ്. സൈറസ് വിവിധ യൂണിയൻ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## നിയമനം നടത്തുന്നു

ആലപ്പുഴ: അമ്പലപ്പുഴ തെക്കു ഗ്രാമപഞ്ചായത്ത് കരുമാടിയിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പ് പ്രീമെട്രിക് ഹോസ്റ്റലിൽ സ്കൂൾ ബസ് ഡ്രൈവർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള അഭിമുഖം ജൂലൈ 12ന് രാവിലെ 10.30ന് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും. യോഗ്യത: ഹെവി ലൈസൻസും ബാഡ്ജും കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവും. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുമായി ഹാജരാകണം. അമ്പലപ്പുഴ തെക്കു ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് മുൻഗണന ഉണ്ടായിരിക്കും.

## അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കേരള സർക്കാർ സർട്ടിഫിക്കറ്റ് നൽകുന്ന അപ്പർ പ്രൈമറി സ്കൂൾ ഹിന്ദി അധ്യാപക ട്രെയിനിംഗ് യോഗ്യതയായ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 50 ശതമാനം മാർക്കോടെ രണ്ടാം ഭാഷ ഹിന്ദിയിലുള്ള പ്ലസ്ടു, ഹിന്ദി പ്രചാര സഭകളുടെ അംഗീകൃത ഹിന്ദി കോഴ്സുകളോ ഡിഗ്രിയോ വിജയിച്ചവർക്ക് അപേക്ഷിക്കാം.

പ്രായപരിധി: 17-35. പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്കും പിന്നാക്കവിഭാഗക്കാർക്കും സീറ്റ് സംവരണവും ഫീസിളവും ലഭിക്കും. അവസാന തീയതി ജൂലൈ 10. പ്രിൻസിപ്പാൾ ഭാരത് ഹിന്ദി പ്രചാര കേന്ദ്രം അടൂർ പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ 8547126029, 04734296496.

## ഔഷധ സസ്യത്തോട്ടം ഉദ്ഘാടനം

കായംകുളം: സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ സഹായത്തോടെ കുട്ടികളിൽ ഔഷധസസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും ആയി നടപ്പാക്കിയ സ്കൂൾ ഔഷധസസ്യത്തോട്ടം കെ.കെ.എം.ജി.വി.എച്ച്.എസ്.എസ് ഇലപ്പക്കുളം സ്കൂളിൽ മാവേലിക്കര എം.എൽ.എ എം.എസ് അരുൺ കുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന മെഡിസിന് പ്ലാന്റ് ബോർഡ് എക്സിക്യൂട്ടീവ് അംഗം ഡോ:പ്രിയാ ദേവദത്ത് മുഖ്യാതിഥിയായി. ബ്ലോക്ക് പഞ്ചായത്ത് അംഗവും സ്കൂൾ എസ്.എം.സി ചെയർമാനുമായ കെ.വി അഭിലാഷ്, പിറ്റി.എ പ്രസിഡന്റ് പ്രകാശ് വാസു ഗ്രാമപഞ്ചായത്ത് അംഗങ്ങളായ രവീന്ദ്രനാഥ്, കെ.ഗോപി എന്നിവർ പങ്കെടുത്തു. സ്കൂൾ പ്രഥമ അധ്യാപകൻ പി കൃഷ്ണകുമാർ അധ്യാപകരായ രാജേഷ് ആർ, ശുഭ കെ എസ്, രാജി കെ, സബിത റാണി, ഹേമലത, യുമ്മയ്യ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി സീഡ് ക്ലബ്ബ് അംഗങ്ങളായ കുമാരി ഹരിപ്രിയ സ്വാഗതം ആശംസിച്ച ചടങ്ങിൽ കുമാരി ആയിഷ നന്ദി പ്രകാശിപ്പിച്ചു. രുദ്രാക്ഷം, നീർമാതളം, കൂവളം, തഴുതാമ, കൊടുവേലി ചങ്ങലംപരണ്ട, നാൽപമരത്തിലെ വൃക്ഷങ്ങൾ, ദശപുഷ്പങ്ങൾ, ദശമൂലം തുടങ്ങിയ വിഭാഗം ഔഷധസസ്യങ്ങൾ ഔഷധസസ്യ തോട്ടത്തിൽ ഒരുക്കിയിട്ടുണ്ട്. പ്രകൃതിയിലെ ജൈവവൈവിധ്യത്തെ കുറിച്ച് മനസ്സിലാക്കുന്നതിനും, പരസ്പര സ്നേഹം സാമൂഹിക സ്നേഹം എന്നിവ വളർത്തുന്നതിന് ഈ പ്രവർത്തനങ്ങൾ ഉപകാരപ്പെടുമെന്നും ഭാരവാഹികൾ പറഞ്ഞു.



*ഔഷധസസ്യത്തോട്ടം മാവേലിക്കര എം.എൽ.എ എം.എസ് അരുൺ കുമാർ ഉദ്ഘാടനം ചെയ്യുന്നു*

## ബാലസംരക്ഷണ സമിതി സെമിനാർ

ആലപ്പുഴ: നഗരസഭ പരിധിയിലുള്ള കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അവരുടെ മാനസിക, ശാരീരിക, സാമൂഹിക, വൈകാരിക വികാസം മെച്ചപ്പെടുത്തുന്നതിനും, നഗരസഭ ബാല സംരക്ഷണ സമിതി ശാക്തീകരിക്കുന്നതിൻറെയും ഭാഗമായി സംഘടിപ്പിച്ച സെമിനാർ നഗരസഭാധ്യക്ഷ കെ .കെ ജയമ്മ ഉദ്ഘാടനം ചെയ്തു.നഗരസഭ കൗൺസിൽ ഹാളിൽ സംഘടിപ്പിച്ച സെമിനാറിൽ ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ നസീർപുന്നക്കൽ അധ്യക്ഷത വഹിച്ചു. ചൈൽഡ് ഡെവലപ്മെൻറ് പ്രൊജക്ട് ഓഫീസർ ചിന്മയി എസ് ആനന്ദ് സ്വാഗതം ആശംസിച്ച ചടങ്ങിൽ സ്ഥിരം സമിതി അധ്യക്ഷരായ ആർ വിനിത, എംജി സതീദേവി കൗൺസിലർമാരായ പി രതീഷ്, ബി നസീർ, ബിന്ദുതോമസ്, അനഘ എന്നിവർ സംസാരിച്ചു. ബാല സംരക്ഷണ സമിതിയുടെ ചുമതലകൾ, ലക്ഷ്യങ്ങൾ, ഇടപെടാവുന്ന മേഖലകൾ, നിയമപരമായ പ്രശ്നങ്ങളും സാധ്യതകളും എന്നീ വിഷയങ്ങളിൽ ജില്ലാ പ്രോഗ്രാം ഓഫീസർ മായാദേവി, ശിശു സംരക്ഷണ ഓഫീസർ ടി വി മിനിമോൾ, ഡോക്ടർ ഷാനി അബു ക്ലാസുകൾ നയിച്ചു.

## വിഗ്രഹഘോഷയാത്ര

മുഹമ്മ: മാരാരിക്കുളം വടക്ക് പുതുകുളങ്ങര അന്നപൂർണേശ്വരി ദേവി ക്ഷേത്രത്തിലെ പുനപ്രതിഷ്ഠയോടനുബന്ധിച്ചുള്ള വിഗ്രഹഘോഷയാത്ര ഭക്തിസാന്ദ്രമായി. മാരാരിക്കുളം മഹാദേവ ക്ഷേത്രത്തിൽ നിന്നാണ് വിഗ്രഹഘോഷയാത്ര ആരംഭിച്ചത്.

ക്ഷേത്ര മേൽശാന്തി പ്രത്യേക പൂജകൾക്ക് ശേഷം കൈമാറിയ വിഗ്രഹം, വാദ്യമേളം ,താലപ്പൊലി എന്നിവയുടെ അകമ്പടിയോടെയാണ് പുതുക്കുളങ്ങരയിലേയ്ക്ക് ഘോഷയാത്രയായി എത്തിച്ചത്. ദേവസ്വം പ്രസിഡന്റ് എ ആർ രമേശ്, വൈസ് പ്രസിഡന്റ് വി.കെ ആംബുജൻ, സെക്രട്ടറി പി വി സന്തോഷ് ലാൽ, ജോ: സെക്രട്ടറി എൻ എസ് പ്രകാശൻ, ട്രഷറർ കെ.എം പൊന്നപ്പൻ കമ്മറ്റിയംഗങ്ങളായ കെ എസ് മോഹനൻ, വി.വി രമണൻ, എൻ പി ഉദയപ്പൻ, വി.ടി വാസുദേവൻ, വനിതാ കമ്മിറ്റിയംഗങ്ങൾ എന്നിവർ വിഗ്രഹഘോഷയാത്രയ്ക്ക് നേതൃത്വം നൽകി.

## പി.എസ്.സി അഭിമുഖം 10,11,12 തീയതികളിൽ

ആലപ്പുഴ: ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 66/2023) തസ്തികയുടെ തെരഞ്ഞെടുപ്പിനായി 2024 ഏപ്രിൽ നാലിന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട 90 ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം ജൂലൈ 10, 11, 12 തീയതികളിൽ ആലപ്പുഴ ജില്ല പി.എസ്.സി. ഓഫീസിൽ നടക്കും.

ഉദ്യോഗാർഥികൾ വ്യക്തിവിവരക്കുറിപ്പും പ്രമാണങ്ങളുടെ അസലും ഒ.റ്റി.ആർ. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുമായി എത്തണം. ഫോൺ 0477 2264134.

### ലുലു മാളിൽ മൊബൈൽ ഫോൺ മോഷണം

തിരുവനന്തപുരം: ലുലു മാളിൽ നിന്ന് 6 ലക്ഷത്തോളം രൂപയുടെ മൊബൈൽ ഫോൺ മോഷണം പോയി. സംഭവവുമായി ബന്ധപ്പെട്ട് പ്രായപൂർത്തി ആകാത്തവർ ഉൾപ്പടെ 9 പേരെ പൊലീസ് കസ്റ്റഡിയിലെടുത്തു. വില കൂടിയ ആറ് ഐ ഫോണാണ് മോഷണം പോയത്. ലുലു മാളിൽ ജോലിക്ക് നിന്നവരാണ് പിടിയിലായതെന്ന് പൊലീസ് പറയുന്നു. ഓഫർ സെയിലിനിടെ മാളിൽ ജോലിക്ക് കയറിയ താൽകാലിക ജീവനക്കാരാണ് പിടിയിലായത്. പൊലീസ് കസ്റ്റഡിയിലെടുത്ത ഒമ്പത് പേരിൽ 6 പേർ പ്രായപൂർത്തിയാകാത്തവരാണ്. പ്രതികളുടെ വീടുകളിൽ നിന്നായി ഫോണുകൾ പൊലീസ് കണ്ടെത്തിയിട്ടുണ്ട്.

### മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് തേടി

തിരുവനന്തപുരം: തലസ്ഥാനത്തെ പൊട്ടിപൊളിഞ്ഞ ഗ്രാമീണ റോഡുകൾ സമയബന്ധിതമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രവർത്തന പദ്ധതി സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർക്കാണ് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് നിർദ്ദേശം നൽകിയത്. രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം.നഗരത്തിലെ ഗ്രാമീണ റോഡുകളിലൂടെയുള്ള യാത്ര വാഹനങ്ങൾക്ക് മാത്രമല്ല മനുഷ്യർക്കും അപകടകരമാണെന്നാണ് പരാതി. മഴക്കാലം തുടങ്ങിയതോടെ ഗതാഗതം പൂർണമായും താറുമാറായി.

### ചിത്തിര തിരുനാൾ സ്കൂളിൽ ആർട്സ് ഫെസ്റ്റിവൽ

വെള്ളറട: കുന്നത്തുകാൽ ശ്രീ ചിത്തിര തിരുനാൾ റസിഡൻഷ്യൽ സെൻട്രൽ സ്കൂളിലെ ആർട്സ് ഫെസ്റ്റിവൽ വെള്ളിയാഴ്ച നടക്കും. ഉദ്ഘാടന ചടങ്ങിൽ പിന്നണി ഗായിക മാതംഗി അജിത് കുമാർ മുഖ്യാതിഥിയായി പങ്കെടുക്കും.സ്കൂൾ ക്യാംപസിന് ചുറ്റും സജ്ജീകരിച്ചിരിക്കുന്ന വിവിധ സ്റ്റേജുകളിലായി വിദ്യാർത്ഥികളുടെ കലാ മത്സരങ്ങൾ നടക്കും. കെ കരുണാകരൻ ഓഡിറ്റോറിയത്തിലായിരിക്കും കലാമേള ഉദ്ഘാടനം നടക്കുക. ശ്രീ ചിത്തിര തിരുനാൾ റസിഡൻഷ്യൽ സെൻട്രൽ സ്കൂൾ മാനേജർ ടി.സതീഷ് കുമാർ പ്രിൻസിപ്പാൾഎസ്.പുഷ്പവല്ലി ആർട്സ് ഫെസ്റ്റിവൽ കൺവീനബിനിത ബി.ആർ സ്കൂൾ ഹെഡ്ഗേൾ ജോഷ്ന ജസ്റ്റിൻ സ്കൂൾ ഹെഡ് ബോയ് ദേവകൃഷ്ണ ബിആർ എന്നിവരടങ്ങുന്ന സംഘാടക സമിതി ആർട്സ് ഫെസ്റ്റിവലിന് നേതൃത്വം നൽകും.

# ജില്ലാ മുസ്‌ലിംലീഗ് കൗൺസിൽ യോഗം ഇന്ന് വൈകിട്ട്

തിരുവനന്തപുരം: ജില്ലാ മുസ്‌ലിംലീഗ് കൗൺസിൽ യോഗം ഇന്ന് വൈകുന്നേരം 4 മണിക്ക് നന്ദാവനം പാണക്കാട് ഹാളിൽ ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദിന്റെ അദ്ധ്യക്ഷതയിൽ ചേരും. മുൻമന്ത്രിയും ചന്ദ്രിക തിരുവനന്തപുരം യൂണിറ്റ് ഗവേണിംഗ് ബോഡി ചെയർമാനായ മഞ്ഞളാംകുഴി അലി എം.എൽ.എയും, പാർട്ടി സംസ്ഥാന സെക്രട്ടറി പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എയും പങ്കെടുക്കും. സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ നേതാക്കൾ യോഗത്തിൽ വിശദീകരിക്കും. ഈ യോഗത്തിൽ ജില്ലാ ലീഗ് കൗൺസിൽ അംഗങ്ങളും, നിയോജക മണ്ഡലം പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാരും കൃത്യമായി എത്തി ചേരണമെന്ന് ജില്ലാ ലീഗ് ജനറൽ സെക്രട്ടറി എം നിസാർ മുഹമ്മദ് സുൾഫി അറിയിച്ചു.

## നഗര മാസ്റ്റർ പ്ലാനിന് അംഗീകാരം

തിരുവനന്തപുരം: തിരുവനന്തപുരം നഗര മാസ്റ്റർ പ്ലാൻ 2040 ന് സംസ്ഥാന സർക്കാർ അംഗീകാരം ലഭിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ തിരുവനന്തപുരം നഗരസഭ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനാണ് അന്തിമ അനുമതി ലഭ്യമായത്. മുൻപ്, 1993, 2013 വർഷങ്ങളിൽ നഗരത്തിനായി കരട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയെങ്കിലും, അംഗീകൃത മാസ്റ്റർപ്ലാനായി അവയൊന്നും രൂപാന്തരപ്പെട്ടില്ല. നഗരസഭാ പ്രദേശത്തു വിവിധ കാലഘട്ടങ്ങളിലായി ഉണ്ടാക്കിയ മാസ്റ്റർ പ്ലാനുകൾ, പഴക്കം ചെന്ന 12 വിശദനഗരാസൂത്രണ പദ്ധതികൾ എന്നിവ നിലനിന്നിരുന്നത് കൊണ്ട് നഗരവാസികൾ അനുഭവിച്ചു പോന്നിരുന്ന പല പ്രശ്നങ്ങൾക്കും, ആശയക്കുഴപ്പങ്ങൾക്കും മാസ്റ്റർപ്ലാൻ 2040 പ്രാബല്യത്തിലാകുന്നതോടെ പരിഹാരമാകും. ഇതോടുകൂടി നഗരസഭ പരിധിയിൽ തിരുവനന്തപുരം മാസ്റ്റർ പ്ലാൻ 2040 മാത്രമാകും ഇനി പ്രാബല്യത്തിൽ ഉണ്ടാവുക.നഗരത്തെ 23 മേഖലകൾ ആയി തിരിച്ചുകൊണ്ട്, 18 സെക്റ്ററുകളിലെ വികസന നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചുകൊണ്ടും മിശ്രഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ടുമുള്ള വികസന സാധ്യതയാണ് മാസ്റ്റർ പ്ലാനിലൂടെ വിഭാവനം ചെയ്യുന്നത്.

## തൊഴിലാളികൾക്ക് ആദരവ്

തിരുവനന്തപുരം: തലസ്ഥാന നഗര ശുചീകരണ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ നേതൃത്വം വഹിക്കുന്ന തിരുവനന്തപുരം കോർപ്പറേഷൻ പബ്ലിക് ഹെൽത്ത് വിംഗിലെ ജീവനക്കാർക്ക് കെ.എസ്. ആർ.ടി.സി. സിറ്റി ഡിപ്പോയുടെ നേതൃത്വത്തിൽ സ്നേഹാദരവ് നൽകി. സിറ്റി ഡിപ്പോയുടെ മുൻവശത്തും ഗാന്ധി പാർക്കിന് സമീപത്തും അടിഞ്ഞുകൂടിയ മാലിന്യശേഖരം പൂർണ്ണമായി നിർമാർജനം ചെയ്തത് തിരുവനന്തപുരം കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികളായിരുന്നു. ഈ സേവനം ഉൾപ്പെടെ നഗരത്തിലെ ശുചീകരണത്തൊഴിലാളികളുടെ നിസ്തുല പ്രവർത്തനങ്ങൾ മാനിച്ചാണ് തിരുവനന്തപുരം സിറ്റി അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസർ സി.പി.പ്രസാദിന്റെ നേതൃത്വത്തിൽ അനുമോദനം സംഘടിപ്പിച്ചത്. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീകാന്ത്, ശുചീകരണത്തൊഴിലാളികളായ അജയകുമാർ, ബിജു സൈമൺ, സജി, പ്രമോദ്, അനിൽകുമാർ. വൈ, ജേക്കബ്ബ് എന്നിവർ കെ.എസ്.ആർ.ടി.സി. സിറ്റി ഡിപ്പോയുടെ സ്നേഹാദരവ് ഏറ്റുവാങ്ങി. ചടങ്ങിൽ സ്റ്റേഷൻ മാസ്റ്റർ എൻ.കെ. രഞ്ജിത്ത്, അംഗീകൃത സംഘടനാ പ്രതിനിധികളായ ആർ. അശോകൻ, മഹേഷ്, ജയ്ബസ്, നാരായണ രാജ്, ബി.ടി.സി. ജില്ലാ കോഓർഡിനേറ്റർ ജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.



*നഗരസഭ ശുചീകരണ തൊഴിലാളികളെ കെ.എസ്.ആർ.ടി.സി സിറ്റി ഡിപ്പോയുടെ നേതൃത്വത്തിൽ ആദരിച്ചപ്പോൾ*

## കെഎൻഎം അധ്യാപക സംഗമം

തിരുവനന്തപുരം: കേരള നദ്‌വത്തുൽ മുജാഹിദീൻ (കെ.എൻ.എം) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാൻറോസ് ഇന്ത്യൻ കോഫി ഹൗസ് ആഡിറ്റോറിയത്തിൽ നടന്ന ജില്ലാ മദ്രസ അധ്യാപക-മാനേജ്മെന്റ് നേതൃസംഗമം ജില്ലാ പ്രസിഡന്റ് യഹ്‌യ കല്ലമ്പലം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി അൽ അമീൻ ബീമാപള്ളി അധ്യക്ഷത വഹിച്ചു.

സംസ്ഥാന പരീക്ഷാ ബോർഡ് ചെയർമാൻ മൗലവി ടി അബൂബക്കർ നന്മണ്ട, പി കെ സക്കരിയ സ്വലാഹി, ഐ എസ് എം ജില്ലാ പ്രസിഡന്റ് ഷാജഹാൻ കാവുമൂല, എംഎസ്എം ജില്ലാ പ്രസിഡന്റ് സുൽഫി സ്വലാഹി എന്നിവർ പ്രമേയങ്ങൾ അവതരിപ്പിച്ചു. വിദ്യാഭ്യാസ ബോർഡ് ജില്ലാ കൺവീനർ മുഹമ്മദ് ബാലരാമപുരം സ്വാഗതവും ചെയർമാൻ അബൂസ്വാലി നെടുമങ്ങാട് നന്ദിയും പറഞ്ഞു.

അക്രമ മാർഗങ്ങളിലൂടെയുള്ള ജിന്നടിച്ചിറക്കൽ, മാന്ത്രിക കല്ല്, തകിട് വിൽപന തുടങ്ങിയ ദുർമന്ത്രങ്ങൾ കാരണമായി മനുഷ്യരെ ഉപദ്രവിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി യോഗം വിലയിരുത്തി. ഇത്തരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രോത്സാഹിപ്പിച്ചാലോ നടത്തിയാലോ ഏഴ് വർഷം വരെ തടവുശിക്ഷ ലഭിക്കുന്ന നിയമം ഇച്ഛാശക്തിയോടെ നടപ്പിൽ വരുത്തുവാൻ സർക്കാർ തയ്യാറാകണമെന്നും സംഗമം അഭിപ്രായപ്പെട്ടു.



*കെ.എൻ.എം ജില്ലാ മദ്രസ അധ്യാപക-മാനേജ്മെന്റ് നേതൃസംഗമം ജില്ലാ പ്രസിഡന്റ് യഹ്‌യ കല്ലമ്പലം ഉദ്ഘാടനം ചെയ്യുന്നു*



*മുസ്‌ലിംലീഗ് വർക്കല നിയോജകമണ്ഡലം പ്രവർത്തകസംഗമം ജില്ലാ ജനറൽ സെക്രട്ടറി നിസാർ മുഹമ്മദ് സുൽഫി ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി ഷഹീർ ജി അഹമ്മദ് സമീപം*

## വർക്കലയിലെ തീരദേശ റോഡുകളുടെ ശോചനീയാവസ്ഥ: മുസ്‌ലിംലീഗ് പ്രക്ഷോഭത്തിലേക്ക്

വർക്കല : വർക്കല നിയോജക മണ്ഡലത്തിലെ വിവിധ തീരദേശ റോഡുകളും ടി എസ് കനാലിന് സമീപത്തുള്ള റോഡുകളും അതീവശോചനീയാവസ്ഥയിൽ ആണെന്നും അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രമിക്കാത്ത സാഹചര്യത്തിൽ ശക്തമായ ജനകീയ സമരങ്ങൾക്ക് രൂപം നൽകാൻ മുസ്‌ലിംലീഗ് വർക്കല നിയോജക മണ്ഡലം പ്രവർത്തക കൺവെൻഷൻ തീരുമാനിച്ചു.

തീരദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളോട് അധികാരികൾ കടുത്ത അവഗണനയാണ് കാട്ടുന്നതെന്ന് കൺവെൻഷൻ വിലയിരുത്തി. വർക്കല നിയോജക മണ്ഡലത്തിലെ ജനകീയ പ്രശ്നങ്ങളെ മുൻനിർത്തിയുള്ള സമരപരിപാടികൾക്ക് മുസ്‌ലിംലീഗ് തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ പൂർണമായ പിന്തുണയും സഹകരണവും ഉണ്ടാകുമെന്ന് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി നിസാർ നിസാർ മുഹമ്മദ് സുൽഫി പ്രസ്താവിച്ചു.

തിരുവിതാംകൂറിലെ മുസ്‌ലിംലീഗിന്റെ പിറവിക്ക് ജന്മം നൽകിയ വർക്കല നിയോജക മണ്ഡലം കേന്ദ്രീകരിച്ചുകൊണ്ടുള്ള ലീഗിന്റെ നയപരിപാടികൾ അദ്ദേഹം വിശദീകരിച്ചു. നിയോജകമണ്ഡലം പ്രസിഡണ്ട് വർക്കല ദാവൂദ് അധ്യക്ഷത വഹിച്ചു.

പാർട്ടി ജില്ലാ സെക്രട്ടറി ഷഹീർ ജി അഹമ്മദ് ജില്ലാ കമ്മിറ്റി റിപ്പോർട്ടിംഗ് നടത്തി. നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ഷാജഹാൻ മന്നാനി സ്വാഗതം പറഞ്ഞു. ലീഗ് നേതാക്കളായ അഡ്വക്കേറ്റ് ഇടവ ഇക്ബാൽ, മുഹമ്മദ് സാറാക്ക്,ഷാജി മുഹമ്മദ് യൂസഫ്, നാസമുദീൻ, ഗഫൂർ വർക്കല,ഷാജഹാൻ എന്നിവർ പ്രസംഗിച്ചു.



*മുസ്‌ലിംലീഗ് അരുവിക്കര നിയോജക മണ്ഡലം യോഗം ജില്ലാ പ്രസിഡന്റ് ബീമാപ്പള്ളി റഷീദ് പൂവച്ചലിൽ ഉദ്ഘാടനം ചെയ്യുന്നു*

## ബംഗാളും ത്രിപുരയും സി.പി.എമ്മിന് പാഠമാകണം: ബീമാപള്ളി റഷീദ്

പൂവച്ചൽ: പശ്ചിമ ബംഗാളും, ത്രിപുരയും സി.പി.എമ്മിന് പാഠവും താക്കീതും നൽകുന്ന സംസ്ഥാനങ്ങളാണെന്നു മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദ് പറഞ്ഞു.

പാർട്ടി അരുവിക്കര നിയോജക മണ്ഡലം യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വലിയ അഴിമതിയും, കെടുകാര്യസ്ഥതയും സി.പി.എമ്മിന്റെ മുഖമുദ്രയായി.

എന്നും ഇത് കേരളത്തിലെ പൊതുജനം അനുവദിക്കുമെന്ന് കരുതരുത്. ഇതേ ഭരണമാണ് സി.പി.എം തുടരുന്നതെങ്കിൽ കേരളത്തിലും സമാന സ്ഥിതിയിലെത്തുമെന്നും ബീമാപള്ളി റഷീദ് പറഞ്ഞു.

ജനറൽ സെക്രട്ടറി അരുവി സലാഹുദ്ധീൻ സ്വഗതം ആശംസിച്ചു.മണ്ഡലം പ്രസിഡന്റ് എ എ അസീസ് അധ്യക്ഷനായി.

ജില്ലാ ട്രഷറർ എസ് എൻ പുരം നിസാർ,പി സലാഹുദ്ദീൻ ബാഷ്‌റുദ്ധീൻ,പള്ളിവേട്ടാ, പൂവച്ചൽ ഇസ്മയിൽ, ശാഹുൽ ഹമീദ്, ഷാനവാസ്,പൂവച്ചൽ ജലാൽ,മണ്ഡലം കമ്മിറ്റി ഭരഭാഹികൾ, പഞ്ചായത്ത് കമ്മിറ്റി ഭരവാഹികൾ, തൻസീർഅഴിക്കോട്, ഗദ്ദാഫി വെമ്പായം, ഷിബിലി ആഷിക്,നേതാക്കൾ പങ്കെടുത്തു സംസാരിച്ചു,



*ആദ്യ ചരക്ക് കപ്പലിനെ വരവേൽക്കാൻ സജ്ജമായ വിഴിഞ്ഞം തുറമുഖം*

ഫോട്ടോ: ഗോപൻകൃഷ്ണ

## ആദ്യ ചരക്ക് കപ്പലിനെ വരവേൽക്കാൻ ഒരുങ്ങി വിഴിഞ്ഞം

വിഴിഞ്ഞം: മലയാളികളുടെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്ത് ട്രയൽ റണ്ണിന് എത്തുന്ന ആദ്യ ചരക്ക് കപ്പലിനെ വരവേൽക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങി. രണ്ടായിരത്തോളം കണ്ടെയ്നറുകളുമായി ഈമാസം 10 നാണ് ലോകത്തിലെ രണ്ടാമത്തെ വലിയ കപ്പൽ കമ്പനിയായ മെസ്കിന്റെ ചാറ്റേർഡ് മദർ ഷിപ്പ് സാൻ ഫെർണാണ്ടോ വിഴിഞ്ഞം പുറംകടലിൽ എത്തുക.

11 ന് കപ്പൽ തുറമുഖ ബെർത്തിൽ അടിപ്പിക്കും. 12 നാണ് മുഖ്യമന്ത്രിയും കേന്ദ്രഷിപ്പിങ് മന്ത്രിയുൾപ്പെടെ പങ്കെടുക്കുന്ന സ്വീകരണ ചടങ്ങ് നടക്കുന്നത്. ചൈനയിലെ ഷിയാമെൻ തുറമുഖത്ത് നിന്ന് പുറപ്പെട്ട കപ്പൽ കൊളമ്പോ വഴിയാണ് വിഴിഞ്ഞത്ത് എത്തുന്നത്. കപ്പലിനെ മൂന്നു ടഗുകൾ ചേർന്ന് വാട്ടർ സല്യൂട്ട് നൽകി ബെർത്തിലേക്ക് സ്വീകരിക്കും. വിഴിഞ്ഞത്ത് സജ്ജമാക്കിയ എട്ട് ഷിപ് ടു ഷോർ ക്രയിനും 23 യാർഡ് ക്രയിനുകളും ഉപയോഗിച്ച് കപ്പലിലെ മുഴുവൻ ചരക്കുകളും വിഴിഞ്ഞത്ത് ഇറക്കും.

എയർട്രാഫിക് കൺട്രോൾ മാതൃകയിലുള്ള ഓട്ടോമാറ്റിക് നാവിഗേഷൻ സെന്റർ ആകും കപ്പലുകളുടെ നങ്കൂരമിടലും ചരക്കിറക്കലും മറ്റും നിയന്ത്രിക്കുക. നേരത്തേ ഇറക്കുമതി, കയറ്റുമതി പ്രവർത്തനങ്ങൾ നടത്താനുള്ള കസ്റ്റംസിന്റെ അനുമതി വിഴിഞ്ഞം തുറമുഖ തുറമുഖത്തിന് ലഭിച്ചിരുന്നു.

കൂടാതെ ലൊക്കേഷൻ കോഡും കഴിഞ്ഞ ദിവസങ്ങളിൽ കിട്ടി. ഐ എൻ എൻ വൈ വൈ ഒന്ന് എന്നതാണ് തുറമുഖത്തിന്റെ ലൊക്കേഷൻ കോഡ്. ഇതിൽ ഐ എൻ എന്നത് ഇന്ത്യ എന്നാണ് സൂചിപ്പിക്കുന്നത്. എൻ വൈ വൈ നെയ്യാറ്റിൻകരയുടെ ചുരുക്കമാണ്. ഒന്ന് സീപോർട്ടിനെ സൂചിപ്പിക്കും.

അടുത്ത രണ്ടു മാസങ്ങളിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വമ്പൻ കപ്പലുകൾ വിഴിഞ്ഞത്ത് വരും. തുടർന്ന് ഓണത്തോട് കൂടി തുറമുഖം കമ്മീഷനുള്ള പ്രവർത്തനങ്ങൾക്കാണ് തുറമുഖ കമ്പനിയും സർക്കാരും ശ്രമിക്കുന്നത്.

## വിഴിഞ്ഞത്ത് ക്ലാത്തി മീൻചാകര

വിഴിഞ്ഞം: വിഴിഞ്ഞത്ത് മത്സ്യബന്ധന സീസണിടെ ഇന്നലെ ക്ലാത്തി മത്സ്യത്തിന്റെ ചെറുചാകര. ക്ലാത്തി മത്സ്യത്തിനു പുറമെ കൊഴിയാള, കണവ, ചൂര തുടങ്ങിയ മത്സ്യങ്ങളും ഇന്നലെ ചെറിയ തോതിൽ തൊഴിലാളികൾക്ക് ലഭിച്ചു.

മത്സ്യലഭ്യത ഉണ്ടെങ്കിലും വിലക്കുറവില്ലെന്ന് മത്സ്യം വാങ്ങാനെത്തുന്നവർ പറയുന്നു. സാമാന്യം വലിയ ക്ലാത്തി മത്സ്യങ്ങളുടെ രണ്ടുകുട്ട 15,000 ത്തോളം രൂപയ്ക്കാണ് ലേലത്തിലൂടെ വിറ്റുപോയത്.

ജില്ലയുടെ പല സ്ഥലങ്ങളിലും നല്ല മത്സ്യത്തിന്റെ വരവ് കുറഞ്ഞത് ആവശ്യക്കാരെ സംബന്ധിച്ച് വില വലിയ പ്രശ്നമല്ലാതാക്കിയിട്ടുണ്ട്. നിരവധി പേർ മത്സ്യം വാങ്ങാൻ എത്തുന്നുണ്ടെങ്കിലും വൻകിട ഹോട്ടലുകളും മറ്റും കൂടിയ വിലക്ക് വാങ്ങി കൊണ്ട് പോകുന്നത് മത്സ്യം വാങ്ങാനെത്തുന്ന സാധാരണക്കാരെ നിരാശരാക്കുന്ന ഘടകമാണ്.



*വിഴിഞ്ഞത്ത് ഇന്നലെ ലഭിച്ച ക്ലാത്തി ചാകര*

## അന്നനാളത്തിൽ ദ്വാരമുണ്ടാകുന്ന അപൂർവ രോഗാവസ്ഥ; നൂതന എൻഡോവാക് തെറാപ്പിയുമായി കിംസ്ഹെൽത്ത്

തിരുവനന്തപുരം: അന്നനാളത്തിൽ ദ്വാരമുണ്ടാവുന്നതും നെഞ്ചിൽ ഫ്ളൂയിഡ് നിറയുന്നതുമായ ബോർഹാവേ സിൻഡ്രോമിന് നൂതന ചികിത്സയുമായി തിരുവനന്തപുരം കിംസ് ഹെൽത്ത്. നെഗറ്റീവ് പ്രഷർ ഉപയോഗിച്ച് അന്നനാളത്തിലെ മുറിവുകൾ വേഗത്തിൽ ഭേദമാക്കുന്ന എൻഡോവാക് തെറാപ്പിയിലൂടെയാണ് 53 വയസ്സുകാരന്റെ അന്നനാളത്തിലെ തകരാർ പരിഹരിച്ചത്.കഠിനമായ നെഞ്ചുവേദനയും ഛർദിയുമായാണ് രോഗി കിംസ്ഹെൽത്തിലെ എമർജൻസി മെഡിസിൻ വിഭാഗത്തിലെത്തിയത്. രോഗാവസ്ഥ കണ്ടെത്തുകയും ഉടൻ തന്നെ നെഞ്ചിലെ ദ്രാവകം നീക്കം ചെയ്യാനും അന്നനാളത്തിലെ ദ്വാരം അടയ്ക്കാനും അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയിരുന്നു. മൂന്നാഴ്ചയ്ക്കിടയിലായി രോഗി ഒന്നിലധികം എൻഡോവാക് തെറാപ്പി സെഷനുകൾക്ക് വിധേയമാകുകയും പൂർണ്ണ ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു. ചികിത്സയ്ക്ക് മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് ക്ലിനിക്കൽ ചെയർ ഡോ. ഷിറാസ് അഹമ്മദ് റാത്തർ നേതൃത്വം നൽകി.ഹെപ്പറ്റോബിലിയറി ആൻഡ് ലിവർ ട്രാൻസ്പ്ലാൻറ് സർജറി വിഭാഗം ചീഫ് കോർഡിനേറ്റർ & സീനിയർ കൺസൾട്ടന്റുമായ ഡോ. ഷബീറലി ടി യു, കൺസൾട്ടന്റ് ഡോ. വർഗീസ് യെൽദോ, ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. അജിത് കെ നായർ, ഡോ. ഹാരിഷ് കരീം, ഡോ. അരുൺ പി, ഡോ. ഷാജി പാലങ്ങാടൻ, ഡോ. ഹാഷിർ എ എന്നിവരും മെഡിക്കൽ സംഘത്തിന്റെ ഭാഗമായിരുന്നു.

# മണിക്കൂറുകൾക്കിടെ മൂന്ന് അപകടങ്ങൾ

## അപകടക്കെണിയായി മുതലപ്പൊഴി

തിരുവനന്തപുരം : മണിക്കൂറുകൾക്കിടയിൽ മൂന്ന് അപകടങ്ങൾ നടന്ന മുതലപ്പൊഴി മരണക്കെണിയായി മാറുന്നു. അപകടങ്ങളിൽ 24 തൊഴിലാളികൾക്ക് പരിക്കേൽക്കുകയും ലക്ഷങ്ങളുടെ നാശനഷ്ടവും ഉണ്ടായി.പെരുമാതുറ സ്വദേശി ഷാക്കിർ സാലീമിന്റെ ഉടസ്ഥതയിലുള്ള ഹസ്ബി റബ്ബി എന്ന വലിയ വള്ളമാണ് ഇന്നലെ രാവിലെ ഏഴ് മണിയോടെ മറിഞ്ഞത്. 37 തൊഴിലാളികളുമായി മത്സ്യബന്ധനത്തിനായി കടലിലേക്ക് പോകവേ അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽപ്പെടുകയായിരുന്നു. ഞായറാഴ്ച രാത്രിയും അപകടമുണ്ടായിരുന്നു. ഇന്നലെ പുലർച്ചെ ആറുമണിയോടെ മറ്റൊരു വള്ളവും അപകടത്തിൽപ്പെട്ടിരുന്നു. വള്ളത്തിലുണ്ടായിരുന്നവർ നീന്തി രക്ഷപ്പെട്ടു. മത്സ്യബന്ധനവള്ളം മറിഞ്ഞ് മൂന്നു തൊഴിലാളികൾക്ക് പരിക്കേറ്റു.



*മുതലപ്പൊഴിയിൽ തിരയിൽപെട്ട് ഇന്നലെ വള്ളം മറിഞ്ഞപ്പോൾ*

തിരയെ മറിക്കടക്കവേ നിയന്ത്രണം നഷ്ടപ്പെട്ട വള്ളത്തിൽ നിന്നും വലയോടൊപ്പം 21 തൊഴിലാളികളാണ് കടലിൽ വീണത്. മറ്റ് തൊഴിലാളികൾ ഇതേ വള്ളത്തിൽ തന്നെ ഉണ്ടായിരുന്നു. വള്ളത്തിലും കല്ലുകളിലും ഇടിച്ചാണ് തൊഴിലാളികൾക്ക് പരിക്കേറ്റത്.പെരുമാതുറ പുതുക്കുറിച്ചി സ്വദേശികളായ നഹാസ്, സഹീർ, ഹസ്സൻ, മൺസൂർ, സയ്യിദ്, ഷാക്കിർ, ഷാജി, ഷാഫി, നൗഫൽ ,റഫീഖ്, ശ്യാം, മഹേഷ്, ഫലാഹ്, സുഹൈൽ, നസീർ, നാസുദ്ദീൻ, ഷാജി, സൈനുദ്ദീൻ, നവാസ്, സഫീർ എന്നിവർക്കാണ് പരിക്കേറ്റത്. പരിക്കേറ്റവരെ ചിറയിൻകീഴ് താലൂക്കാശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിലാണ് പ്രവേശിപ്പിച്ചത്. ഹസൻ, റഫീഖ് എന്നിവരെ താലൂക്ക് ആശുപത്രിയിൽ നിന്നും മെഡിക്കൽ കോളേജ് ആശുപത്രിലേക്ക് മാറ്റുകയായിരുന്നു. മറ്റുള്ളവർ ചികിത്സ തേടിയ ശേഷം ഉച്ചയോടെ ആശുപത്രി വിട്ടു.

മത്സ്യത്തൊഴിലാളികളുടെയും കോസ്റ്റൽ പോലീസിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിലാണ് അപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്തി ആശുപത്രിയിലേക്ക് മാറ്റിയത്.മറിഞ്ഞ വള്ളം തീരത്തേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും കടൽ പ്രക്ഷുബ്ദ്ധമായതിനാൽ മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടെ വള്ളം കെട്ടിവലിച്ച് വിഴിഞ്ഞതാണ് എത്തിച്ചത്.


## അമ്മയുടെയും മകളുടെയും മരണം: അമിതമായി മരുന്ന് ഉള്ളിൽ ചെന്നത് കൊണ്ടെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്

നന്ദിയോട്: ചെല്ലഞ്ചിയിൽ അമ്മയും മകളും വീടിനുള്ളിൽ മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ അമിതമായി രക്ത സമ്മർദത്തിനുള്ള ഗുളിക ഉള്ളിൽ ചെന്നതാണ് മരണ കാരണമെന്ന് പൊലീസ്.

തങ്ങൾക്കെതിരായ വസ്തു കേസിലെ വിധിയിൽ കടുത്ത മാനസിക സംഘർഷത്തിലായതിനെ തുടർന്ന് ഗുളികകൾ അമിതമായി കഴിച്ചതോ, അല്ലങ്കിൽ മരിക്കണമെന്ന ചിന്തയിൽ അമിതമായി കഴിച്ചതോ ആവാമെന്നും മറ്റു ദുരൂഹതകൾ ഇതുവരെയുള്ള അന്വേഷണത്തിൽ ഇല്ലെന്നും പാലോട് പൊലീസ് പറഞ്ഞു.

കഴിഞ്ഞ ദിവസമാണ് ചെല്ലഞ്ചി ഗീതാലയത്തിൽ സുപ്രഭ (88), മകൾ ഗീത (59) എന്നിവരെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. തങ്ങളുടെ വസ്തുവുമായി ബന്ധപ്പെട്ടു കോടതിയിൽ ഉണ്ടായിരുന്ന കേസ് പരാജയപ്പെട്ടതിനെ തുടർന്ന് കടുത്ത മനോവിഷമത്തിലായിരുന്നുവെന്ന് ബന്ധുക്കൾ പറഞ്ഞു.

40 വർഷം മുൻപ് നന്ദിയോട് സ്വദേശിയിൽ നിന്ന് വാങ്ങിയ 32 സെന്റ് വസ്തുവിൽ ഓഹരി ഉടമകളിൽ ഒരാൾ ഒപ്പിട്ടിരുന്നില്ല. ഇയാൾ പിന്നീട് കോടതിയെ സമീപിച്ചു. വർഷങ്ങൾ നീണ്ട വാദത്തിനുശേഷം 4 ദിവസത്തിനു മുൻപ് 12 സെന്റ് വസ്തു ആ ഓഹരി ഉടമയ്ക്ക് വിട്ടുനൽകാൻ കോടതി ഉത്തരവായിരുന്നു. ഗീത ഹാളിലും, സുപ്രഭ അകത്തെ മുറിയിലുമാണ് മരിച്ചുകിടന്നത്. പോസ്റ്റ്മോർട്ടത്തിനു ശേഷം മൃതദേഹങ്ങൾ സംസ്കരിച്ചു.



*കേരള സർവകലാശാല എൽ.എൽ.ബി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ജെമിമ ബി.എസ് (തിരുവന്തപുരം ഗവൺമെന്റ് ലോ കോളേജ്). വെള്ളറട കോട്ടയംവിള ബെഥനി ഹൗസിൽ ബിജു ദാസിന്റെയും സിസിലിയുടെയും മകളാണ്.*



*കാലടി ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ നിന്നും സംസ്കൃതം ന്യായത്തിൽ ഡോക്ടറേറ്റ് ലഭിച്ച വെള്ളറട അമ്പൂരി കണ്ണന്നൂർ ശാർങ്ഗിയിൽ നിവേദിത സത്യൻ. തിരുവനന്തപുരം ഗവ: വുമൺസ് കോളെജിലെ ഗസ്റ്റ് അദ്ധ്യാപികയാണ് നിവേദിത. വിഷ്ണു ശ്രീറാമാണ് ഭർത്താവ്.കുറ്റിയാടി മുള്ളൻകുന്ന് കിളയിൽ വീട്ടിൽ സത്യന്റേയും ഷീജയുടെയും മകളാണ് നിവേദിത.*



*ഇന്ത്യൻ പ്രവാസി ന്യൂസ് മാഗസിന്റെ പ്രതിഭാ പുരസ്ക്കാരം മന്ത്രി വി.ശിവൻകുട്ടിയിൽ നിന്നും നോർക്ക റൂട്ട്സ് പബ്ലിക് റിലേഷൻസ് ഓഫീസർ ഡോ : അഞ്ചൽ കൃഷ്ണകുമാർ ഏറ്റുവാങ്ങുന്നു*



സംസ്ഥാന സർക്കാരിനെ കൈപിടിയിലാക്കി കോഴിക്കോട് കേന്ദ്രീകരിച്ച് ഒരു മിനി കാബിനറ്റ് പ്രവർത്തിക്കുന്നുണ്ട്. അതിനെ നിയന്ത്രിക്കുന്നത് മന്ത്രി പി.എ മുഹമ്മദ് റിയാസാണ്. ഈ സംഘത്തിന്റെ ഒടുവിലത്തെ നീക്കമാണ് പി.എസ്.സി അംഗമാക്കാൻ 60 ലക്ഷം രൂപ കോഴ ചോദിച്ചതും 22 ലക്ഷം കൈപ്പറ്റിയതും. സംഘവലയത്തിലെ ചെറിയ മീനാണ് പ്രമോദ് കോട്ടൂളി. വമ്പൻ സ്രാവുകൾ എല്ലാം പുറത്താണ്. ഈ വിഷയത്തിൽ പാർട്ടിതല അന്വേഷണമല്ല നിഷ്പക്ഷമായ അന്വേഷണമാണ് നടക്കേണ്ടത്. ഇത്തരം കാര്യത്തിൽ അന്വേഷണം ആവശ്യപ്പെടാൻ പോലും പറ്റാത്ത ദുരവസ്ഥയിലാണ് കേരളത്തിലെ ജനങ്ങൾ. കാരണം പിണറായിയുടെ കീഴിലുള്ള പൊലീസ് ആണ് പിന്നെ ഇത് അന്വേഷിക്കുക. ആ അന്വേഷണത്തിന്റെ ഗതി ഊഹിക്കാവുന്നതേയുള്ളൂ.

**–പി.കെ ഫിറോസ്**



ഇടതുപക്ഷത്തെ സ്നേഹിക്കുന്നവരുടെ പ്രതീക്ഷയ്ക്കൊത്തുയരാൻ സാധിക്കാത്തത് ലോക്സഭാ തിരഞ്ഞെടുപ്പിൽ തിരിച്ചടിയായി. ജനവിധിയെ ഞങ്ങൾ മാനിക്കുന്നു. ഇടതുപക്ഷത്തെ സ്നേഹിക്കുന്നവർ ഈ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്ത് നിന്നകന്നു. അത് യാഥാർത്ഥ്യമാണ്. അവരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിഞ്ഞിട്ടില്ല എന്ന സന്ദേശം കൂടിയാണത്. സംസ്ഥാനത്തുടനീളമുണ്ടായ പൊളിറ്റിക്കൽ പാറ്റേണാണ് കോട്ടയത്തും സംഭവിച്ചത്.

**–ജോസ് കെ മാണി**

## കേരള വാർത്തകൾ

# പിണറായിക്കു നേരെ ഒളിയമ്പുമായി എം.എ ബേബി

■ വാക്കും പ്രവർത്തിയും പരിശോധിക്കണം
■ തിരുത്തിയില്ലെങ്കിൽ വലിയ തിരിച്ചടിയുണ്ടാകും

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിലെ കനത്ത തോൽവിയുടെ അലയൊലികൾ അടങ്ങാതെ സി.പി.എം. മുഖ്യമന്ത്രി പിണറായി വിജയനെ തിരുത്തണമെന്ന ആവശ്യം പാർട്ടിയിൽ ശക്തമാകുന്നതിനിടെ, തോമസ് ഐസകിന് പിന്നാലെ പിണറായി വിജയനെ ലക്ഷ്യമിട്ട് സി.പി.എം പൊളിറ്റ് ബ്യൂറോ അംഗം എം.എ ബേബിയും രംഗത്തുവന്നു. തിരഞ്ഞെടുപ്പ് തോൽവിയിൽ വാക്കും പ്രവർത്തിയും ജീവിത ശൈലിയും പ്രശ്നങ്ങളായിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും ഒരു മാസികയിൽ എഴുതിയ ലേഖനത്തിൽ എം.എ ബേബി അവശ്യപ്പെട്ടു. ജനങ്ങളോട് പറയുന്നത് പോലെ ജനങ്ങളെ കേൾക്കാൻ പാർട്ടി തയാറാവണമെന്നും ബേബി ലേഖനത്തിൽ ആവശ്യപ്പെടുന്നു.

ഇപ്പോഴത്തെ തിരിച്ചടി അതീവ ഗുരുതരമാണെന്ന് സമ്മതിക്കാതെ വയ്യെന്നാണ് ലേഖനത്തിൽ ബേബി തുറന്നുപറയുന്നു. തിരുത്തൽ അനിവാര്യമെന്ന് വ്യക്തമാക്കുന്ന ലേഖനത്തിൽ തിരുത്താതെ ദുരവസ്ഥക്ക് പരിഹാരം കാണാനാവില്ലെന്നും ഓർമ്മിപ്പിക്കുന്നു. പാർട്ടിയുടെ ബഹുജന സ്വാധീനത്തിൽ ചോർച്ചയും ഇടിവും സംഭവിച്ചു. ഉൾപാർട്ടി വിമർശനങ്ങൾ ഉൾക്കൊള്ളാനും തിരുത്താനും തയ്യാറാകണം. നിർവ്യാജ്യം തിരുത്തിന് തയ്യാറായില്ലെങ്കിൽ വലിയ തിരിച്ചടിയുണ്ടാകും.ഇപ്പോൾ പാർലമെന്റിലുള്ളത് ഇന്ത്യൻ ഇടതുപക്ഷത്തിന്റെ ഏറ്റവും ശോഷിച്ച സാന്നിധ്യമാണ്. നിരാശ പടർത്തുന്ന അവസ്ഥയാണിത്. ഇടതു സ്വാധീനത്തിൽ നിന്ന് പോലും വോട്ടുകൾ ബി.ജെ.പിയിലേക്ക് ചോരുന്ന അവസ്ഥ ഉത്കണ്ഠ ഉണ്ടാക്കുന്നതാണ്. അതീവ ഗൗരവത്തോടെ ഇടപെടേണ്ട അവസ്ഥയാണിത്. ഇപ്പോൾ മുഴങ്ങുന്നത് ഇടതുപക്ഷത്തിന്റെ അപായ മണിയാണ്. പാർട്ടിക്കകത്തെ ദുഷ്പ്രവണതകൾ മതിയാക്കണം. മാധ്യമങ്ങളോട് കടക്ക് പുറത്തെന്ന് പറഞ്ഞത് പിന്നീട് പിണറായി ശൈലിയായി മാറി. യോഗം തുടങ്ങും മുമ്പ് പുറത്തുപോകാൻ സന്നദ്ധരല്ലാതിരുന്ന കാമറാമാന്മാരോട് പുറത്തു പോകാൻ പറഞ്ഞതിൽ തെറ്റായോ, അസ്വാഭാവികമായോ ഒന്നുമില്ല. സമൂഹമാധ്യമങ്ങളിലെ മാധ്യമ വിമർശനങ്ങൾ ഗുണത്തേക്കാളേറെ ദോഷകരമായി. മാധ്യമങ്ങളെ വിലക്കിയതും മാധ്യമ പ്രവർത്തകർക്ക് വിലക്കേർപ്പെടുത്തിയും തിരിച്ചടിയായി. എത്രയുംപെട്ടെന്ന് തിരുത്തലുകൾ വേണമെന്നും ബേബി ചൂണ്ടിക്കാട്ടുന്നു.

## ആലപ്പുഴ സി.പി.എമ്മിലെ കളകൾ പറിക്കും: എം.വി ഗോവിന്ദൻ

ആലപ്പുഴ: വിഭാഗീയത അതിരൂക്ഷമായ ആലപ്പുഴയിലെ സി.പി.എം ഘടകങ്ങൾക്ക് താക്കീതുമായി സംസ്ഥാന നേതൃത്വം. ജില്ലയിലെ സി.പി.എമ്മിലെ കളകൾ പറിക്കുമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പറഞ്ഞു. കായംകുളത്ത് നടന്ന ജില്ലാ തല റിപ്പോർട്ടിങ്ങിലാണ് സെക്രട്ടറിയുടെ മുന്നറിയിപ്പ്. പുന്നപ്ര-വയലാറിന്റെ മണ്ണിലെ കളകൾ കളഞ്ഞാലേ പാർട്ടിക്ക് മുന്നോട്ട് പോകാൻ കഴിയൂ. ആരെന്നത് പ്രശ്നമല്ല, ഒഴിവാക്കുമ്പോൾ എന്തുനഷ്ടമുണ്ടായാലും കുഴപ്പമില്ല. കായംകുളത്ത് സംഘടനാ നടപടി എടുക്കാതെ മുന്നോട്ടുപോകാനാകില്ല. ചില ഏരിയ, ലോക്കൽ കമ്മിറ്റികളിൽ ചിലർ പറയുന്നതേ നടക്കൂ എന്നതാണ് അവസ്ഥ. അതിന് അവസാനം ഉണ്ടാക്കും. അത്തരക്കാരെ ഇനിയും പാർട്ടിയിൽ വച്ചു പൊറുപ്പിക്കാനാകില്ലെന്നും എം.വി.ഗോവിന്ദൻ പറഞ്ഞു. പാർട്ടിയിൽ പല ലോക്കൽ, ഏരീയ കമ്മറ്റികളും തുരുത്തുകൾ പോലെയാണ് പ്രവർത്തിക്കുന്നത്. ഇത് അനുവദിക്കാനാകില്ല. ഇത്തരം തുരുത്തുകൾ തകർക്കും. ജില്ലയിലെ തെക്കൻ മേഖലകളിലുള്ളവർക്ക് കായംകുളത്തും വടക്കൻ മേഖലയിലുള്ളവർക്ക് കലവൂരിലുമാണ് റിപ്പോർട്ടിങ് നടത്തിയത്. ബ്രാഞ്ച് സെക്രട്ടറിമാർ, ലോക്കൽ കമ്മറ്റിയംഗങ്ങൾ തുടങ്ങിയവരാണ് പങ്കെടുത്തത്.സിറ്റിംഗ് സീറ്റായ ആലപ്പുഴയിലെ തോൽവിയുടെ സാഹചര്യത്തിൽ കുടത്ത നടപടിക്കാണ് പാർട്ടി ഒരുങ്ങുന്നത്. തിരഞ്ഞെടുപ്പിൽ കായംകുളത്തും ഹരിപ്പാടും സി.പി.എം മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടത് നേതൃത്വത്തിന് വലിയ ക്ഷീണമായിരുന്നു.

## നിയമം ലംഘിച്ച് ആകാശ് തില്ലങ്കേരിയുടെ ജീപ്പ് യാത്ര

കൽപ്പറ്റ: മോട്ടോർ വാഹന നിയമം ലംഘിച്ച് ശുഹൈബ് വധക്കേസ് പ്രതി ആകാശ് തില്ലങ്കേരിയുടെ ജീപ്പ് യാത്ര. രണ്ട് സുഹൃത്തുകൾക്കൊപ്പം നമ്പർ പ്ലേറ്റില്ലാത്ത, രൂപമാറ്റം വരുത്തിയ ജീപ്പിൽ വയനാട് പനമരത്ത് യാത്ര ചെയ്യുന്ന വീഡിയോ ആണ് പുറത്ത്വന്നത്. സീറ്റ് ബെൽറ്റ് ധരിക്കാതെയാണ് ആകാശ് തില്ലങ്കേരി യാത്ര ചെയ്യുന്നത്. വയനാട്ടിൽ യാത്ര നടത്തുന്ന ദൃശ്യങ്ങൾ ആകാശ് തില്ലങ്കേരി തന്നെയാണ് സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തത്. നമ്പർ പ്ലേറ്റില്ലാത്ത വാഹനത്തിൽ സീറ്റ് ബെൽറ്റ് ധരിക്കാതെ സിനിമാ ഡയലോഗുകൾ അടക്കം ചേർത്താണ് ഇൻസ്റ്റഗ്രാം അടക്കമുള്ള സാമൂഹിക മാധ്യമങ്ങളിൽ വീഡിയോ പോസ്റ്റ് ചെയ്തത്. ആകാശ് തില്ലങ്കേരി ഉപയോഗിച്ച ജീപ്പ് ഇയാളുടേതല്ല എന്ന വിവരവും പുറത്ത്വന്നിട്ടുണ്ട്. മലപ്പുറം മൊറയൂർ സ്വദേശി സുലൈമാന്റേതാണ് വാഹനം. നേരത്തേയും നിരവധി നിയമ ലംഘനങ്ങൾക്ക് പിടിയിലായ വാഹനമാണിത്.

2021, 2023 വർഷങ്ങളിലും ഇതേ വാഹനം വിവിധ നിയമ ലംഘനങ്ങൾ നടത്തിയിരുന്നു. കെ.എൽ 10 ബി ബി 3724 എന്ന ജീപ്പാണിത്. വാഹനത്തിന്റെ രജിസ്ട്രഷൻ നമ്പർ ആകാശ് തില്ലങ്കേരി ഓടിച്ച സമയത്ത് പ്രദർശിപ്പിച്ചിരുന്നില്ലെന്നാണ് വിവരം. സാമൂഹികമാധ്യമങ്ങളിലടക്കം നടത്തിയ പരിശോധനയിലാണ് വാഹനം തിരിച്ചറിഞ്ഞത്. കേസ് മലപ്പുറം ആർ. ടി.ഒക്ക് കൈമാറും. വാഹനത്തിന്റെ ആർ.സി സസ്പെന്റ് ചെയ്യുന്നത് അടക്കമുള്ള നടപടികൾക്ക് വയനാട് മോട്ടോർവാഹനവകുപ്പ്ശിപാർശചെയ്യും.



*നിയമം ലംഘിച്ച് ആകാശ് തില്ലങ്കേരി വയനാട്ടിൽ നടത്തിയ ജീപ്പ് യാത്ര*

## വിദ്യാർഥിനിയെ കടന്നുപിടിച്ചു; ഇടത് സിൻഡിക്കേറ്റ് അംഗത്തിനെതിരെ കേസ്

കൊച്ചി: കലോത്സവനത്തിനിടെ വിദ്യാർഥിനിയെ കടന്നുപിടിച്ച കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്റ്റുൻഡൻസ് വെൽഫെയർ ഡറക്ടറും സിൻഡിക്കേറ്റ് അംഗവുമായ പി.കെ ബേബിക്കെതിരെ പൊലീസ് കേസെടുത്തു. മൂന്ന് ദിവസം മുമ്പ് സർവകലാശാലയിലെ ആഭ്യന്തര പരാതിപരിഹാര സമിതിക്ക് (ഐ.സി.സി) വിദ്യാർഥിനി നൽകിയ പരാതി വൈസ് ചാൻസിലർ കളമശേരി പൊലീസിന് കൈമാറുകയായിരുന്നു.

ഇടത് സിൻഡിക്കേറ്റ് അംഗമായ പി.കെ ബേബിയെ വരുംദിവസം പൊലീസ് വിളിച്ചുവരുത്തി ചോദ്യംചെയ്യും. ഇതിന് ശേഷമാകും പൊലീസ് തുടർനടപടിയിലേക്ക് കടക്കുകയുള്ളൂ. ഐപിസി 354, 506 തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരമാണ് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കഴിഞ്ഞ മാർച്ചിലാണ് കേസിനാസ്പദമായ സംഭവം. ഗ്രീൻ റൂമിലെത്തിയ ബേബി കടന്നുപിടിച്ചെന്നാണ് പരാതി. അന്ന് വിദ്യാർഥിനി കുസാറ്റ് അധികൃതർക്കോ പൊലീസിനോ പരാതി നൽകിയിരുന്നില്ല.

ഇടതുപക്ഷ പശ്ചാത്തലമുള്ള വിദ്യാർഥിനി ഇക്കാര്യം പാർട്ടി നേതൃത്വത്തെ അറിയിക്കുകയും സുഹൃത്തുക്കളോട് പങ്കുവയ്ക്കുകയുമാണ് ചെയ്തത്. പിറ്റേന്ന് സുഹൃത്തുക്കൾ സംഘടിച്ച് ബേബിയെ കൈയ്യേറ്റം ചെയ്തിരുന്നു. കൈയ്യേറ്റ വിഷയമടക്കം കാമ്പസിൽ പ്രചരിച്ചതോടെ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് അനുകൂല ജീവനക്കാരുടെ സംഘടന വി.സിക്ക് പരാതി നൽകി. എന്നാൽ രേഖാമൂലം പരാതി ലഭിക്കാത്തതിനാൽ അന്വേഷണം നടത്താനാവില്ലെന്ന നിലപാടാണ് അധികൃതർ സ്വീകരിച്ചത്. ക്യാമ്പസിൽ നിർണായക സ്വാധീനമുള്ള സിൻഡിക്കേറ്റ് അംഗത്തെ തൽസ്ഥാനത്ത് നിന്നും നീക്കാമെന്നടക്കമുള്ള ഉറപ്പ് പാർട്ടി നൽകിയിരുന്നുവെങ്കിലും നടപടിയൊന്നും ഉണ്ടായിരുന്നില്ല.

പി.കെ ബേബിക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ വി.സിക്ക് കത്തുനൽകി. സംഭവത്തിൽ പ്രതിഷേധിച്ച് കെ.എസ്.യു കാമ്പസിൽ പി.കെ ബേബിയുടെ കോലംകത്തിച്ച് പ്രതിഷേധിച്ചു.

### ആവർത്തിച്ചാൽ കണക്ക് ചോദിക്കും

## ബിനോയ് വിശ്വത്തിന് സി.പി.എം പ്രവർത്തകന്റെ ഭീഷണി



കോഴിക്കോട്: എസ്.എഫ്.ഐയെ വിമർശിച്ച സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിന് സി.പി.എം പ്രവർത്തകന്റെ ഭീഷണി. രഞ്ജിഷ് ടി.പി കല്ലാച്ചി എന്ന സി.പി.എം പ്രവർത്തകനാണ് ബിനോയ് വിശ്വത്തിനെതിരെ രംഗത്തെത്തിയത്. നാദാപുരത്തെ സി.പി.എം പ്രവർത്തകരുടെ ആത്മസമർപ്പണത്തിന്റെ ഭാഗമായി എം.എൽ.എയും മന്ത്രിയുമായ ബിനോയ് വിശ്വം എസ്.എഫ്.ഐക്ക് ക്ലാസെടുക്കാൻ വരരുതെന്നാണ് സി.പി.എം പ്രവർത്തകന്റെ ഭീഷണി. ഇനിയും ആവർത്തിച്ചാൽ എസ്.എഫ്.ഐ ആയിരിക്കില്ല കണക്ക് ചോദിക്കുന്നതെന്നും അത് ഓർമ്മിക്കണമെന്നും സി.പി.എം പ്രവർത്തകൻ ഭീഷണിപ്പെടുത്തുന്നു.

## തൃശൂർ മേയർ രാജിവെക്കണം: സി.പി.ഐ

തൃശൂർ: തുടർച്ചയായി സുരേഷ് ഗോപിയെ പുകഴ്ത്തുന്ന തൃശൂർ മേയർ എം.കെ വർഗീസ് രാജിവെച്ച് പുതിയ മേയർക്ക് പിന്തുണ നൽകണമെന്ന് സി.പി.ഐ ജില്ലാ സെക്രട്ടറി കെ.കെ വത്സരാജ് ആവശ്യപ്പെട്ടു. ഇടതുപക്ഷം പിന്തുണയ്ക്കുന്ന തൃശൂർ കോർപറേഷൻ മേയറുടെ ബിജെപി അനുകൂല നിലപാട് പ്രതിഷേധാർഹമാണ്. ബിജെപി എം.പി സുരേഷ്ഗോപിയോടുള്ള ആരാധനയും അതിലൂടെ ബി.ജെ.പി രാഷ്ട്രീയത്തെ പ്രൊമോട്ട് ചെയ്യുന്ന നടപടിയും ഇടതുപക്ഷം പിന്തുണയ്ക്കുന്ന മേയർ ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണെന്ന് വത്സരാജ് മാധ്യമങ്ങളോട് പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പ് സമയത്ത് സ്ഥാനാർത്ഥി നിർണയവുമായി ബന്ധപ്പെട്ട് സുരേഷ് ഗോപി ഏറ്റവും സ്വീകാര്യനായ സ്ഥാനർത്ഥിയെന്ന നിലയിൽ മേയർ അഭിപ്രായ പ്രകടനം നടത്തിയിരുന്നു. അത് മേയറുടെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. അത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേയർ തന്നെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരുന്നു. എന്നാൽ വീണ്ടും തുടർച്ചയായി അത്തരം സന്ദർഭങ്ങളുണ്ടാക്കുന്ന സ്ഥിതിയുണ്ട്. ഇടതുപക്ഷം പിന്തുണയ്ക്കുന്ന മേയറെന്ന നിലയിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. നിശ്ചിത കാലയളവിനുശേഷം സ്ഥാനം ഒഴിഞ്ഞ് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവെയ്ക്കുന്ന പകരം സംവിധാനത്തെ പിന്തുണയ്ക്കണമെന്ന ധാരണ മേയർ നടപ്പാക്കിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയം അംഗീകരിച്ച് അതിന്റെ പിന്തുണ സ്വീകരിക്കുന്ന മേയറാണ് താനെന്ന് ആവർത്തിച്ചു പറയുന്ന അദ്ദേഹം, മേയർ പദവിയൊഴിഞ്ഞ് ഇടതുപക്ഷത്തിന്റെ പുതിയ മേയർക്ക് പിന്തുണ നൽകണമെന്ന് വത്സരാജ് പറഞ്ഞു.



*ഡൽഹി ജന്തർമന്ദറിൽ ഇന്ത്യാ യൂത്ത് ഫ്രണ്ട് നേതാക്കളായ ശ്രീനിവാസ്, ഷെരീഫ റഫാൻ (യൂത്ത് കോൺഗ്രസ്) എഎ റഹീം എം.പി (ഡി.വൈ.എഫ്.ഐ) ആസിഫ് അൻസാരി, മുനവ്വറലി ശിഹാബ് തങ്ങൾ, അഡ്വ. ഫൈസൽ ബാബു (യൂത്ത് ലീഗ്) ഐൻ അഹമദ് (യുവ ആർ.ജെ.ഡി) ശീതൾ (യുവ ശിവസേന) മുഹമ്മദ് ഫഹദ് (സമാജ് വാദി യൂത്ത്) തുടങ്ങിയവർ നീറ്റ് സമരത്തെ അഭിവാദ്യം ചെയ്യുന്നു*

## നീറ്റ് ക്രമക്കേട്: ജന്തർ മന്തറിൽ ഇന്ത്യാ യുവജന മുന്നണി പ്രക്ഷോഭം ഉജ്ജ്വലമായി

ന്യൂഡൽഹി: നീറ്റ് യുജിസി പരീക്ഷ ക്രമക്കേടുകൾ ഉയർത്തിക്കാട്ടി സംയുക്ത യുവജന സഖ്യത്തിന്റെ കീഴിൽ ജന്തർ മന്തറിൽ പ്രക്ഷോഭം നടത്തി. പരീക്ഷപേപ്പർ ചോർത്തി 26 ലക്ഷം വിദ്യാർത്ഥികളെ പെരുവഴിയിലാക്കിയതു എൻ ടി എ ഏജൻസിയുടെ വിശ്വാസതക്കുറവിനെയും ചോദ്യം ചെയ്തായിരുന്നു പ്രക്ഷോഭം. പുന:പരീക്ഷ അടക്കമുള്ള പരിഹാരങ്ങളിലൂടെ ചോദ്യപേപ്പർ ചോർച്ച പരിഹരിക്കുക എൻ ടി എ പിരിച്ചുവിടുക തുടങ്ങിയ മുദ്രാവാക്യങ്ങളാണ് ഉയർത്തിയത്.

മോദിക്കാലത്ത് എല്ലാത്തിനും ചോർച്ചയാണ്. ഭരണഘടനാ ചോർച്ച, രാമക്ഷേത്ര ചോർച്ച, വന്ദേഭാരത് ചോർച്ച ഇപ്പോൾ പരീക്ഷാ പേപ്പർ ചോർച്ചയാണ് എന്ന് സമരക്കാർ പരിഹസിച്ചു. ഇന്ത്യ മുന്നണിയിലെ യുവജന പാർട്ടികളുടെ ഔദ്യോഗിക കൂട്ടായ്മയായ ഇന്ത്യ യൂത്ത് ഫ്രണ്ട് ആണ് സമരത്തെ ഏകോപിപ്പിച്ചത്. ഇന്ത്യൻ യൂത്ത് കോൺഗ്രസ് ദേശീയ അധ്യക്ഷൻ ശ്രീനിവാസ് നേതൃത്വം കൊടുത്ത സമരപരിപാടിയിൽ മുസ്‌ലിം യൂത്ത് ലീഗ് കേരള പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ മുഖ്യാതിഥിയായിരുന്നു.

ആസിഫ് അൻസാരി, മുനവ്വറലി ശിഹാബ് തങ്ങൾ, അഡ്വ. ഫൈസൽ ബാബു (മുസ്‌ലിം യൂത്ത് ലീഗ്), ഷെരീഫ റഫാൻ (യൂത്ത് കോൺഗ്രസ്), എ.എ റഹീം എംപി (ഡിവൈഎഫ്ഐ), ഐൻ അഹമദ് (യുവ ആർജെഡി), ശീതൾ (യുവ ശിവസേന), മുഹമ്മദ് ഫഹദ് (സമാജ് വാദി യൂത്ത്) തുടങ്ങിയവർ സമരക്കാരെ അഭിവാദ്യം ചെയ്ത് പ്രസംഗിച്ചു.

വിദ്യാഭ്യാസ മാന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഇപ്പോൾ ലിക്കേന്ദ്ര പ്രധാനാണെന്ന് നേതാക്കൾ പരിഹസിച്ചു. അയാൾ രാജി വെക്കണം. നീറ്റ് റദ്ധാക്കണം. അഴിമതിയിൽ മുങ്ങിയ ദേശീയ പരീക്ഷ ഏജൻസി എൻടിഎ ഒരു നിലക്കും തുടരരുത് തുടങ്ങിയ ആവശ്യങ്ങൾ സമരപ്പന്തലിൽ ഉയർന്നു.

### യൂത്ത്‌ലീഗ് സംസ്ഥാന എക്സിക്യുട്ടീവ് ക്യാമ്പ് സമാപിച്ചു

## സംഘടന ശാക്തീകരണത്തിനായി യുവ ജാഗരൺ കാമ്പയിൻ




*മുസ്‌ലിം യൂത്ത് ലീഗ് ത്രിദിന സംസ്ഥാന എക്സിക്യുട്ടീവ് ക്യാമ്പ് സമാപന ചടങ്ങിൽ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ സംസാരിക്കുന്നു*

കോഴിക്കോട്: മുസ്‌ലിം യൂത്ത് ലീഗ് ത്രിദിന സംസ്ഥാന എക്സിക്യുട്ടീവ് ക്യാമ്പ് അതിരപ്പിള്ളിയിൽ സമാപിച്ചു. ഭാവി പ്രവർത്തന പദ്ധതികൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ അതിരപ്പിള്ളിയിൽ ഒത്തുചേർന്നത്. സംഘടനാ രംഗം നൂതനമായി പരിഷ്കരിക്കുക, സാംസ്കാരിക സാമൂഹിക സേവന മേഖലകളിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തുക തുടങ്ങി വിവിധ വിഷയങ്ങളിൽ ഗഹനമായ ചർച്ചകൾ ക്യാമ്പിനെ വ്യത്യസ്തമാക്കി. കാലത്തിന്റെ സ്പന്ദനങ്ങളെ തൊട്ടറിഞ്ഞ് ഭാവിയിലേക്കുള്ള കരുത്ത് സമ്പാദിച്ച് മുന്നേറാനുള്ള പ്രവർത്തന പരിപാടികളാണ് ക്യാമ്പിൽ ചർച്ച ചെയ്ത് തീരുമാനിച്ചത്. അംഗത്വ ക്യാമ്പയിൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ക്യാമ്പ് അന്തിമ രൂപം നൽകി.

സംഘടന ശാക്തീകരണത്തിനും തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് പ്രവർത്തകരെ സജ്ജമാക്കുന്നതിനുമായി ആറ് മാസം നീണ്ടുനിൽക്കുന്ന യുവജാഗരൺ ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു. സംഘടന-സമുദായം-സമൂഹം എന്നതാണ് ക്യാമ്പയിൻ പ്രമേയം. ശാഖ മുതൽ സംഘടനാതലം ചലനാത്മകമാക്കുകയാണ് യുവജാഗരൺ കാമ്പയിൻ ലക്ഷ്യമാക്കുന്നത്. ജൂലൈ 13, 14 തിയ്യതികളിലായി നിരീക്ഷകരുടെ സാന്നിധ്യത്തിൽ നടക്കുന്ന ജില്ല പ്രവർത്തക സമിതി യോഗത്തിൽ ക്യാമ്പ് തീരുമാനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതോടെ കാമ്പയിന് തുടക്കമാകും. മണ്ഡലംതലത്തിൽ സംസ്ഥാന ഭാരവാഹികളുടെ സാന്നിധ്യത്തിൽ മണ്ഡലം പ്രവർത്തക സമിതിയുടെ നേതൃസംഗമം നടക്കും. ആഗസറ്റ് 2ന് കാസർക്കോട്ട് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. ആഗസ്റ്റ് 30നകം സംസ്ഥാനത്തെ മുഴുവൻ മണ്ഡലം കമ്മിറ്റിയുടെയും യോഗം ചേരും. സംസ്ഥാന ഭാരവാഹികൾ രണ്ട് സംഘമായാണ് നേതൃസംഗമത്തിൽ പങ്കെടുക്കുക. ഇതേ മാതൃകയിൽ ജില്ല ഭാരവാഹികളുടെ സാന്നിധ്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ യുവസംഗമവും നിയോജക മണ്ഡലം ഭാരവാഹികളുടെ സാന്നിധ്യത്തിൽ ശാഖ പ്രവർത്തകസംഗമവും സംഘടിപ്പിക്കും. ഉപതിരഞ്ഞെടുപ്പ് സംബന്ധമായി പ്രത്യേക പ്രവർത്തക സംഗമങ്ങൾ സംഘടിപ്പിക്കും. കാമ്പയിന്റെ ഭാഗമായി ഭാഷാസമര അനുസ്മരണ ദിനമായ ജൂലൈ 30 ന് താലൂക്ക് ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയിലെത്തുന്ന രോഗികൾക്കും കൂടെയുള്ളവർക്കും വേണ്ടി ചായയും സ്നാക്സും നൽകുന്ന ചായ മേശ'പദ്ധതി സംഘടിപ്പിക്കും.

ആഗസ്റ്റ് 1ന് ശിഹാബ് തങ്ങൾ അനുസ്മരണവും പ്രാർത്ഥന സദസ്സും സംഘടിപ്പിക്കും. ശാഖ കമ്മിറ്റികളുടെ നേതൃത്വത്തിൽ ആണ് അനുസ്മരണ പരിപാടി സംഘടിപ്പിക്കുക. സി.എച്ച് അനുസ്മരണ ദിനമായ സെപ്തംബർ 28 ന് ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിക്കും.

ഒക്ടോബർ മാസത്തിൽ സംസ്ഥാനത്തെ മുഴുവൻ മണ്ഡലം പ്രസിഡണ്ട്, ജനറൽ സെക്രട്ടറിമാർക്കും വേണ്ടിയുള്ള ദ്വിദിന നേതൃക്യാമ്പ് സംഘടിപ്പിക്കും. ആറ് മാസത്തെ സംഘടന ശാക്തീകരണ കാമ്പയിന്റെ സമാപനത്തോടനുബന്ധിച്ച് 2025 ഫിബ്രുവരിയിൽ മുഴുവൻ യൂണിറ്റ് പ്രസിഡണ്ട് സെക്രട്ടറിമാർ, പഞ്ചായത്ത് - മണ്ഡലം - ജില്ല ഭാരവാഹികൾ മേൽ കമ്മറ്റി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് ലീഡേഴ്സ് സമ്മിറ്റ് നടത്തും. യുവജാഗരൺ കാമ്പയിന് ശേഷം മെമ്പർഷിപ്പ് കാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിക്കാനും ക്യാമ്പിൽ തീരുമാനമെടുത്തു.

ദേശീയ യുവജന ദിനമായ ജനുവരി 12 ന് വിവിധ മേഖലയിൽ കഴിവ് തെളിയിച്ചവരെ പങ്കെടുപ്പിച്ച് യൂത്ത് പാർലമെന്റ് നടത്തും. വിവിധ മേഖലയിലെ പ്രൊഫഷണലുകളെ പങ്കെടുപ്പിച്ച് പ്രൊഫഷണൽ കോൺക്ലേവ് സംഘടിപ്പിക്കും. സീതി സാഹിബ് അക്കാദമിയുടെ കീഴിൽ, സാഹിത്യം. സംരംഭം , കായികം, കല, മാധ്യമം, സേവന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന യൂത്ത് ഐക്കണുകൾക്ക് ഓരോ വർഷവും സീതി സാഹിബ് അക്കാദമിയ പുരസ്കാരങ്ങൾ നൽകും. യുവ എഴുത്തുകാരുടെ സംഗമം 'എഴുത്താണി' എന്ന പേരിൽ സംഘടിപ്പിക്കും. ലിറ്ററേച്ചർ ഫെസ്റ്റിവെൽ നടത്താനും ക്യാമ്പിൽ തീരുമാനമായി. കോഴിക്കോട് യൂത്ത് ലീഗ് ആസ്ഥാന മന്ദിരമായ ബാഫഖി യൂത്ത് സെന്ററിൽ റിസർച്ച് സെന്ററും വിപുലമായ ലൈബ്രറിയും ആരംഭിക്കും. ഡിസംബർ 25 ന് വൈറ്റ് ഗാർഡ് സംഗമം - സമർപ്പണം - കോഴിക്കോട്ട് നടത്തും. രക്തദാനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രവർത്തകരിൽ ബോധവത്കരണം നടത്തുകയും ബ്ലഡ് ബാങ്കിലേക്ക് രക്തദാനം നടത്താനും പദ്ധതി തയ്യാറാക്കി. ആറ് മാസം നീണ്ടുനിൽക്കുന്ന കാമ്പയിനിലൂടെ 50000 പ്രവർത്തകരെ പങ്കാളികളാക്കും. വയനാട്, ചേലക്കര, പാലക്കാട് ഉപതിരഞ്ഞെടുപ്പുകളിൽ സജീവമാകുന്നതിന് പ്രത്യേക യോഗങ്ങൾ വിളിച്ചു ചേർത്ത് പ്രവർത്തകരെ സജ്ജമാക്കാനും തീരുമാനിച്ചു.

റെയിൽവേ യാത്രക്കാർ നേരിടുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപെടുത്താനും കേരളത്തോട് കേന്ദ്രസർക്കാർ കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ചും ജില്ലാ കമ്മറ്റികളുടെ നേതൃത്വത്തിൽ ജൂലൈ 20 ന് റെയിൽവേ സ്റ്റേഷനുകൾക്ക് മുമ്പിൽ പ്രതിഷേധ സംഗമം നടത്തും. സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.എം സാദിഖലി ക്യാമ്പ് അംഗങ്ങളുമായി സംവദിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ് സംഘടന കാര്യങ്ങൾ വിശദീകരിച്ചു. ട്രഷറർ പി. ഇസ്മായിൽ, വൈസ് പ്രസിഡന്റുമാരായ മുജീബ് കാടേരി, ഫൈസൽ ബാഫഖി തങ്ങൾ, അഷറഫ് എടനീർ, സെക്രട്ടറിമാരായ സി.കെ മുഹമ്മദലി, അഡ്വ. കാര്യറ നസീർ, ഗഫൂർ കോൽക്കളത്തിൽ, ടി.പി.എം ജിഷാൻ, അഡ്വ. ഫാത്തിമ തെഹ്‌ലിയ, അഡ്വ. വി.കെ ഫൈസൽ ബാബു, ടി.പി അഷ്‌റഫലി, പി.വി അഹമ്മദ് സാജു പ്രസംഗിച്ചു. അസീസ് കളത്തൂർ, സഹീർ ആസിഫ്, നസീർ നല്ലൂർ, പി.സി നസീർ, എം.പി നവാസ്, സി.എച്ച് ഫസൽ, മിസ്ഹബ് കീഴരിയൂർ, ടി. മൊയ്തീൻ കോയ, ശരീഫ് കുറ്റൂർ, മുസ്തഫ അബ്ദുൽ ലത്തീഫ്, പി.എം മുസ്തഫ തങ്ങൾ, റിയാസ് നാലകത്ത്, എ.എം സനൗഫൽ, നൗഷാദ് തെരുവത്ത്, പി.എ സലീം, കെ.പി സുബൈർ, പി.എച്ച് സുധീർ, ഇ.എ.എം അമീൻ, അഡ്വ. വി.പി നാസർ, അമീർ ചേനപ്പാടി, മുഹമ്മദ് ഹനീഫ, ഷാഫി കാട്ടിൽ, ഷിബി കാസിം, റെജി തടിക്കാട്, ഹാരിസ് കരമന, ഫൈസ് പൂവ്വച്ചൽ, ടി.ഡി കബീർ, യൂസുഫ് ഉളുവാർ, അൽത്താഫ് മാങ്ങാടൻ, കെ.എം.എ റഷീദ്, സി. ജാഫർ സാദിഖ്, ബാവ വിസപ്പടി, ഗുലാം ഹസ്സൻ ആലംഗീർ, എൻ.കെ അഫ്സൽ റഹ്മാൻ, കുരിക്കൾ മുനീർ, എ.എം അലി അസ്ഗർ, കെ.എ മുഹമ്മദ് ആസിഫ്, എ. സിജിത്ത് ഖാൻ, കെ.എം ഖലീൽ, ശരീഫ് സാഗർ ചർച്ചയിൽ പങ്കെടുത്തു.

## മുഖ്യമന്ത്രി പദവിയിലിരിക്കാൻ യോഗ്യനല്ലെന്ന് യൂത്ത്‌ലീഗ്

കോഴിക്കോട്: ദുരന്തകാലങ്ങളെപോലും വെല്ലുന്നവിധം സമസ്ത മേഖലയിലും പ്രതിസന്ധിയും അനിശ്ചിതത്വവുംകൊണ്ട് കേരളം തകർന്നിരിക്കുകയാണെന്നും തന്റെ കഴിവ്കേട് കേരള ജനത്തിന് മുൻപിൽ ബോധ്യമായ സാഹചര്യത്തിൽ പിണറായി വിജയന് ഭരണതലവനായി തുടരാൻ അർഹതയില്ലന്നും മുസ്‌ലിം യൂത്ത് ലീഗ് എക്സിക്യൂട്ടീവ് ക്യാമ്പ് പ്രമേയത്തിലൂടെ അഭിപ്രായപ്പെട്ടു.

സാമ്പത്തിക വർഷത്തിന്റെ നാലിലൊന്ന് കഴിഞ്ഞിട്ടും തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുകയോ പദ്ധതി നിർവഹണങ്ങൾക്ക് തുടക്കം കുറിക്കുകയോ ചെയ്തിട്ടില്ല. പച്ചക്കറി, പലവ്യഞ്ജന സാധനങ്ങൾ ഉൾപ്പെടെ നിത്യോപയോഗ വസതുക്കൾക്കെല്ലാം തീവിലയാണ്. പഠിക്കാൻ അവസര മില്ലാതെ ഉപരിപഠനത്തിനായി കുട്ടികൾ അലയുന്നു. ക്ഷേമ പെൻഷൻ വിതരണം മുടങ്ങുന്നു. മദ്യമയക്ക്മരുന്ന് മാഫിയകളും ക്രിമിനലുകളും നാട് വാഴുമ്പോൾ ഗുണ്ടാ -പൊലീസ് കൂട്ട്കെട്ടാണ് ആഭ്യന്തരം നിയന്ത്രിക്കുന്നത്. പകർച്ചവ്യാധിയുടെ പിടിമുറുകക്കുന്നു.

സർക്കാർ ആശുപത്രികൾ പനിക്കിടക്കയിൽ തുടരുമ്പോൾ ആരോഗ്യ വകുപ്പ് നോക്കുകുത്തിയായി മാറിയിരിക്കുന്നു. വധശ്രമം, സ്ത്രീ പീഡനം തുടങ്ങിയ കേസുകളിൽ പ്രതിയായി കാപ്പ ചുമത്തിയ വ്യക്തിയെ മാലയണിഞ്ഞ് സ്വീകരിച്ച ആരോഗ്യ വകുപ്പ് മന്ത്രിയുടെ നടപടി അത്യന്തം അപലനീയമാണ്. ഗുജറാത്തിലെ ബിൽക്കീസ് ബാനു കേസിലെ പ്രതികളെ ആർ.എസ്.എസ് സ്വീകരിച്ചാനയിച്ചത് ഏറെ ഞെട്ടലൂടെയാണ് ഈ നാട് കണ്ടത്.

കൊടും ക്രിമിനലുകൾ ആരാധിക്കപ്പെടുന്ന പ്രവണത സമൂഹത്തിൽ വളരാൻ കാരണം കൊലപാതകങ്ങൾക്ക് നൽകുന്ന പിന്തുണയും കൊലയാളികൾക്ക് നൽകുന്ന വീരപരിവേശവുമാണ്.

## കൽപേനിയിൽ പ്രതിഷേധക്കാർക്ക് നേരേ അതിക്രമം

കൊച്ചി: ലക്ഷദ്വീപിൽ പണ്ടാരഭൂമി സർവേക്കെതിരെ പ്രതിഷേധിച്ചവർക്ക് നേരെ പൊലീസ് അതിക്രമം. കൽപ്പേനി ദ്വീപിലാണ് സംഘർഷമുണ്ടായത്. പൊലീസ് അതിക്രമത്തിൽ സ്ത്രീകൾക്ക് ഉൾപ്പെടെ നിരവധിപേർക്ക് പരിക്കേറ്റു. കലക്ടറുടെ ഉത്തരവനുസരിച്ചാണ് ഭൂമി അളക്കാൻ ഉദ്യോഗസ്ഥർ എത്തിയത്. എന്നാൽ, കളക്ടറുടെ ഉത്തരവ് ഹൈക്കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടെന്നും കേസ് നിലനിൽക്കുന്നതിനാൽ പിന്മാറണമെന്നും പ്രദേശവാസികൾ അറിയിച്ചു. പിന്മാറാൻ കൂട്ടാക്കാതെ സ്ത്രീകൾക്ക് നേരെയടക്കം അക്രമം അഴിച്ചുവിടുകയായിരുന്നെന്നാണ് കൽപ്പേനി ദ്വീപ് നിവാസികൾ ആരോപിച്ചു. അഡ്മിനിസ്ട്രേറ്റർ പ്രഫുൽ ഗോഡ പട്ടേലിനെതിരെ ഗോ ബാക്ക് മുദ്രാവാക്യം ഉയർത്തിയായിരുന്നു പ്രതിഷേധം.